YAYANUCHARYAMAR VELU PILLAI SASIRI

RWC6
32F9

RwC6 32F9
VELU PILLAI
(M.R.)
charymar.

MUL
066848

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number Rwcb 32 F9

Accession Number 66848

Available for loan from

This book should be returned on or before the date last marked below.

# യവനാചാൎയ്യന്മാർ.

UNIVERSITY LIBRARY
16 MAR 1932

ഗ്രന്ഥകൎത്താ,

എം. ആർ. വേലുപ്പിള്ളശാസ്ത്രി, ബി. എ.

പ്രസാധകൻ,

കെ. ജി. പരമേശ്വരൻപിള്ള.

"ശ്രീരാമവിലാസം" പ്രസ്സ്,

കൊല്ലം.

൧൧൦൮.

Copy Right.

Sri Rama Vilas Book Depot.

വില ൧൦ അണ.

14899
RWC6
32F7

16 MAR

# യവനാചാൎയ്യന്മാർ.

## അദ്ധ്യായം ൧.

### സാക്രട്ടീസ്സ്.

പ്രപഞ്ചാഭിമുഖമായി നവ്യപ്രഭ വീശി അനുക്ഷണം പ്രേക്ഷകന്മാരെ വിസ്മയഭരിതരാക്കുന്ന ഇന്നത്തെ പാശ്ചാത്യപരിഷ്കാരസൂൎയ്യന്റെ ഉദയഗിരി, യൂറോപ്യമഹാഖണ്ഡത്തിന്റെ ദക്ഷിണഭാഗത്തു് മെഡിറ്ററേനിയൻ സമുദ്രത്തിലെ രമ്യദ്വീപരാജിയാൽ പരിവൃതമായി പരിലസിക്കുന്ന "ഗ്രീസ്സ്" എന്ന പേരുള്ള ഒരു ഉപദ്വീപാണ്. പ്രസ്തുത മഹാഖണ്ഡത്തിൽ പരിപുഷ്ടദശയെ പ്രാപിച്ചിട്ടുള്ള ഏതൊരു കലയാകട്ടെ, വിദ്യയാകട്ടെ, ഗ്രീസ്സിന്റെ മാതൃസ്ഥാനപ്രാപ്തികൊണ്ടു് മഹനീയമാകാതെ വളരെ അപൂൎവ്വമായേ കാണപ്പെടുന്നുള്ളു. ക്രിസ്തുമതപ്രതിഷ്ഠാപകനായ ദേവൻ ഭൂലോകാവതരണം ചെയ്യുന്നതിനു എത്രയോ മുൻപായിത്തന്നെ ഈ വിശിഷ്ടദേശവിഭാഗം മതവിഷയകമായി പൌരാണികലോകസാധാരണമായ ഒരു ഉൽകൃഷ്ടദശയെ പ്രാപിച്ചിട്ടുണ്ടായിരുന്നു. രാജ്യകാൎയ്യഗതിയനുസരിച്ചു് അത്യൌന്നത്യത്തിൽ സ്ഥിതിചെയ്യുന്നവർ എന്നു നാം വിശ്വസിച്ചുപോരുന്ന ആംഗ്ലേയർ, പരാങ്ഗികൾ തുടങ്ങിയ ദേശാഭിമാനിവീരന്മാരായ രാജ്യമീമാംസാനിഷ്ണാതന്മാരുടെ പൂൎവ്വപിതാക്കൾ കേവലം അരണ്യവാസികളോ അപരിഷ്കൃതരോ ആയി നടന്ന ഒരു കാലത്തു്, ഗ്രീസ്സിലെ രണശൂരന്മാർ, രാജ്യഭരണധുരീണന്മാർ, തത്വജ്ഞശിരോരത്നങ്ങൾ

കലാവിദ്യാവിചക്ഷണന്മാർ തുടങ്ങിയ അനേകം മഹാന്മാർ പ്രതാപശംഖധ്വാനംകൊണ്ടു ലോകത്തെ വിസ്മയഭരിതമാക്കിത്തീർത്തിട്ടുള്ളതായി തദ്ദേശചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു. നാനാമുഖമായ ഇന്നത്തെ പാശ്ചാത്യ പരിഷ്കാരത്തിന്റെ പ്രഭാപ്രകരം ഗ്രീസ്സിലെ കലാശാസ്ത്ര സമുച്ചയം എന്ന വിശിഷ്ട മുകുരത്തിൽ തട്ടി പ്രതിഫലിച്ചതുകൊണ്ടു മാത്രമാണു ലോകമൊട്ടുക്കു ഇമ്മാതിരി തേജോമയമാക്കാൻ സാധിച്ചിട്ടുള്ളതു്. പൗരാണികമഹത്വത്തിൽ, നമ്മുടെ ഭാരതഭൂമിയൊഴിച്ചാൽ, ഗ്രീസ്സിനോടു കിടപിടിക്കത്തക്ക മറ്റൊരു മഹാരാജ്യവും ഭൂലോകത്തിൽ ഇല്ല എന്നു തന്നെ പറയാം.

തത്താദൃക്കായ മാഹാത്മ്യത്തോടു കൂടിയ ഗ്രീസ്സ് മഹാരാജ്യത്തിലെ പ്രാക്തനനിവാസികൾ, പുരാതനഭാരതീയന്മാരാൽ 'യവനന്മാർ' എന്നത്രെ അഭിധാനം ചെയ്യപ്പെട്ടുപോന്നിരുന്നതു്. ഗ്രീസ്സിലെ ഒരു പ്രധാനപ്പെട്ട ദേശവിഭാഗവും വിദ്വജ്ജനസങ്കേതവുമായിരുന്ന 'അയോണിയ' എന്ന ദിക്കിനെ ആശ്രയിച്ചു തന്നിവാസികളെ വ്യാപ്യമായി കുറിച്ചുപോന്ന 'യവന'പദം അനന്തരകാലത്തു വ്യാപകമായി ഗ്രീസ്സ്നിവാസികളെ ഒട്ടുക്കു കുറിക്കുന്നതായി തീർന്നതായിരിക്കണം എന്നു് അനുമിക്കേണ്ടിയിരിക്കുന്നു. നാടകോപകരണങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന 'യവനിക' ഗ്രീക്കുകാരുടെ ആഗമനത്തിനു ശേഷം അവരിൽനിന്നു ഭാരതഭൂമിക്കു ലഭിച്ചിട്ടുള്ള ഒരു അപൂർവസാധനമെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. ജ്യോതിശ്ശാസ്ത്രസംബന്ധമായി ഭാരതീയർ യവനന്മാരോടും, തത്വശാസ്ത്രം, വേദാന്തം എന്നിവ സംബന്ധിച്ചു ഗ്രീക്കുകാർ അഥവാ യവനന്മാർ ഭാരതീയരോടും കടപ്പെട്ടിരിക്കുന്നവരത്രേ.

ഭാരതീയർക്കും യവനന്മാർക്കും തമ്മിലുള്ള ബന്ധം അതിപുരാതനമെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. പൗരാണ

പ്രസിദ്ധമായ കുരുക്ഷേത്രയുദ്ധത്തിൽ പാശ്ചാത്യയവനന്മാർ, കാംബോജരാജാവിനോടൊന്നിച്ചു സുയോധനപക്ഷത്തിൽ നിന്നു പോരാടിയിട്ടുള്ളതായി ഹൈന്ദവമഹാഗ്രന്ഥമായ മഹാഭാരതത്തിൽ കാണുന്നു. പാണ്ഡവന്മാർ ദിഗ്വിജയാനന്തരം ആഘോഷിച്ചതായി പറയപ്പെടുന്ന രാജസൂയയാഗത്തിൽ പൌരസ്ത്യയവനന്മാർ പങ്കുകൊണ്ടിരുന്നുവെന്നും, സഹദേവൻ ദാക്ഷിണാത്യയവനന്മാരെ ദിഗ്വിജയമദ്ധ്യേ പരാജിതരാക്കിയിട്ടുണ്ടായിരുന്നുവെന്നും കൂടി മഹാഭാരതം പ്രസ്താവിക്കുന്നു. പൌരസ്ത്യരും ദാക്ഷിണാത്യരുമായ യവനന്മാരെപ്പററി പ്രസ്താവിച്ചിട്ടുള്ള ഭാഗം പ്രകൃതാനുസാരിയായി ശ്രദ്ധേയമല്ലെങ്കിലും, പാശ്ചാത്യയവനന്മാർ എന്നു നാമനിർദ്ദേശം ചെയ്തിരിക്കുന്നതു് ഗ്രീക്കുകാരെപ്പററിയല്ലേ എന്നു സംശയിപ്പാൻ ധാരാളം അവകാശമുണ്ടു്. ഇക്കാൎയ്യം സംബന്ധിച്ചു പക്ഷപ്രതിപക്ഷങ്ങളുടെ കഥ എങ്ങിനെയിരുന്നാലും, ജ്യോതിശ്ശാസ്ത്രം, ആയുൎവ്വേദം എന്നിവയെപ്പററി പ്രതിപാദിക്കുന്ന സംസ്കൃതഗ്രന്ഥങ്ങളിൽ കൃതമായിട്ടുള്ള യവനനാമപരാമർശനം ഗ്രീക്കുകാരെ സംബന്ധിച്ചതുതന്നെ എന്ന സിദ്ധാന്തത്തിൽ പക്ഷാന്തരത്തിനു വകയുണ്ടെന്നു തോന്നുന്നില്ല.

ചരിത്രസാഹ്യജ്ഞേയങ്ങളായ അനന്തരകാലഘട്ടങ്ങളിലും യവനന്മാൎക്കും ഭാരതീയൎക്കും തമ്മിൽ അനല്പമായ ബന്ധം ഉണ്ടായിട്ടുള്ളതായി നാം ഊഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുദേവജനനത്തിന് അഞ്ഞൂറു സംവത്സരംമുമ്പു ഭാരതഭൂമിയുടെ ഉത്തരപശ്ചിമപ്രദേശങ്ങളിൽ ഗണ്യമായ ഒരു ഭാഗം പെർഷ്യയിലെ അധീശന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ടിരുന്നുവെന്ന് വിശ്രുതയവനചരിത്രകാരനായ ഹെറഡോട്ടസ്സ്, രേഖപ്പെടുത്തിയിരിക്കുന്നു. പെർഷ്യൻ സാമ്രാജ്യവുമായുള്ള ഈ ബന്ധത്തിന്റെ ഫലമായി ഭാരതീയഭടന്മാർ, ബീ. സീ. ൪൮൦ൽ 'ക്സെർക്സസ്' എന്ന പെർഷ്യ

ൻചക്രവർത്തി ഗ്രീസ്സിനു് എതിരായി നയിച്ച മഹാസേനയിൽ ഉൾപ്പെട്ടിരുന്നുവെന്നു് ഹെറൊഡോട്ടസ്സിന്റെ ചരിത്രഗ്രന്ഥത്തിൽനിന്നു് നമുക്കു മനസ്സിലാക്കാം.

പെഴ്സ്യൻ സാമ്രാജ്യലക്ഷ്മിയെ ഭ്രൂനമനം ചെയ്യിച്ച അലക്സാണ്ഡർമഹാൻ എന്ന ലോകവിജിഗീഷുവായ ചക്രവർത്തി ഭാരതഭൂമിയെ ഉദ്ദേശിച്ചു് നടത്തിയ ജൈത്രയാത്ര മുതൽക്കാണു് ഭാരതീയ ചരിത്രത്തിൽ യവനന്മാൎക്കു ഒരു സ്ഥാനം ലഭിക്കുന്നതു്. അലക്സാണ്ഡർ ചക്രവർത്തിയുടെ യവനസേനാപ്രവാഹത്തിൽ അനേകം പണ്ഡിതന്മാരും, ചരിത്രകാരന്മാരും, ശാസ്ത്രനിർമ്മാതാക്കളും പെട്ടിട്ടുണ്ടായിരുന്നു. ഇവരും, ഭാരതഭൂമിയിലെ ധിഷണാപടുക്കളായ ശാസ്ത്രജ്ഞന്മാരും തമ്മിൽ നിശ്ശേഷമായ ഒരു പരിചയം സഞ്ജാതമാകുന്നതിനും, തന്മൂലം, ഉഭയരാജ്യങ്ങളിലെ കലാവിദ്യകൾക്കും ശാസ്ത്രങ്ങൾക്കും ഗണ്യമായ അഭിവൃദ്ധിയുണ്ടാകുന്നതിനും ഇടയായിട്ടുണ്ടെന്നു ചരിത്രകാരന്മാർ ഘോഷിക്കുന്നു.

ക്രിസ്തുവിന്റെ ജനനത്തിനു് എത്രയോ മുൻപായിതന്നെ, ഗ്രീസ്സ് ഗണ്യമായ പരിപൂർത്തി പ്രാപിച്ചിട്ടുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ. സ്വാതന്ത്ര്യാരാധകന്മാരും, ദേശാഭിമാനോത്തുംഗന്മാരുമായ ഗ്രീക്കുകാർ, മനുഷ്യബുദ്ധിക്കു് ഗോചരങ്ങളാകാവുന്ന സകല ജ്ഞാനമുഖങ്ങളിലും, അത്യുൽകൃഷ്ടങ്ങളെന്നു പറയപ്പെടാവുന്ന എല്ലാ ജീവിതയാനങ്ങളിലും മുന്നിട്ടുതന്നെ നിന്നിരുന്നു. ഒരു വലിയ ഉപദ്വീപായ ഗ്രീസ്സ്, തന്നിവാസികളുടെ സീമാവിലംഘിയായ സ്വാതന്ത്ര്യശീലത്താലും, തജ്ജന്യമായി സിദ്ധിച്ച പ്രാബല്യസ്ഥാപനകൌതുകത്താലും, ആംഗ്ലേയ ഭരണത്തിനു മുൻപുള്ള ഭാരതഭൂമിപോലെ അനേകം ഉപരാജ്യങ്ങളായി പിരിഞ്ഞു് പരസ്പരഗ്രസനത്തിനായി രന്ധ്രപ്രതീക്ഷയോടെ വർത്തിച്ചു പോന്നിരുന്നു. തന്നിമിത്തം, ഈ ഉപരാജ്യങ്ങ

ളിൽ ഒട്ടുക്ക് ഏകച്ഛത്രാധിപതികളായ സമ്രാട്ടുകളുടെ കഥ കേട്ടുകേൾവിപോലും ഇല്ലെന്നായി. ഇപ്രകാരം, പരമസ്വാതന്ത്ര്യമായി വർത്തിച്ചുപോന്ന ഈ ഉപരാജ്യങ്ങൾ നഗരീസംസ്ഥാനങ്ങൾ (City States) എന്ന അപൂർവ്വവിശേഷണത്താൽ പ്രഖ്യാതങ്ങളായിത്തീർന്ന്, ആയോധനാഭ്യാസചതുരന്മാരും ധീരവീരപ്രകൃതികളുമായ പൌരന്മാരാൽ അധിവസിക്കപ്പെട്ടിരുന്നു. എന്നാൽ, യുദ്ധവൈദഗ്ധ്യംമൂലം, ആഹവചതുരന്മാരായി കായികശക്തിപ്രദർശനത്താൽ പ്രേക്ഷകന്മാരെ അത്ഭുതപരതന്ത്രരാക്കുന്ന ഏതാനും യോദ്ധാക്കൾ മാത്രമല്ല ഈ നഗരീസംസ്ഥാനങ്ങളിൽ നിവസിച്ചുപോന്നിരുന്നത്. ഗ്രീക്കുകാർ, കായശക്തിയിലെന്നപോലെ പ്രായോഗികമായ ബുദ്ധിശക്തിയിലും അദ്വിതീയന്മാരായിരുന്നു. പരസ്പരവിപരീതങ്ങളായ ഈ ശക്തികളുടെ ഏകോപിച്ചുള്ള സംഗമംമൂലം, രാജ്യഭരണം അത്യന്തോൽകൃഷ്ടമായ ഒരു ദശയെ പ്രാപിച്ചു. പ്രജാപ്രഭുത്വത്തിനു അഭിലഷണീയമായ ഔന്നത്യം സിദ്ധിച്ചു. ജനേംഗിതം സ്വാഭിപ്രായഗതിക്ക് അനുകൂലമോ വിപരീതമോ എന്ന ആലോചനയ്ക്കുപോലും ഒരുങ്ങാതെ കുലപരമ്പരയാ മുടിചൂടി വിക്രമസിംഹങ്ങളായി കീർത്തിപ്പെട്ടു പോരുന്ന മഹീപതികളുടെ മഹനീയസ്ഥാനം, ക്ലിപ്തകാലത്തേക്കു തിരഞ്ഞെടുക്കപ്പെടുന്ന വിശാലാശയന്മാരായ പൊതുജനനേതാക്കളെ ആശ്രയിച്ചു തുടങ്ങി. ഭരണോപദേശത്തിന്, ഏകമന്ത്രി അഥവാ മന്ത്രസമിതി എന്ന പൌരസ്ത്യാദർശം അഥവാ നയം പാടേ ഭഞ്ജിതമായി കുശാഗ്രബുദ്ധികളും, സമത്വപരിപാലനജാഗരൂകന്മാരും, സ്വാതന്ത്ര്യനിമന്ത്രണോൽസുകന്മാരുമായ പൌരന്മാരുടെ മഹാസദസ്സിന് അധീനമായി. രാജ്യത്തിലെ നിയമനിർമ്മിതി പൌരന്മാരുടെ അഭിപ്രായരൂപീകരണങ്ങൾക്കു കീഴടങ്ങി. പൊതുവേയുള്ള രാജ്യഭരണം ജനാവലിയുടെ അനാമികാചലനം ആശ്രയിച്ച് ക്ലിപ്തപരിധികളിൽ നടന്നുതുടങ്ങി.

ഇപ്രകാരം ആഭ്യന്തരമായും ബാഹ്യമായും അതിസ്വതന്ത്രബുദ്ധിയും അന്യാദൃശവിചക്ഷണതയും പ്രദൎശിപ്പിച്ചുപോന്ന പൌരസഞ്ചയത്താൽ വിവസിക്കപ്പെട്ട ഗ്രീസ്സിലെ നഗരീസംസ്ഥാനങ്ങളുടെ അനന്യാധീനത അധികകാലത്തേക്കു നിലനില്പാൻ ഇടയായില്ല. ബീ- സീ ൪൯൦-ൽ പെൎഷ്യൻ ചക്രവൎത്തി ഗ്രീസ്സ് മഹാരാജ്യത്തെ അതിലുള്ള സമസ്തനഗരീസംസ്ഥാനങ്ങളോടുകൂടി സ്വാധിപത്യവലയത്തിലാക്കുന്നതിന്ന് ഒരുക്കിയ സേനാസന്നാഹത്തേയും, ആ സന്നാഹസംനാഥിതമായി നടത്തിയ ജൈത്രയാത്രയേയുംപറ്റി സൂചിപ്പിച്ചിട്ടുണ്ടല്ലോ. ക്സെൎക്സെസ്സ് ഈ ഉദ്യമത്തിൽ പരാജിതനാക്കപ്പെട്ടുവെങ്കിലും ഗ്രീസ്സിന്റെ താവന്മാത്രമായ വിജയം ആഥൻസ് എന്ന മഹാനഗരിക്ക് ഒരു ഭാഗ്യതാരോദയംകൊണ്ടു് അനുഗ്രഹമായിത്തന്നെ കലാശിച്ചു. ഏറക്കുറെ എല്ലാ ഉപരാജ്യങ്ങളും പൊതുവേ വിദേശീയാക്രമണങ്ങളിൽനിന്നു വിജയം പ്രാപിക്കുന്നതിനായി ഒരു സംഘബലത്തിന്റെ ആവശ്യകതയെ അംഗീകരിച്ചു. അതനുസരിച്ചു് സ്പാൎട്ട്, തീബ്സ്, ബിയോഷ്യ, യൂബിയ തുടങ്ങിയ സ്വതന്ത്രനഗരീസംസ്ഥാനങ്ങൾ ആഥൻസിന്റെ നാമമാത്രമായ നേതൃത്വത്തിൽ ഏകദേശം പരതന്ത്രങ്ങളായി. ആഥൻസാകട്ടെ, സ്വശക്തിവൈഭവം പ്രദൎശിപ്പിക്കാൻ ഈ അവസരം അത്യുത്തമമെന്നു കരുതി ഇതരോപരാജ്യങ്ങളുടെ സഖ്യം എന്ന സ്വൎണ്ണബന്ധത്തെ സ്വാധിപത്യത്തിൻ കീഴിൽ ജുഗുപ്സകമായ ഒരു ദാസ്യാദയോബന്ധമാക്കുന്നതിനുള്ള ശ്രമങ്ങളും തുടങ്ങി. ഏകദേശം ഇക്കാലത്തായിരുന്നു ഗ്രീസ്സിലെ തത്വജ്ഞശിരോമണികൾക്കു നടുനായകവും, മഹാസാത്വികചരിതനും അതിനിശിതമതിയും, സന്തോഷസന്താപങ്ങളിൽ സമചിത്തവൃത്തിയും, സ്വജനങ്ങളുടെ അന്യായമായ അധിക്ഷേപശിക്ഷകൾക്കു പാത്രീഭൂതനുമായ യവനമഹാചാൎയ്യൻ, സാക്രട്ടീസ്സിന്റെ ജനനം.

സാക്രട്ടീസ്സിൻെറ ജീവിതകാലം എഴുപതു വർഷകാലത്തേക്കു നീണ്ടുനിന്നു. ഈ എഴുപതു സംവത്സരങ്ങൾക്കിടയ്ക്കു അദ്ദേഹത്തിൻെറ മാതൃഭൂവായ ആതൻസ് നഗരി അത്യുന്നതമായ സാമ്രാജ്യസ്ഥാപനത്താൽ പ്രശംസനീയമായി ഭവിച്ചുവെങ്കിലും ആ അത്യുന്നതാധിപത്യത്തിൽ നിന്നു ദൈവദുർവിപാകത്താൽ അതിദയനീയമായവിധം അധഃപതിക്കുകകൂടെ ചെയ്തുപോന്നിരുന്നു.

പ്ലേററാ, മെസീൽ എന്നീ യുദ്ധരംഗങ്ങളിൽവെച്ചു് ആതൻസ് നഗരീസംസ്ഥാനത്തിനുണ്ടായ വിജയസൌഭാഗ്യത്തിൻെറ ലക്ഷ്യമായ ജയഭേരീധ്വനി യവനലോകത്തെ മുഖരിതമാക്കി പത്തുവർഷം കഴിഞ്ഞു, അതായതു ബി. സി ൪൬൯ ൽ ആണു സാക്രട്ടീസ്സ് ഭൂജാതനായതു്. അദ്ദേഹം ഒരു കൈക്കുഞ്ഞായിരിക്കുമ്പോളത്രെ സൈമൺ എന്ന വിഖ്യാതസേനാനി "യൂറിമിഡൺ" യുദ്ധരംഗത്തിൽവെച്ചു് ആതൻസ് വിജയപതാക പാറിച്ചതു്. ആക്രമണോത്സുകങ്ങളായ വൈരിസേനകളുടെ ഉപരോധനസാഹസം വിഫലീകൃതമാക്കണമെന്നുള്ള പരമോദ്ദേശ്യത്തോടുകൂടി ആതൻസ് പ്രധാനനഗരിക്കു ചുററും അത്യുന്നതങ്ങളും ബലവത്തുക്കളുമായ ചക്രവാളപ്രാകാരങ്ങൾ കെട്ടിപ്പൊക്കിയകാലത്തു സാക്രട്ടീസ്സ്, ദശവയസ്കനായ ഒരു ബാലനായിരുന്നു. പരമ്പരിതമായ ഉത്തുംഗവിജയപ്രാഭവങ്ങളുടെ ചിഹ്നമായി ആതൻസ് നഗരിക്കു ലഭിച്ച മെഡിറററേനിയൻ ദ്വീപമഹാസാമ്രാജ്യത്തിൻെറ ഉല്പത്തിവർദ്ധനാവിനാശങ്ങളും വീക്ഷണംചെയ്വാൻ സാക്രട്ടീസ്സിൻെറ യൌവനാരംഭദശയ്ക്കു സാധിച്ചിട്ടുണ്ടു്. സാക്രട്ടീസ്സിനു മുപ്പത്തെട്ടു വയസ്സായ കാലത്താണു സമശക്തികളായ ആതൻസും സ്പാർട്ടയും തമ്മിൽ ഉടയ മത്സരകോലാഹലം. യവനചരിത്രപ്രസിദ്ധമായ 'പിലപ്പോണിഷ്യൻ' മഹാസമരമായി കലാശിച്ചതു്. അദ്ദേഹത്തിൻെറ നാല്പത്തഞ്ചാമത്തെവയസ്സിൽ സമരരംഗ

ത്തിൽവെച്ചു ബന്ദികളായി പിടിക്കപ്പെട്ട സ്പാർട്ടാനിവാസികളായ യോദ്ധൃവീരന്മാർ അസ്തംഗതപൌരുഷന്മാരായി ആതൻസിലേക്കു ആനയിക്കപ്പെട്ട കാഴ്ച സോക്രട്ടിസ്സിനു കാണുവാൻ ഇടയായിട്ടുണ്ട്. അടുത്തവർഷം, അതായതു ബി. സി. ൪൨൪ൽ സോക്രട്ടിസ്സ് തന്നെ, ഒരു ഭടപ്രമാണിയായി 'ഡീലിയം' യുദ്ധരംഗത്തിൽ എത്തി ദേശാഭിമാനവ്യഗ്രതയോടെ ശത്രുക്കളുമായി പൊരുതു. ഒൻപതു വർഷം കഴിഞ്ഞു്, തന്റെ അൻപത്തഞ്ചാമത്തെ വയസ്സിനുശേഷം "സിസിലി" ദ്വീപിനെ ലക്ഷ്യമാക്കി ആക്രമണകൌതുകത്തോടെ വാരാശിപ്ലവനം ചെയ്ത സ്വദേശീയമായ ബൃഹന്നൌകസംഘത്തിന്റെ വിശൃംഖലമായ ഗതിവേഗം കണ്ടാനന്ദിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. അടുത്ത രണ്ടുവർഷക്കാലവും ജയപരാജയങ്ങളെപ്പറ്റി സംശയിതചിത്തവൃത്തികളായ സ്വീയനഗരീവാസികൾക്കൊപ്പം സോക്രട്ടിസ്സും മനശ്ചാഞ്ചല്യത്തോടെ വർത്തിക്കുവാൻ ഇടയായി. അതാ, അധികം താമസിയാതെ, ആതൻസിന്റെ അന്യദേശാധിപത്യസൌധത്തിലെ തങ്കത്താഴികക്കുടം കീഴ്മേലായി മറിയുന്നു. സിസിലിയിൽ വെച്ചുണ്ടായ ആയോധനപരാജയം, ആതൻസ് നിവാസികൾക്കു ഹൃദയശല്യമായി കലാശിക്കുന്നതും, നനഞ്ഞ കവിൾത്തട്ടോടും, കത്തിക്കാളുന്ന ഹൃദയവേദിയോടുംകൂടിയ ആതൻസ് സാമ്രാജ്യലക്ഷ്മി മാതൃഭൂമി വിട്ടു മന്ദഗമനം ചെയ്യുന്നതും സോക്രട്ടിസ്സ് തന്നെ കാണുന്നു. പൌരസഞ്ചയം, വിജയവാർത്താശ്രവണത്തിൽ ആകാംക്ഷാഭാരത്തോടെ അനന്തരവർഷങ്ങൾ കാത്തിരുന്നതും, വീണ്ടും ഒന്നിനുമേലൊന്നു് എന്നവിധമുള്ള പരാജയാവലി മൂലം നിരാശാഗർത്തത്തിൽ ആപതിച്ചതും, 'ആഗസ്പട്ടോമിയി'ൽ വെച്ചുണ്ടായ അന്തിമമായ പരാജയഫലമായി ആതൻസ് സാമ്രാജ്യലക്ഷ്മി ആത്മഹത്യക്കൊപ്പം നിശ്ശേഷം അന്തർദ്ധാനം ചെയ്തതും സോക്രട്ടിസ്സിന്റെ വാൎദ്ധക്യദശയ്ക്കൊത്തു സംഭവിച്ച രാജ്യകാൎയ്യവ്യതിയാനങ്ങളായി അ

ദ്ദേഹം നിരീക്ഷണം ചെയ്യുന്നു. ഹാ! കഷ്ടം! തന്റെ ബാല്യകാലത്തു മാതൃഭൂമി എത്രയോ ധനവ്യയം ചെയ്തു് നിരവധി ക്ലേശങ്ങൾ സഹിച്ചു് കെട്ടിപ്പൊക്കി കേവലം ഉപരോധനസീമക്കു് അതീതമാക്കി പ്രതിഷ്ഠിച്ചിരുന്ന മഹാപ്രാകാരഭിത്തികൾ ശതധാ ശകലിതങ്ങളായി കിടക്കുന്ന കാഴ്ച കാണ്മാനും ഈ വൃദ്ധാചാര്യന്നു സംഗതിയായി. എന്നിട്ടും അദ്ദേഹത്തിന്റെ ചരമദശാവിപാകത്തിന്നു് ഒരു ചിഹ്നം പോലെ കാണ്മാനില്ലാതെ അദ്ദേഹം, പരമനിശിതമായ ധിഷണാവൈഭവത്തോടും സുനിശ്ചലമായ ചേതോവൃത്തിയോടുംകൂടി ഈ ആക്രമണപരാജയകോലാഹലങ്ങളുടെ ഗതിവിഗതികൾ സൂക്ഷിച്ചു വീക്ഷണം ചെയ്തിരുന്നതേയുള്ളു. കാലചക്രത്തിന്റെ ഭ്രമണവശാൽ ഇതാ അദ്ദേഹത്തെ എഴുപതാമത്തെ വയസ്സിൽ എത്തിച്ചിരിക്കുന്നു.

ശമനസീമാതീതമായ അന്യരാജ്യാക്രമണതൃഷ്ണക്കു് അധീനരായി, സാമ്രാജ്യസ്ഥാപനം ചെയ്തു വൈരികളുടെ പ്രതീകാരോദ്യോതങ്ങളായ സമരാവലികളിൽ പങ്കെടുത്തു് ദൈവദുർവ്വിപാകത്താൽ പരാജയപലായനങ്ങൾക്കു പാത്രീഭവിച്ചു് അസ്തശക്തികളായ ആഥൻസ്പുരവാസികളുടെ ആ മഹനീയമായ ആവാസസ്ഥാനം, ബി. സീ. ൩൯൯-ാം വർഷത്തിൽ സാക്രട്ടിസ്സെന്ന വൃദ്ധാചാര്യന്റെ മേൽ അനാവധി അപരാധാരോപണം നടത്തിയിട്ടുള്ള ഒരു കേസ്സിൽ ഇതാ വീണ്ടും സഞ്ജാതവീര്യമായി കാണപ്പെടുന്നു. "ആ മഹാദുഷ്ടന്നു് കണക്കിന്നു് കൊടുക്കട്ടെ. അയാൾ ആഥൻസിന്റെ പരമവൈരിയാണു്; പൊതുജനങ്ങൾക്കു് ഒന്നുകൊണ്ടും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ബാധയാണു്" എന്നിങ്ങനെ അദ്ദേഹത്തോടുള്ള വൈരാവജ്ഞാപ്രകടനങ്ങളായ അധിക്ഷേപവാക്യങ്ങൾ രഥ്യാസഞ്ചാരികളായ പാമരന്മാരിൽനിന്നു കേട്ടു തുടങ്ങുന്നു. എന്നാൽ ഉന്നതകുടുംബാംഗങ്ങളായ ഏതാനും യുവജനങ്ങൾ

മാത്രം തങ്ങളുടെ ഗുരുവരനായി കരുതപ്പെട്ടുപോന്നിരുന്ന ആ വൃദ്ധാചാൎയ്യന്റെ നികടം വിട്ടുമാറാതെ ആപൽബന്ധുക്കളായി വൎത്തിക്കുന്നു.

വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായ സാക്രട്ടീസ്സിന്റെ ഈ എഴുപതാമത്തെ വയസ്സിൽ അദ്ദേഹത്തെ ഒരു പൊതുജനവൈരിയായും, രാജ്യദ്രോഹിയായും ഗണിച്ച് പൌരസംഘം ബന്ധിപ്പാനുണ്ടായ കാരണം, അദ്ദേഹത്തിന്റെമേൽ ഭരണകൂടപ്രതിനിധികൾ ചുമത്തിയിട്ടുള്ള ഏതാനും മഹാപരാധങ്ങൾ ആണ്. അതായത്, ഭൂമ്യാകാശാതീതങ്ങളായ അലൌകികവിഷയങ്ങളെപ്പററി അനവരതം അസംബന്ധജല്പനങ്ങൾ നടത്തി പൊതുജനങ്ങളുടെ വിവേചനാശീലത്തെ നിഹനിക്കുന്ന ഒരു ഭ്രാന്തബുദ്ധിയാണ് സാക്രട്ടീസ്സ്. താൻ ഒരു ആചാൎയ്യവൎയ്യനെന്നുള്ള അഹംഭാവപൂൎണ്ണമായ അബദ്ധവിചാരത്താൽ ഈ മനുഷ്യൻ തന്റെ അവലോകനഫലങ്ങൾ എന്നു അഭിമാനിക്കുന്ന തത്വജ്ഞാനങ്ങൾ ആതൻസിലെ യുവജനസംഘത്തിന് നൽകി അവരിൽനിന്നു ധനാപഹരണം ചെയ്യുന്നു. കൂടാതെ, ഐഹികാമുഷ്മികങ്ങളായ മനുഷ്യാനുഭവങ്ങൾക്ക് നിയന്ത്രകമായി ഈശ്വരശക്തിയുണ്ടെന്നുള്ള ബോധം നിശ്ശേഷമില്ലാതെ, ഈ ആചാൎയ്യവേഷധാരി യവനലോകാരാധനീയന്മാരായ ഈശ്വരന്മാരുടെ മാഹാത്മ്യം നിരസിച്ചു നിരീശ്വരമതം രാജ്യത്തിൽ പരത്തുവാൻ നിരന്തരശ്രമം ചെയ്തുവരുന്നു. നഗരിയിലുള്ള ഉൽകൃഷ്ടകുടുംബജാതന്മാരായ പല യുവകേസരികളും, ഈ കപടാചാൎയ്യന്റെ യുക്തിവാദങ്ങളാൽ നിരുദ്ധവീൎയ്യരാക്കപ്പെട്ട് ഇയാൾമൂലം വഴി തെററിപ്പോകയും, തന്മൂലം അവർ രാജ്യത്തിന്റെ പുരോഗമനത്തിനു മഹാവിഘ്നങ്ങളായിത്തീരുകയും ചെയ്യുന്നു.

വൈരിസാധാരണമായ പ്രതികാരേച്ഛയോടെ സാക്രട്ടീസ്സിനെ നാമാവശേഷനാക്കുന്നതിനായി ചില പൌര

നേതാക്കൾ അദ്ദേഹത്തിന്റെ പേരിൽ ചുമത്തിയ ഈ ദുരപരാധങ്ങളുടെ യാഥാർത്ഥ്യത്തിന്റെ കഥയെപ്പററി അന്വേഷിക്കുന്നതിന് അന്നത്തെ ന്യായാധിപതികൾ ഒരുങ്ങിയില്ല. താൻ കേവലം നിരപരാധിയാണെന്നു തെളിയിപ്പാൻ സാക്രട്ടീസ്സിനു സാധിക്കുമായിരുന്നുവെങ്കിലും, ആതൻസ് നഗരിയുടെ ഭാവികാലഗതമായ അപയശസ്സിന്റെ ശക്തി തന്നെയാണ് മുന്നിട്ടു നിന്നിരുന്നതു്. അതനുസരിച്ചു് മേൽ പറയപ്പെട്ട മഹാപരാധങ്ങൾക്കു പാത്രമായ വൃദ്ധനെ കർശനമായ രാജ്യനിയമം അനുസരിച്ചു നാമമാത്രമായി വിസ്താരം കഴിച്ചു്, അദ്ദേഹത്തിന്റെ സമാധാനത്തിൽ അടങ്ങിയിരുന്ന പരമാർത്ഥത്തെ കേവലം വിസ്മരിച്ചു് അദ്ദേഹത്തിന് എത്രയും അങ്ങെ അററമുള്ള മരണശിക്ഷ തന്നെ വിധിച്ചു് ന്യായാധിപതികൾ ആതൻസ് പൌരസഞ്ചയത്തിന്റെ താല്ക്കാലികാനുമോദനത്തിന് പാത്രങ്ങളായിത്തീരാൻ ശ്രമിച്ചതിൽ അതിശയിപ്പാനുമില്ല. വൃദ്ധൻ സാക്രട്ടീസ്സ്, മരണദിവസപര്യന്തം കാരാവാസം അനുഭവിപ്പാൻ നീതനാക്കപ്പെടുകയും ചെയ്തു.

ജനഹിതലക്ഷ്യത്തെപ്പററി ചിന്തപോലും കൂടാതെ സ്വേച്ഛാപ്രഭുവായി വർത്തിച്ചുപോന്ന ഒരു മഹീപതിയുടെ കല്ലെപ്പിളർക്കുന്ന കല്പനമൂലമല്ല, ദുരധികാരപ്രമത്തന്മാരായ പ്രഭുജനങ്ങളുടെ നിഷ്ഠുരമായ ആജ്ഞാപനസാഹസംകൊണ്ടല്ല; സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം എന്നിങ്ങിനെയുള്ള വ്യക്ത്യനുകൂലങ്ങളായ ഉൽകൃഷ്ടതത്വങ്ങളെ അതിനിഷ്കൃഷ്ടയോടെ അനുഷ്ഠിച്ചുപോന്ന പൌരസഞ്ചയത്തിന്റെ ആലോചനാരഹിതവും, അവജ്ഞായോഗ്യവും, സ്വാർത്ഥപരതാലക്ഷ്യവുമായ അഭിനിവേശം മൂലമാണ് ഒരു മഹാനായ ആചാര്യവൃദ്ധൻ ഈ വിധം അതികഠിനമായ ദുരന്തത്തിൽ പെട്ടുപോകുന്നതിന് ഇടയായതെന്നകാര്യം പ്രത്യേകം സ്മരണീയമാണ്.

ആസന്നമരണനായി കാരാഗൃഹവാസം അനുഭവിച്ചു കൊണ്ടിരുന്ന സാക്രട്ടീസ്സിനു് രക്ഷാമാർഗ്ഗങ്ങൾ ഉപദേശിപ്പാനായി അദ്ദേഹത്തിന്റെ അത്യന്തമിത്രങ്ങളിൽ ആരും തന്നെ ശ്രമിക്കാതെയല്ല, ക്രൈറോ എന്ന വയസ്യൻ സാക്രട്ടീസ്സിന്റെ അതിദയനീയമായ ഈ അന്ത്യദശാവിപാകം കണ്ടു്, അത്യന്തം സന്തപ്തഹൃദയനായി, ഒരു ദിവസം പ്രഭാതവേളയിൽ സാക്രട്ടീസ്സിന്റെ വാസകക്ഷ്യയിൽ പ്രവേശിച്ചു്, അതിരഹസ്യമായി ആ ദേശംവിട്ടു പലായനംചെയ്യേണ്ടതാണു് ഉത്തമമെന്നു് ഒരു നിർദ്ദേശം സമർപ്പിച്ചു് ഏതദ്വിഷയകമായി അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചു. ഈ രഹസ്യപലായനം അധികാരസ്ഥാനങ്ങളിൽ അറിഞ്ഞുപോകാതെയിരിപ്പാൻ താനും സ്നേഹിതന്മാരും തങ്ങളുടെ സമസ്തശക്തികളും പ്രയോഗിക്കാമെന്നും, ഏതു തരത്തിലും സാക്രട്ടീസ്സ് രക്ഷപ്പെടേണ്ടതാണെന്നും ക്രൈറോ നിർബന്ധശാഠ്യംതുടങ്ങി. സാക്രട്ടീസ്സാകട്ടെ, രാജ്യനിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുക എന്ന നീചനയം ഒരിക്കലും സ്വീകരിക്കയില്ലെന്നും, മരണത്തെപ്പററി തനിക്കു് അശേഷം ഭയമില്ലെന്നും അതിധീരതയോടെ എതിർവാദംചെയ്തു തന്റെ ദുർദ്ദശാപരിപാകത്തിനു കീഴടങ്ങിക്കൊടുക്കാമെന്നുതന്നെ അവ്യാകുലമായ മനഃസാന്നിദ്ധ്യത്തോടെ തീർച്ചപ്പെടുത്തി.

കാരാഗൃഹവാസം അനുഭവിച്ചുകൊണ്ടിരുന്ന സാക്രട്ടീസ്സിന്റെ മൃതിദിനം അടുത്തു. അന്നേദിവസം പ്രഭാതത്തിൽ അദ്ദേഹത്തിന്റെ ജീവിതാവസാനസൂചകമായ ആജ്ഞാപനം ഭരണാധികൃതന്മാരിൽനിന്നു് ലഭിച്ചതു് ആ ആചാര്യശ്രേഷ്ഠനെ അറിയിപ്പാനായി കാരാഗൃഹാധിപൻ അദ്ദേഹത്തെ സമീപിച്ചു. സാക്രട്ടീസ്സിന്റെ കരബന്ധംചെയ്തിരുന്ന അയഃശൃംഖല തൽക്ഷണംതന്നെമാററി അന്നേദിവസമാണു് അദ്ദേഹത്തിന്റെ മൃതി സംഭവിപ്പാൻപോകു

ന്നതു് എന്ന ദുഃഖവർത്തമാനം അയാരം യഥാവിധി അറിയിച്ചു. ഈ പരമദാരുണമായ വാർത്താശ്രവണത്തിൽ ഏതും ചഞ്ചലഹൃത്താകാത്ത സാക്രട്ടീസ്സ്, തന്നെ അന്വേഷിച്ചു നിൽക്കുന്ന സ്നേഹിതന്മാരുമായി സംഭാഷണം ചെയ്യാൻ അനുവദിക്കണമെന്നുള്ള അദ്ദേഹത്തിൻെറ അന്ത്യമായ ആശ കാരാധിപനെ അറിയിച്ചു. അതനുസരിച്ചു് അദ്ദേഹത്തിൻെറ ആത്മമിത്രങ്ങളായ ക്രൈറ്റോ, ഫേഡോ, അപ്പോല്ലോഡറസ്സ്, സിമ്മിയസ് തുടങ്ങിയ അഞ്ചെട്ടുപേർ സാക്രട്ടീസ്സിനെ കണ്ടു് സംസാരിപ്പാൻ അസാധാരണമായ ആകാങ്ക്ഷാഭാരത്തോടെ അദ്ദേഹത്തിൻെറ വാസകക്ഷ്യയ്ക്കുള്ളിൽ പ്രവേശിച്ചു.

അവർ അവിടെ കണ്ട കാഴ്ച എത്ര പരിതാപകരമായിരുന്നു! പ്രിയഭർത്താവിൻെറ അത്യന്തവിരഹം ഓർത്തു കരകവിയുന്ന ദുഃഖം ഒരുവിധത്തിലും അടക്കാൻ പാടില്ലാതെ വിഷമിക്കുന്ന 'സാന്തിപ്പ്' എന്ന മാന്യസ്ത്രീ, അതേ, സാക്രട്ടീസ്സിൻെറ ധർമ്മപത്നി, ഈ സ്നേഹിതന്മാരെ കണ്ടതോടുകൂടെ എണീററു്, "എൻെറ ഭർത്താവേ അങ്ങു് ഈ സ്നേഹിതന്മാരോടും ഇവർ അങ്ങയോടും ഇതു് അവസാനമായിട്ടാണേ സംഭാഷണം ചെയ്യുന്നതു്" എന്നു് വാവിട്ടു് ഉറക്കെ കരഞ്ഞുതുടങ്ങി. മാറത്തു് അടിച്ചു നിലവിളിച്ചു കണ്ണുനീർ ധാരധാരയായി പൊഴിക്കുന്ന ആ അനന്യശരണയായ സ്ത്രീരത്നത്തെ, സാക്രട്ടീസ്സിൻെറ അപേക്ഷയനുസരിച്ചു് ക്രൈറ്റോയുടെ ഭൃത്യന്മാർ കഥഞ്ചന ആ രംഗത്തിൽ നിന്നു മാററിക്കൊണ്ടുപോയി. അനന്തരം സാക്രട്ടീസ്സും സ്നേഹിതന്മാരുമായി ആത്മാവിൻെറ അനശ്വരതയെപ്പററി അതിഗഹനങ്ങളായ പല തത്വങ്ങളും അടങ്ങിയ ഒരു ദീർഘസംഭാഷണം ചെയ്കയാണു ഉണ്ടായതു്.

സ്നേഹിതന്മാരുമായുള്ള സംഭാഷണം സകലതും കഴിഞ്ഞു്, സന്തുഷ്ടനായ സാക്രട്ടീസ്സ് എണീററു് സ്നാനകർമ്മനി

വ്വഹണത്തിന്നായി നടകൊണ്ടു. ക്രൈറ്റോ ശിഷ്യസമേതം അദ്ദേഹത്തെ അനുഗമിച്ചു. സ്നാനം കഴിഞ്ഞു് വന്നതോടുകൂടി അദ്ദേഹത്തിന്റെ മൂന്നു സന്താനങ്ങളും, പ്രിയപത്നിയും വീണ്ടും കാരാഗൃഹകക്ഷ്യയിലേക്കു് ആനീതരാവുകയും അവൎക്കു് ഏതാനും നിർദ്ദേശങ്ങൾ നൽകി അദ്ദേഹം അവരെ പിരിച്ചയയ്ക്കുകയും ചെയ്തു.

അപ്പോഴത്തേക്കു്, സമയം മിക്കവാറും അസ്തമനത്തോടടുത്തു. സ്നേഹിതന്മാരുമായുള്ള സാമാന്യം ദീർഘമായ സംഭാഷണം കഴിഞ്ഞു് സ്നാനകർമ്മനിവർത്തനത്തിനു ശേഷവും സമയം ധാരാളമുണ്ടായിരുന്നുവെങ്കിലും, ഭാര്യാപുത്രാദികളുമായുള്ള അവസാനവിരഹാവസരം സാക്രട്ടീസ്സ് ഉദ്ദേശിച്ചതിലധികം ദീർഘമായിത്തന്നെയിരുന്നു. അവരെ പിരിച്ചയച്ചു് സ്വസ്ഥാനത്തു് എത്തിയതോടുകൂടി കാരാധിപൻ അദ്ദേഹത്തിനു് അന്ത്യസന്ദേശം നൽകുന്നതിനായി ആ സ്ഥലത്തു വന്നുചേർന്ന് ഇവ്വിധം പറകയുണ്ടായി:—

“അത്യന്തം യോഗ്യതയുള്ള സുജനങ്ങളിൽവെച്ചു് ഏറ്റവും ശ്രേഷ്ഠനായ അല്ലയോ സാക്രട്ടീസ്സ്, മേൽകോയ്മയുടെ അഭിമതമനുസരിച്ചു് ന്യായാധിപന്മാർ നൽകിയ വിധിപ്രകാരം, അങ്ങു് വിഷദ്രവ്യം പാനംചെയ്യേണ്ട സമയം ആസന്നമായിരിക്കുന്നു. അങ്ങയെ ഒഴിച്ചു മറ്റെതെങ്കിലും കാരാഗൃഹവാസികളോടാണു് ഞാൻ ഈ ദാരുണവാൎത്താഘോഷണത്തിനായി മുതിൎന്നതെങ്കിൽ അക്കൂട്ടർ കോപാവേശവും, സന്താപവും കൊണ്ടു് മതിമറന്നു് എന്നെ ക്രമത്തിലധികമായി അസഭ്യവാക്കുകളാൽ അവമാനിപ്പാൻ ഒരുങ്ങിയേനെ. എന്നാൽ എനിക്കു് എന്റെ കൃത്യം നടത്താതെ നിർവ്വാഹമില്ലല്ലോ. അങ്ങു് ഈ കാരാവാസം അനുഭവിച്ചു ഇവിടെ അസ്വതന്ത്രനായി വർത്തിച്ചുപോന്ന ദിവസങ്ങൾ അത്രയും ഏററവും മാന്യവും സമീചീനവുമായ

ഒരു ജീവിതരീതിയാണ് അവലംബിച്ചുപോന്നിരുന്നത്. അങ്ങേയ്ക്ക് എന്നോട്ട യാതൊരു വൈരവും തോന്നുകയില്ലെന്നു വിശ്വസിക്കുന്നു. ഞാൻ എന്തുകൃത്യം നിർവഹിക്കുന്നതിനാണ് വന്നിട്ടുള്ളതെന്ന് അറിയാമല്ലൊ. ഹാ! ഇതാ അങ്ങേയ്ക്ക് അവസാനമായ മംഗളം പറഞ്ഞുകൊള്ളുന്നു. എത്ര മഹത്തായിരുന്നാലും ആ ആപത്ത് അതിനിസ്സാരമെന്നുറച്ച് സഹിച്ചുകൊള്ളുവാൻ അപേക്ഷിക്കുന്നു".

ഇത്രയും കഷ്ടിച്ചു പറഞ്ഞുകഴിയുന്നതിനുമുമ്പ് ആ കാരാധിപന്റെ ദൃഷ്ടികൾ അശ്രുപ്രവാഹംകൊണ്ട് നിറഞ്ഞുകഴിഞ്ഞു. സാക്രട്ടീസ്സാവട്ടെ, ശാന്തതകളിയാടുന്ന മനോഭാവത്തോടുകൂടി "ഞാൻ, തങ്ങളുടെ ആശീസ്സിന് ഇതാ മറുപടി പറഞ്ഞുകൊള്ളുന്നു" എന്നുള്ള വാക്കുകൾക്കു ശേഷം തന്റെ സ്നേഹിതന്മാരെ നോക്കി ഈവിധം പറയുകയാണ്: —

"അയാൾ എത്ര നല്ലമനുഷ്യനാണ്! ഞാൻ ഈ കാരാഗ്രഹത്തിലേക്ക് നീതനായ ദിവസംതൊട്ട് നിത്യവും അയാൾ എന്നോട്ട് എന്തെങ്കിലും സംഗതികളെപ്പററി സംഭാഷണംനടത്തുന്നതിൽ ഔൽസുക്യത്തോടെ എത്തിക്കൊണ്ടിരുന്നു. എന്നോട്ട് അത്യന്തം ഉള്ളഴിഞ്ഞ് പെരുമാറിട്ടുള്ള ഒരു മാന്യനായി ഞാൻ അയാളെ കരുതുന്നു. ഇപ്പോൾ ആകട്ടെ, എത്ര ഔദാര്യശീലത്തോടെയാണ്, ആ അവസാനാജ്ഞ എന്നെ അറിയിച്ച് ഇവിടെനിന്നു കണ്ണുനീർപൊഴിച്ചത്! ക്രൈറേറാ, അയാൾ പറയുന്നതു വേഗം അനുസരിക്കാം. വിഷദ്രവ്യം നിറച്ച ആ പാനീയപാത്രം ഇങ്ങോട്ട് കൊണ്ടുവരാൻ പറയുക. അതു തയ്യാറാക്കി വെച്ചിട്ടില്ലെങ്കിൽ വേഗം മുറപോലെ ചെയ്യാൻ പറയുക."

തന്റെ അഭിവന്ദ്യനായ വയസ്യനോട്ട് അതിനുമുമ്പ് എന്തെല്ലാം യുക്തിവാദങ്ങൾ ചെയ്തിട്ടും അദ്ദേഹം ജീ

വിതത്തെ തൃണസദൃശമായിവിചാരിക്കുന്ന ഒരു ധീരാത്മാവായി ബോദ്ധ്യപ്പെട്ട ക്രൈറോവിന്നു് ഈ അവസാനാപേക്ഷ അത്യന്തം മർമ്മഭേദകമായിത്തോന്നി. സാക്രട്ടിസ്സിൻെറ ജീവിതം ഒരു നിമിഷനേരത്തേക്കുകൂടെ നീണ്ടുനിന്നാൽ അത്രയുംകൂടെ യഥാർത്ഥമായ സൌഹാർദ്ദംകൊണ്ടുള്ള ആനന്ദം അനുഭവിക്കാമെന്നുള്ള അത്യാശയാൽ പ്രേരിതനായ ക്രൈറോ പറയുകയാണു്:—

"അല്ലല്ല, ഇതെന്തു ധിറുതിയാണു്. സൂര്യൻ ഇനിയും മലയ്ക്കു് മേലേനില്ക്കുന്നതേയുള്ളു. ഇതുവരെ അസ്തമനമായിട്ടില്ല. ഇമ്മാതിരി ദാരുണസ്ഥിതിഭേദത്തിൽ അകപ്പെട്ടു് ശിക്ഷയനുഭവിക്കേണ്ടിവന്നിട്ടുള്ള പലരും, അസ്തമനം കഴിഞ്ഞ് എത്രയോ താമസിച്ചാണു് തങ്ങളുടെ അന്ത്യയാത്രക്കു് ഒരുങ്ങുന്നതു്. ആ അന്ത്യദശയുടെ ഭയാനകത്വം അവരുടെ ചിത്തങ്ങളെ ഭേദിപ്പിക്കാതിരിക്കാൻ എന്നു് തോന്നുമാറു് അക്കൂട്ടർ വിശേഷപ്പെട്ട ഭക്ഷ്യസാധനങ്ങൾ ഭക്ഷിക്കയും, മധുരപാനീയങ്ങൾ ഉപയോഗിക്കുകയും പാനാശനാദികളാൽ ഉന്മത്തരായി ഇഷ്ടജനങ്ങളുമൊത്തു് ഉല്ലസിക്കയും ചെയ്യാറുണ്ടല്ലോ. അങ്ങു് ഇത്ര ധിറുതിവെച്ചിട്ടു് യാതൊരു് ആവശ്യമില്ല. നമുക്കു് വേണ്ട സമയമുണ്ടു്".

ജീവതമരണങ്ങളിൽ സമചിത്തവൃത്തിയായ സാക്രട്ടിസ്സിന്നു് ക്രൈറോയുടെ ഈ അപേക്ഷയ്ക്കുള്ള അർത്ഥം എന്തെന്നു മനസ്സിലാക്കാൻ സാധിച്ചില്ല. അദ്ദേഹം മറുപടി പറയുന്നു:—

"നിങ്ങൾ പറയുന്നവർക്കു് അമ്മാതിരി സമയം കുറെ ദീർഘിപ്പിക്കുന്നതുകൊണ്ടു് അത്രയും നേരംകൂടെ ജീവിതസൌഖ്യം അഥവാ ഐഹികസൌഖ്യം അനുഭവിക്കാമെന്നുള്ള ഒരു ആശയായിരിക്കാം ഉള്ളതു്. എന്നാൽ അവരെപ്പോലെ പ്രവർത്തിക്കാൻ എനിക്കു ലവലേശം ആഗ്രഹമി

ഷം ഇല്ല. മിക്കവാറും, എന്നിൽനിന്നു വേർപെടാറായ ജീവനെ ഇനിയും അല്പനേരംകൂടെ ഈ ശരീരത്തിൽതന്നെ വെച്ചുകൊണ്ടിരുന്നാൽ അതുമൂലം ലഭിക്കുന്ന സുഖമോ സന്തോഷമോ എന്തായാലും അവ യാതൊന്നും അനുഭവിപ്പാൻ എനിക്കു മോഹമില്ല. അതുകൊണ്ടു്, ദയവുചെയ്തു ഞാൻ പറയുന്നതുപോലെ പ്രവർത്തിക്കുക".

ഗത്യന്തരമില്ലാതെ, ക്രൈറോ, സമീപവർത്തിയായിരുന്ന ഒരു ഭൃത്യനോടു് എന്തോ ആംഗ്യം കാണിച്ചു പുറത്തേക്കു് ഇറങ്ങുകയും, വിഷദ്രവ്യപൂർണ്ണമായ ചഷകം സാക്രട്ടിസ്സിനെ ഏല്പിക്കാൻ നിയുക്തനായ കാരാധിപനോടുകൂടി വീണ്ടും വന്നു ചേരുകയും ചെയ്തു.

തന്റെ അന്ത്യദശാവീക്ഷണം ചെയ്ത സാക്രട്ടിസ്സാകട്ടെ, കാരാഗൃഹാധിപതിയും ഭൃത്യന്മാരും ആയി വിഷദ്രവ്യപാനത്തിനുതന്നെ സജ്ജനാകാൻ വന്നു് അദ്ദേഹത്തിന്റെ കൈയിൽ ആ ചഷകം ഏല്പിച്ചതു വാങ്ങി നിശ്ചലചിത്തനായി ഈ വിധം ചോദിക്കുന്നു:—

"ഇമ്മാതിരി കാര്യങ്ങളിൽ നല്ല പഴക്കമുള്ള അല്ലേ, മാന്യസ്നേഹിത! ഈ പാനീയപാനത്തിന്റെ ചട്ടങ്ങളും ഒന്നു മനസ്സിലാക്കി ഈ പാനംകൊണ്ടുള്ള അനന്തരഫലസ്വഭാവം ഒന്നു വിവരിച്ചുതരുമോ?"

കാരാധിപൻ പറയുന്നു:—

"ഒന്നുംവേണ്ട, ഇതിലുള്ള വിഷദ്രവ്യം മുഴുവൻ പാനംചെയ്യണം. അതു കഴിഞ്ഞു സ്വല്പം അങ്ങോട്ടോ ഇങ്ങോട്ടോ നടന്നുനോക്കണം. അധികനേരം കഴിയുംമുമ്പു് പാദങ്ങൾക്കു അവശത തോന്നാതിരിക്കയില്ല. അതോടുകൂടി ശരീരക്ഷീണം തോന്നുന്നപക്ഷം ശയിക്കണം. ഈ ശയനവേലയിലായിരിക്കും വിഷദ്രവ്യം സിരാസഞ്ചയത്തിൽ പ്രവേശിക്കുന്നതു്."

ഈ ദാരുണവചസ്സുകളോടുകൂടി, സന്തപ്തഹൃദയവാന്മാരായ സ്നേഹിതന്മാരുടെ മുമ്പാകെവെച്ചു കാരാഗൃഹാധിപൻ വിഷദ്രവ്യസങ്കലിതമായ പാനീയം അടങ്ങിയ ചഷകം മ്ലാനമുഖനായി സാക്രട്ടിസ്സിനെ ഏല്പിച്ചു.

സാക്രട്ടിസ്സാകട്ടെ, വിഷദ്രവ്യപൂർണ്ണമായ ആ ചഷകം കൈയിൽ വാങ്ങി ഏററവും മനഃപ്രീതിയോടും, മുഖഭാവത്തിനു യാതൊരു വ്യത്യാസവും സംഭവിക്കാത്തവിധത്തിലും അവിടെനിന്ന്, തൻെറ പ്രകൃത്യാസിദ്ധമായ സൂക്ഷ്മനോട്ടത്തോടുകൂടി ഈവിധം, കാരാധിനാഥനോടു ചോദിക്കുന്നു:—

"ഇതിൽനിന്ന് അല്പഭാഗം ദേവതോദ്ദേശ്യകമായി ബലിപോലെ അർപ്പിക്കുവാൻ അനുവദിക്കുമോ?"

"നിവൃത്തിയില്ല. ഒരാൾക്ക് ആവശ്യത്തിനു വേണ്ടിടത്തോളമേ തയ്യാർചെയ്തിട്ടുള്ളു. ഇതിൽനിന്ന് ഒരു തുള്ളിപോലും, വേറെ ചെലവുചെയ്യാൻ പാടില്ല."

"മനസ്സിലായി. എന്നാൽ, എന്തായാലും ഒരു മനുഷ്യൻ അവൻെറ അന്ത്യഘട്ടത്തിൽ പരലോകയാത്ര ശാന്തമായിരിക്കണേ എന്നു ദേവതകളോടു പ്രാർത്ഥിക്കാറുണ്ട്. ഇതത്രേ എൻേറയും അവസാനമായ പ്രാർത്ഥന."

ഇത്രയും പറഞ്ഞതോടുകൂടി ആ വിഷദ്രവ്യപൂർണ്ണമായ പാനീയപാത്രം അധരപുടത്തോടു ചേർത്ത് ഏററവും പ്രസന്നതയോടും, ചിത്തശാന്തിയോടുംകൂടി ആ ചഷകത്തിലുണ്ടായിരുന്ന വിഷസങ്കലിതമായ പാനീയം മുഴുവൻ അദ്ദേഹം ഉള്ളിലേക്കു കടത്തി.

അതി ദുഃഖദമായ ഈ ഘട്ടത്തെപ്പററി സാക്രട്ടിസ്സിൻെറ ഒരു സ്നേഹിതനും അപ്പോൾ അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നയാളുമായ ഫേഡോ, എകിക്രാററസ് എന്ന മിത്രത്തിനോടു പറയുന്നതായി പ്ലേറേറാ ഭാവനചെയ്തിട്ടുള്ള

ഒരു സംഭാഷണത്തിലെ എത്രയും വിശിഷ്ടമായ ഒരു ഭാഗം നോക്കുക:—

"ഞങ്ങളിൽ മിക്കവാറുംപേർ ഈ നിമിഷംവരെ, ഞങ്ങളുടെ വ്യസനം ഒരുവിധം അടക്കിനിൽക്കുകയായിരുന്നു. എന്നാൽ അദ്ദേഹം ആ അന്ത്യപാനീയം നിർവ്വഹിക്കുന്നതു കണ്ടപ്പോൾ, ആ ചഷകത്തിലുണ്ടായിരുന്ന പാനീയം മുഴുവൻ തീർന്നപ്പോൾ, ഞങ്ങൾക്കു വ്യസനം ഒരുവിധത്തിലും അടക്കാൻ പാടില്ലെന്നായി. എന്റെ കാര്യം പറയാം. എന്റെ കണ്ണിൽനിന്ന് അശ്രുക്കൾ ധാരധാരയായി ഒഴുകി. ഞാൻ എന്റെ മുഖം മറച്ചു ശോകത്തിനു കീഴടങ്ങി നിലയായി. ഞാൻ സാക്രട്ടീസ്സിനുവേണ്ടി കരഞ്ഞതാണെന്നു വിചാരിക്കരുതെ. അദ്ദേഹത്തെപ്പോലെ ഇത്ര യോഗ്യനായ ഒരു സ്നേഹിതൻ എനിക്കു നഷ്ടപ്പെട്ടുന്നല്ലോ എന്നുള്ളതോർത്തത്രേ എനിക്കു അതിയായ വ്യസനം ഉണ്ടായതു്. ഞാൻ ശോകാന്ധനായി പരിണമിക്കുന്നതിന് എത്രയോ മുൻപായിത്തന്നെ ക്രൈറേറാ, ഏററവും ശോകപരവശനായി ആ സ്ഥലത്തുനിന്നു മാറി നിന്നുപോയി. അടുത്തുനിന്നിരുന്ന അപ്പോലോഡാറസ്സാകട്ടെ, ഈ സമയം മുഴുവൻ ശോകസംവിഗ്നമാനസനായി അവിടെ നിന്നിരുന്ന സകല ആളുകളുടേയും മനസ്സിളക്കിമറിക്കുമാറു് ഉറക്കെ കരഞ്ഞുതുടങ്ങി. സാക്രട്ടീസ്സാകട്ടെ, ഇവയൊക്കെ കണ്ടു യാതൊരു ഭാവഭേദവും പ്രാപിക്കാതെ ഈവിധം പറയുകയാണു്:—

"ഇതെന്തു കഥയാണു സ്നേഹിത! ഇമ്മാതിരിയുള്ള ശോകപാരവശ്യങ്ങൾ കാണേണ്ടിവന്നേക്കും എന്നു കരുതിയാണു സ്ത്രീകൾ ഇവിടെ നില്ക്കേണ്ട എന്നു ഞാൻ പറഞ്ഞയച്ചതു്. അല്ലാത്തപക്ഷം, അവരുംകൂടെ ഇപ്രകാരം ആർത്തസ്വരംകൊണ്ടു ഉപദ്രവിക്കുമായിരുന്നു. ഒരു മനുഷ്യന്റെ മരണസമയത്തു് ഏററവും പരിപൂർണ്ണമായ ശാന്തത

യാണ് ചുററും ഉണ്ടായിരിക്കേണ്ടത് എന്നു കേട്ടിട്ടില്ലേ? ക്ഷമയോടും സമാധാനത്തോടുംകൂടിയിരിക്കുക."

ഈ വാക്കുകൾ കേട്ടു ലജ്ജിച്ചു ഞങ്ങൾ വ്യസനം ഒരു വിധത്തിലൊക്കെയടക്കി. സാക്രട്ടീസ്സാകട്ടെ, അല്പനേരത്തേക്കു നിശ്ശബ്ദനായി അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പാദങ്ങൾ അവശമാകുന്നുവെന്നു കണ്ടതോടുകൂടി അദ്ദേഹം ഒരു സ്ഥലത്തു ശയിച്ചു. കാരാഗൃഹാധിപൻ കൂടെക്കൂടെ വന്നു നോക്കിക്കൊണ്ടിരുന്നു. അല്പനേരം കഴിഞ്ഞ് അയാൾ അദ്ദേഹത്തിൻെറ പാദങ്ങളും ജംഘകളും അമത്തി എന്തെങ്കിലും സ്പർശം തോന്നുന്നുണ്ടോ എന്നു ചോദിച്ചു. 'ഇല്ല' എന്ന് അദ്ദേഹം മറുപടിപറഞ്ഞു. പാദംതൊട്ടു ക്രമേണ ജംഘകൾ, ഊരുക്കൾ എന്നിവയും അമത്തി അയാൾ മുൻചോദിച്ച ചോദ്യം തുടൎന്നുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ശരീരം മിക്കവാറും മരവിക്കാറായി എന്നും, വിഷശക്തി ഹൃദയത്തെ ബാധിക്കുമ്പോൾ അദ്ദേഹത്തിൻെറ ജീവൻ നില്ക്കുമെന്നും അയാൾ ഞങ്ങളോടു പറഞ്ഞു. സാക്രട്ടീസ്സിൻെറ സന്ധിബന്ധങ്ങൾ നിർജ്ജീവങ്ങളായിത്തുടങ്ങി. തൻെറ ശരീരത്തിൽ മുഖം മൂടിയിരുന്ന വസ്ത്രഭാഗം ഈ അവസരത്തിൽ കഷ്ടിച്ചു മാററി അദ്ദേഹം തൻെറ അവസാനമായ അഭിലാഷം ഇങ്ങനെ പ്രസ്താവിച്ചു.

"ക്രൈറേറാ, എസ്ക്ലിപ്പിസ്സ് ദേവതയ്ക്കു ഞാൻ ഒരു കോഴി നേൎന്നിട്ടുണ്ട്. ആ കടം വീട്ടാൻ അമാന്തിക്കരുതേ."

"ഇല്ല; ആ നേർച്ച ഉടൻ നടത്തിയേക്കാം. അങ്ങേയ്ക്കു മററു വല്ലതും പറവാനുണ്ടോ?"

ക്രൈറേറായുടെ ഈ ചോദ്യത്തിനു മറുപടി ഒന്നുംതന്നെ ഉണ്ടായില്ല. കഷ്ടിച്ചു ഒരു നിമിഷത്തിനകം അദ്ദേ

ഹത്തിൻെറ ശരീരം ആസകലം ഒന്നു സ്തംഭിക്കുന്നതായിക്കണ്ടു. അടുത്തുനിന്ന ഭൃത്യന്മാർ അദ്ദേഹത്തിൻെറ മുഖം മൂടിയിരുന്ന വസ്ത്രം മാററി. കണ്ണുകൾ തുറിച്ചിരുന്നു: ക്രൈറേറാ, വേഗം അദ്ദേഹത്തിൻെറ ദൃഷ്ടികളും വായും മൂടി.

ഇങ്ങിനെയായിരുന്നു, ഞങ്ങളുടെ ഒരു സ്നേഹിതൻെറ— ഞങ്ങൾക്ക് അറിയാവുന്നിടത്തോളം, ഏററവും ബുദ്ധിമാനും ഏററവും സാത്വികചരിതനും ആയിരുന്ന ഒരു സ്നേഹിതൻെറ അവസാനം.”

---

## അദ്ധ്യായം ൨.

### സാക്രട്ടീസ്സിൻെറ ജീവിതം.

സ്വദേശീയരായ പൌരപ്രമാണികളുടെ അതികഠിനമായ അവജ്ഞാവൈരങ്ങൾക്കു പാത്രീഭവിച്ച്, ദൈവദുർവ്വിപാകം എന്ന കാലാനലനിൽ ശലഭത്വം പ്രാപിച്ച ഒരു യവനവൃദ്ധൻെറ ജീവിതം അനന്തരകാലത്തു ഭൂലോകസമ്പൂർണ്ണമായ യശസ്സിന്നു ഏതുവിധമാണു പ്രാപ്യസ്ഥാനമായതു് എന്ന കാര്യം ചിന്തനായോഗ്യമാണല്ലോ. സാക്രട്ടീസ്സിന്, മരിക്കുമ്പോൾ എഴുപതു വയസ്സു പ്രായമുണ്ടായിരുന്നുവെങ്കിലും, താദൃശവയഃപ്രാപ്തിക്കുള്ളിൽ ഒരു സാധാരണമനുഷ്യന്നുപോലും സാദ്ധ്യമാകുമായിരുന്ന ജീവിതവിജയങ്ങൾ യാതൊന്നുംതന്നെ അദ്ദേഹത്തിന്നു കരഗതമായിരുന്നില്ല. അഥവാ, അക്കാലത്തെ യവനലോകത്തിൽ മഹായശസ്വികളായി തീർന്നിട്ടുള്ള മതിമാന്മാരുടെ യാതൊരു ജീവിതഗതിയിലും അദ്ദേഹത്തിന്നു പ്രവേശിപ്പാൻ കൌതുകംപോലും ഉണ്ടായിരുന്നില്ല. എന്തെന്നാൽ, അററിക്ക്ദേ

ശ്രീയമായ വിശിഷ്ടഗദ്യത്തിന്റെ നിൎമ്മാണത്തിൽ പ്രാവീണ്യം സിദ്ധിച്ചോ, ദുഃഖപൎയ്യവസായികളോ വിനോദമാത്രലക്ഷ്യങ്ങളോ ആയ യവനനാടകങ്ങളുടെ രചനയിൽ പ്രാഗത്ഭ്യം പ്രദൎശിപ്പിച്ചോ, ഈ വിധം അദ്ദേഹം ഒരു സാഹിത്യകാരനായി അറിയപ്പെടുന്നില്ല. കുടിലമായ രാജ്യതന്ത്രത്തിന്റെ ദുൎഗ്രഹങ്ങളായ പല മൎമ്മങ്ങളും മനസ്സിലാക്കി ഭൎത്തൃഭരണീയബന്ധം ശക്തിമത്തായി സ്ഥാപിപ്പാൻ പോരുന്ന ധിഷണാപാടവമുള്ള ഒരു രാജ്യതന്ത്രജ്ഞനായി അദ്ദേഹത്തെ ആരും പുകഴ്ത്തുന്നില്ല. യുദ്ധരംഗങ്ങളിൽ എത്തി സേനാവിന്യാസചാതുരിമൂലം ശത്രുപക്ഷപതാകകളെ അവനമിപ്പിച്ച് ജയഭേരീഘോഷത്തോടൊന്നിച്ചു സ്വയശസ്സിനെ വ്യാപരിപ്പിക്കുന്ന ഒരു സേനാനിവീരനായോ, വൈരിബലാബലങ്ങൾ സുവ്യക്തമായി മനസ്സിലാക്കി ശത്രുപരാഭവപരായണനായി ശുദ്ധപ്രതീക്ഷയോടെ വൎത്തിച്ചിട്ടുള്ള ഒരു സമൎത്ഥ യോദ്ധാവായോ അദ്ദേഹത്തെ ആരും കൊണ്ടാടുന്നില്ല. മഹാശക്തിയുക്തമായ ജിഹ്വയുടേയും, ബലവത്തായ കണ്ഠത്തിന്റെയും ഏകോപിച്ചുള്ള മാഹാത്മ്യം പ്രദൎശിപ്പിച്ച്, പൌരസഞ്ചയത്തിന്റെ അഭിപ്രായരൂപീകരണത്തിന്നായി അനവരതശ്രമം ചെയ്തുപോന്ന ഒരു മഹാവാഗ്മിയായും അദ്ദേഹത്തെ ആരും കണക്കാക്കുന്നില്ല. അനന്തരകാലത്ത്, യൂറോപ്പു മഹാഖണ്ഡത്തിനു മുഴുവൻ മാതൃകകളായി പരിണമിച്ച യവനകലാകൌശലഫലങ്ങളിൽ ഏതിനെങ്കിലും സോക്രട്ടീസ്സിന്റെ നാമവുമായി യാതൊരു ബന്ധവും സിദ്ധിച്ചിട്ടില്ല. ഇപ്രകാരം, അന്നത്തെ യവനലോകത്ത് യശഃപ്രതാപം കാട്ടുവാൻ ഉപയുക്തങ്ങളായിരുന്ന യാതൊരു ജീവിതഗതികളിലും പ്രവേശിപ്പാൻ അത്യന്തം വിമുഖനായിരുന്ന ഒരു സാധാരണന്നു മരണശേഷം അനന്യാപലഭ്യമല്ലാത്ത ധവളയശോമണ്ഡലം സ്വാധീനമായതു് എങ്ങിനെയാണെന്ന് അന്വേഷിക്കുന്നതു് അല്പം രസാവഹംതന്നെയായിരിക്കും.

സമസ്തലോകപരിചിതങ്ങളായ യാതൊരു ജീവിതപന്ഥാക്കളിലും ഗന്തുകമെന്നല്ലാതിരുന്ന സാക്രട്ടീസ്സിന് ഒരു മഹാത്പദവി ദാനം ചെയ്യുവാൻ ലോകത്തു നാം സാധാരണയായി കാണാറുള്ള മററു യാതൊരു മഹിമയ്ക്കും സാധിച്ചിരുന്നതുമില്ല. അദ്ദേഹത്തിന്റെ ജനനം ഗ്രീസ്സിൽ എത്രയോ അപകൃഷ്ടമായി ഗണിക്കപ്പെട്ടിരുന്ന ഒരു കുടുംബത്തിലായിരുന്നു. അദ്ദേഹം ദൈനന്ദിനകർമ്മങ്ങളുടെ വേതനം കൊണ്ട് ഉപജീവനം കഴിച്ചുപോന്ന ഒരു സാധാരണനായ ഉപലശില്പിയുടെ പുത്രനായിരുന്നു. മഹാസത്വന്മാരുടേയും അതിഗംഭീരന്മാരുടേയും ലക്ഷണങ്ങളായി ശാസ്ത്രഗ്രന്ഥങ്ങൾ വാഴ്ത്തുന്ന ആജാനുബാഹുത്വമോ ആകൃതിമാഹാത്മ്യമോ, അവയവസുഭഗതയോ അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നില്ല. ആരുടെ കാഴ്ചക്കും അല്പമായ ഒരു മന്ദഹാസം ഇളകിപ്പോകുന്നവിധം, വിസ്താരമായി ഉന്തിനില്ക്കുന്ന നെററിത്തടം, സൂക്ഷ്മനോട്ടം ദ്യോതിപ്പിക്കുന്നവയായ നേത്രങ്ങൾ, സൌന്ദര്യവിഘാതകമായി പരന്ന നാസിക, മാംസളങ്ങളായ ഓഷ്ഠാധരങ്ങൾ എന്നീ മുഖലക്ഷണങ്ങളോടുകൂടിയ ഒരു അസുന്ദരപുരുഷനായിരുന്നു സാക്രട്ടീസ്സ്.

ജന്മനാ സിദ്ധമായ ഈ ലാഘവാവസ്ഥയെ ഉന്നതേച്ഛാഫലങ്ങളായ കൃത്രിമസമ്പത്തുകൾകൊണ്ടു ഗരിഷ്ഠമാക്കുന്നതിനോ, ബഹുജനദൃഷ്ടിയിൽ ആഡംബരപ്രഭാവസമന്വിതം വർത്തിക്കുന്നതിനോ അദ്ദേഹത്തിന് ലവലേശം ആഗ്രഹമുണ്ടായിരുന്നില്ല. ലൌകികമഹിമകൾക്ക് നിദാനമായ ധനം എത്രയോ നിസ്സാരമെന്ന് കരുതിപ്പോന്നിരുന്ന ഒരു വിശിഷ്ടപുരുഷനായിരുന്നു സാക്രട്ടീസ്സ്. അതനുസരിച്ച്, ധനസമ്പാദനമാർഗ്ഗങ്ങൾ അദ്ദേഹത്തെസംബന്ധിച്ചിടത്തോളം, കേവലം ശൂന്യമായിരുന്നു. തനിക്കോ ഭാര്യാപുത്രാദികൾക്കും നിത്യവൃത്തികഴിച്ചുകൂട്ടുവാൻ ആവശ്യമുള്ള ധനത്തിന്റെ വരവുപോലും പ്രതീക്ഷാവിഷയമാക്കാതെയാ

ന്ന് അദ്ദേഹം ജീവിച്ചുപോന്നിരുന്നതു്. ധനസമ്പാദന സംബന്ധമായി കലശലായ അവജ്ഞ പ്രദൎശിപ്പിച്ചിരുന്ന തനുസരിച്ച് അദ്ദേഹത്തിൻെറ ജീവിതരീതികളും എത്രയും ലഘുകളായിരുന്നു. സാക്രട്ടിസ്സ് ആഡംബരങ്ങളിൽ പ്രകൃത്യാതന്നെ വിമുഖനായിരുന്നു. ഈ വൈമുഖ്യം കാഷ്ഠയെ പ്രാപിച്ച്, സാധാരണജനങ്ങളുടെ ദൃഷ്ടിയിൽ അവജ്ഞായോഗ്യമായ ഒരു ലാഘവം അദ്ദേഹത്തിൻെറ ജീവിതരീതികളിൽ കാണ്മാനുണ്ടായിരുന്നു. മേനിയോ മോടിയോ ഇല്ലാതെ അങ്ങിങ്ങ് ശകലിതമായ ഏകവസ്ത്രം ധരിച്ചും, അന്നത്തെ സാധാരണക്കാർപോലും ഒഴിച്ചുകൂടാൻപാടില്ലാത്ത ആവശ്യമായി കരുതിയിരുന്ന പാദരക്ഷോപകരണങ്ങൾ ഉപയോഗിക്കാതേയും എവിടെയും എത്തുന്നതിന് സന്നദ്ധനായിരുന്ന സാക്രട്ടിസ്സ് പൊതുജനാവജ്ഞയ്ക്കു പാത്രമായതിൽ അതിശയിപ്പാനില്ലല്ലോ.

ഇപ്രകാരം വംശമാഹാത്മ്യം, ആഡംബരപദവി, സൌന്ദൎയ്യം, ധനവത്വം എന്നിങ്ങനെ ലൌകികമഹിമാദ്യോതകങ്ങളായ യാതൊരു വൈശിഷ്ട്യങ്ങളും കൂടാതെയും, സാഹിത്യകാരൻ, രാജ്യതന്ത്രജ്ഞൻ, സേനാനായകൻ, വാഗ്മി, ശില്പകലാകുശലൻ എന്നിങ്ങനെയുള്ള യശസ്കരജീവിതയാനങ്ങൾ യാതൊന്നിലും പ്രവേശിക്കാതേയും, എത്രയോ താഴ്ന്നനിലയിൽ ജീവിച്ചുപോന്ന സാക്രട്ടിസ്സ് അദ്ദേഹത്തിൻെറ സ്വദേശീയരിൽവെച്ച് ഏതാനും പ്രധാനസംഗതികൾസംബന്ധിച്ചുമാത്രം എത്രയോ വിചിത്രപുരുഷനായിരുന്നു. ഈ ഒരു പ്രത്യേകത, അഥവാ വൈചിത്ര്യം മാത്രമാണ് അദ്ദേഹത്തിൻെറ അനന്തരകാലജീവിതത്തെ അതിഭാസുരമാക്കിത്തീൎത്തതു എന്നു പറയേണ്ടിയിരിക്കുന്നു.

സാക്രട്ടിസ്സിൻെറ വൈചിത്ര്യം അതിശയനീയമായവിധം നാനാമുഖമായിരുന്നു. അതിൽ എത്രയോ പ്രധാനമായിരുന്നതു് അദ്ദേഹത്തിൻെറ പ്രധാനതൊഴിൽതന്നെ

യായിരുന്നു എന്നു് പറയുന്നതിൽ അതിശയോക്തിയില്ല. ലോകത്തു് ഇന്നേവരെ ആരുംതന്നെ അംഗീകരിച്ചു് ആവിധം യാതൊരു പ്രാമാണ്യവും സിദ്ധിക്കാത്ത ഒരു വിചിത്രമായ തൊഴിലിൽ ഏർപ്പെട്ടാണു് അദ്ദേഹം ജീവിച്ചുപോന്നിരുന്നതു്. ജീവിതത്തിൽ ധനസമ്പാദനപരമായ ഏതെങ്കിലും വൃത്തിയെമാത്രമേ ഒരാളിന്റെ തൊഴിൽ എന്നു പറയപ്പെടാൻ പാടുള്ളുവെങ്കിൽ മുൻപറഞ്ഞ വിചിത്രമായ തൊഴിലിനു് ആ നാമധേയം യോജിക്കുമോ എന്നുതന്നെ സംശയമാണു്. എന്നാൽ ഒരാൾ തന്റെ ജീവിതത്തിലെ ഓരോദിനവും പ്രധാനമായി അവലംബിച്ചുപോന്ന ഏതെങ്കിലും വൃത്തിയെ അഥവാ വ്യാപാരത്തെ തൊഴിൽ എന്നു് വാദിക്കാമെങ്കിൽ അപ്രകാരമുള്ള ഒരു തൊഴിലാണു് സാക്രട്ടീസ്സിനു ഉണ്ടായിരുന്നതു്. അതായതു സംഭാഷണവൃത്തി. ഈ സംഭാഷണവൃത്തി എന്ന ഒരു ജീവിതവ്യാപാരമേ അദ്ദേഹം അവലംബിച്ചുപോന്നിരുന്നുള്ളു. തന്റെ ദൃഷ്ടിപഥത്തിൽ എത്തുന്ന ജനങ്ങളുടെ ഉച്ചനീചത്വങ്ങളോ, ഉത്തമാധമത്വങ്ങളോ യാതൊന്നുംതന്നെ വകവെയ്ക്കാതെ അവരുമായി എന്തെങ്കിലും സംഭാഷണം ചെയ്യുന്നതുതന്നെ അദ്ദേഹത്തിന്റെ ഒരു പ്രധാനകൃത്യമായി അദ്ദേഹം കരുതിപ്പോന്നിരുന്നു.

എന്നാൽ സാധാരണ സംഭാഷണപ്രിയന്മാരെപ്പോലെ അമിതമായി കാര്യഗൌരവനിസ്സാരതകളെ ഗണിക്കാതെ വായാടിക്കൊണ്ടിരിക്കുന്ന ത്യാജ്യമായ സംഭാഷണരീതിയാണു് സാക്രട്ടീസ്സ് അവലംബിച്ചുപോന്നിരുന്നതു് എന്നു് ആരും തെററിദ്ധരിച്ചുപോകരുതു്. തന്നോടു് സംഭാഷണംചെയ്യാൻ മുതിരുന്നവർക്കു് രസകരമായിരിക്കത്തക്കവണ്ണം ഏതെങ്കിലും കാര്യങ്ങളെപ്പററി അത്യുക്തിയും അതിശയോക്തിയുംവെച്ചുപിടിപ്പിച്ചു് ഉദാസീനമായ ശ്രോതൃചിത്തത്തെ ആകർഷിക്കത്തക്ക കഥാപാടവപ്രകാശകങ്ങളായ വാ

ക് പ്രപഞ്ചങ്ങളുമല്ല അദ്ദേഹം പ്രദർശിപ്പിച്ചുപോന്നിരുന്നതു്. അമ്മാതിരി എന്തെങ്കിലും ജിഹ്വാചലനവൈചിത്ര്യങ്ങൾമൂലം ആരെയെങ്കിലും ആകർഷിച്ച് അവരുടെ ക്ഷണഭങ്ഗുരമായ സമ്മാനസമ്മോദങ്ങൾ കാമിക്കുന്ന സ്വഭാവം ഈ ഗുരുവരന്ന് തീരെയില്ലായിരുന്നു. അദ്ദേഹത്തിന്റെ ഏതൊരു സംഭാഷണത്തിനും പ്രത്യേകമായ ലക്ഷ്യം ഉണ്ടായിരുന്നു. താദരമായി സംഭാഷണങ്ങളിൽ ഏർപ്പെട്ടുന്നവർക്ക് ചിന്തിപ്പാൻപോലും പാടില്ലാത്തതും, അഥവാ ചിന്താവിഷയമാകുന്നെങ്കിലും, ലേശവും രസകരമല്ലാത്തതും ആയ ഒരു ഉദ്ദേശ്യം സാക്രട്ടീസ്സിന്റെ സകലസംഭാഷണങ്ങൾക്കും നിയന്ത്രകമായി പരിലസിച്ചിരുന്നു. ഈ ഉദ്ദേശ്യത്തിന്റെ സ്വഭാവം കുറേക്കൂടെ വിശദമാകുന്നപക്ഷം, സംഭാഷണചതുരന്മാരെന്നോ, പണ്ഡിതശിരോമണികളെന്നോ, വാഗ്മിരത്നങ്ങളെന്നോ, കലാകുശലന്മാരെന്നോ, രാജ്യതന്ത്രപാരീണന്മാരെന്നോ ഉള്ള നാട്യത്തിൽ തന്നോട് സംഭാഷണത്തിന് മുതിരുന്നവർക്കും, അപ്രകാരമല്ലാത്ത സാധാരണന്മാർക്കും, പൊതുവേ ഗൌരവമേറിയ വിഷയങ്ങളെപ്പറ്റി വല്ല യഥാർത്ഥജ്ഞാനവും സിദ്ധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് മാത്രമായിരുന്നു. അതനുസരിച്ച് വിദ്യാഭ്യാസം, മതം, രാജ്യഭരണം, സാഹിത്യം, രാജ്യതന്ത്രം, സൈനികതന്ത്രം, വാഗ്മിത, ജീവിതരീതി എന്നിത്യാദി പ്രൌഢങ്ങളോ തദിതരങ്ങളോ ആയ പ്രമേയങ്ങളെപ്പറ്റി സംഭാഷണംനടത്തി വിജയപതാക പാറിക്കാൻ ഉത്സാഹിക്കുന്നവർക്ക് അതാതുവിഷയങ്ങളെസംബന്ധിച്ച മൌലികങ്ങളായ പ്രാഥമികതത്വങ്ങൾമാത്രമെങ്കിലും നിശ്ചയമുണ്ടോ എന്ന് പരിശോധിപ്പാൻ സാക്രട്ടീസ്സ് സമുത്സുകനായിത്തീർന്നു.

സമാനകാലീനന്മാരായ അനേകമനേകം വിദ്വദ്രത്നങ്ങൾ ഉള്ള ഒരു നാട്ടിൽ സാക്രട്ടീസ്സിനുമാത്രം ഇപ്രകാരം ഒരു ഔത്സുക്യം തോന്നാൻ കാരണമെന്ത് എന്നുള്ള കാര്യം

ലോകാതീതമായ പരാശക്തിവൈഭവത്തിന്റെ വൈചിത്ര്യത്തെ ആശ്രയിച്ചിരിക്കുന്നുവെന്നുമാത്രമേ പറവാനുള്ളു. ബുദ്ധിഹീനതയെന്ന് വ്യാഖ്യാനിക്കപ്പെടാവുന്ന പാണ്ഡിത്യനാട്യവും, സമസ്തജ്ഞാനസമ്പന്നഭാവവും അനുക്ഷണം പ്രകടിപ്പിച്ച് സ്വയംസർവ്വജ്ഞതവീരാധിരോഹണംകഴിച്ചുനടന്ന സമാനകാലീനന്മാരുടെ ദയനീയമായ അജ്ഞതയാൽ സന്തപ്തഹൃദയനായ സാക്രട്ടീസ്സ് സ്വസഹോദരങ്ങളുടെ താദൃശമായ അജ്ഞതാരോഗത്തിന് ഒരു ശമനോപായം കണ്ടുപിടിച്ചത് അവരുമായി ഗൌരവമേറിയ പ്രമേയങ്ങളെപ്പററി സംഭാഷണം നടത്തുക എന്നതുതന്നേയായിരുന്നു. കാരണം അദ്ദേഹത്തിന് അക്കാലത്ത്, മനുഷ്യബുദ്ധിക്ക് ഗോചരങ്ങളാകാവുന്ന സകല ജ്ഞാനവാരാശികളിലും യഥേഷ്ടം വിഹരിച്ച് അധോഭാഗംവരെ മജ്ജനംചെയ്തു അടിത്തട്ടിൽ ഒളിഞ്ഞുകിടക്കുന്ന പാരമാർത്ഥികതത്വരത്നങ്ങളെ കണ്ടുപിടിപ്പാൻ ഒരു പ്രത്യേകവാസന ഉദിച്ചതുതന്നേയായിരിക്കണം. ന്യായം, അന്യായം; സത്യം, അസത്യം; സുന്ദരം, അസുന്ദരം; ധീരത, മതിമത്വം, ചാരിത്രം, മഹത്വം എന്നീ പ്രമാണവിഷയങ്ങളെപ്പററി പൊതുജനങ്ങൾക്കുള്ള ബോധത്തിന്റെ അന്തസ്സാരവിഹീനത മനസ്സിലാക്കിയ അദ്ദേഹത്തിന് ആശാവിരുദ്ധമായി അടങ്ങിപ്പാർക്കുന്നകാര്യം ദുശ്ശകമെന്നുതന്നെ വന്നുകൂടി. ആയതിനാൽ, ഏതാദൃശമായജ്ഞാനലവദുർവിദഗ്ദ്ധത്വത്തോടുകൂടി പണ്ഡിതമാന്യന്മാരായി ചമഞ്ഞുനടക്കുന്ന കൂട്ടരെ കണ്ടുപിടിച്ച് അവരോട് അതിലഘുക്കളായ ചില പ്രശ്നങ്ങൾ ചോദിച്ച് അവരുടെ ജ്ഞാനാഗാധത മാപനം ചെയ്യുന്നതു് അദ്ദേഹത്തിന് അത്യന്തം രസകരമായിത്തോന്നി.

ഇപ്രകാരം സംഭാഷണമാത്രനിരതനായ സാക്രട്ടീസ്സിന്റെ സംവാദസ്വഭാവവും വളരെ വിചിത്രമായിത്തന്നെയിരുന്നു. കാര്യകാരണഭാവത്തിനു വിരുദ്ധങ്ങളായ വല്ല യു

കൃത്യാഭാസങ്ങളുംകൊണ്ടോ, വികാരാവേശത്താൽ സ്വരം ഭേദിച്ച്, കോപാവിഷ്ടമാനസനായി പ്രതിയോഗിയെ നിന്ദനം ചെയ്തു് കണ്ഠക്ഷോഭപ്രകാരങ്ങൾ കാട്ടിയോ, ശ്രോതൃചിത്തത്തെ സമാകർഷിക്കത്തക്ക സാഹിത്യപ്രൌഢി വചോജാലത്തിൽ പ്രകാശിപ്പിച്ചോ അല്ല അദ്ദേഹം സംഭാഷണം നടത്തിപ്പോന്നതു്. കേവലം ശാന്തമായരീതിയിൽ ഏററവും ലഘുവെന്ന് തോന്നുന്നതായ ഒററ പ്രശ്നങ്ങൾകൊണ്ടാണ് അദ്ദേഹത്തിൻെറ സംഭാഷണം ആദ്യവസാനം ചേതോഹരമായിരുന്നിട്ടുള്ളതു്. ഇപ്രകാരം പുറമേ മാർദ്ദവം സൂക്ഷ്മമാകുന്ന പ്രശ്നകന്ദുകങ്ങളുമായി ക്രീഡിക്കുന്ന സാക്രട്ടീസ്സിൻെറ വാക്പ്രപഞ്ചലീലയിൽ അനായാസേന വിജയം പ്രാപിക്കാമെന്നുള്ള അഹംമതി ഏതു് അജ്ഞനുപോലും തോന്നിപ്പോകുന്നതാണ്. എന്നാൽ, ഈ വാക്പ്രപഞ്ചലീലയിൽ പ്രതിപക്ഷത്തു് ചേരുന്നവർ അനുഭവിക്കാറാകുന്ന വിജയവൈഷമ്യം വാക്കുകളാൽ കേവലം അപരിച്ഛേദ്യമായിരിക്കുമെന്നേ പറവാനുള്ളു.

വാദപ്രതിവാദരൂപമായ സംഭാഷണപ്രപഞ്ചത്തിൽ പ്രതിയോഗിയെ അനായാസേന മൂകനാക്കാനുള്ള ഒററമാർഗ്ഗം പ്രശ്നശതങ്ങൾ നിർമ്മിക്കുകയാണെന്ന തത്വം സാക്രട്ടീസ്സ് മനസ്സിലാക്കിയിരുന്നു. ഒരു സംഭാഷണവ്യാപൃതൻ എന്ന നിലയിൽ അദ്ദേഹത്തിന് അതിനിശിതമായ ബുദ്ധിശക്തിയും, പ്രതിയോഗിസ്തംഭകമായ പ്രതിഭാവിലാസവും ജന്മനാസിദ്ധമായിരുന്നു. വാദമുഖങ്ങൾ നിർമ്മിക്കുന്നതിൽ അദ്ദേഹത്തോളം സാമർത്ഥ്യമുള്ളവനായി ഭൂലോകത്തു ഇന്നോവരെ ഒരു മഹാൻ ജാതനായിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. തർക്കശാസ്ത്രപ്രസിദ്ധങ്ങളായ പക്ഷ, സാദ്ധ്യ, ഹേതുക്കളിലോ അന്വയ, വ്യതിരേകാദ്യുപാധികളിലോ എത്രമാത്രം നിഷ്ണാതനായ പ്രതിയോഗിയുടെ ഏതു വാദഘടവും തട്ടിത്തകർത്തു് ശിഥിലിതമാക്കുന്നതിന് അദ്ദേ

ഹത്തിൻെറ അതിലഘുക്കളും അജ്ഞമാത്രസാധാരണങ്ങ
ളുമായ സംശയരൂപപ്രശ്നങ്ങൾക്ക് നിഷ്പ്രയാസം സാ
ധിച്ചുപോന്നു. ആയതിനാൽ കേവലം, ആതൻസ് ന
ഗരിയിലുള്ള പണ്ഡിതപ്രവീണന്മാർ മാത്രമല്ല ഇതരദേ
ശങ്ങളിൽ മഹാചാൎയ്യന്മാരെന്നും ഗാഢേതരപാണ്ഡിത്യവാ
ന്മാരെന്നും പ്രഖ്യാതന്മാരായ അനേകം വിദ്വദ്രത്നങ്ങൾ
പോലും സാക്രട്ടീസ്സുമായുള്ള സംഭാഷണത്താൽ പരാജിത
രായി ലജ്ജാനമ്രമുഖരായിപ്പോകുവാൻ ഇടവന്നിട്ടുണ്ട്.
ഇപ്രകാരം, അനേകമനേകം വിദ്വജ്ജനങ്ങളെ സംഭാഷ
ണദ്വാരാ പരാജിതരാക്കത്തക്ക അനന്യസാമാന്യമായ വൈ
ദഗ്ദ്ധ്യം അദ്ദേഹത്തിന് അന്യന്മാർ ഏകോപിച്ച് നൾകി
യിരുന്നുവെങ്കിലും താൻ കേവലം ഒരു അജ്ഞനാണെന്നും,
മററുള്ളവരിൽനിന്നു വല്ലതും മനസ്സിലാക്കിയാൽ കൊള്ളാ
മെന്നേ തനിക്ക് ആഗ്രഹമുള്ളുവെന്നും അദ്ദേഹം സ്തു
തി നിന്ദയായി എല്ലാ സംഭാഷണങ്ങൾക്കും മുഖവുരന
ൾകിപ്പോന്നിരുന്ന മററൊരു വൈചിത്ര്യവും ശ്രദ്ധേയ
മാണ്.

വാദപ്രതിവാദസമരത്തിൽ സൎവ്വദാ ജയശീലനായി
രുന്ന സാക്രട്ടീസ്സ് തന്നെ ഈവിധം ഒരു അജ്ഞനാക്കിപ്പ
റവാനുള്ള കാരണം, സൎവ്വജ്ഞസാധാരണമായ ഉപചാര
പ്രദർശനാസക്തിയല്ലായിരുന്നുവെന്ന് ഒരു ചെറിയ സം
ഭവം തെളിയിക്കും. താൎക്കികസാധാരണമായ ധിഷണാ
പാടവത്തോടെ അദ്ദേഹം അനേകം പണ്ഡിതന്മാരെ കൊ
ടികുത്തിച്ചതോടുകൂടി അദ്ദേഹത്തെപ്പോലെ ഒരു ബുദ്ധി
മാൻ ഭൂലോകത്തില്ല എന്ന ഒരു അത്യുക്തിപ്രവാദം ജന
സമൂഹത്തിൽനിന്നു പുറപ്പെട്ടു. അദ്ദേഹത്തിൻെറ പരമ
നിശിതമായ ബുദ്ധിശക്തിയിൽ അത്യത്ഭുതവാനായ കേ
റഫൺ എന്ന ദേശാഭിമാനിക്ക്, തൻെറ സ്നേഹിതൻെറ
ലോകോത്തരത്വം ഈശ്വരാനുമതമായി വ്യാപ്തമാകണമെ
ന്നുള്ള ഒരു മോഹം ജനിച്ചു. അക്കാലത്ത് ഗ്രീസ്സിലെ ഉ

ത്തരപ്രദേശത്ത് സുപ്രസിദ്ധമായ 'ഡെൽഫി'യിലെ 'ഓറക്കിൾ' എന്ന ഈശ്വരപ്രതിനിധിയിൽനിന്ന ഇക്കാൎയ്യം സംബന്ധിച്ച് ഒരു തുമ്പുണ്ടാക്കുവാനായി കേറഫൺ ഡെൽഫിയിലേക്കു തിരിച്ചു. അപ്പോഴല്ലോ ദേവൻെറ പ്രതിനിധി അഥവാ ഓറക്കിൾ എന്ന വെളിച്ചപ്പാട് 'തുള്ളിപ്പറയുന്ന' ഏതൊരു സംശയനിവാരണത്തിന്നും, ഒരു മേൽക്കോടതിയില്ലായിരുന്നുവെന്നത് അന്നത്തെ ഗ്രീക്കുകാരുടെ വിശ്വാസമായിരുന്നു. ഓറക്കിളിൻെറ വായ്മൊഴികൾക്കു ബുദ്ധിവിലാസംപോലെ വ്യാഖ്യാനം നൽകി സമാധാനചിത്തരാകുന്നതും അന്നത്തെ ഗ്രീക്കുകാരുടെ ഒരു പ്രത്യേകസ്വഭാവമായിരുന്നു. ഏതായാലും, കേറഫൺ ഓറക്കിളിനോട് ചോദിച്ചതായ ഒരു സംശയം, അക്കാലത്തു ഗ്രീസ്സിൽ സോക്രട്ടീസ്സിനേക്കാൾ ബുദ്ധിമാനായ ഒരാൾ എങ്ങാനും ജാതനായിട്ടുണ്ടോ എന്ന മാത്രമായിരുന്നു. സോക്രട്ടീസ്സിനേക്കാൾ ബുദ്ധിമാന്മാരായി ലോകത്തു ആരുംതന്നെ ഉണ്ടായിരിക്കയില്ലെന്നുള്ള ഒരു മറുപടിയത്രേ പരദേവതാപ്രതിനിധിയായ ഓറക്കിൾ പ്രസ്തുതപ്രശ്നത്തിന്നു നൽകിയത്. കേറഫൺ എന്ന സ്നേഹിതന് ലഭിച്ച ഈ അത്യതിശയകരമായ മറുപടിയെപ്പററി കേൾപ്പാനിടയായ സോക്രട്ടീസ്സ് അല്പം ലജ്ജിച്ചുപോയി. തന്നേക്കാൾ പ്രതിഭാശാലികളോ, ജ്ഞാനവാന്മാരോ, പ്രത്യുൽപന്നമതികളോ ആയ എത്രയോ മഹാന്മാർ ഗ്രീസ്സിൽ ഉണ്ടായിരിക്കെ ഓറക്കിൾ ഈവിധം ഖണ്ഡിച്ചു പറഞ്ഞതു പരമാൎത്ഥമായിരിക്കാൻ ഇടയില്ല എന്നുള്ള ബോധത്താൽ ഈ ദേവതാവചനം അയഥാൎത്ഥമാക്കണമെന്നുള്ള ഒരു മത്സരബുദ്ധി സോക്രട്ടീസ്സിന് ഉദിച്ചു. അതനുസരിച്ച്, ഏതു പണ്ഡിതനോടാകട്ടെ, അപണ്ഡിതനോടാകട്ടെ കേവലം ബുദ്ധിശൂന്യനോടാകട്ടെയുള്ള സംഭാഷണങ്ങളിൽപോലും താൻ ഒരു അജ്ഞനാണെന്നും അന്യന്മാരിൽനിന്ന വല്ലതും മനസ്സിലാക്കിയാൽ കൊള്ളാമെന്നേ ആഗ്രഹിക്കുന്നുള്ളുവെന്നും ആവ

ത്തിതമായി പ്രയോഗിക്കുന്നതു് സാക്രട്ടിസ്സിനു് പതിവായിത്തീൎന്നു-

സ്വയം അജ്ഞനെന്നു ഭാവിച്ചുപോന്ന സാക്രട്ടിസ്സിൻെറ സംഭാഷണരംഗം പണ്ഡിതസദസ്സോ വിദ്വത്സമിതിയോ ആയിരിപ്പാൻ മാൎഗ്ഗമില്ലല്ലോ. ആയതിനാൽ ഈ രംഗത്തിൻെറ സ്വഭാവവും യഥാപൂൎവ്വം വിചിത്രമായിത്തന്നെയിരുന്നു. രഥ്യകളിൽ ഏതെങ്കിലും കാൎയ്യം പ്രമാണിച്ചു കൂടുന്ന പൊതുജനങ്ങളെ സദസ്യരാക്കി കല്പിക്കുന്ന സദസ്സുകൾ അഥവാ സംഭാഷണരംഗങ്ങൾ ഏവയാണെന്നു് പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലോ. പ്രഭാതമായാൽ അസ്തമിക്കുന്നതുവരെയും, അദ്ദേഹത്തിനെ ആതൻസ് മഹാനഗരിയിൽ ജനബാഹുല്യമുള്ള ഏതൊരു സ്ഥലത്തുവെച്ചും കാണ്മാൻ യാതൊരുവിഷമവുമില്ല. ആപണവീഥികൾ, കായികവിനോദസ്ഥലങ്ങൾ, മുതലായി ജനസ്സഞ്ചയം ദൃഷ്ടമാകാവുന്ന സ്ഥലങ്ങളിൽവെച്ചു് അതിസാധാരണമായ വസ്ത്രധാരണത്തോടുകൂടി സൌന്ദൎയ്യഹീനമായ മുഖഭാവവൈചിത്ര്യം യോജിച്ച ഒരു സംഭാഷണപ്രിയനെ ഗ്രീസ്സിൽ കാണ്മാൻ സാധിക്കുമെങ്കിൽ ആയതു് മഹാനായ സാക്രിട്ടസ്സാണെന്നു ദ്രഷ്ടാക്കൾക്കു അനുമിക്കാം. അദ്ദേഹം ആ മഹാനഗരീവീഥികളിൽ അത്ര സാധാരണനായിരുന്നു. അദ്ദേഹത്തിൻെറ സംഭാഷണരംഗവും ഉപദേശദാനശാലയും പൊതുജനങ്ങൾ സന്ധിക്കുന്ന രഥ്യകൾ ആയിരുന്നുവെന്നതു്, അത്രത്തോളം മഹാനായ ഒരാളെപ്പററിയാകുമ്പോൾ കേവലം വിചിത്രംതന്നെയല്ലേ?

എന്നാൽ, മനുഷ്യസാധാരണമല്ലാതെ ഏതാനും വൈചിത്ര്യം മാത്രം സ്വായത്തമാക്കി വെച്ചിട്ടുണ്ടു് എന്ന സംഗതിനിമിത്തം യാതൊരുത്തരും മഹത്വപദവിയെ അധിരോഹണം ചെയ്യുമാറില്ലല്ലോ. സാക്രട്ടിസ്സിൻെറ കഥ

യും ഇക്കാൎയ്യത്തിൽനിന്നു ലേശം ഭിന്നിച്ചതല്ലായിരുന്നു. അദ്ദേഹത്തിന്റെ മററു സകല വൈചിത്ര്യങ്ങളേയും അസ്തശക്തികളാക്കിത്തീക്കുന്നതിനു സമൎത്ഥങ്ങളായ മഹാഗുണങ്ങൾ അഥവാ മഹത്തോപാധികൾ ആ ആചാൎയ്യവൎയ്യനു ജന്മസിദ്ധമായിരുന്നു. ഇവയിൽ സൎവ്വഥാ പ്രാഥമ്യം അൎഹിച്ചതു് അദ്ദേഹത്തിന്റെ കുശാഗ്രബുദ്ധിയും അഹിംസാവ്രതവുമത്രേ. സാധാരണ പണ്ഡിതന്മാരെപ്പോലെ ഏതെങ്കിലും പ്രമേയത്തെപ്പററി ഉപരിപ്ലവമായ ഒരു ജ്ഞാനം സമ്പാദിച്ചു സംതൃപ്തനാകുന്ന സ്വഭാവം സാക്രട്ടിസ്സിനു നിശ്ശേഷം ഇല്ലാതിരുന്നു. എത്ര ഗൌരവമേറിയവയാകട്ടെ, നിസ്സാരങ്ങളാകട്ടെ, ഏതൊരു പ്രമേയത്തിലും ശരിവരെ തറച്ചു കയറുന്നതായ നിശിതമതിയാൽ അദ്ദേഹം ലോകത്തെ പാടേ വിസ്മയിച്ചു. ഇക്കാരണത്താൽ അദ്ദേഹത്തെ സംഭാഷണത്തിലാകട്ടെ, വാദപ്രതിവാദത്തിലാകട്ടെ, പരാജിതനാക്കാൻ സാധിക്കാതെ അനേകമനേകം മഹാപണ്ഡിതന്മാർ ക്ലേശിച്ചിട്ടുണ്ടു്.

'അഹിംസ' എന്ന പരമമായ ധൎമ്മത്തെ ഇത്രമാത്രം അക്ഷരംപ്രതി അനുഷ്ഠിച്ചു ജീവിച്ചുപോന്ന ഒരു സാത്വികചരിതൻ അക്കാലത്തു ഗ്രീസ്സിൽ ഉണ്ടായിരുന്നില്ല. വാങ്മനഃകായങ്ങൾമൂലം മനുഷ്യനാകട്ടെ, എത്ര ക്ഷുദ്രജീവികൾക്കാകട്ടെ, യാതൊരു ഹിംസയും ചെയ്യാതെ ജീവിക്കുക എന്ന അതിശ്രേഷ്ഠതത്വമാണു് അദ്ദേഹം ആധാരമാക്കിയിരുന്നതു്. അദ്ദേഹത്തിന്റെ ജീവിതകാലം ഒട്ടുക്കു സൂക്ഷ്മമായി പരിശോധിക്കുന്നതായാൽപോലും അദ്ദേഹത്തിന്റെ സ്വഭാവസംശുദ്ധിക്കു് എന്തെങ്കിലും കളങ്കം പററുന്നതായ അതിനിസ്സാരസംഭവം പോലും ആൎക്കുമേ കണ്ടുപിടിപ്പാൻ സാധിക്കുന്നതല്ല. സ്വഭാവസംശുദ്ധിയെ ജീവിതവിജയവൈജയന്തിയായി യൂറോപ്പുഖണ്ഡത്തിൽ പ്രതിഷ്ഠിച്ച മഹാചാൎയ്യൻ സാക്രട്ടിസ്സ് മാത്രമായിരുന്നുവെന്നുപോലും

നമുക്കു നിസ്സംശയം പറയാം. തത്വശാസ്ത്രപ്രതിഷ്ഠാപകങ്ങളായ സദാചാരസിദ്ധാന്തങ്ങൾക്ക് അണുമാത്രവ്യതിചലനം പോലും തട്ടാതെ സ്വജീവിതവൈശിഷ്ട്യത്താൽ അവയെ മഹനീയങ്ങളാക്കി ലോകത്തിനു പ്രദാനം ചെയ്ത ഈ മഹാചാര്യൻെറ ഉത്തമദൃഷ്ടാന്തം ആചന്ദ്രതാരം ലോകത്തു നിലനില്ക്കുമെന്നുള്ളതിൽ ആർക്കാണു സംശയം ജനിക്കുക

എന്നാൽ, സമരപരാജയങ്ങളാലും, സാമ്രാജ്യനഷ്ടത്താലും അതിവിക്ലവമായ ആഥൻസ് നഗരിക്ക് ഈ മഹാചാര്യൻെറ മഹനീയത മനസ്സിലാക്കുവാൻ തക്ക മഹാഭാഗ്യം സിദ്ധിക്കാതെ പോയി. ധനകീർത്ത്യാദി ലൌകികമഹിമകൾക്കായി ദിവാനിശം പാടുപെട്ടു ജീവിതപരാജയങ്ങളാൽ നിരുദ്ധവീര്യരാക്കപ്പെട്ട പൌരപ്രമാണികൾ തങ്ങൾക്ക് ആചാര്യവര്യനായി പരിലസിക്കുമായിരുന്ന ഈ പ്രശാന്തഗംഭീരനായ തത്വജ്ഞാഗ്രണിയുടെ ജീവിതമാഹാത്മ്യം ഊഹാമാത്രഗോചരമെങ്കിലുമാകുമെന്നു കരുതാതെ ഓരോരുത്തരായി അദ്ദേഹത്തിന്നു പ്രതികൂലതയിൽ വർത്തിപ്പാൻ തുടങ്ങി. സാക്രട്ടീസ്സിനോളം ബുദ്ധിശക്തിയും സ്വഭാവനൈർമ്മല്യവും സിദ്ധിക്കാതിരുന്നിട്ടുള്ള അനേകം പണ്ഡിതന്മാർ അദ്ദേഹവുമായി ഗൌരവമേറിയ ഓരോ പ്രമേയങ്ങളെപ്പററി വാദിച്ച് അസ്തംഗതശക്തികളായി പിന്മാറി. ഏതൊരു കാര്യത്തെപ്പററിയും സ്വതന്ത്രമായി സ്വമതസ്ഥാപനവും പരമതഖണ്ഡനവും സാധിച്ചതോടുകൂടി അദ്ദേഹം സ്വദേശീയരായ മററു വിദ്വാന്മാരുടെ അസൂയക്കു പാത്രമായി. ഐഹികമോ ആമുഷ്മികമോ ആയ യാതൊരു പ്രയോജനവും കൂടാതെ കേവലം അർത്ഥശൂന്യമായി 'മതം' എന്ന ഉപാധിയെ ആശ്രയിച്ചു പ്രചരിച്ചുവന്ന അയഥാർത്ഥാഭിപ്രായങ്ങൾ, രാജ്യകാര്യസംബന്ധമായി പ്രതിഷ്ഠിതങ്ങളായ അപൂർവ്വസിദ്ധാന്തങ്ങൾ, സാന്മാർഗ്ഗികബോധത്തെ നിശ്ശേഷം നശിപ്പിക്കുന്ന മാതിരിയുള്ള പ്രഭുക്ക[illegible]ളാചാരങ്ങൾ മാനുഷ്യകമായ സ്നേഹാദരാദി വിശിഷ്ട[illegible]ധികാരങ്ങ

ളെ പാടേഭഞ്ജിക്കുന്ന സാമുദായികബോധങ്ങൾ എന്നിവ ഒരോന്നും സാക്രട്ടിസ്സിൻെറ സംഭാഷണവിഷയങ്ങളായി അദ്ദേഹത്തിൻെറ ശക്തിയേറിയ യുക്തിവാദങ്ങളെന്ന അനലജ്വാലകൾക്കു പുല്ക്കൊടിപ്രായങ്ങളായിത്തീൎന്നുതുടങ്ങി. പ്രത്യക്ഷാനുമാനങ്ങൾക്കു വിരുദ്ധങ്ങളോ യുക്തിവാദങ്ങൾക്ക് അനധീനങ്ങളോ ആയ യാതൊരു തത്വങ്ങൾക്കും ഈ ആചാൎയ്യൻെറ സാന്നിദ്ധ്യംമൂലം ആതൻസിൽ പ്രചരിപ്പാൻ ശക്തിയില്ലെന്നായി. ഔന്നത്യപാരമ്യത്തിനു സാധകമായി പാണ്ഡിത്യത്തെ കരുതി, അജ്ഞന്മാരായ സോദരന്മാരെ വിസ്മയിപ്പിച്ചുകൊണ്ടിരുന്ന പണ്ഡിതംമന്യന്മാരുടെ നില സകലവിധത്തിലും അപജയോന്മുഖമാണെന്ന് അവൎക്കുതന്നെ ബോദ്ധ്യപ്പെട്ടു. കിംബഹുനാ, ആതൻസിൽ പൌരപ്രമാണികളെന്നും, പൊതുജനനേതാക്കളെന്നും പണ്ഡിതാഗ്രേസരരെന്നും, രാജ്യതന്ത്രജ്ഞശിരോരത്നങ്ങളെന്നും, മതസിദ്ധാന്താചാൎയ്യരെന്നും ഭാവിച്ചു നടന്നുകൊണ്ടിരുന്ന ഒരു കൂട്ടം ജ്ഞാനലവദുൎവ്വിദഗ്ദ്ധന്മാൎക്കു സാക്രട്ടിസ്സ് ഒരു പരമവൈരിയായിത്തന്നെ തീൎന്നു. അദ്ദേഹത്തെ യുക്തിവാദങ്ങളാൽ ഇപ്പുറത്തെ കൂട്ടരിൽ ആൎക്കും തന്നെ തോല്പിക്കാനോ, അതിനുശേഷം സ്വാഭിപ്രായങ്ങൾ ദൃഢതരങ്ങളായി പ്രതിഷ്ഠിപ്പാനോ സാദ്ധ്യമല്ലെന്നു വ കൂടി. ഇപ്രകാരം അദ്ദേഹത്തിൻെറ വൈരികളും പ്രതി[illegible]രതന്മാരുമായ ഈ നായകംമന്യന്മാർ പൊതുജനങ്ങളെ തെററിദ്ധരിപ്പിച്ചു സാക്രട്ടിസ്സിന് എതിരായി ശക്തിമത്തായ ഒരു പ്രതികൂലാന്തരീക്ഷം മുറക്കു സൃഷ്ടിപ്പാനും തുടങ്ങി.

അന്യാപഹാസോദ്ദേശ്യകങ്ങളായ വിനോദ നാടകങ്ങൾ അക്കാലത്ത് ആതൻസ് നഗരിയിൽ ധാരാളം പ്രചാരമുണ്ടായിരുന്നു. യശഃപ്രാൎത്ഥികളായ നാടകകൎത്താക്കൾ പൊതുജനസമ്മാന്യരായിത്തീരുന്നതിനു രന്ധ്രപ്രതീക്ഷ ചെയ്തു വസിക്കുന്ന ഒരു കാലത്തായിരുന്നു സാക്രട്ടിസ്സിൻെറ പേരിൽ, മുൻപറഞ്ഞവിധം ഒരു പൊതുജനവൈരം വേരൂ

ന്നിവന്നത്. ഈ പൊതുജനവൈരം ആധാരമാക്കിയും സാക്രട്ടീസ്സിന്റെ വിരൂപത, വിധി, സ്വഭാവം എന്നിവകളെ സരസമായി അപഹസിക്കാമെന്നുള്ള പ്രധാനോദ്ദേശ്യത്തോടുകൂടിയും അരിസ്റ്റോഫനിസ്സ് എന്ന നാടകകവി ബി. സി. ൪൨൪-ൽ അതായതു സാക്രട്ടീസ്സിന്റെ ൪൬-ാമത്തെ വയസ്സിൽ 'കാർമ്മേഘപടലം' എന്ന നവീനനാമധേയത്തോടുകൂടിയ ഒരു വിനോദനാടകം രചിച്ചു സമർത്ഥന്മാരായ നടന്മാരെക്കൊണ്ടു ആതൻസിലെങ്ങും അഭിനയിപ്പിച്ചു തുടങ്ങി. ഈ നാടകമനുസരിച്ചു സാക്രട്ടീസ്സ് എന്നു പേരുള്ള ഒരു വിചിത്രാചാര്യൻ 'ചിന്തനാമന്ദിരം' എന്നൊരു വിദ്യാലയം ഏർപ്പെടുത്തി തന്റെ ശിഷ്യഗണങ്ങളുടെ ബുദ്ധികൾ മൂർച്ച കൂടത്തക്ക പല അഭ്യാസവിശേഷങ്ങളേയും പററി അവർക്കു ഉപദേശം നൽകുന്നു. യഥായോഗ്യം, ഏതൊരു വാദപ്രതിവാദത്തിലും പ്രതിയോഗിയെ പരാജിതനാക്കിവിടാൻ പററുന്ന സാമാന്യ യുക്തികൾ ഓരോന്നായി ശിഷ്യഗണങ്ങൾക്കു ഉപദേശിച്ചു പ്രതിഫലരൂപമായി ഗണ്യമായ തുകകൾ ആവശ്യപ്പെട്ടു ആ ശിഷ്യന്മാരെ കൂടുതൽ ബുദ്ധിമാന്മാരാക്കുന്നതിനു കൂടുതൽ ധനം ലഭിക്കേണമെന്നു നിലവിളിക്കുന്നു. ശിഷ്യഗണങ്ങളുടെ കൂട്ടത്തിൽ ആതൻസ് നിവാസിയായ ഒരു വൃദ്ധൻ, തന്റെ പുത്രന്റെ അമിതവ്യയശീലംമൂലം ഋണബാധാക്രാന്തനായി ഉത്തമർണ്ണന്മാരെ മടക്കി അയയ്ക്കാൻ ഏതൊരു യുക്തി പ്രയോഗിച്ചാലാണു സാധിക്കുന്നതെന്നു അറിവാൻ സാക്രട്ടീസ്സിനു പ്രത്യേകം പ്രതിഫലം നിശ്ചയിച്ചു 'ചിന്തനാമന്ദിര'ത്തിലെ ഒരു അംഗമായി കൂടുന്നു. വൃദ്ധനായ ഈ ശിഷ്യൻ ബുദ്ധിശക്തിയിൽ എത്രയോ താഴ്ന്നപടിയിൽ നില്ക്കുന്നയുള്ളവെന്നുകണ്ടു ഗ്രഹണധാരണാപടുവെന്നു നടിക്കുന്ന പുത്രൻ അവിടെ എത്തി പിതാവിന്റെ സ്ഥാനം കൈയേൽക്കുന്നു, സാക്രട്ടീസ്സിന്റെ പലേപല ഉപദേശങ്ങളും ഗ്രഹിച്ച പുത്രൻ ഗുരുനികടം വിട്ടു ആദ്യമായി ചെയ്യുന്ന ഒരു സൽക്കർമ്മം, അവന്റെ പി

താവിനെ പ്രഹരിക്കുന്നതും, ആ നീചകൃത്യത്തെ സാക്രട്ടീസ്സിന്റെ യുക്തികൾ പ്രയോഗിച്ചു, സാധൂകരിക്കുന്നതുമാണ്. ന്യായബോധം, അന്യായം എന്നു രണ്ടു ദേവതകൾ രംഗത്തിൽ അവതരിക്കപ്പെട്ട് തമ്മിൽ അതികലശലായ സമരം ചെയ്യുന്നമദ്ധ്യേ, അന്യായം ന്യായബോധത്തെ തോല്പിക്കുന്നു. അവസാനമായി, സാക്രിട്ടീസ്സിന്റെ ശിഷ്യത്വാങ്ഗീകരണത്തിന് ഒരുങ്ങിയ തന്റെ ബുദ്ധിമോശത്തെപ്പറ്റി പശ്ചാത്തപിക്കുന്ന മുൻപറഞ്ഞ വൃദ്ധൻ, പുത്രന്റെ അസഹ്യമായ നടപടിനിമിത്തം നിരാശനായി, അവന്ന് ഉപദേശം നൽകിയ ഗുരുവിന്റെ അദ്ധ്യാപനശാലയായ 'ചിന്തനാമന്ദിരത്തിന്' തീകൊടുക്കുന്നു. നാടകത്തിലെ അവസാനാങ്കവും കഴിയുന്നു.

സാക്രട്ടീസ്സിന്ന് എതിരായുള്ള പൊതുജനവൈരത്തെ അഥവാ പൊതുജനനായകവൈരത്തെ സരസമായി പ്രതിഫലിപ്പിച്ച കാൎമ്മേഘപടലം നാടകത്തിന്റെ ലക്ഷ്യം ആ മഹാചാൎയ്യനെ പരിഹാസ്യനാക്കിത്തീൎക്കണമെന്നു മത്രമായിരുന്നു. അരിസ്റ്റോഫനിസ്സ് തുടങ്ങിയതായ ഈ ഉദ്യമം ആതൻസിൽ ഇരുപത്തിനാലു കൊല്ലത്തെയ്ക്കു നിലനിന്നു. നാടകരചന കഴിഞ്ഞു് ഇരുപത്തിനാലാമത്തെ കൊല്ലം, അതായതു സാക്രട്ടീസ്സിന്റെ എഴുപതാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന പൊതുജനനേതൃവൈരം രൂഢമൂലമായിത്തീൎന്ന കഥ എത്ര ദാരുണമാണ്.

അസൂയാകലുഷിതമായ നീചമനോഭാവത്തിന്റെ സ്വജനതാവിദ്വേഷകമായ വിജൃംഭണം സാക്രട്ടീസ്സിന്ന് എതിരായി പ്രകടിപ്പിക്കപ്പെട്ടപോലെ വളരെ അപൂൎവ്വമായിട്ടേ ലോകചരിത്രത്തിൽ കാണ്മാനുള്ളൂ. ആ മഹാചാൎയ്യന്റെ അത്യഗാധമായ ബുദ്ധിശക്തിയാകട്ടെ, അത്യതിശയകരങ്ങളായ നിരീക്ഷണഫലങ്ങളാകട്ടെ, പരമസാത്വികമായ ജീവിതരീതിയാകട്ടെ, അന്നത്തെ ആതൻസ് പൌരാവലിക്ക് അങ്ഗീകാൎയ്യമായി തോന്നിയില്ല. സാക്രട്ടീസ്സ് മതവിദ്വേഷക

നും, രാജ്യകാൎയ്യങ്ങളുടെ ശോഭനമായ പുരോഗതിയിൽ ശിക്ഷണീയമായ അവജ്ഞ പ്രകടിപ്പിക്കുന്നവനും, യുവജനങ്ങളുടെ ജീവിതഗതിയെ പരമകുടിലമാക്കിത്തീൎക്കുന്നവനുമായ ഒരു രാജ്യദ്രോഹിയാണെന്നുള്ള മഹാപരാധം അദ്ദേഹത്തിന്റെ പേരിൽ ഏതാനും പൌരപ്രമാണികൾ ചുമത്തുന്നതിനായി ഉറച്ചു.

അരിസ്റ്റോഫനിസ്സിന്റെ വിനോദനാടകം ദീൎഘദൎശനംചെയ്തവിധം പ്രവൃത്തിപഥത്തിൽ കലാശിപ്പിക്കുന്നതിനു ഏകദേശം കാൽശതാബ്ദകാലമായി സാക്രട്ടീസ്സിന്റെഓരോ വൈരികൾ അഹമഹമികയാ യത്നംചെയ്തുകൊണ്ടേയിരുന്നു. എന്നാൽ, അക്കാലത്തെ രാജ്യകാൎയ്യങ്ങളുടെ പ്രതികൂലമായ വ്യതിയാനത്താലും; ഗൌരവമേറിയ അന്യരാജ്യസമരങ്ങളിൽ ആതൻസ് ഗണ്യമായവിധം പങ്കെടുത്തു പൊതുവേ വിഫലമായിത്തീൎന്നതിനാലും ബി. സി. ൪൦൩ വരെ ഈ വൈരികൾ അടങ്ങിപ്പാൎക്കേണ്ടിവന്നു എന്നു മാത്രമേ പറവാനുള്ളൂ. ൪൦൩-ാം വൎഷമായതോടുകൂടി സാക്രട്ടീസ്സിന്റെ മഹത്വം ക്രമാധികമായി വൎദ്ധിച്ചുവരുന്നുവെന്ന് മനസ്സിലാക്കിയ രിപുപ്രമാണികൾ തങ്ങൾക്കു രാജ്യഭരണസംബന്ധങ്ങളായ ചില നൂതനാവകാശങ്ങൾ സിദ്ധിച്ച തരംപാൎത്തു തങ്ങളുടെ പ്രഥമവും പ്രധാനവുമായ കൃത്യം, സ്വീയമഹത്വത്തിനു മഹത് പ്രതിബന്ധമായിത്തീൎന്നിരുന്ന സാക്രട്ടീസ്സെന്ന വൃദ്ധനെ നാമാവശേഷനാക്കിത്തീൎക്കുകഎന്നുതന്നെ തീൎച്ചപ്പെടുത്തി അതിലേക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തു

വൈരിദൃഷ്ടിയിൽ, മഹാബുദ്ധിമാനെന്നു നടിച്ചു, കാപഥോപദേശം ചെയ്തു യുവജനങ്ങളെ വഷളാക്കിത്തീൎക്കുന്ന ഒരുവനു നൾകാവുന്ന ശിക്ഷയുടെ സ്വഭാവം, അന്നത്തെ യവനരാജ്യകാൎയ്യവ്യവസ്ഥിതികൾ അനുസരിച്ചു വളരെ വിചിത്രമായിത്തന്നെയിരുന്നു. ഭരണോപദേശനിൎവ്വഹണം സാധിതമാകുവാൻ കല്പിക്കപ്പെട്ടിട്ടുള്ള സമിതിയിലെ ഏ

ളെങ്കിലും അംഗങ്ങൾക്കു്; രാജ്യവിദ്വേഷകനായ ഒരുവനെ ഭരണകൂടവൈരത്തിന്റെ പാത്രമാക്കത്തക്കവിധം നാമനിർദ്ദേശംചെയ്യാൻ അവകാശമുണ്ടായിരുന്നു. ഇപ്രകാരം നിർദ്ദിഷ്ടനായ മനുഷ്യനെ മുറയ്ക്കു ന്യായാധിപതികളും പൌരപ്രമാണികളും അടങ്ങിയ ഒരു മഹത്‌സദസ്സിന്നു മുമ്പാകെ ആനീതനാക്കുകയും, അയാളുടെ അപരാധിത്വമോ നിരപരാധിത്വമോ അവിടെ പ്രകാശിതമാവുകയും ചെയ്യുകയായിരുന്നു അന്നത്തെ സാധാരണ നിയമം.

ഇപ്രകാരം നിയമാനുസൃതമായി, മിലിട്ടസ്, അനിട്ടസ്, ലിക്കോൺ എന്നീ മൂന്നു പൊതുജനനേതാക്കളാണു് സാക്രട്ടിസ്സിന്റെപേരിൽ ജനദ്രോഹകരങ്ങളായ അപരാധങ്ങൾ ചുമത്തി അദ്ദേഹത്തെ ശിക്ഷണീയനാക്കി ന്യായാധിപസമക്ഷം അവതരിപ്പിച്ചതു്.

മികവൊരും ശിക്ഷാർഹനായി ഗണിച്ച സാക്രട്ടിസ്സിന്, ഈ അപരാധപ്രക്ഷേപണങ്ങൾക്കു് എതിരായി എന്താണു പറവാനുണ്ടായിരുന്നതു എന്നു ന്യായാധിപസമിതി ആവശ്യപ്പെട്ടപ്രകാരം അദ്ദേഹത്തിനു പ്രസ്താവിപ്പാനുണ്ടായിരുന്ന സമാധാനം സുപ്രസിദ്ധമായ ക്ഷമാപണം എന്ന പേരിൽ പ്ലേറ്റൊ തന്റെ ഒരു ഗ്രന്ഥത്തിൽ സുവ്യക്തമായി പ്രതിഫലിപ്പിച്ചിട്ടുണ്ടു്. തന്റെപേരിൽ ചുമത്തിയിരുന്ന ഓരോ കുറ്റങ്ങളുടേയും അയഥാൎത്ഥത സുസ്പഷ്ടമാക്കാറു് കാൎയ്യസാരസമ്പൂൎണ്ണവും, ഉത്തമാദർശമനോഹരവും ധീരശാന്തപ്രകൃതിപ്രകാശകവുമായ ആ ക്ഷമാപണം ഒന്നുമാത്രം സാക്രട്ടിസ്സിന്റെ ജീവിതപരിശുദ്ധിക്കു സ്മാരകസ്തംഭമായി പരിലസിക്കുന്നതാണു്.

സാക്രട്ടിസ്സിന്റെ സാഹചൎയ്യസൌഖ്യം അനുഭവിക്കുന്നതിൽ അത്യന്തം ഉൽസുകന്മാരും അദ്ദേഹത്തിന്റെ ശിഷ്യാഗ്രഗണ്യന്മാരുമായ രണ്ടു യവനതത്വജ്ഞന്മാരുടെ ലേഖനംവഴിയായിട്ടാണു് ഈ ഗുരുവരന്റെ ജീവിതചരിത്രങ്ങൾ ലോകത്തിന്റെ ശ്രദ്ധാപഥത്തെ ആകൎഷിക്കുവാൻ

ഇടയായിട്ടുള്ളത്. ഇവരിൽ ഒരാൾ യവനതത്വജ്ഞന്മാരിൽ അഗ്രഗണ്യനും, ഇദംപ്രഥമമായി തത്വശാസ്ത്രപരമായ ഗ്രന്ഥനിർമ്മാണംമൂലം പാശ്ചാത്യലോകം മുഴുവൻ സുപ്രസിദ്ധനുമായിട്ടുള്ള പ്ലേറ്റോവും, മറേറയാൾ, യവനചരിത്രകാരനായ സെനോഫൺ എന്ന മഹാനുമാണ്. പരസ്പരവിഭിന്നമായ ജീവിതരീതി അവലംബിച്ചിരുന്ന ഈ രണ്ടുപേരും സാക്രട്ടീസ്സിനെപ്പററി പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളും അദ്ദേഹത്തെ സംബന്ധിച്ച രേഖപ്പെടുത്തിട്ടുള്ള സ്മരണകളും ഏകദേശം സാദൃശ്യംവഹിക്കുന്നവതന്നെയാണെന്നു മാത്രമല്ല, ചില കാര്യങ്ങളിൽ സംശയംവിനാ തുല്യങ്ങളുമാണ്. സാക്രട്ടീസ്സിന്റെ ധർമ്മബോധത്തേയും, അദ്ദേഹം അവലംബിച്ചുപോന്ന സാത്വികപ്രധാനമായ ജീവിതരീതിയേയും സമാനകാലീനന്മാർ നൾകിവന്ന വിശിഷ്ടോപദേശതത്വങ്ങളുടെ സ്വഭാവത്തെയുംപററി സെനോഫൺ എന്ന പ്രസ്തുത ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം നോക്കുക:—

“എനിക്കു സൂക്ഷ്മമായി ബോദ്ധ്യപ്പെട്ടിട്ടുള്ളടത്തോളം അദ്ദേഹം, ഈശ്വരാനഭിമതമായ ജീവിതഗതി ലേശവും അവലംബിക്കാതെ, ഏററവും ധർമ്മശീലനും, അത്യന്തം ഭക്തിപാരവശ്യത്തോടുകൂടിയ ഒരു മതാനുഷ്ഠാനസക്തനും, എത്ര നിസ്സാരജീവികളെപ്പോലും ഉപദ്രവിക്കുന്നതിൽ അത്യന്തം വിമുഖനും, നിസ്സാരമായ ഇന്ദ്രിയസുഖങ്ങൾക്കു വശഗനായി ആവിധം അസന്മാർഗ്ഗാചരണത്തിന്ന് ഒരുങ്ങാത്ത ഒരു സുനിർമ്മലചരിതനും, ന്യായാന്യായങ്ങൾ വിവേചനംചെയ്തു മനസ്സിലാക്കുന്നതിൽ ഏററവും പ്രായോഗികമായ ബുദ്ധിശക്തി തികഞ്ഞ വിവേകവാനും, ഏതൊരു ഗൌരവമേറിയ കാര്യത്തെപ്പററിയും ഗാഢമായ ആലോചനാകഴിച്ചു സമ്പൂർണ്ണവും സുവ്യക്തവുമായ ഒരു സ്ഥിരാഭിപ്രായരൂപീകരണത്തിൽ അത്യന്തം ശക്തിമാനും ആയിരുന്നു. നീതി സദാചാരാദി തത്വസംബന്ധങ്ങളായ പ്രമേയങ്ങളെ

സംബന്ധിച്ചു് ഒരു സുസ്ഥിരപക്ഷം സ്ഥാപിക്കുന്നതിനോ, ഏതു പ്രമാവിഷയത്തെപ്പററിയും വിവരണങ്ങളോ ലക്ഷണനിൎവചനങ്ങളോ നിൎമ്മിക്കുന്നതിനോ ബഹു പടുവായിരുന്ന അദ്ദേഹം, അന്യന്മാരുടെ ജ്ഞാനം പ്രശ്നപരമ്പരമൂലം പരിശോധിച്ചറിയുന്നതിനും എത്രയും ശക്തിമാനായിരുന്നു. അദ്ദേഹവുമായി സംഭാഷണത്തിൽ ഏൎപ്പെട്ടുന്ന ഏതൊരു ഗംഭീരാശയൻെറയും പണ്ഡിതവരേണ്യൻെറയും ഹൃദയം മനസ്സിലാക്കി അവർ സ്ഥാപിപ്പാൻപോകുന്ന അഭിപ്രായങ്ങളുടെ ഗുണദോഷങ്ങൾ വിവേചനംചെയ്തു അവരുടെ വാദമുഖങ്ങൾക്കുള്ള ദുർബലത അവരെക്കൊണ്ടുതന്നെ മനസ്സിലാക്കിക്കൊടുത്തു് സദാചാരപ്രധാനമായ ജീവിതസരണികളിൽ ചരിപ്പാൻ ഏവൎക്കും പൎയ്യാപ്തമായ പാടവം നൽകി. ഈവിധം തൻെറ സമാനകാലീനന്മാരെ പണ്ഡിതപാമരഭേദമെന്യേ അദ്ദേഹം സുശിക്ഷിതരാക്കിത്തീൎത്തിരുന്നു. ഏതദ്വിധങ്ങളായ പ്രത്യേകാനുഗ്രഹങ്ങൾമൂലം, മനുഷ്യപ്രാപ്യമായ സമ്പൂൎണ്ണതയുടേയും ആനന്ദകോടിയുടേയും 'ഒരു അവതാരപുരുഷൻ എന്ന മഹനീയമായ നിലവരെ അദ്ദേഹം എത്തിയുമിരുന്നു."

"സോക്രട്ടീസ്സ് അവലംബിച്ചുപോന്ന വാദപ്രതിവാദപദ്ധതിക്കുള്ള വൈശിഷ്ട്യം, സാമാന്യവിശേഷങ്ങൾക്കു പ്രാധാന്യം നൽകി തദ്വാരാ തത്വസമൎത്ഥനം ചെയ്യുക എന്നതായിരുന്നു. ഇങ്ങിനെ സാമാന്യതത്വാംഗീകരണം പ്രതിയോഗിയെക്കൊണ്ടു സാധിച്ചതിനുശേഷം വിശേഷതത്വങ്ങളുടെ സമൎത്ഥനങ്ങൾക്കായി ഒരുങ്ങുന്ന രീതി കാൎയ്യകാരണഭാവത്തിന് ഏററവും യോജിക്കുന്നതും വാദപ്രതിവാദങ്ങളിൽ സ്ഥിരതത്വസമൎത്ഥനത്തിന് ഏററവും യുക്തമായിട്ടുള്ളതുമാണല്ലോ".

"വിശിഷ്യ, അന്യരിൽ വ്യക്തിഗതമായ സ്വാതന്ത്ര്യബോധം ഉളവാക്കുന്നതിനു സോക്രട്ടീസ്സ് സൎവ്വദാ സമുത്സുകനായിരുന്നു."

"ഇപ്രകാരം, അതിമഹത്തായ ഒരു ജീവിതം നയിച്ച ആ ഗുരുവരന്റെ അന്ത്യദശയും താദൃശമായ മഹത്വത്തോടുകൂടിയതായിത്തന്നെയിരുന്നു. അദ്ദേഹത്തിന്റെ പേരിൽ അന്യായമായി ചുമത്തപ്പെട്ട മഹാപരാധങ്ങൾ, അത്യപൂൎവ്വമായിമാത്രം കാണപ്പെടുന്ന സഹനശീലത്തോടും ധീരതയോടുംകൂടെ അദ്ദേഹം സഹിച്ചു. അപ്രതീക്ഷിതമായ ചരമദശാവിപാകത്തെ ഇത്ര ധൈൎയ്യസമന്വിതം, പൌരുഷയുക്തം എതിരിട്ട മറ്റു യാതൊരു മഹാന്റെ കഥയും ലോകത്ത് ഇന്നോവരെ അറിയപ്പെട്ടിട്ടില്ല."

സാക്രട്ടീസ്സിന്റെ അനവധി ശിഷ്യന്മാരിൽ സൎവ്വപ്രാധാന്യം അൎഹിച്ചിരുന്നത് പ്ലേറ്റോ ആണെന്നു പറഞ്ഞുവല്ലോ. തന്റെ മഹാനായ ഗുരുവയ്യന്റെ അകാലികമായ ചരമഗതിക്കുശേഷം പ്ലേറ്റോ, ആ ഗുരുമുഖലബ്ധങ്ങളായ തത്വങ്ങളും സിദ്ധാന്തങ്ങളും ലോകോപകാരപ്രദമായിത്തീരുമാറ്, അവ മുഴുവൻ അടങ്ങിയിട്ടുള്ള "സംവാദപരമ്പര" എന്നു് ഒരു മഹാഗ്രന്ഥം രചിച്ചിട്ടുണ്ട്. ഈ അത്യുത്തമഗ്രന്ഥത്തിൽകൂടെ ചിത്രീകൃതനാകുന്ന സാക്രട്ടീസ്സ് ഏകദേശം താഴെ കാണുന്നപ്രകാരം യോഗ്യതകൾ തികഞ്ഞ ഒരു മഹാനായിരിക്കുന്നതാണ്.

ഏറ്റവും സമ്പൂൎണ്ണതയിൽ എത്തിയ ഒരു സാത്വികചരിതനെന്നു് ആരും സമ്മതിക്കുന്ന വിധത്തിലുള്ള അഹിംസാബുദ്ധിയും ലോകോപകാരക്ഷമതയും അദ്ദേഹത്തിനു ജന്മനാ സിദ്ധമായിരുന്നു. മനുഷ്യസഞ്ചയത്തെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന ഒരു പ്രത്യേകാസക്തിക്കു പുറമേ, മൃദുവും എന്നാൽ തറച്ചുകയറുന്നതുമായ ഒരുവക ഹാസ്യരസപ്രധാനമായ ഫലിതത്തിന്റെ പ്രയോഗത്തിൽ അസാമാന്യമായ ചാതുരിയും അദ്ദേഹത്തിന്റെ പ്രത്യേകഗുണങ്ങളായിരുന്നു. ലോകത്തു യഥാൎത്ഥമായ ജ്ഞാനം എന്താണെന്നു വിശകലനംചെയ്തു മനസ്സിലാക്കുന്നതിൽ അദ്ദേഹം സൎവ്വദാ വിശ്രമഹീനം

പ്രവർത്തിച്ചുകൊണ്ടേയിരുന്നു. പണ്ഡിതമ്മന്യന്മാരെ അദ്ദേഹത്തിന്നു സർവ്വഥാ പുച്ഛമായിരുന്നു. എല്ലാത്തിന്നും ഉപരിയായി, സത്യന്യായങ്ങൾ വിജയഭരിതങ്ങളാകുമെന്നുള്ള അദ്ദേഹത്തിന്റെ ഉത്തമവിശ്വാസം, ലോകത്തു നന്മകൾ വിജയം സിദ്ധിക്കുന്നതു കാണ്മാനുള്ള അദ്ദേഹത്തിന്റെ പ്രത്യേകോന്മേഷം, വാങ്മനഃകായങ്ങളാൽ ആൎജ്ജവയുക്തമായേ ആത്മാവിനെ നയിക്കയുള്ളുവെന്നുള്ള ദൃഢമായ ബോധം എന്നിവകളാൽ അദ്ദേഹത്തെ എല്ലാകാലത്തും ഒരു മഹാചാൎയ്യനായി ലോകം കൊണ്ടാടുമെന്നതിൽ ലേശം സംശയംപോലുമില്ല.

ഈ സ്വഭാവവിശേഷങ്ങൾ അദ്ദേഹത്തിന്നു സിദ്ധങ്ങളായിരുന്നുവെന്നു സ്ഥാപിപ്പാൻ പോരുന്ന ഒരു സംവാദത്തിൽ, പ്ലേറേറായാൽ ചിത്രീകൃതനായ സാക്രട്ടിസ്സ്, അദ്ദേഹത്തിന്റെ സ്നേഹിതനായ കാലിക്ലിസ്സിന്നു നൽകുന്ന സദാചാരബോധനിയാമകമായ ഒരു ഉപദേശം കാണുക:—

"മൎത്ത്യന്റെ മരണശേഷം ജീവിതപരിശോധന നടത്തുന്ന ജഗന്നിയന്താവിന്റെ സമക്ഷം, എന്റെ ആത്മാവിനെ എത്രയും നിർമ്മലമായി സമൎപ്പിക്കാൻ ഞാൻ നിരന്തരം അഭ്യസിക്കുന്നുണ്ട്. മനുഷ്യസാമാന്യം വിലവെച്ചുപോരുന്ന അന്യബഹുമതികളോ അനുമോദനങ്ങളോ ഞാൻ സാരമായി കരുതുന്നില്ല. സത്യൈകതാനമായ ദൃഷ്ടിയോടുകൂടി സുഗുണസമ്പൂൎണ്ണമായവിധം ഇഹലോകജീവിതം നയിക്കുന്നതിന്നും ഈശ്വരാഭിമതമായ നിമിഷത്തിൽ ആ ജീവിതം ത്യജിക്കുന്നതിന്നും തന്നെയാണ് ഞാൻ സന്നദ്ധനായിരിക്കുന്നതു്. എല്ലാമനുഷ്യരും അമ്മാതിരിവേണം ജീവിപ്പാനുള്ളതു് എന്നു് എന്റെ ശക്തിയിലെത്തിയേടത്തോളം ഞാൻ അവരോടുപദേശിക്കുകയും ചെയ്യും. വിശിഷ്യ, നിങ്ങളോടും ഇതാ പറയുന്നു. ഇക്കാൎയ്യം പ്രമാണിച്ചു പ്രത്യേകമായ ഒരു ആജ്ഞാപനം അനുസരിച്ചത്രേ ഞാൻ ഇങ്ങിനെ ആവശ്യപ്പെടുന്നതു്. ആ ആജ്ഞാപനമാണു മരണശേഷം

നമ്മുടെ ചരിത്രപരിശോധനക്കായും പുറപ്പെടുന്നതു് എന്നു മനസ്സിലാക്കണം. മരണശേഷം ജീവിതചരിത്രപരിശോധനയ്ക്കായി നടത്തപ്പെടുന്ന സമരം നാം സാധാരണയായി കണ്ടുവരാറുള്ള സമരത്തെക്കാൾ എത്രയോ ഭയങ്കരമായിരിക്കുന്നതാണു്. ആ യുദ്ധത്തിൽ വിജയശ്രീഭരിതനാവുന്നതിനു നിങ്ങളെക്കൊണ്ടു് അനായാസേന സാധിച്ചില്ലെന്നുവന്നേക്കാം. സമസ്തലോകന്യായാധിപതി നിങ്ങളുടെ സൽഗുണദുർഗ്ഗുണങ്ങളുടെ ഒരു ചരിതപരിശോധനയ്ക്കായി ഒരുങ്ങുന്ന മുഹൂർത്തത്തിൽ നിങ്ങൾക്കൂടെ നില്ക്കുന്നുവെന്നു വരട്ടെ; തീർച്ചയായും, നിങ്ങൾക്കു മോഹാലസ്യമോ തലച്ചുറ്റോ പിടിപെടാതെയിരിക്കയില്ല.

ഞാൻ ഇപ്പറയുന്നതൊക്കെ ഒരുവക "അമ്മായിപ്പഞ്ചതന്ത്ര"മാണെന്നു കരുതേണ്ട. നിങ്ങൾക്കു് ഇതൊക്കെ കേട്ടു് എന്തെന്നില്ലാത്ത ഒരു പുച്ഛരസവും ഉണ്ടാകേണ്ട. ഇമ്മാതിരി ഞാൻ പറയുന്ന കെട്ടുകഥയുടെ സ്ഥാനത്തു മറ്റേതെങ്കിലും കല്പിതകഥ നിങ്ങൾക്കു നിർമ്മിച്ചുവെപ്പാൻ സാധിക്കുമെങ്കിൽ നടക്കട്ടെ. നമുക്കു് ഐഹികേതരമായ ഒരു ജീവിതം ഉണ്ടെന്നു വിശ്വസിപ്പാൻകൂടെ നിങ്ങൾക്കു ഞെരുക്കമായിരിക്കുന്നു.

മററുള്ള ഏതെല്ലാം വാദവിഷയങ്ങൾ ഖണ്ഡനയോഗ്യങ്ങളായി വന്നേക്കാമെങ്കിലും ഒരു സംഗതി തീർച്ചയായും അഭേദ്യമായിരിക്കുന്നതാണു്. അതായതു് അപഥസഞ്ചാരണത്തിൽനിന്നു വല്ല കഷ്ടതകളും ഉണ്ടാകുമെന്നു വിചാരിച്ചല്ല സന്മാർഗ്ഗചര്യ അവലംബിക്കേണ്ടതു്. ആയതുപോലെ അന്യന്മാരുടെ വീക്ഷണത്തിൽമാത്രം 'സജ്ജനം' എന്ന ഖ്യാതി നാം നേടുന്നതിനു ശ്രമിച്ചാൽ പോരാ. അപഥസഞ്ചരണം വർജ്ജ്യമെന്നു വിചാരിക്കേണ്ടതു് ആയതു് വർജ്ജ്യം ആകകൊണ്ടുതന്നെയാണു്. യശസ്കരമായവിധം അന്യന്മാരെ ബോദ്ധ്യപ്പെടുത്തുന്ന ഒരു സാന്മാർഗ്ഗികമതമല്ല നാം അവലംബിക്കേണ്ടതു്; പ്രത്യുത, ആത്മാവിന്റെ ചോദനം

അനുസരിച്ചുള്ള ഒരു സന്മാൎഗ്ഗചൎയ്യയാണു നമുക്കു ആദൎശമായിരിക്കേണ്ടതു്.

ഒരു അവസരത്തിൽ നിങ്ങൾ ഒരു പാപകൎമ്മം പ്രവൎത്തിച്ചുപോയി എന്നുവരട്ടെ. അതിൽനിന്നുള്ള അപരാധഫലത്തിനു പാത്രമായി മേലാൽ അമ്മാതിരി പ്രവൎത്തിക്കാതിരിപ്പാൻ പ്രത്യേകം ജാഗ്രതയുണ്ടായിരിക്കണം. ഒരാളെപ്പററിയാകട്ടെ, ഒട്ടനേകംപേരെ സംബന്ധിച്ചാകട്ടെ, മുഖസ്തുതിരൂപത്തിലുള്ള യാതൊരു വഞ്ചനാപ്രകാരങ്ങളിലും ഏൎപ്പെടാതെതന്നെ കഴിക്കണം. ന്യായ്യങ്ങളായ കാൎയ്യങ്ങൾക്കുവേണ്ടിമാത്രം ഏതുതരത്തിലുള്ള ശക്തികൾ ഉപയോഗിക്കുന്നതും അനഭിലഷണീയമായി വരുന്നതല്ല.

ആയതിനാൽ എൻെറ വാക്കുകൾ ശ്രദ്ധിച്ചു്, നമ്മുടെ വാദപ്രതിവാദസ്വരൂപം മനസ്സിലാക്കി സൌഖ്യത്തിലേക്കും ആനന്ദത്തിലേക്കും നയിക്കുന്ന ഏതൊരു പന്ഥാവുണ്ടോ അതിനെമാത്രം അവലംബിക്കുക. നിങ്ങളെ ഇക്കാൎയ്യം പ്രമാണിച്ചു് ബുദ്ധിശൂന്യൻ എന്നുതന്നെ ആരെങ്കിലും അധിക്ഷേപിക്കുന്നുവെന്നുവരട്ടെ. ആ അധിക്ഷേപപ്രകടനങ്ങൾ ക്ഷമാപൂൎവ്വം സഹിക്കുക. ഈ സന്മാൎഗ്ഗാസക്തിയിൽ ബദ്ധകങ്കണനായിരിക്കുകനിമിത്തം നിങ്ങൾ ആരുടേയെങ്കിലും വൈരത്തിനു് പാത്രമായിഭവിച്ചു നിന്ദ്യമായവിധം ഏതാനും പ്രഹരംപോലും ഏല്ക്കേണ്ടിവന്നേക്കുന്നുണ്ടെങ്കിൽ ആ ദുഃഖംപോലും സഹിക്കുക. സൽഗ്ഗുണവശീകരണത്തിനുവേണ്ടിയുള്ള ഒരു ശ്ലാഘ്യോദ്യമത്തിൽനിന്നു് ഇമ്മാതിരി ദുരിതാനുഭവങ്ങൾക്കു് നിങ്ങളെ പുറകോട്ടു് വലിക്കാൻ സാധിക്കയില്ല. ഇമ്മാതിരിക്ലേശഭൂയിഷ്ഠവും സുഗുണസമ്പൂൎണ്ണവുമായ ഒരു ജീവിതം നയിക്കുന്നതിനു് പൎയ്യാപ്തമായ മനഃസാന്നിദ്ധ്യം നിങ്ങൾക്കു് ഉണ്ടെങ്കിൽ മാത്രമേ പൊതുകാൎയ്യങ്ങളിൽ മുന്നിട്ടു് പ്രവൎത്തിപ്പാൻ നിങ്ങൾക്കു സാധിക്കയുള്ളു. നമുക്കു്, യഥാൎത്ഥമായ വിദ്യാഭ്യാസത്തിൻെറ കുറവുമൂലം, അതിപ്രധാ

ന്നങ്ങളായ കാൎയ്യങ്ങളെ സംബന്ധിച്ചുപോലും സുജനസമ്മതവും, സുഗുണദ്യോതകവും സുസ്ഥിരവുമായ ഒരു അഭിപ്രായരൂപീകരണമോ ആദൎശവിശേഷമോ ലഭിക്കാതെയായിത്തീൎന്നിട്ടുണ്ട്. ആയതിനാൽ സമഞ്ജസമായ ഒരു ജീവിതയാനത്തിനു മുൻപറഞ്ഞ തത്വങ്ങളെ ആധാരമാക്കാതെ ഗത്യന്തരമില്ല. അങ്ങിനെ ഈ തത്വങ്ങളെ ആധാരമാക്കി ജീവിക്കുന്നപക്ഷം, ഏതൊരു മനുഷ്യനും ഐഹികങ്ങളായ ഏതൊരു ക്ലേശാനുഭവത്തിന്നിടയിലും, ഇഹലോകജീവിതം എത്രയോ മഹനീയവും ഭാസുരവുമെന്നു തോന്നുന്നതാണ്—"

---

## അദ്ധ്യായം ൯.

### പ്ലേറ്റോ.

പുരാതനയവനലോകത്ത് തത്വശാസ്ത്രസംബന്ധമായി ഒരു നവപ്രബോധം പ്രകാശിതമാക്കിയ സാക്രട്ടിസ്സ് എന്ന മഹാചാൎയ്യന്റെ പ്രധാനാന്തേവാസിയും, തന്റെ ധിഷണാവൈഭവത്താൽ അതിവിശിഷ്ടമായ ഒരു മഹാഗ്രന്ഥം നിൎമ്മിച്ചു ലോകത്തിന് പ്രദാനംചെയ്ത ഒരു ഉൽകൃഷ്ടതത്വചിന്തകനുമത്രേ പ്ലേറ്റോ. സാക്രട്ടിസ്സിന്റെ താൎക്കികതത്വങ്ങളും വേദാന്തസിദ്ധാന്തങ്ങളും ലോകത്തു പ്രചരിപ്പിച്ചു ആ മഹാനെ അനശ്വരയശസ്കനായി തീൎക്കുവാൻ പ്ലേറ്റോവുടെ ഗ്രന്ഥരചനയാണ് അതിപ്രധാനമായി സഹായിച്ചിട്ടുള്ളത് എന്ന കാൎയ്യം പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. എന്നാൽ, തനിക്ക് ലഭിച്ച ജ്ഞാനം ഗ്രന്ഥത്തിൽ പകരുന്നതിനു മാത്രമല്ല പ്ലേറ്റോ ഉദ്യുക്തനായിട്ടുള്ളത് എന്നും, സ്വതന്ത്രവും ഇദംപ്രഥമവുമായി യവനതത്വശാസ്ത്രത്തിനു പ്രതിഷ്ഠാപകമായ ഗ്രന്ഥനിൎമ്മിതിയി

ലും അദ്ദേഹം ശ്രമിച്ചിട്ടുണ്ടായിരുന്നുവെന്നും നാം മനസ്സിലാക്കേണ്ടതാണു്.

ആതൻസ് നഗരീസംസ്ഥാനത്തിൻെറ ഉച്ചൈസ്തമമായ പ്രഭാവകാലഘട്ടത്തിൽ, ഭരണാധിപത്യം, ധനവത്വം എന്നിവയിൽ സിദ്ധിച്ചിരുന്ന ഗണ്യമായ സ്ഥാനംകൊണ്ടു് ഉൽകൃഷ്ടമായ ഒരു കുടുംബത്തിൽ, ബി. സി. ൪൨൭-ാം വർഷം, പ്ലേറ്റോ ഭൂജാതനായി. 'സോളൻ' എന്ന നാമധേയത്തിൽ സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ഒരു മഹാനായ നിയമനിർമ്മാതാവിൻെറ വംശത്തിൽപെട്ട മാതാവിൻേറയും, സേനാവിന്യാസചാതുരിമൂലം പാരിതോഷികമായി ലഭിച്ച അനവധി ഭൂസ്വത്തുള്ള ഒരു പിതാവിൻേറയും സന്താനമായി ഒരു ഉന്നതകുടുംബത്തിൽ ജനിച്ച പ്ലേറ്റോ വംശമാഹാത്മ്യംകൊണ്ടു്, അദ്ദേഹത്തിൻെറ ഗുരുവരനിൽനിന്നു എത്രയോ വിഭിന്നനായിരുന്നതിനാൽ സാക്രട്ടിസ്സിൻെറ ജീവിതക്ലേശങ്ങൾ അനുഭവിപ്പാൻ പ്ലേറ്റോയ്ക്കു ഇടവന്നിട്ടില്ല.

മനുഷ്യശക്തിക്കു് അതീതമായി ദിവ്യജ്ഞാനം ലഭിക്കുന്ന മഹാന്മാരെ ദേവാംശജാതന്മാരാക്കി സങ്കല്പിക്കുന്ന പുരാതനകവിമര്യാദ, അക്കാലത്തു് യവനലോകത്തും സാധാരണമായിരുന്നു. ഉൽകൃഷ്ടകുലജാതന്മാരായവർ ഏതെങ്കിലും പ്രകാരത്തിൽ അസാമാന്യമഹിമാവോടുകൂടിയവരായികാണപ്പെടുന്നപക്ഷം, അവരുടെ ജനനം ഈശ്വരൻെറ വല്ല പ്രത്യേകബന്ധത്തിൽനിന്നുമാണെന്നു കല്പിതകഥാനിർമ്മാണംചെയ്യുന്നതിൽ ഗ്രീക്കുകാർക്കു് പ്രത്യേകാസക്തിയുമുണ്ടായിരുന്നു. അതനുസരിച്ചു്, അനന്തരകാലത്തു് പ്രസിദ്ധതത്വജ്ഞനായി പരിലസിച്ച പ്ലേറ്റോയുടെ ജനനത്തെസംബന്ധിച്ചും, മനുഷ്യേതരങ്ങളായ ശക്തികളുടെ സാഹ്യം ഉണ്ടായിട്ടുള്ളതായി ചില ഐതിഹ്യങ്ങൾ ഗ്രീസ്സിൽ പ്രചരിച്ചിട്ടുണ്ടു്. മിക്കവാറും, കല്പിതകഥാരൂപങ്ങളായ ഈ ഐതിഹ്യങ്ങൾ എത്രത്തോളം യഥാ

ർത്ഥങ്ങളാണെന്ന കാര്യം നമ്മുടെ ചിന്തക്ക് വിഷയീഭവിക്കേണ്ടതില്ല എങ്കിലും, തത്തൽകഥാനായകന്മാരുടെ ലോകോത്തരമഹനീയത്വം സ്ഥാപിക്കുവാൻമാത്രം ഇവ പര്യാപ്തങ്ങളാകുമെന്ന് നമുക്കു വിചാരിക്കാം. അതനുസരിച്ചുള്ള ഒരു ഐതിഹ്യം ഇപ്രകാരമാണ്:—

പ്ലേറ്റോയുടെ പിതാവായ അരിസ്റ്റൺ, ഈ തത്വശാസ്ത്രജ്ഞന്റെ മാതാവുമായി വിവാഹജീവിതം നയിക്കുന്നകാലത്ത് ഒരു ദിവസം നിശാമദ്ധ്യത്തിൽ ഒരു സ്വപ്നം കാണുകയുണ്ടായി. അപ്പോളോ എന്ന സൂര്യദേവൻ അരിസ്റ്റണിന്റെ മുമ്പാകെ പ്രത്യക്ഷപ്പെടുകയും, അരിസ്റ്റണിന്റെ പ്രിയപത്നി ഗർഭംധരിച്ചിരിക്കുന്നുവെന്നും ആ ഗർഭസ്ഥമായ സന്താനം തന്റെ പുത്രനാണെന്നും അരുളിച്ചെയ്തുമറയുകയും ചെയ്തുവെന്നുമത്രേ പ്ലേറ്റോയുടെ ജനനംസംബന്ധിച്ചു ഒരു ഐതിഹ്യം. ഈ സ്വപ്നത്തിൽ ആശ്ചര്യകരമായ പാരമാർത്ഥികത അടങ്ങിയിരിക്കുന്നുവെന്ന് ആരും സംശയിക്കപ്പെടത്തക്കവിധം, അപ്പോളോദേവൻ ഭൂലോകാവതരണംചെയ്തുവെന്നുവിശ്വസിക്കപ്പെട്ടുപോരുന്ന ഒരു തിഥിയിലത്രേ പ്ലേറ്റോ ഭൂജാതനായിട്ടുള്ളത്. കൂടാതെ, അനന്തരകാലത്ത്, മഹാനായ സോക്രട്ടീസ്സിനുതന്നെ, പ്ലേറ്റോയെസംബന്ധിച്ച ഒരു ദിവ്യസ്വപ്നദർശനം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നു. അതായത്, അതിസുകുമാരമായ ഒരു ഹംസം ആകാശമദ്ധ്യത്തിൽനിന്ന് പറന്നെത്തി സോക്രട്ടിസ്സിന്റെ അങ്കതലത്തിൽ അതിസ്വൈരമായി വർത്തിച്ചുവെന്നും, അല്പനേരംകഴിഞ്ഞു, സുവർണ്ണപക്ഷങ്ങൾ വിടുർത്തി മനോമോഹനമായ ഒരു നാദത്തോടുകൂടി ആ ശോഭനശകുന്തം തിരിയെ ആകാശത്തിലേക്കു തന്നെ ഉദ്ധയനംചെയ്തുവെന്നുമായിരുന്നു. ഈ സ്വപ്നദർശനം കഴിഞ്ഞ പിറേറദിവസമായിരുന്നു സോക്രട്ടിസ്സ്, ധിഷണാനിപുണനായ തന്റെ ശിഷ്യശിഖാമണിയെ ആദ്യമായികണ്ടതെന്നും, സോക്രട്ടിസ്സിന്റെ മടിയിൽവന്നിരു

ന്നു് പറന്നുപോയി എന്നു പറയുന്നതു് തത്വജ്ഞാനലബ്ധിക്കായി പ്ലേറ്റോ അദ്ദേഹത്തെ ഗുരുവായിവരിച്ചു് അനന്തരം ദേശസഞ്ചാരം ചെയ്ത കഥയെയാണു് സൂചിപ്പിക്കുന്നതു് എന്നും പറയപ്പെടുന്നു.

അക്കാലത്തു ഗ്രീസ്സിൽ ഉണ്ടായിരുന്ന ഉന്നത കുടുംബങ്ങൾ ഓരോ അധിഷ്ഠാനദേവതകളോടുകൂടിയവയായിരുന്നു. ഈ അധിഷ്ഠാനദേവതകളിൽ ഒരു മഹനീയസ്ഥാനം അർഹിച്ചിരുന്ന സൂര്യദേവതയായ അപ്പോളോ പ്ലേറ്റോയുടെ പിതൃസ്ഥാനം അർഹിച്ചിരുന്നുവെന്നു് ഐതിഹ്യം ഉണ്ടായതിൽ അതിശയിപ്പാനില്ല. ദേവന്മാർ മാനുഷസ്ത്രീകളിൽ സന്തത്യുല്പാദനം ചെയ്യുന്നതും, മാനുഷസ്ത്രീകളോടു കാമാഭ്യർത്ഥന ചെയ്യുന്നതുമായ സാഹിത്യകൃതികൾ ഭാരതലോകത്തിലെപ്പോലെ യവനലോകത്തും പ്രചരിച്ചിട്ടുണ്ടായിരുന്നു. പുരാതന യവനലോകത്തിൽ ഒരു നഗരമായിരുന്ന ടയറൻസിലെ അധിപതിയായ 'അംഫിട്രിയൻ' എന്ന രാജാവിന്റെ പുത്രി 'ആൽക്മീനാ' എന്ന ഭൂലോകസുന്ദരിയുമായുള്ള ശയനസുഖം കൊതിച്ച 'ജൂപ്പിറ്റർ' എന്ന ദേവാധിപൻ ആ സുന്ദരിയുടെ ഭർത്താവിന്റെ വേഷമെടുത്തു്, അവളുമായി ഒരു നിശയെ, സ്വമാഹാത്മ്യം കൊണ്ടു കാലദൈർഘ്യമുള്ളതാക്കിത്തീർത്തു രമിച്ചുവെന്നും, തൽഫലമായി 'ഹെർക്യുലിസു' എന്ന യവനഭീമസേനൻ ജാതനായി എന്നും യവനപുരാണപ്രസിദ്ധമായ ഒരു കഥയുണ്ടു്. കായശക്തിയാൽ ത്രിലോകജേതാവായ ഹെർക്യുലിസ്സിന്റെ മഹത്വം മുഴുവൻ ജൂപ്പിറ്ററുടെ പിതൃസ്ഥാനത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. ആയതുപോലെ, അനിതരസാധാരണമായ തത്വശാസ്ത്രവൈദഗ്ദ്ധ്യംകൊണ്ടു സുപ്രസിദ്ധനായ പ്ലേറ്റോ ഏതെങ്കിലും കഥാമൂലമോ ഐതിഹ്യമൂലമോ ദേവതാസന്താനമാണെന്നു വരുത്തിക്കൊൾവാൻ കവികളുടെ സങ്കല്പബലാധീനങ്ങളായ ശക്തികൾ ശ്രമിച്ചിട്ടുണ്ടെങ്കിൽ ആയതിൽ അതിശയിപ്പാനുമില്ല.

അപ്പോല്ലോദേവന്റെ എത്രയും പ്രിയപ്പെട്ട ഒരു ഹംസമാണ് താനെന്നു പ്ലേറ്റോ അഭിമാനിക്കാറുണ്ടായിരുന്നതിനും, സാക്രട്ടീസ്സിന്റെ സ്വപ്നദർശനത്തിനും തമ്മിൽ ദൃഢമായ എന്തെങ്കിലും ബന്ധമുണ്ടായിരിക്കുമെന്നതു് അസംഭാവ്യമല്ല. കൂടാതെ, പ്ലേറ്റോയുടെ അന്ത്യകാലം സമീപിക്കാറായ ഒരു ദിവസം, അദ്ദേഹത്തിനു തോന്നിയ ഒരു സ്വപ്നമനുസരിച്ചു്, താൻ ഒരു ഹംസമായിത്തീർന്നുവെന്നും, അരണ്യദേശത്തെങ്ങും വ്യാധലക്ഷ്യങ്ങൾ തെററിച്ചു് അങ്ങിങ്ങു് പറന്നുകൊണ്ടിരുന്നുവെന്നും പറയപ്പെടുന്ന ഐതിഹ്യത്തിനും സാക്രട്ടീസ്സിന്റെ സ്വപ്നത്തിനും തമ്മിൽ അനല്പമായ യോജിപ്പു കാണുന്നുമുണ്ടു്. ഇപ്രകാരമുള്ള അസാധാരണ സ്വപ്നങ്ങളാലും, അവയുടെ വ്യാഖ്യാനപ്രകാരങ്ങളാലും, സിദ്ധവത്താകുന്ന പരമാർത്ഥം, പ്ലേറ്റോ ദേവാംശജസാധാരണമായ പ്രത്യേക ധിഷണാപാടവത്തോടു കൂടിയ ഒരു മഹാനായിരുന്നുവെന്നു സാധിക്കണമെന്നതായിരിക്കണം.

അക്കാലത്തെ ഉൽകൃഷ്ടകുടുംബാംഗങ്ങൾക്കു സാധാരണമായിരുന്ന വിദ്യാഭ്യാസരീതിയിൽ പരിശീലനം നടത്തുന്നതിനു ബാലനായ പ്ലേറ്റോ നിയോഗിക്കപ്പെട്ടു. അതനുസരിച്ചു സാഹിത്യം, സംഗീതം, കായികാഭ്യാസം എന്നീ മൂന്നു കലകളിൽ ആ ബാലൻ പരിശീലനം തുടങ്ങി. ഈ കലാത്രിതയത്തിൽവെച്ചു് പ്ലേറ്റോ അസാധാരണമായ പാടവം നേടിയതു കായികാഭ്യാസം സംബന്ധിച്ചായിരുന്നു. ഈ കായികാഭ്യാസം മൂലമാണു് അദ്ദേഹത്തിന്റെ നാമധേയത്തിനു തന്നെ ഗണ്യമായ വ്യത്യാസം സംഭവിച്ചതു് എന്നു് പറയപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസകാലത്തിനു മുൻപായി പ്ലേറ്റോ അദ്ദേഹത്തിന്റെ പിതാമഹന്റെ നാമധേയമായ അരിസ്റ്റോക്ലിസ് എന്ന പേരിനാലാണു വിളിക്കപ്പെട്ടുപോന്നിരുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ കായികാഭ്യാസഗുരുവായ അരിസ്റ്റൺ തന്റെ ശിഷ്യന്റെ ലലാടവക്ഷസ്സുകളുടെ വിസ്തൃതികണ്ടു വിസ്മിതനായി അതു

ബാലന്നു 'പ്ലേററൺ' എന്നു് ഒരു നവീനനാമകരണം ചെയ്തു. ഈ പ്ലേററൺ എന്ന നവീന നാമധേയമത്രേ അനന്തരകാലത്തു പ്ലേറേറാ എന്നായി പരിഷ്കൃതരീതിയിൽ പ്രചരിച്ചതു് എന്നു പറയപ്പെടുന്നു.

യുവാവായ പ്ലേറേറായുടെ കായികാഭ്യാസപാടവം അനേകം സ്ഥലങ്ങളിൽവെച്ച് പ്രദൎശിതമായിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ടു്. ഒളിമ്പ്യൻ, ഇസ്ത്മിയൻ, പിഥിയൻ മുതലായ കായികാഭ്യാസമത്സരങ്ങളിൽ ചേൎന്ന് അദ്ദേഹം വിജയവാനായിട്ടുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ, കായികാഭ്യാസസംബന്ധമായി പ്ലേറേറാക്കു പ്രത്യേകമായ അഭിരുചിയുണ്ടെന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നു തെളിയുമെന്നല്ലാതെ, ജീവചരിത്രകാരന്മാരുടെ അത്യുക്തിപ്രധാനങ്ങളായ പ്രശംസനങ്ങൾ ആധാരമാക്കി, പ്ലേറേറാ കായികാഭ്യസനപ്രദൎശനങ്ങളിൽ അമാനുഷമഹിമാവായിരുന്നുവെന്ന കാൎയ്യം നമുക്കു തീൎച്ചപ്പെടുത്താൻ പാടുള്ളതല്ല. ഇക്കാൎയ്യം എങ്ങിനെയിരുന്നാലും, സമരപ്രധാനമായ അന്നത്തെ യവനജീവിതരീതിയനുസരിച്ചു നോക്കുന്നപക്ഷം പ്ലേറേറാ ഒരു ഭടനായി യുദ്ധരംഗങ്ങളിൽ എത്തിയിരിക്കാം എന്നു നമുക്കു ധാരാളമായി ഊഹിക്കാം. ഈ അഭ്യൂഹത്തെ ബലപ്പെടുത്തുമാറു് അദ്ദേഹം ടാനഗ്ര, ഡീലിയം, കോറിന്തു് എന്നീ മൂന്നു യുദ്ധക്കളങ്ങളിൽ എത്തിയിട്ടുണ്ടെന്നു ജീവചരിത്രകാരന്മാരിൽ ചിലർ പറയുന്നു. ചരിത്രസംബന്ധമായി പരിശോധിക്കുന്നപക്ഷം, ടാനഗ്ര, ഡീലിയം എന്നീ സമരാങ്കണങ്ങളിൽ ആതൻസ് നഗരി പങ്കെടുത്തിരുന്ന കാലത്തു പ്ലേറേറാക്കു ബാല്യം കഴിഞ്ഞിരിപ്പാൻ ഇടയില്ല. എന്നാൽ കോറിന്തുയുദ്ധക്കളത്തിൽ ഒരു ഭടന്റെ നില അദ്ദേഹം ഭംഗിയായി നിറവേററിയിട്ടുണ്ടായിരിക്കണം.

അനന്തരകാലത്തു ഗംഭീരനായ ഒരു തത്വപൎയ്യവേക്ഷ

66848

കനായി പ്രസിദ്ധി നേടിയ പ്ലേറ്റോ, അദ്ദേഹത്തിന്റെ യൌവനാരംഭകാലത്തും അതിനുശേഷം ഏതാനും വർഷങ്ങളിലും, സുകുമാരകലാപരിശീലനത്തിൽ അത്യധികമായ ശ്രദ്ധ പതിപ്പിച്ചു പോന്നിട്ടുണ്ടായിരുന്നു. കവിത, സംഗീതം, ചിത്രമെഴുത്ത് എന്നിവയിൽ അദ്ദേഹത്തിനു സമീചീനമായ പ്രാവീണ്യം സിദ്ധിച്ചിട്ടുണ്ടായിരിക്കണമെന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെസംബന്ധിച്ചു ഒരു പരിശോധന തെളിയിക്കുന്നതാണ്. കേവലം ശുഷ്കമായി ഭവിക്കാവുന്ന തത്വശാസ്ത്രഗ്രന്ഥനരീതി, പ്ലേറ്റോയുടെ കവനകലാപരിചയവും സാഹിത്യചാതുരിയും മൂലം വളരെ സരസമായിട്ടുണ്ടെന്നുതന്നെ സമ്മതിക്കണം. ആ വക ഗ്രന്ഥങ്ങൾ ആശയക്രമീകരണവും, പദസാരള്യവും സാമഞ്ജസ്യവും സാരസ്യവും കൊണ്ടു സാഹിത്യഗ്രന്ഥങ്ങളോടു സർവഥാ തുല്യങ്ങളാണ്. ഇപ്രകാരം സാഹിത്യകാരനെന്ന നിലയിൽ അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന പ്രാഗത്ഭ്യം അദ്ദേഹത്തെ കവിതാനിർമ്മിതിക്കായി പ്രേരിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഇരുപതാമത്തെവയസ്സിൽ തത്വശാസ്ത്രജ്ഞപ്രമുഖനും അലങ്കാരാഡംബരപ്രധാനങ്ങളായ സാഹിതീമുഖങ്ങളോടു പ്രത്യേകമായ അനാസ്ഥാവജ്ഞകൾ പ്രദർശിപ്പിച്ചുപോന്ന പ്രായോഗികജ്ഞാനകുശലനുമായ സാക്രട്ടിസ്സുമായി സിദ്ധിച്ച പരിചയം ഈ കവിതാനിർമ്മാണാസക്തിയെ നിശ്ശേഷം ഇല്ലാതാക്കി എന്നുമാത്രമല്ല, അദ്ദേഹം അതേവരെ എഴുതിയിട്ടുണ്ടായിരുന്ന സകല പദ്യങ്ങളും ശകലിതമാക്കി നശിപ്പിച്ചു കേവലം തത്വജ്ഞപരമായ ഒരു ജീവിതയാനത്തിൽ പ്രത്യേകം ഔത്സുക്യം പ്രദർശിപ്പിക്കുന്നതിനു കാരണമാകുകയും ചെയ്തു.

ഇപ്രകാരം, ഒരു യവനനാടകകർത്താവോ കവിവര്യനോ സാഹിതീകുശലനോ ആയി സുയശസ്സു സമ്പാദിക്കുമായിരുന്ന പ്ലേറ്റോയെ ഒരു മഹനീയസ്ഥാനവാനായ തത്വശാസ്ത്രജ്ഞനാക്കി ലോകത്തു് എത്രയും സ്ഥ

യശസ്സ സമ്പാദിക്കുന്നതിന്ന് പ്രാപ്തനാക്കിയ സാക്രട്ടിസ്സി നെ പ്ലേറേറാ തൻെറ ഇരുപതാമത്തെ വയസ്സിലാണ് ആദ്യമായി സന്ദർശനം ചെയ്തത് എന്നു പറഞ്ഞുവല്ലോ. അക്കാലത്തെ ഉന്നതകുടുംബാംഗങ്ങളായ യുവരത്നങ്ങൾ എല്ലാപേരും സാക്രട്ടിസ്സിൻെറ അനന്യസാമാന്യമായ നിശിതബുദ്ധിയിലും, പണ്ഡിതംമന്യന്മാരായ പ്രതിയോഗികളെ പരാജിതരാക്കി അയയ്ക്കാൻ അദ്ദേഹത്തിനു പ്രത്യേകമായി സിദ്ധിച്ചിരുന്ന ഉന്മേഷശാലിനിയായ പ്രതിഭയിലും അത്ഭുതപരവശരായി ആ മഹാചാൎയ്യൻെറ ശിഷ്യപദവി മോഹിച്ചു അദ്ദേഹത്തിൻെറ സന്തതസഹചാരികളായി വൎത്തിച്ചുപോന്നിരുന്നു. ഇക്കൂട്ടത്തിലാണ്, സാഹിത്യകാരനാവാൻ ശ്രമം ചെയ്തുകൊണ്ടിരുന്ന പ്ലേറേറായും സാക്രട്ടിസ്സിൻെറ വാക്പ്രപഞ്ചമാഹാത്മ്യം അനുഭവിച്ചറിയുന്നതിനായി അദ്ദേഹത്തിൻെറ സാഹചൎയ്യം കൊതിച്ച് എത്തിയത്. എന്നാൽ ഈ ഗുരുവരൻെറ പരമനിൎമ്മലമായ സാത്വികാവസ്ഥയും, തത്വശാസ്ത്രവിജ്ഞാനസമ്പൂൎണ്ണതയും, നിരുപമമായ ധിഷണാശക്തിയും മനസ്സിലാക്കിയതോടുകൂടി പ്ലേറേറായുടെ ജീവിതോദ്ദേശ്യങ്ങൾക്ക് നവീനമായ ഒരു ഗതിവിശേഷം ജാതമായി. സാഹിത്യകാരനാവണമെന്നുള്ള മോഹം അദ്ദേഹത്തെ നിശ്ശേഷം വിട്ടുമാറുകയും, സദാചാരം, നീതിശാസ്ത്രം, ജീവിതരഹസ്യം, ആത്മാനാത്മവിവേചനം എന്നിത്യാദി പ്രൌഢവിഷയങ്ങളിൽ അദ്ദേഹത്തിൻെറ ശ്രദ്ധ പതിയുകയും ചെയ്തു. യുവസുലഭമായ ഉന്മേഷബുദ്ധിയോടുകൂടി സാക്രട്ടിസ്സിൻെറ അഭിമതാനുസാരികളായ ജീവിതപന്ഥാക്കളിൽ ചരിക്കുന്നതിന് പ്ലേറേറാ സന്നദ്ധനാവുകയും, ഇങ്ങിനെ മഹാനായ സാക്രട്ടിസ്സിൻെറ ശിഷ്യപദവി പ്ലേറേറാക്ക് ലഭിക്കുകയും ചെയ്തു.

സാക്രട്ടിസ്സുമായി നിലനിന്ന സാഹചൎയ്യാനുഗ്രഹത്തിൻെറ ഫലമായിട്ട് പ്ലേറേറാ, തത്വശാസ്ത്രത്തിൽ സാമാന്യാധികമായ പാടവം സമ്പാദിക്കമാത്രമല്ല, തൻെറ

ഗുരുവരന്റെ പ്രത്യേകതത്വങ്ങൾ അനുസരിച്ചുള്ള ഒരു പദ്ധതിയിൽക്കൂടെ സ്വയം ചരിക്കാൻ പ്രാപ്തനാവുകയും ചെയ്തു. എന്നാൽ പ്ലേറേറാക്ക് ലഭിച്ച ഈ അനുഗ്രഹം സാക്രട്ടിസ്സുമായുള്ള ബന്ധത്തിനു ദാർഢ്യം എന്നതുപോലെ ദൈർഘ്യത്തെ പ്രദാനംചെയ്യാൻ ഇടയായില്ല. പ്ലേറേറാ സാക്രട്ടിസ്സിന്റെ ശിഷ്യപദവിയിൽ ആരൂഢനായി എട്ടു വർഷം കഴിഞ്ഞതോടുകൂടി ഗുരുവരന്റെ അന്ത്യദശാസൂചകമായ മഹാവിപത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ബീ. സീ. ൩൯൯-ൽ അതായതു പ്ലേറേറായുടെ ഇരുപത്തെട്ടാമത്തെ വയസ്സിൽ സാക്രട്ടിസ്സ് ഇഹലോകത്തിൽനിന്നു് തിരോഹിതനാവുകയും, പ്ലേറേറാ സ്വകീയജ്ഞാനമാത്രാശ്രിതനായി ഭവിക്കുകയും ചെയ്തു. എന്നാൽ, ആചാര്യന്റെ ദേഹവിയോഗംകൊണ്ടു പ്ലേറേറാ നിരാശനായി തത്വശാസ്ത്രാസക്തി കൈവെടിഞ്ഞില്ല. സാക്രട്ടിസ്സിന്റെ പക്ഷത്തിൽ ചേൎന്നവൎക്കു എതിരായി ശക്തി പ്രാഭവങ്ങൾ കാട്ടി ആക്കൂട്ടരെ ദണ്ഡിക്കുവാൻ ദുസ്സാമർത്ഥ്യം സിദ്ധിച്ച ചില പൌരപ്രമാണികളുടെ വൈരം ഭയന്നോ, ഗ്രീസ്സിലെ ഇതരദേശവിഭാഗങ്ങളിൽ ഉണ്ടായിരുന്ന തത്വപര്യവേക്ഷകന്മാരായ പക്വമതികളുടെ അവലോകനഫലങ്ങളായ തത്വസിദ്ധാന്തങ്ങൾക്കൂടെ ഗ്രഹിച്ചു ഒരു താരതമ്യപഠനത്തിനു് സമൌത്സുക്യം തോന്നിയോ പ്ലേറേറാ ഏതാനും സതീർത്ഥ്യന്മാരുമൊന്നിച്ചു് ആതൻസ്നഗരിവിട്ടു. ഇപ്രകാരമുണ്ടായ യവനദേശപര്യടനത്തിന്റെ ഫലമായി. മിഗാറയിലെ തത്വശാസ്ത്രജ്ഞനായ യൂക്ലിഡ്സ്, സിറീൻദേശീയനായ ഗണനശാസ്ത്രജ്ഞൻ, തിയോഡരസ്സ്, പിഥാഗറസ്സ് എന്ന തത്വജ്ഞന്റെ മതം അവലംബിച്ചുപോന്ന ഇററാലിദേശീയന്മാരായ പണ്ഡിതപ്രവരന്മാർ എന്നിവരുമായി ഗാഢപരിചയം സമ്പാദിക്കുന്നതിനു് പ്ലേറേറാക്കു് സാധിച്ചു. അക്കാലത്തു്, പെഴ്സ്യയിൽ എത്തി അവിടത്തെ ശാസ്ത്രജ്ഞന്മാരുമായി ഒരു ദൃഢമൈത്രി സമ്പാദിക്കണമെന്നുള്ള അത്യഭിനിവേശം പ്ലേ

റോക്ക് ഉണ്ടായിരുന്നുവെങ്കിലും, ഏഷ്യാമൈനറിൽ ഉണ്ടായ യുദ്ധകോലാഹലങ്ങൾ നിമിത്തം ഈ അഭിനിവേശം ഫലപ്രാപ്തിയിൽ എത്തുന്നതിന് ഇടയായില്ല.

ഇപ്രകാരം ഗ്രീസ്സിലെ വിവിധദേശവിഭാഗങ്ങളിൽ സഞ്ചരിച്ച്, വിവിധാഭിപ്രായക്കാരായ തത്വജ്ഞന്മാരുടെ അഭിപ്രായഗതിവിശേഷം മനസ്സിലാക്കി ആതൻസിൽ തിരിച്ചെത്തിയ പ്ലേറ്റോ, ഉദ്ദേശം ബി. സി. ൩൮൭-ൽ, 'അക്കാഡമി' എന്ന സുപ്രസിദ്ധമായ ഒരു വിദ്യാമന്ദിരം ഏൎപ്പെടുത്തി ജ്ഞാനവിതരണത്തിനായി സമയം വിനിയോഗിച്ചുപോന്നു. ഏകദേശം ഇരുപതുവൎഷകാലത്തോളം നിരന്തരമായി ഇക്കാൎയ്യത്തിൽ സ്വശക്തി വ്യയംചെയ്തുപോന്ന അദ്ദേഹം രാജ്യകാൎയ്യസംബന്ധങ്ങളായ യാതൊരു ഉദ്യമങ്ങളിലും പങ്കുകൊള്ളാതെ, കേവലം ഉദാസീനനായ ഒരു ദ്രഷ്ടാവിന്റെ നിലമാത്രം പാലിച്ചുകൊണ്ടിരുന്നതേയുള്ളു. എന്നാൽ ഈ ശുഷ്കമായ മൌനദീക്ഷ ദുഷ്കരമായിട്ടുണ്ടെന്നു തോന്നുമാറ്, അദ്ദേഹം ഒരവസരത്തിൽ രാജ്യകാൎയ്യക്കളരിയിൽ പ്രവേശിച്ചിട്ടുള്ളതായും പറയപ്പെടുന്നു. അതായത്, 'കേബ്രിയസ്' എന്ന തന്റെ സ്നേഹിതനെ രാജ്യകാൎയ്യം സംബന്ധിച്ച ചില ഗൌരവമേറിയ കുറ്റങ്ങൾ ചുമത്തി ശിക്ഷായോഗ്യനെന്നു തീൎച്ചപ്പെടുത്താറായ ഒരു അവസരത്തിൽ ആ സ്നേഹിതന്റെ നിരപരാധിത്വത്തെപ്പറ്റി വാദിപ്പാനായി പ്ലേറ്റോ രാജ്യകാൎയ്യസദസ്സിൽ പ്രവേശിപ്പാൻ നിർബന്ധിതനായിട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ച് ചെറുതായ ഒരു സംഭാഷണം രേഖപ്പെടുത്തിയിരിക്കുന്നു. കേബ്രിയസ്സിനോടുകൂടി പ്ലേറ്റോ രാജ്യകാൎയ്യസദസ്സിൽ എത്താനായി പോയ ഒരുഅവസരത്തിൽ, കേബ്രിയസ്സിന്റെ പരമവൈരിയും, അയാളുടെ അപരാധകഥാവതാരകനുമായ 'ക്രോബിലസ്സ്' എന്ന പൌരപ്രമാണി പ്ലേറ്റോയോടു് ഈവിധം ഹാസ്യവൈരദ്യോതകമായി സംസാരിക്കയുണ്ടായി.

"സാക്രട്ടീസ്സിനു കൊടുത്ത ആ വിഷദ്രവ്യം പാനം ചെയ്വാൻ നിങ്ങൾക്ക് ഇടയുണ്ടാവുകയില്ല എന്നുദ്ദേശിച്ചാണൊ മററവൎക്കുവേണ്ടി വാദിപ്പാൻ നിങ്ങൾ ഒരുങ്ങുന്നതു്?" ഇതിനു മറുപടിയായി പ്ലേറ്റോ പറഞ്ഞതു്,

"ഞാൻ എൻെറ രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യേണ്ടിവന്ന ഒരവസരത്തിൽ പലേവിധത്തിലുള്ള ആപത്തുകൾ തരണംചെയ്യേണ്ടിവന്നിട്ടുണ്ട്. ന്യായസംരക്ഷണത്തിനും എൻെറ ഒരു സ്നേഹിതനെ സഹായിപ്പാൻവേണ്ടിയും ഞാൻ ഇപ്പോഴും ഏതു് ആപത്തും സഹിക്കാൻതന്നെ ഒരുങ്ങിയിറങ്ങിയിരിക്കുന്നു" എന്നായിരുന്നു.

ഏകദേശം ഇക്കാലത്തു്, തീബ്സിലേയും അൎക്കേഡിയയിലേയും നിവാസികൾ ഏകോപിച്ചു്, തങ്ങളുടെ പുതിയ സ്ഥാപനമായ 'മെഗാലപ്പൊലിസ്' എന്ന നഗരിയിലെ നിയമസംരക്ഷകനായിരിപ്പാൻ പ്ലേറ്റോയെ ക്ഷണിച്ചുവെന്നും, അദ്ദേഹം ആ അപേക്ഷയെ നിരസിച്ചു എന്നും ചില ചരിത്രകാരന്മാർ പറയുന്നുണ്ട്.

പ്ലേറ്റോവിൻെറ ജീവിതത്തിൽ അതിപ്രധാനമായ സംഭവം അദ്ദേഹം നടത്തിയതായി പറയപ്പെടുന്ന യാത്രകളാണു്. ഈ യാത്രകളിൽ സൎവ്വഥാ പ്രാമുഖ്യം അൎഹിക്കുന്നതു സിസിലിദ്വീപിനെ ഉദ്ദേശിച്ചു് അദ്ദേഹം നടത്തിയ ദേശസഞ്ചാരമാണു്.

സിസിലി എന്ന ദ്വീപും, ആ ദ്വീപിലെ നിരന്തരോജ്വലത്തായ 'എററ്നാ' എന്ന അഗ്നിപൎവതവും സന്ദൎശിക്കണമെന്നുള്ള പ്രധാനോദ്ദേശ്യത്തോടെ പ്ലേറ്റോ യാത്രപുറപ്പെട്ടു. അസാമാന്യധിഷണാവൈഭവമുള്ള ഒരു വന്ദ്യതത്വജ്ഞൻ, തൻെറ രാജ്യത്തിൻെറ പശ്ചിമപ്രദേശങ്ങളിൽ എത്തിയിട്ടുണ്ടെന്നറിഞ്ഞ സൈറക്യൂസ്സിലെ സ്വേച്ഛാപ്രഭുത്വഭരണാധിപതിയായ 'ഡ്യുയനീഷ്യസ്സ്' ഈ തത്വജ്ഞാനിയെ സ്വരാജധാനിയിലേക്ക് ക്ഷണിക്കുകയും, മതം, രാജ്യ

തന്ത്രം, തത്വശാസ്ത്രം, പൊതുവിഷയങ്ങൾ എന്നിവയെപ്പററി ഒട്ടേറെ സംഭാഷണം നടത്തുകയും ചെയ്തു. സംഭാഷണമദ്ധ്യേ, രാജ്യഭരണം ഏകേച്ഛാധീനമായി നിയന്ത്രിതമാകാൻ പാടില്ലെന്നും, ബഹുജനഹിതാനുകൂലമായിത്തന്നെയിരിക്കണമെന്നും സമബുദ്ധിയായ പ്ലേറേറാ സേച്ഛാപ്രഭുവായ ഡയനീഷ്യസ്സിനോട്ട് പ്രസ്താവിപ്പാൻ ഇടയായി. പ്ലേറേറാ പ്രകടിപ്പിച്ച ഈ അഭിപ്രായം ഡയനിഷ്യസ്സിന് തീരെ രസിച്ചില്ല. കോപഹാസ്യങ്ങളുടെ ഏകോപിച്ചുള്ള അഭിഘട്ടനംമൂലം വിസ്മൃതാവസ്ഥനായ ഡയനീഷ്യസ്സ്, പ്ലേറേറായുടെ പ്രസ്താവനയ്ക്കെതിരായി "ഹേ, നിങ്ങൾ, മാമൂൽക്കാരായ ചില വൃദ്ധന്മാരെപ്പോലെ എന്തോ ജല്പിക്കയാണ്" എന്നു പറകയുണ്ടായി.

"നിങ്ങൾ വെറും ജനമർദ്ദനോൽസുകനായ ഒരു ദുഷ്പ്രഭുവെപ്പോലെയാണ് സംസാരിക്കുന്ന"തെന്നുള്ള മറുപടി പ്ലേറേറായും തട്ടിവിട്ടു.

സേച്ഛാപ്രഭുത്വത്തിൻെറ മൂർദ്ധന്യത പരിപാലിക്കുന്ന ഡയനീഷ്യസ്സ് ഈവിധം ഒരു വിദേശീയനാൽ അധിക്ഷിപ്തനായതിൽ അത്യന്തം കുപിതനായി പ്ലേറേറായുടെ ഗളച്ഛേദനം ചെയ്വാൻ തൽക്ഷണംതന്നെ കല്പന പുറപ്പെടുവിച്ച് അരികിലേക്കു സേവകിങ്കരന്മാരെ വിളിച്ചു. ഈവിധം ഡയനീഷ്യസ്സിൻെറ അധികാരവജ്രംകൊണ്ടുള്ള ദുർഗ്ഗതി അത്യാസന്നമെന്നു കണ്ട പ്ലേറേറായെ ആ ആപത്തിൽനിന്നു രക്ഷിപ്പാൻ വിധിനിയുക്തരെന്നപോലെ ഡയൻ, ആരിസ്റ്റോമനിസ്സ് എന്ന രണ്ടു പണ്ഡിതന്മാർ രാജധാനിയിൽ ഡയനീഷ്യസ്സിൻെറ നികടത്തിൽ എത്തി രൂക്ഷമായ കല്പനയുടെ കാഠിന്യം കുറയ്ക്കുന്നതിന് അധിപതിയോടു അപേക്ഷിക്കയുണ്ടായി. പ്ലേറേറായുടെ സ്നേഹിതന്മാരായ ഈ പണ്ഡിതന്മാരുടെ അപേക്ഷമൂലം ഡയനീഷ്യസ്സിൻെറ കോപവഹ്നി അല്പം തണുക്കുകയും, പ്ലേറേറായെ ഒരു അടിമയെന്ന നിലയിൽ എവിടെയെങ്കിലും കൊണ്ടുപോ

യിവിററുകളുവനായി ഡയനീഷ്യസ്സിലെത്തിയ സ്പാർട്ടാദേശീയനായ ഒരു സ്ഥാനാധിപതിയെ ഏല്പിക്കുകയുംചെയ്തു. ഡയനീഷ്യസ്സിൻെറ ആജ്ഞാപനം അനുസരിച്ച് ആ സ്ഥാനാധിപതി പ്ലേറേറായെ യൂജിനാ എന്നദേശത്തേക്കു കൊണ്ടുപോയി. എന്നാൽ, ആതൻസ് ദേശീയനായ ഏതൊരുവനായാലും ആ രാജ്യത്തു പ്രവേശിക്കുന്നപക്ഷം ഗളച്ഛേദം അനുഭവിക്കേണ്ടതാണെന്ന് എന്നു യൂജിനഗവൎമ്മെൻറു ഒരു നിയമം നടപ്പാക്കിയിരുന്ന കാലത്തത്രെ പ്ലേറേറാ ആ സ്ഥലത്തേക്കു നയിക്കപ്പെട്ടതു്. ഡയനീഷ്യസ്സ്, പ്രവൃത്തിപഥത്തിലാക്കാതെ വിട്ട ആ ആജ്ഞാപനം ഇവിടെവച്ചു ശരിക്കു നടത്തപ്പെട്ടും എന്ന പതനത്തിലായി പ്ലേറേറാ വളരെ വിഷമിച്ചു. എന്നാൽ, ഈ അവസരത്തിലും പ്ലേറേറായ്ക്കു രക്ഷാമാർഗ്ഗം ഉണ്ടാകാതിരുന്നില്ല.

ആതൻസുദേശീയനായ പ്ലേറേറായെ യൂജിനക്കാർ മുറയ്ക്കു രാജ്യകാൎയ്യസദസ്സിൻെറ മുമ്പാകെ ഏല്പിച്ചു. സദസ്യർ പ്ലേറേറായോടു്, കുലനാമാദികളെപ്പററിയും യാത്രോദ്ദേശ്യത്തെപ്പററിയും ഒട്ടേറെ പ്രശ്നങ്ങൾ ചോദിക്കയുണ്ടായി. ഈ പ്രശ്നങ്ങളിൽ ഒന്നിനെങ്കിലും മറുപടി പറയാതെ ഗംഭീരനായ ഒരു മുനിയെപ്പോലെ പ്ലേറേറാ മൌനവ്രതം അവലംബിച്ചു് ജീവിതമരണങ്ങൾക്കു സമബുദ്ധിയാണെന്നു് തെളിയിക്കയാൽ അദ്ദേഹത്തിൻെറ ജീവിതാപായം സംബന്ധിച്ച അഭിപ്രായം ഭിന്നമുഖമായി. പ്ലേറേറായുടെ മൌനവ്രതത്താൽ ഒട്ടേറെ ലജ്ജിതരും ക്ഷുബ്ധരുമായ അധിപസദസ്യർ അദ്ദേഹം ഒരു തത്വജ്ഞനാണെന്നു കരുതി അപയശസ്കരമാകാവുന്ന അദ്ദേഹത്തിൻെറ മരണകാൎയ്യത്തിൽ ശ്രദ്ധിക്കാതെ അദ്ദേഹത്തെ സമരാങ്കണത്തിൽനിന്നു പിടിച്ച ഒരു ബന്ദിയുടെനിലയിൽ അടിമയായി ആക്കെങ്കിലും വിലയ്ക്കു കൊടുക്കുന്നതിനു തീരുമാനിച്ചു. എന്നാൽ ഇക്കാലത്തു്, സീറിൻദേശവാസിയായ പ്ലേറേറായുടെ ഒരു സ്നേഹിതൻ അവിടെ എത്തുകയും, ആ മനുഷ്യൻ

ഗണ്യമായ ഒരു തുക യൂജിനാഗവൺമെൻറിനു നൽകി പ്ലേറോയെ സ്വതന്ത്രനാക്കി സ്വദേശത്തേക്കു് അയച്ചുകൊടുക്കുകയും ചെയ്തു. ഈ കഥകൾ പ്ലേറോയിൽനിന്നു മനസ്സിലാക്കിയ അദ്ദേഹത്തിൻെറ സദേശീയരായ സ്നേഹിതന്മാർ, ഉടൻതന്നെ, അദ്ദേഹത്തെ രക്ഷിച്ചയാളിനു നഷ്ടംവരാതിരിപ്പാൻ, അയാൾ പ്ലേറോയെ ഉദ്ദേശിച്ചു വ്യയംചെയ്ത പണം അയച്ചുകൊടുക്കുകയുണ്ടായി. എന്നാൽ ഉദാരശീലനായ ആ സ്നേഹിതനാവട്ടെ, ആതൻസ നിവാസികൾക്കു മാത്രമല്ല പ്ലേറോയെപ്പററി സ്നേഹബഹുമാനങ്ങൾ ഉള്ളതു് എന്ന മറുപടിയോടുകൂടി ആ പണം തിരിയെ അയച്ചുകൊടുക്കുകയാണു ചെയ്തതു്. അക്കാൎയ്യങ്ങൾ എങ്ങിനെയായാലും, അനേകതരത്തിലുള്ള ക്ലേശങ്ങൾ സഹിച്ചതിനുശേഷം പ്ലേറോ സ്വദേശത്തു ചെന്നെത്തി എന്ന വൎത്തമാനം അറിഞ്ഞ ഡയറക്യൂസ്സിലെ ഡയനീഷ്യസ്സ് അല്പം സംഭ്രാന്തചിത്തനാകാതിരുന്നില്ല. തന്നെപ്പററിയോ തൻെറ ഭരണവൈകല്യങ്ങളെപ്പററിയോ വിമർശനരൂപത്തിൽ സ്വാഭിപ്രായം പുറപ്പെടുവിച്ചു് തൻെറ കീൎത്തിക്കു കളങ്കമുണ്ടാക്കാൻ ശ്രമിക്കരുതേ എന്നു് ഡയനീഷ്യസ്സ് പ്രാർത്ഥിച്ചു് പ്ലേറോക്കു് ഒരു ലേഖനം അയയ്ക്കുകയുണ്ടായി. "ഡയനീഷ്യസ്സ്" എന്നു് ഒരാൾ ഉണ്ടെന്നു ചിന്തിപ്പാൻപോലും തനിക്കു് സൌകൎയ്യമില്ലെന്നത്രേ പ്ലേറോ ഇതിലേക്കു നൽകിയ മറുപടി.

ഡയനീഷ്യസ്സിൻെറ മരണാനന്തരം, അദ്ദേഹത്തിൻെറ പുത്രൻ സയറക്യൂസ്സിലെ രാജ്യാധിപത്യം ഏററതോടുകൂടി രണ്ടാമതും ഒരു യാത്ര പ്ലേറോ സിസിലിയിലേയ്ക്കു് തുടൎന്നു. അദ്ദേഹത്തിൻെറ അഭിമതാനുസാരിയായി ഒരു സ്വതന്ത്രദേശാധിപത്യം സ്ഥാപിക്കുന്നതിനുവേണ്ട സ്ഥലങ്ങൾ ലഭിപ്പാൻ ഇടയുണ്ടോ എന്നു് അറിയുന്നതിനായിരുന്നു ഇത്തവണ യാത്രചെയ്തതു്. പുത്രൻ ഡയനീഷ്യസ്സ് ഈ യാത്രയിൽ പ്ലേറോക്കു അനുകൂലങ്ങളായ പല വാഗ്ദാ

നങ്ങളും ചെയ്യുകയുണ്ടായി എങ്കിലും അവ നിർവ്വഹണാതെ സംബന്ധിച്ചടത്തോളം ജലരേഖാപ്രായങ്ങളായിട്ടാണ് വർത്തിച്ചത്. എന്നാൽ ഡയനീഷ്യസ്സിൻെറ സാഹ്യം ലഭിക്കാതിരിപ്പാൻ പ്രത്യേകകാരണവുമുണ്ടായിരുന്നു. ഡയറക്യൂസിലെ രാജാധിപത്യം ശിഥിലിതമാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ നിരന്തരശ്രമം ചെയ്തുപോന്ന ഡയൺ പ്ലേറോയുടെ ഒരു ഉത്തമമിത്രമായിരുന്നു. ഇങ്ങിനെയൊരു പ്രാതികൂല്യം സംഭവിക്കുകയാൽ, മുൻപ് അനുഭവിപ്പാൻ ഇടവന്ന യാതൊരു കഷ്ടതകളുംകൂടാതെ തിരിയെ ആതൻസിൽ ക്ലേശരഹിതനായി ചെന്നുചേരാൻ ഇടയായതു തന്നെ ഒരു മഹാഭാഗ്യമായിരുന്നു.

പ്ലേറോ മൂന്നാമതും സിസിലിയെ ഉദ്ദേശിച്ച് ഒരു യാത്രചെയ്കയുണ്ടായി. ഈ യാത്രയുടെ പ്രധാനമായ ലക്ഷ്യം ഡയനീഷ്യസ്സിന്നും, അദ്ദേഹത്തിൻെറ വൈരിയായ ഡയൺനും തമ്മിൽ ഒരു സന്ധിയുണ്ടാക്കുക എന്നതായിരുന്നു. പ്ലേറോയുടെ ഈ ഉദ്യമം സഫലമാകാതെ അദ്ദേഹം നിരാശനായി തിരികെ പോരികയാണ് ചെയ്തത്.

പ്ലേറോ ദേശസഞ്ചാരോത്സുകനായിരുന്നുവെന്ന് അദ്ദേഹത്തിൻെറ ചരിത്രകാരന്മാർ എല്ലാം ഒരുപോലെ സമ്മതിക്കുന്നുണ്ട്. എന്നാൽ കല്പിതകഥകളിലെ നായകവീരന്മാർക്കുതുല്യം അദ്ദേഹം സങ്കല്പമാത്രഗോചരങ്ങളായ ഓരോ ആപത്തുകളിൽ പെട്ടിരുന്നുവെന്നും കഥകൾ കെട്ടിച്ചമച്ചിട്ടുള്ളതു് അദ്ദേഹത്തെ ഒരു വീരപുരുഷനാക്കണമെന്നുള്ള അനന്തരകാലീനന്മാരുടെ ഉദ്ദേശ്യത്താലായിരിക്കണമെന്നുമാത്രമേ പറവാനുള്ളൂ. തത്വശാസ്ത്രത്തിൽ അത്യന്താസക്തനും ധനവാനുമായ പ്ലേറോ അന്യരാജ്യസഞ്ചാരകൗതുഹലത്തോടെ നടത്തിയതായി പറയപ്പെടുന്ന ഈ യാത്രകൾ അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ തത്തൽദ്ദേശകങ്ങളായി ചെയ്തിട്ടുള്ള ചില സൂചനകളിൽനിന്ന് ചരിത്രകാരന്മാർ

അനുമിച്ചിട്ടുള്ളതായിരിക്കണം എന്നേ നമുക്ക് നിഷ്പക്ഷപാതമായി അഭിപ്രായപ്പെടാൻ ന്യായമുള്ളു.

സദാചാരബോധത്തെപ്പററി യാതൊരു ഗണനയുമില്ലാതെ, ഇന്ദ്രിയവശഗനായി യുവപ്രായത്തിൽ നടന്ന ഒരാളായിരുന്നു പ്ലേറേറാ എന്നു് ഒരു അപവാദം ഈ മഹാനായ തത്വശാസ്ത്രജ്ഞന്റെ പേരിൽ അദ്ദേഹത്തിന്റെ ചില ശത്രുക്കൾ സ്ഥാപിച്ചിട്ടുണ്ട്. ഈ അപവാദത്തിനുകാരണം, അന്നത്തെ ഉൽകൃഷ്ടകുടുംബപ്രമാണികൾ പൊതുവേ അവജ്ഞയോടെ ഗണിച്ചുപോന്ന സാക്രട്ടീസ്സിന്റെ ശിഷ്യത്വം പ്ലേറേറാ അംഗീകരിച്ചതും, അനന്തരകാലത്തു് പ്ലേറേറാതന്നെ സ്ഥാപിച്ചതായ തത്വജ്ഞസിദ്ധാന്തങ്ങളെ അംഗീകരിപ്പാൻ ചില ഇതരതത്വജ്ഞന്മാർ വൈമുഖ്യം പ്രദർശിപ്പിച്ചതുംമററും ആയിരിക്കണം. ഇങ്ങിനെ അദ്ദേഹത്തിന്റെ വൈരികൾ കെട്ടിച്ചമച്ചതായ ഒരു അപവാദമാണു് ഇതെന്നുമാത്രമേ നിഷ്പക്ഷപാതികൾക്കു് പറവാൻ സാധിക്കയുള്ളു. എന്നാൽ അദ്ദേഹം, മററുള്ളവരെപ്പോലെ സദാചാരചൎയ്യയ്ക്കുവേണ്ടി ഗാർഹസ്ഥ്യജീവിതം ഉപേക്ഷിച്ച ശുഷ്കനായ ഒരു സന്യാസിയായിരിപ്പാൻ ഇടയില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽവിവാഹം എപ്പോഴാണു് നടന്നതെന്നു് പറവാൻതക്കലക്ഷ്യം നമുക്കു് യാതൊന്നുമില്ലതന്നെ. എങ്കിലും അദ്ദേഹത്തിന്റെ മരണപത്രികയിൽ സ്വത്തും മററുവസ്തുവകകളും 'അഡിമാൻറിസ്' എന്ന ഒരു ബാലനായി അവകാശപ്പെടുത്തികൊടുത്തിരിക്കുന്നതായി കാണുന്നു. ആ സ്ഥിതിക്കു് ഈ ബാലൻ അദ്ദേഹത്തിന്റെ പുത്രനോപൌത്രനോ ആയിരിപ്പാൻ ഇടയുണ്ടെന്നു് നാം ഊഹിക്കണം. അക്കാലത്തെ ഉൽകൃഷ്ടകുടുംബാംഗങ്ങൾ വിവാഹത്തിൽനിന്നു് പരാങ്മുഖരായിരിക്കുന്നതു് സാധാരണമല്ലാത്തതിനാലും, പ്ലേറേറായുടെ ഗുരുവരനായ സാക്രട്ടീസ്സു് തന്നെ വിവാഹജീവിതം അവലംബിച്ചുപോന്നിട്ടുള്ളതിനാലും, 'നിയമങ്ങൾ' എന്ന ഗ്രന്ഥത്തിൽ പ്ലേറേറാ വിവാഹ

ത്തെപ്പററി അനുകൂലമായി ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിനാലും, അദ്ദേഹം യഥാവിധി ഗാർഹസ്ഥ്യപരിപാലനംചെയ്ത ഒരു പണ്ഡിതനെന്നുവേണം നാം വിചാരിപ്പാനുള്ളതു്.

സർവ്വഥാ ലക്ഷണസമ്പന്നവും ദൃഢവുമായ ഒരു ശരീരമാണു് പ്ലേറേറാക്കു് ഉണ്ടായിരുന്നതെങ്കിലും ശരീരശക്തിയനുസരിച്ചു് അദ്ദേഹത്തിൻെറ സ്വരം ബലവത്തായിരുന്നില്ല. ഉറക്കെ സംസാരിപ്പാൻ അദ്ദേഹത്തിനു് സാധിച്ചിട്ടില്ല എന്നുതന്നെ പറയാം. ആയതുപോലെ അതിരുകടന്നു് ചിരിക്കുക എന്നതും പ്ലേറേറായെ സംബന്ധിച്ചടത്തോളം, കേവലം അസംഭാവ്യമായിരുന്നു. അദ്ദേഹത്തിൻെറ ശരീരലക്ഷണവും മുഖഭാവവും ഒരു കായികാഭ്യാസവിദഗ്ദ്ധനു് വളരെ യോജിച്ചതായിരുന്നു. ഇക്കാൎയ്യത്താൽ അദ്ദേഹം ഏൎപ്പെട്ടിരുന്ന കായികാഭ്യാസമത്സരങ്ങളിൽ ദ്രഷ്ടാക്കളിൽ ഭൂരിപക്ഷവും അദ്ദേഹത്തിൻെറ അവയവദാർഢ്യവും ബലവുംകണ്ടുമാത്രം വിസ്മിതരായി നിന്നുപോയിട്ടുണ്ടായിരുന്നുവത്രേ.

കായശക്തിയെന്നപോലെ ആയുസ്സും പ്ലേറേറായ്ക്കു് അസാധാരണമായ അനുഗ്രഹമായി ലഭിച്ചിട്ടുണ്ടായിരുന്നു. എൺപത്തിഒന്നുവയസ്സ് പ്രായമാകുന്നതുവരെ അരോഗദൃഢഗാത്രതയോടുകൂടി തത്വശാസ്ത്രതത്വപ്രചരണപരമായി പ്രയത്നിച്ച അദ്ദേഹം തൻെറ എൺപത്തിഒന്നാമത്തെ വയസ്സിൽ, ഒരു വിവാഹാഘോഷസ്ഥലത്തുവെച്ചു് പെട്ടെന്നു് നിൎയ്യാതനാവുകയാണു് ചെയ്തതു്. അദ്ദേഹത്തിൻെറ ശരീരം അദ്ദേഹം സ്ഥാപിച്ചിട്ടുള്ള വിദ്യാലയം സ്ഥിതിചെയ്ത സ്ഥലത്തിനു് സമീപമായി സംസ്കാരകൎമ്മങ്ങൾക്കുശേഷം അടക്കപ്പെട്ടിരുന്നു. മഹനീയമായ ഒരു ജീവിതം നയിച്ചതിൻെറ ഫലമായി, പ്ലേറേറായുടെ സംസ്കാരകൎമ്മം നടത്തിയ സ്ഥലത്തു് അദ്ദേഹത്തിൻെറ അപദാനപ്രശംസനാപരമായുള്ള അനേകം പദ്യങ്ങൾ അനന്തരകാലീനന്മാർ എഴുതിച്ചേൎത്തിട്ടുണ്ടു്.

## അദ്ധ്യായം ൪.

### പ്ലേറേറായുടെ പ്രധാനഗ്രന്ഥം.

യവനലോകത്തിൽ തത്വശാസ്ത്രത്തിന് ശാസ്ത്രീയമായ പ്രതിഷ്ഠ കല്പിച്ചവരിൽ സർവ്വഥാ പ്രമുഖനായ പ്ലേറേറാ ലോകം ഒട്ടുക്ക് ഇന്നു സുപ്രസിദ്ധനായി അറിയപ്പെട്ടുന്നതു് അദ്ദേഹത്തിൻെറ ഒരു പ്രധാനഗ്രന്ഥം മുഖേനയാണ്. ഗുരുവൎയ്യനായ സാക്രട്ടിസ്സിൻെറ ചരമഗതിയോടുകൂടി ആ പുണ്യവാൻെറ സംഭാഷണമാത്രപ്രകാശിതങ്ങളായ ശാശ്വതതത്വങ്ങൾ ലോകത്തിന് ലഭ്യങ്ങളല്ലാതെ വന്നേയ്ക്കുമെന്നുള്ള വിചാരത്താൽ പ്ലേറേറാ, അവയെ ഗ്രന്ഥഗതങ്ങളാക്കുന്നതിന് ശ്രമിക്കയുണ്ടായി. എന്നാൽ സാക്രട്ടിസ്സിൻെറ പ്രത്യേകസിദ്ധാന്തങ്ങൾക്കൊപ്പം, തൻെറ അഭിമതാനുസാരികളായ തത്വങ്ങളേയും ഈ ഗ്രന്ഥത്തിൽ സങ്കലനംചെയ്യുന്നതിനും പ്ലേറേറാക്ക് പ്രത്യേകമായ ഉദ്ദേശ്യം ഉണ്ടാകാതിരുന്നില്ല. അതനുസരിച്ചു്, തനിക്കു അതേവരെ ലബ്ധങ്ങളായിരുന്ന പണ്ഡിതാഭിപ്രായങ്ങളും, സ്വാഭിപ്രായങ്ങളും സാക്രട്ടിസ്സിൻെറ വിശിഷ്ടതത്വങ്ങളുംകൂടെ കലൎത്തി ഒരു മഹാഗ്രന്ഥം നിൎമ്മിക്കുന്നതിനാണ് പ്ലേറേറാ ഉദ്യുക്തനായതു്.

'സംവാദപരമ്പര' (Dialogues) എന്ന് പറയപ്പെടാവുന്ന ഈ വിശിഷ്ടഗ്രന്ഥം മുപ്പത്തഞ്ചോളം സംവാദങ്ങൾ കൂടിച്ചേൎന്നിട്ടുള്ളതാണ്. സാക്രട്ടിസ്സുമായി അദ്ദേഹത്തിൻെറ സമാനകാലീനന്മാരായ ഏതെങ്കിലും വിദ്വാന്മാർ നടത്തിയിട്ടുള്ളതായി ഭാവിക്കപ്പെടുന്ന അനേകം സംഭാഷണങ്ങൾ അടക്കിയിട്ടുള്ള ഈ ഗ്രന്ഥത്തിൻെറ പ്രധാനോദ്ദേശ്യം, സാക്രട്ടിസ്സിൻെറ ജ്ഞാനവൈപുല്യവും, ധിഷണാശക്തിയും, സംഭാഷണപരമായി അദ്ദേഹം അവലംബിച്ചു

പോന്ന പ്രത്യേകപദ്ധതിയുടെ വൈശിഷ്ട്യവും ലോകത്തെ അറിയിച്ച് ശുഷ്കമായ ശാസ്ത്രഗ്രന്ഥരീതിയിലല്ലാതെ പ്രൌഢതത്വങ്ങൾ ജനസാമാന്യത്തിന്റെ ശ്രദ്ധാപഥത്തിൽ കൊണ്ടുവരണമെന്നതായിരുന്നു.

വാദപ്രതിവാദചതുരനായിരുന്ന സാക്രട്ടീസ്സിന്റെ സംഭാഷണങ്ങളുടെ സ്വഭാവം മനസ്സിലാക്കണമെന്ന് വാചയിതാക്കൾക്കു തോന്നാവുന്ന ഔത്സുക്യത്തെ ആധാരമാക്കി, ആ സംഭാഷണങ്ങളെ പ്രകാശിപ്പിക്കുന്നതിനു തുടങ്ങിയ പ്ലേറേറാ, സ്വീയാഭിപ്രായങ്ങൾകൂടെ സാക്രട്ടീസ്സിന്റെ വാക്പ്രപഞ്ചം വഴി അവതരിപ്പിക്കാൻ ഉദ്ദേശിച്ചു. ഈ ഉദ്യമം യവനഗ്രന്ഥകാരന്മാർക്കു ദുർല്ലഭമായിരുന്ന സാഹിത്യചാതുരിയോടെ സഫലമാക്കിയിട്ടുണ്ട്. ആയതിനാൽ ഒരു തത്വശാസ്ത്രഗ്രന്ഥം വായിക്കുക എന്ന ക്ലേശകരമായ വ്യാപാരത്താൽ അനവധാനത വായനക്കാർക്കു സംഭവിക്കാതെയിരിപ്പാൻ പര്യാപ്തമായ സാഹിത്യപാടവം ഈ സംഭാഷണപ്രപഞ്ചത്തിൽ തെളിഞ്ഞുകാണുന്നുമുണ്ട്.

പ്ലേറേറായുടെ സംവാദപരമ്പരയിൽ ഏററവും പ്രധാനമായ ഖണ്ഡം ക്ഷമാപണം (Apology) എന്ന പേരിൽ പ്രകാശിതവും, സാക്രട്ടീസ്സിന്റെ അപരാധസ്ഥാപനത്തിന് മുമ്പായി ന്യായാധിപസമക്ഷം ആ ആചാര്യൻ സമർപ്പിച്ചു വാക്പ്രപഞ്ചം അടങ്ങിയതുമാണ്. ഈ 'ക്ഷമാപണം' കൂടാതെ സാക്രട്ടീസ്സിന്റെ ജീവചരിത്രസംബന്ധമായി രചിതങ്ങളായ മൂന്നു സംവാദങ്ങൾകൂടെ പ്രസ്തുത ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. യൂഥിഫ്റോ, ക്രൈറേറാ, ഫേഡോ, എന്ന ആ മൂന്നു സംവാദങ്ങളും തന്നാമകന്മാരായ സ്നേഹിതന്മാരുമായി സാക്രട്ടീസ്സ് നടത്തുന്നവയായിട്ടു കാണിച്ച്, പ്ലേറേറാ തന്റെ ഗുരുവര്യന്റെ ജീവിതരീതിയിലെ പ്രധാനഭാഗങ്ങളും, ആ ആചാര്യന്റെ വിശിഷ്ടാഭിപ്രായങ്ങളും തത്വങ്ങളും സുവ്യക്തമായി പ്രകാശിപ്പിച്ചിരിക്കുന്നു. ഈ നാലു സംവാദഖണ്ഡങ്ങളുടെ ഒരു

ഏകദേശമായ സ്വരൂപജ്ഞാനം അസംഗതമായിരിക്കയി ല്ലല്ലോ.

'യൂഥിഫ്റോ' എന്ന സംവാദഖണ്ഡത്തിൽ സാക്രട്ടീസ്സ് അദ്ദേഹത്തിന്റെ പ്രതിവാദരീതികൌശലംകൊണ്ടു് തന്റെ ഒരു സ്നേഹിതന്റെ മൂഢാഭിപ്രായത്തെ ഖണ്ഡിക്കുന്ന ഒരു ആചാൎയ്യശ്രേഷ്ഠനായി കാണപ്പെടുന്നു.

ന്യായാന്യായബോധത്തിൽ അത്യതിശയനീയമായ ആസക്തിയുണ്ടെന്നു് സ്വയം അഭിമാനിക്കുന്ന യൂഥിഫ്റോ എന്ന യുവവൎയ്യൻ, തന്റെ പിതാവിനെ ഒരു ഘാതകൻ എന്നു കുറ്റംചുമത്തി ശിക്ഷാർഹനാക്കിത്തീൎക്കുന്നു. പിതാവിനു് എതിരായി ഒരു് പുത്രൻ ഈവിധം ഒരു ഉദ്യമത്തിൽ ഏൎപ്പെടാൻ പാടുണ്ടോ എന്നുള്ളതാണു് പ്രസ്തുതസംവാദാന്തൎഗ്ഗതമായ വാദവിഷയം.

യൂഥിഫ്രോയുടെ പിതാവിന്റെ ഒരു ഭൃത്യൻ ആ ഗൃഹത്തിലെ ഒരു അടിമയെ എന്തോ പ്രത്യേക വൈരം പ്രമാണിച്ചു വധിക്കുന്നു. വധ്യനായ ഭൃത്യൻ ശിക്ഷണീയനെന്നു കണ്ട ഗൃഹാധിനാഥൻ ആ ഘാതകനെ ശൃംഖലാബന്ധത്താൽ അസ്വതന്ത്രനാക്കി ഒരു വലുതായ ഗൎത്തത്തിലേക്കു തള്ളി അവനു് എന്തു ശിക്ഷയാണു നൽകേണ്ടതു് എന്നു അറിവാൻ ദൈവജ്ഞന്മാൎക്കു് ആളയച്ചു് അവരുടെ വരവു പ്രതീക്ഷിച്ചു് ഇരിക്കുന്നു. ഘാതകന്റെ ശിക്ഷാസംബന്ധിച്ചു ശരിയായ മറുപടി ലഭിക്കുന്നതിനു മുമ്പു് ക്ഷുത്പിപാസാപീഡിതനായ ഘാതകൻ മൃത്യുവശഗനാകുന്നു. ഈ ഭൃത്യന്റെ മരണത്തിനു പിതാവു് ഉത്തരവാദിയാണെന്നും, അതിനാൽ ശിക്ഷണീയനാണെന്നുമത്രേ യൂഥിഫ്രോയുടെ വാദം.

യൂഥിഫ്രോയുടെ ന്യായബോധാസക്തി സാക്രട്ടീസ്സ് ശരിവെയ്ക്കണമെങ്കിൽ ആ പിതാവിന്റെ പേരിൽ നടത്തുന്ന ഘാതകാപരാധപ്രക്ഷേപണം ധാൎമ്മികമാണോ അല്ലയോ എന്നു് യൂഥിഫ്രോ പറയേണ്ടതായിരിക്കുന്നു. അൎത്ഥ

നുസരിച്ച് ധാൎമ്മികപദ്ധതി എന്നതിനു സാക്രട്ടീസ്സ് വിവരണം ആവശ്യപ്പെടുന്നു. ഈശ്വരാഭിമതമായതാണ് ധാൎമ്മികപദ്ധതിയെന്നും, ധാൎമ്മികമാകുന്നതുകൊണ്ടാണ് ഈശ്വരാഭിമതമാകുന്നതെന്നും രണ്ടു വാദമുഖങ്ങൾ ഇവിടെ സംജാതമാകുന്നു. ഈ വാദമുഖം തുടൎന്നുകൊണ്ട് പോകുകയും സാക്രട്ടീസ്സിന്റെ എതിർവാദങ്ങളെ തട്ടിത്തകൎക്കാമെന്നു ആദ്യമേ അഭിമാനിക്കുന്ന യൂതിഫ്രോ ആ ആചാൎയ്യന്റെ ഒന്നിനു മേലൊന്ന് എന്നുള്ള പ്രശ്നങ്ങൾക്കു ഉത്തരം പറയാൻ സാധിക്കാതെ കുഴങ്ങുകയും ചെയ്യുന്നതായിട്ടാണ് ഈ സംവാദം അവസാനിക്കുന്നത്.

ക്ഷമാപണം അഥവാ 'അപ്പോളജി' എന്ന സംവാദഖണ്ഡം വാസ്തവത്തിൽ, സംഭാഷണങ്ങളോ വാദപ്രതിവാദങ്ങളോ അടങ്ങിയതല്ല. സാക്രട്ടീസ്സിനെ മഹാപരാധകൃത്തായി ബന്ധിക്കപ്പെട്ട അവസരത്തിൽ അദ്ദേഹം ആതൻസുപുരനിവാസികളുടെയും ന്യായാധിപന്മാരുടെയും സമിതിക്കു മുൻപാകെ തന്റെ നിരപരാധിത്വത്തെപ്പററി തെളിയിച്ച ഒരു പ്രസ്താവനയത്രേ ക്ഷമാപണം. ഈ 'പ്രസ്താവന' ഏററവും ലളിതമായ ഭാഷയിൽ സാഹിത്യപ്രൌഢി അശേഷം കാണിക്കാതെയുള്ള ഒരു രീതിയിലത്രേ പ്ലേറേറായാൽ നിബന്ധിതമായിരിക്കുന്നതു. സാഹിത്യപ്രൌഢിയോടു പൊതുവേ കലശലായ പുച്ഛരസം പ്രകടിപ്പിച്ചിരുന്ന തന്റെ ഗുരുവരന്റെ വചനങ്ങൾ അതേരീതിയിൽത്തന്നെ പകൎത്തണമെന്നുള്ള പ്ലേറേറായുടെ ഉദ്ദേശ്യം രീതിവൈശിഷ്ട്യം, സൌഗമ്യം എന്നിവകൊണ്ടു സഫലമായിട്ടുണ്ട്.

ആദ്യമായി, സാക്രട്ടീസ്സ് തന്റെ വാഗ്വൈഭവന്യൂനതയും സാഹിത്യപ്രൌഢി കാട്ടി ശ്രോതൃചിത്തത്തെ സമാകൎഷിക്കത്തക്കവണ്ണം ഉള്ള ആഡംബരവചോജാലം പ്രകാശിപ്പിക്കുന്നതിലെ അക്ഷമതയും പ്രകാശിപ്പിക്കുന്നു. വല്യതായ വാഗ്മിതാപ്രപഞ്ചത്താൽ സത്യാവസ്ഥയെ തിരോഭ്ര

തമാക്കണമെന്ന് അദ്ദേഹത്തിനു ഉദ്ദേശ്യമില്ല. ഈ മുഖ
വുരയ്ക്കുശേഷം, അദ്ദേഹത്തിന്റെ പേരിൽ രാജ്യദ്രോഹപ
രമായ അപരാധം ചുമത്തിയിട്ടുള്ളവരെ അദ്ദേഹം രണ്ടായി
വിഭജിക്കുന്നു. ഒന്നാമത്തെ കൂട്ടർ, നാമനിർദ്ദേശംചെയ്യാൻ
അശക്യമാകുംവണ്ണം ഉള്ള പൊതുജനങ്ങൾ ആണ്. അ
ദ്ദേഹം യുവജനങ്ങളെ വഴിതെറ്റിക്കുന്ന ഒരു നീചാചാര്യ
നാണെന്നു പൊതുജനങ്ങൾ അദ്ദേഹത്തെ ഗണിച്ചു തുടങ്ങി
ട്ട് കാലം കുറെയായി. അരിസ്റ്റോഫനിസ്സിന്റെ "കാർമ്മേ
ഘപടലം" എന്ന വിനോദനാടകം ഈ പൊതുജന ധാര
ണയെ പ്രബലപ്പെടുത്തി. രണ്ടാമത്തെ കൂട്ടർ ആ സമി
തിസമക്ഷം അദ്ദേഹത്തിന്റെ പേരിൽ നിയമപ്രകാരം അ
പരാധാരോപണം ചെയ്തിട്ടുള്ള മിലിട്ടസ്, അനിട്ടസ്സ്, ല
ക്കോൺ എന്നീ കൂട്ടരാണ്.

ഒന്നാമതായി അദ്ദേഹത്തിന്റെ പേരിൽ ചുമത്തിയി
ട്ടുള്ള അപരാധം, ഭൂമ്യാകാശങ്ങൾക്ക് അതീതങ്ങളായ പ്ര
മാവിഷയങ്ങളെപ്പറ്റി വെറും അസംബന്ധപ്രശ്നങ്ങളാ
യ ജല്പനങ്ങൾകൊണ്ടു നന്മയെന്നു തിന്മയുപദേശിക്കുന്ന
ഒരു ദുരാചാര്യനാണ് അദ്ദേഹം എന്നുള്ളതാത്രെ. രണ്ടാമ
ത്തേതു് സാക്രട്ടീസ്സ്, ദുഷ്കർമ്മാസക്തനും യുവജനങ്ങളെ ദു
ർമ്മാർഗ്ഗങ്ങളിലേക്ക് നയിക്കുന്നവനും ആതൻസ്നഗരീനി
വാസികൾ അംഗീകരിച്ചിട്ടുള്ള ദേവതാമാഹാത്മ്യങ്ങളെ
നിരസിച്ച് മറ്റേതോ മതം പ്രതിഷ്ഠിപ്പാൻ ഉദ്ദേശിക്കുന്ന
വനും ആണ് എന്നുള്ളതത്രേ.

ഇവിടെ അർത്ഥാപത്തിക്കുള്ള ഒരു വിരുദ്ധതയെപ്പ
റ്റി അദ്ദേഹം പ്രസ്താവിക്കുന്നു. വിനോദനാടകരചയിതാ
ക്കളുടേയും പൊതുജനങ്ങളുടേയും ദൃഷ്ടിയിൽ, 'സോഫിസ്റ്റ്'
എന്ന ശാഖയിൽ ഉൾപ്പെട്ട പ്രകൃതിദേവതാരാധകനായി
അദ്ദേഹം അപഹസിക്കപ്പെടുന്നു. എന്നാൽ ഇതു് അബ
ദ്ധമാണ്. ഇക്കൂട്ടരോട്ട് അദ്ദേഹത്തിന് വളരെ ബഹുമ

തിയുണ്ടെന്നുള്ള കാര്യം സമ്മതിക്കുന്നു. പക്ഷേ, അദ്ദേഹം അക്കൂട്ടത്തിൽ പെട്ടയാളല്ല. പ്രകൃതിതത്വശാസ്ത്രത്തെപ്പററി അദ്ദേഹത്തിന് യാതൊരു ഗന്ധവുമില്ല. ആ തത്വശാസ്ത്രം നൽകുന്ന ജ്ഞാനത്തോട്ട് അദ്ദേഹത്തിന് എന്തെങ്കിലും അവജ്ഞയുണ്ടായിട്ടല്ല, ആ ജ്ഞാനം സംബന്ധിച്ച് അദ്ദേഹത്തിന് യാതൊരു നിശ്ചയവുമില്ലാത്തതുകൊണ്ടുതന്നെയാണ്.

അദ്ദേഹം യുവാക്കന്മാക്ക് ഓരോ തത്വശാസ്ത്രതത്വങ്ങൾ ഉപദേശിച്ചുകൊടുത്ത് പ്രതിഫലരൂപത്തിൽ ധനാപഹരണംചെയ്യുന്നുവെന്നതും പരമാർത്ഥമല്ല. അദ്ദേഹത്തിന് അന്യന്മാക്ക് പറഞ്ഞുകൊടുക്കത്തക്കതായ യാതൊരു ജ്ഞാനവും നിശ്ചയമില്ല.

എന്നാൽ പിന്നെ ഈവിധം അദ്ദേഹത്തെപ്പററി ഒരു പൊതുജനാവഹേളനം ഉണ്ടാവാൻ കാരണമെന്താണ് ? അതിനു മതിയായ ഹേതുവില്ലാതല്ല. അദ്ദേഹം ഒരു വിചിത്രമായ പദ്ധതി അവലംബിച്ചുപോന്നിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതനായ കേറഫൺ, ഡെൽഫിയിലെ ഓറക്കിളിൽനിന്ന് ലബ്ധമായ ഒരു ദിവ്യവാക്യത്തെ അടിസ്ഥാനമാക്കി അദ്ദേഹത്തെ അനിതരസാധാരണനായ ഒരു ബുദ്ധിമാൻ എന്നു ഗണിച്ചുപോന്നു. ഈ ഗണന പൊതുവേ പടർന്നുപിടിച്ചു. ഇങ്ങിനെ യാതൊരുവിധത്തിലും ബുദ്ധിശക്തിയോ പാണ്ഡിത്യമോ ഇല്ലാത്ത താൻ ഒരു മഹാബുദ്ധിമാനാണെന്ന് 'ഓറക്കിൾ' ഖണ്ഡിച്ച് പറഞ്ഞ പ്രസ്താവന അടിസ്ഥാനരഹിതമെന്ന് തെളിയിപ്പാൻ അദ്ദേഹത്തിന് ഒരു മോഹം ഉദിച്ചു. ആയതിനാൽ അക്കാലത്ത് ഗംഭീരപണ്ഡിതന്മാരെന്നും അഗാധബുദ്ധിമാന്മാരെന്നും ഗണിക്കപ്പെട്ടുപോന്ന രാജ്യതന്ത്രജ്ഞന്മാർ, മഹാകവികൾ, കലാകുശലന്മാർ എന്നിവരെക്കണ്ടു് അവരോട് ശിഷ്യപ്പെടാമെന്ന് അദ്ദേഹം തീച്ചയാക്കി. പക്ഷേ അവരെക്കണ്ടു്,

ങ്ങൾ ഏതേതു ശാഖകളിൽ അഗാധപാണ്ഡിത്യം സമ്പാദിച്ചിട്ടുണ്ടെന്നു വിചാരിക്കുന്നുവോ, അതാതു ശാഖകളിൽ അവരുമായി സംഭാഷണംചെയ്തുനോക്കി. ഈ സംഭാഷണത്തിൻെറ ഫലം, അവൎക്കു യാതൊരു ജ്ഞാനവുമില്ലെന്നോ, അദ്ദേഹത്തേക്കാൾ കൂടുതലായി യാതൊന്നും അറിവാൻ പാടില്ലെന്നോ മാത്രമായിരുന്നു. അവൎക്കു വല്ലതും അറിയാമെന്നുണ്ടെങ്കിൽപോലും, അവർ അഭിമാനിച്ചുപോന്നിരുന്ന പാണ്ഡിത്യത്തിൻെറ തോതു് അനുസരിച്ചു് യാതൊന്നുംതന്നെ അറിഞ്ഞുകൂടാതെയാണു്. അദ്ദേഹത്തിനു് ഒന്നും അറിഞ്ഞുകൂടാ; അദ്ദേഹം ഒരു അജ്ഞൻ എന്നുതന്നെ വിചാരിക്കയുംചെയ്യുന്നു. ഇക്കൂട്ടൎക്കും ഒന്നും അറിഞ്ഞുകൂടാ. പക്ഷെ അവർ സൎവ്വജ്ഞന്മാരെന്നു് നടിക്കുന്നുണ്ടു്. ഇങ്ങിനെ സൎവ്വജ്ഞപീഠം കയറിയവർ എന്നു ഭാവിച്ചുപോന്നവരുടെ മൌഢ്യത്തെ വെളിപ്പെടുത്തുക എന്ന ഒരു പ്രധാനോദ്ദേശ്യത്തോടെ അദ്ദേഹം ഒട്ടൊക്കെ പരിശ്രമിച്ചിട്ടുണ്ടു്. ഈ ഉദ്ദേശ്യം സഫലമാക്കുന്നതിനായി കാലംകഴിച്ചുകൂട്ടിയതിനാൽ അദ്ദേഹത്തിനു് പൊതുക്കാൎയ്യങ്ങളിലോ സ്വന്തംകാൎയ്യങ്ങളിലോ അശേഷം ദൃഷ്ടിവെക്കാൻ സാധിച്ചിട്ടില്ല. ഈ പ്രത്യേകോദ്ദേശ്യത്തോടുകൂടി അദ്ദേഹത്തിൻെറ സ്നേഹിതന്മാരായ ചില യുവജനങ്ങളും ശ്രമിച്ചുപോന്നിരുന്നു. തന്മൂലം പണ്ഡിതപ്രവരന്മാരൊക്കെ വൈരത്തിലായി. ഇങ്ങിനെ പണ്ഡിതശ്രേഷ്ഠന്മാരെന്നു നടിക്കുന്ന സൎവ്വജ്ഞംമന്യന്മാർ ഓരോരുത്തരായി അദ്ദേഹത്തെ വെറുക്കാൻ തുടങ്ങി. അവരുടെ പ്രതികാരേച്ഛ അദ്ദേഹത്തെ യുവജനദ്രോഹി എന്നു് ഒരു അപരാധംചുമത്തി നിന്ദ്യനാക്കിത്തീൎത്തു നിരീശ്വരമതം അദ്ദേഹം പ്രചാരപ്പെടുത്തുന്നു എന്നൊരു അപഖ്യാതി പരത്തി.

അദ്ദേഹം യുവജനങ്ങളെ ദുൎമ്മാൎഗ്ഗരതരാക്കിത്തീൎക്കുന്നുവെന്നു് ഒരു അപരാധം പറയുന്നുണ്ടല്ലോ. അദ്ദേഹം

അവരെ അപ്രകാരം ദുർമ്മാർഗ്ഗാസക്തരാക്കിത്തീർക്കുന്നെങ്കിൽ ആരാണ് ആ യുവാക്കളെ സന്മാർഗ്ഗത്തിലേക്കു പ്രേരിപ്പിക്കുന്നവർ എന്നു ചോദിക്കുന്നു. അദ്ദേഹത്തെ ഒഴിച്ചു മററുള്ളവർ അവരെ സന്മാർഗ്ഗരതരാക്കുമെന്നതാണ് ഉത്തരമെങ്കിൽ ഭൂരിപക്ഷം ജനങ്ങളുടെ സന്മാർഗ്ഗചാരിത്രത്തിനു എതിരായി കേവലം ഒററയാളായ അദ്ദേഹത്തിന്റെ ശക്തി മാത്രം കൊണ്ടു യുവാക്കൾ അസന്മാർഗ്ഗത്തിലേക്കുതന്നെ എങ്ങിനെയാണു ചരിക്കുന്നതു് എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം.

ഇമ്മാതിരിയുള്ള മററനേകം ചോദ്യങ്ങൾ ചോദിച്ചുകഴിഞ്ഞതിനുശേഷം അദ്ദേഹം ആദ്യഭാഗത്തിലേക്കുതന്നെ വീണ്ടും പ്രവേശിക്കുന്നു. അദ്ദേഹത്തന്നു് ഈ വിധം അപായകരമായ ഒരു തൊഴിലിൽ എന്തിനാണ് അദ്ദേഹം നിരന്തരശ്രമം ചെയ്യുന്നതെന്ന് ന്യായാധിപസമിതി ചോദിക്കുമായിരിക്കാം. കാരണം അദ്ദേഹം പറയുന്നു. ഈശ്വരൻ, അദ്ദേഹത്തെ ഈ തൊഴിലിലേക്കാണു നിയോഗിച്ചിട്ടുള്ളതു്. സേനാസംഘത്തിൽ ഒരു ഭടനായിട്ടപ്പായിരുന്ന കാലത്തു് ഇന്ന സ്ഥലത്തു് നില്ക്കണമെന്നു സേനാധിപന്മാർ ആജ്ഞാപിച്ചതു് അനുസരിച്ചു് അദ്ദേഹം അതിവിശ്വസ്തതയോടെ ആ സ്ഥലം വിട്ടു് ഒരിഞ്ചെങ്കിലും മാറിപ്പോകാതെ നിന്നിട്ടുണ്ടു്. അതുപോലെ ഈശ്വരൻ നിയോഗിച്ചുവെച്ചിട്ടുള്ള ഈ സംഭാഷണപരമായ തൊഴിലിൽനിന്നു് അദ്ദേഹം അണുപോലും വ്യതിചലിക്കയില്ല. എന്തെന്നാൽ, ഈശ്വരാനുയോഗത്തിനു വിപരീതമായി പ്രവർത്തിക്കുന്നതു മഹാപാപമാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തിന്നു് ഈ തൊഴിൽ അനുവർത്തിക്കുന്നതുമൂലം, അങ്ങേഅററം മരണംതന്നെ ശിക്ഷയായി വന്നേക്കാം. എന്നാൽപോലും ഈശ്വരനിയുക്തനായ താൻ അനുവർത്തിച്ചുപോന്ന ജീവിതരീതി ഒരു കാലം ഉപേക്ഷിക്കയില്ല. മനുഷ്യർ പറയുന്നതനുസരിച്ചല്ല ഈശ്വരകല്പ

നയനുസരിച്ചേ അദ്ദേഹം പ്രവർത്തിക്കയുള്ളൂ. ആയതിനാൽ, അദ്ദേഹത്തെ വിട്ടയക്കുന്നപക്ഷവും, അദ്ദേഹം മേലാലും ആ നഗരീനിവാസികളോടു, നടത്തിവന്നപ്രകാരം, ഇനിയും സംഭാഷണം നടത്തിക്കൊണ്ടിരിക്കതന്നെ ചെയ്യും. സംശയമില്ല. ഇതുമൂലം യുവാക്കൾ ചീത്തയായിപ്പോകുന്നുവെന്നു പറയുന്നപക്ഷം, താൻ യുവാക്കളെ ചീത്തയാക്കുന്നവൻതന്നെ എന്നു സമ്മതിപ്പാനും അദ്ദേഹം തയ്യാറാണ്.

അദ്ദേഹത്തിന് അവർ മരണശിക്ഷ നൽകാതിരിക്കണമെന്ന് ആഗ്രഹമുണ്ട്. കാരണം, അദ്ദേഹത്തിന്റെ ജീവരക്ഷ അദ്ദേഹത്തിന് എന്തെങ്കിലും അനുഗ്രഹമാകുന്നതിനല്ല അവൎക്ക് ഒരു അനുഗ്രഹമാകുന്നതിനു തന്നെയാണ്. എന്തെന്നാൽ അവൎക്ക് അദ്ദേഹം ഒരു ഈശ്വരദൂതനാണ്. അദ്ദേഹം അവരുടെ നിദ്രയിൽനിന്ന് അവരെ ഉണൎത്തി, സന്മാർഗ്ഗപരങ്ങളായ പ്രവൃത്തികളിൽ ഉന്മുഖരാക്കുന്ന ഒരു ഗോമക്ഷികയാണ്. എന്നാൽ പിന്നെ അദ്ദേഹം പൊതുക്കാര്യങ്ങളിൽ പ്രസക്തി കാട്ടാത്തതു് എന്തുകൊണ്ടാണെന്നു ചോദിക്കുമായിരിക്കാം. ഒരു പൊതുക്കാര്യപ്രസക്തനാവാൻ ഈശ്വരൻ അദ്ദേഹത്തെ നിയോഗിച്ചിട്ടില്ല. അദ്ദേഹം മററുള്ളവരെപ്പോലെ ഒരു പൊതുക്കാര്യപ്രസക്തനായി ന്യായപരിപാലനത്തിനു ശ്രമിച്ചിരുന്നുവെങ്കിൽ എത്രയോ വൎഷംമുൻപുതന്നെ നാമാവശേഷനായിപ്പോയെനെ. ഇങ്ങിനെയുള്ള ഒരു അകാലമൃതിക്ക് ഇടയാകുമായിരുന്നപക്ഷം, അദ്ദേഹത്തിനു യാതൊരു നന്മയും ലോകത്തിനുവേണ്ടി ചെയ്യാൻ സാധിക്കാതെയും ഇരുന്നേനെ.

എന്നാൽ അദ്ദേഹം ഒരു പൊതുക്കാര്യപ്രസക്തനല്ലെങ്കിലും, ആവിധം ഒരു ജീവിതം നയിച്ചിട്ടില്ലെങ്കിലും, യാതൊരു പ്രതിഫലവും പററാതെ, അദ്ദേഹത്തിന് അറിയാവുന്നവ എല്ലാ നാട്ടുകാരേയും മനസ്സിലാക്കിക്കൊടുത്തിട്ടു

ണ്ടു്. ഈ നാട്ടുകാരായ ശിഷ്യന്മാർ സജ്ജനങ്ങളായിത്തീൎന്നിട്ടുണ്ടോ അതോ, അവർ ദുർജ്ജനങ്ങളായിപ്പോയോ എന്ന കാൎയ്യം അദ്ദേഹം അന്വേഷിക്കുന്നില്ല. എന്തെന്നാൽ അവരെ ഇന്ന നിലയിൽ ആക്കിക്കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു് അദ്ദേഹം വിദ്യോപദേശം നടത്തിക്കൊള്ളാമെന്നു് ആരോടും ഏററിട്ടില്ല. അവൎക്കു മനസ്സുണ്ടെങ്കിൽ അദ്ദേഹത്തിനടുത്തു വരും; മനസ്സില്ലെങ്കിൽ വരികയില്ല; വേണ്ടതാനും എന്നത്രേ ഇവരെപ്പററി അദ്ദേഹത്തിനുള്ള വിചാരം. എന്നാൽ അവരിൽ അധികം പേരും അദ്ദേഹത്തെ അന്വേഷിച്ചു കണ്ടുപിടിച്ചുകൊണ്ടിരുന്നു. അദ്ദേഹം മഹാസമൎത്ഥന്മാരെന്നും കുശാഗ്രബുദ്ധികളെന്നും മഹാ പണ്ഡിതന്മാരെന്നും വിചാരിച്ചുപോന്ന ഓരോ കേമന്മാരെ സംഭാഷണങ്ങളിൽ മടക്കി അയക്കുന്നതു കാണുക അവൎക്കു രസകരമായി തോന്നിയിരുന്നതിനാലാണു് ഈ വിധം അവർ അദ്ദേഹത്തെ അന്വേഷിച്ചുതുടങ്ങിയതു്. അവരിൽ ചെറുപ്പക്കാർ അദ്ദേഹത്തിൻെറ ഉപദേശം കേട്ടു ദുഷിച്ചുപോയിട്ടുണ്ടെങ്കിൽ അവരുടെ ബന്ധുക്കളായ പ്രായപൂൎത്തി തികഞ്ഞ അനേകം പേരുണ്ടല്ലോ. അവരിൽ ആരുംതന്നെ, തങ്ങളുടെ ചെറുപ്പക്കാരായ സഹോദരരെയോ, പുത്രന്മാരെയോ അദ്ദേഹം ദുൎമ്മാൎഗ്ഗാസക്തരാക്കിത്തീൎത്തു എന്നു ഒരു അപരാധം അദ്ദേഹത്തിൻെറ പേരിൽ ചുമത്തിയിട്ടുണ്ടോ?

ഇത്രമാത്രമേ അദ്ദേഹത്തിനു പറവാനുള്ളു. അദ്ദേഹത്തിനു മരണശിക്ഷ തന്നെ വിധിക്കുന്നപക്ഷവും, അദ്ദേഹം ആ ശിക്ഷ ഇളവുചെയ്തുകിട്ടാനായി സന്താനങ്ങളേയോ ഭാൎയ്യയെയോ വരുത്തി അവരുടെ അതിരുകടന്ന വ്യസനം സമിതിക്കു മുമ്പാകെ കാട്ടി ആ വിധം ശ്രമിക്കാൻ ഒരുങ്ങുകയില്ല. ന്യായാധിപന്മാരിൽ ചിലൎക്കുതന്നെ ഈ വിധം അപായകരങ്ങളായ ചില ഘട്ടങ്ങൾ വന്നിരുന്നപ്പോൾ അവർ അപ്രകാരം പ്രവൎത്തിച്ചിട്ടുണ്ടു്. എന്നാൽ

അപ്രകാരം ചെയ്യുന്നതും, ന്യായാധിപന്മാരോടു ന്യായമല്ലാതുള്ള ദാക്ഷിണ്യം അൎത്ഥിക്കുന്നതും ആതൻസ് നഗരിയിലെ ഒരു പൌരനു യോജിച്ചതല്ലെന്നു് അദ്ദേഹം വിചാരിക്കുന്നു.

അദ്ദേഹത്തിനു മരണശിക്ഷ വിധിക്കുമായിരിക്കും. എന്നാൽ ആ ശിക്ഷക്കു പകരം മററു വല്ല കഠിനശിക്ഷയും ഏററു ജീവിച്ചിരിക്കുന്നതിന്നു് അദ്ദേഹത്തിനു സമ്മതമില്ല. മരണം ഒരു മനുഷ്യനു അനാശാസ്യമായിട്ടുള്ളതാണെന്നു് അദ്ദേഹം വിചാരിക്കുന്നില്ല. ആതൻസ് നഗരിയിലെ ജനങ്ങളെ സന്മാൎഗ്ഗരതരാക്കുവാൻ ജീവിതകാലം ഒട്ടുക്കു പ്രയത്നിച്ച അദ്ദേഹത്തിന്നു് ഇനി മരണംതന്നെയാണു നല്ലതു്. അക്കാൎയ്യത്തിൽ വ്യസനിപ്പാൻ ഒന്നുമില്ല.

ഇപ്രകാരം, അക്കാലത്തു സാക്രട്ടീസ്സ് പ്രകാശിപ്പിച്ചിരിക്കാവുന്ന വചോജാലം അടങ്ങിയ ഈ ക്ഷമാപണം മനുഷ്യർ എല്ലാപേരും അതിപ്രധാനമായ സദാചാരബോധത്തെ ആധാരമാക്കിവേണം ജീവിപ്പാനുള്ളതു് എന്ന തത്വം നല്ലപോലെ സ്ഥാപിക്കുന്നുണ്ടു്. മനുഷ്യർ എല്ലാപേരും, ധനം, ബഹുമാനം, ഉൽകൃഷ്ടസ്ഥിതി എന്നിവ അടിസ്ഥാനമാക്കിയാണു ജീവിതത്തിന്റെ വിജയാപജയങ്ങളെ കണക്കാക്കിപ്പോരുന്നതു്. ആ അഭ്യുദയലബ്ധിക്കായിമാത്രം ജീവിതം വ്യയംചെയ്യുന്നതുകൊണ്ടുമാത്രമാണു് നിസ്സാരങ്ങളായ ലൌകികമഹിമകളെ മാത്രം മനുഷ്യർ ലക്ഷ്യമാക്കുന്നതു്. ഈ ഒററ സിദ്ധാന്തം സ്ഥാപിക്കുന്നതോടുകൂടി, സാക്രട്ടീസ്സ് മനുഷ്യജീവിതത്തെ ഒരു പ്രായോഗികന്റെ നിലയിൽ പരിശോധിക്കുന്നു. വിവേകവാനും കാൎയ്യകാരണബോധമാത്രരതനുമായ ഒരു ലൌകികമനുഷ്യന്റെ നിലയിൽ ജീവിതമോ മരണമോ, പൊതുക്കാൎയ്യപ്രസക്തി, സ്വാൎത്ഥപരതയോ ഏതാണു ശ്രേഷ്ഠം എന്നു തൂക്കിനോക്കുന്നു. ഇപ്രകാരം പരമശാന്തചിത്തനായി തുലനംചെയ്തതിന്നുശേ

ഷം ജീവിച്ചിരിക്കുന്നതിനേക്കാൾ മരണമാണു ശ്രേഷ്ഠമെന്ന് അദ്ദേഹം തീർച്ചപ്പെടുത്തുന്നു. സാമാന്യമായി പറയുന്നപക്ഷം മരണം എന്നതു ഭയാനകമായ ഒരു സ്ഥിതിഭേദംതന്നെയാണ്. എന്നാൽ തെളിവുള്ള ബുദ്ധിയോടും അവ്യാകുലമായ മനഃസാന്നിദ്ധ്യത്തോടുംകൂടി ആലോചിക്കുന്നപക്ഷം മരണത്തെ നാം അശേഷം ഭയപ്പെടേണ്ടതില്ലെന്നത്രെ അദ്ദേഹം പറയുന്നതു്. മരണം എന്നാൽ ഒന്നുകിൽ നാം നിശ്ശേഷമായ ബോധരാഹിത്യത്തിൽ പ്രവേശിക്കുന്ന അവസ്ഥ; അഥവാ ഉത്തമന്മാരായ യശഃശരീരന്മാരുമായുള്ള നിത്യസഹവാസം എന്നിവയിൽ ഏതെങ്കിലുമാണ്. ഏതായാലുംശരി; അദ്ദേഹത്തിന്റെ അവസാനകാലം അടുത്തുവെന്നും, ആയതിനാൽ അദ്ദേഹം അദ്ദേഹത്തിന്റെ വഴിയായ മൃതിയിലേക്കും, ന്യായാധിപതികളും പൌരസഞ്ചയവും അവരുടെ വഴിയായ ജീവിതത്തിലേക്കും പ്രവേശിച്ചുകൊള്ളട്ടെ എന്നും, ഈ രണ്ടു മാർഗ്ഗങ്ങളിൽ ഒന്ന് ത്യാജ്യമെന്നോ മറ്റൊന്നു സ്വീകാര്യമെന്നോ നിശ്ചയിക്കേണ്ടതു മനുഷ്യനല്ല ഈശ്വരനാണെന്നും അദ്ദേഹം പരമശാന്തതയോടും അതിശയനീയമായ ധൈര്യത്തോടും ദൃഢപ്പെടുത്തിപ്പറയുന്നു.

ഈപ്രകാരം സാക്രട്ടീസ്സിന്റെ ക്ഷമാപണം പ്ലേറ്റോ രേഖപ്പെടുത്തിയിരിക്കുന്നതിനും, യഥാർത്ഥമായി പ്രസ്താവിച്ചിരിക്കാവുന്നതിനും തമ്മിൽ ഉള്ള ബന്ധത്തിന്റെ സ്വഭാവം നിർണ്ണയിപ്പാൻ മിക്കവാറും പ്രയാസമായിട്ടാണിരിക്കുന്നതു്. പ്ലേറ്റോ, തന്റെ ആചാര്യന്റെ വാക്പ്രപഞ്ചം അതേരീതിയിൽതന്നെ പ്രതിഫലിപ്പിച്ചിട്ടുണ്ടോ എന്ന സംഗതി അറിയുന്നതിന് അക്കാലത്തു് ആതൻസ്സുപൌരാവലിയുടെ സമിതിയിൽ സന്നിഹിതരായിരുന്ന ‘സെനോഫൺ’ ഇക്കാര്യത്തെസംബന്ധിച്ചു രേഖപ്പെടുത്തിയിട്ടുള്ളതുമായി താരതമ്യപ്പെടുത്തുക എന്ന ഒരു മാർഗ്ഗമേഉള്ളൂ. ന്യായാധിപതികളുടെയും പൌരന്മാരുടെയും സൌജന്യത്തിനേ

ദാക്ഷിണ്യത്തിനോ വേണ്ടി സാക്രട്ടീസ്സ് യാചിച്ചിരുന്നെ ങ്കിൽ അദ്ദേഹത്തെ നിരപരാധിയാക്കി വിടുമായിരുന്നുവെ ന്നു സെനോഫൺ പ്രസ്താവിച്ചിരിക്കുന്നു. മരണഭയമോ ജീവിതത്തിൽ അതിമോഹമോ അദ്ദേഹം അശേഷം പ്രക ടിപ്പിച്ചിരുന്നില്ലെന്നും, അദ്ദേഹത്തിൻെറ ഇതേവരെയുള്ള ജീവിതകാലത്തിൽ എല്ലായ്പോഴും അദ്ദേഹം മരണത്തെ പ്ര തീക്ഷിച്ച് ഇരിക്കയായിരുന്നുവെന്നും ഈ ചരിത്രകാരൻത ന്നെ രേഖപ്പെടുത്തീയിട്ടുണ്ട്. ഈ ന്യായസമിതിസമക്ഷം അദ്ദേഹം എത്രയും ധീരതയോടും നിസ്സാരവുമായിട്ടാണ് സ്വാഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളത് എന്നു മാത്രമല്ല അ ദ്ദേഹത്തിൻെറ സംഭാഷണരീതിതന്നേയും, ഭാഷാസംബ ന്ധമായി നോക്കുന്നപക്ഷം ഒരു നിസ്സാരതാബുദ്ധിയുടെ ല ക്ഷ്യമായി ഗണിക്കപ്പെടേണ്ടവിധത്തിലായിരുന്നു. ഈ പ രമാൎത്ഥസ്ഥിതിക്ക് അനുസരണമായി പ്ലേറോ തൻെറ ര ചനാമാൎഗ്ഗമായി ഗുരുവരനിൽ ഒരു മാതൃകാപുരുഷത്വവും, പ്രത്യേക ധീരതയും പരമദുൎബ്ബലമായ സ്ഥിതിയിലും ഏററ വും ബലവത്വത്തിൻെറ ലക്ഷ്യമായി പ്രകടിപ്പിച്ച വീരത്വ വും സ്വതസ്സിദ്ധമായ പുഷ്കരസപ്രതിപത്തിയും പ്രത്യേകം ദ്യോതിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്താൽ പ്ലേറോ അല്പം ചില ഭാഗങ്ങൾ കൂടുതലായി ചേൎത്തിരിക്കാമെന്നു നമുക്കു സംശയിപ്പാനേ ഉള്ളൂ. അദ്ദേഹത്തിൻെറ അതിവിചിത്രമാ യ ജീവിതരീതിയും ആ ജീവിതരീതിയിൽ അദ്ദേഹത്തിന്ന് അനുഭവിപ്പാൻ ഇടവന്ന വിധിവൈപരീത്യവും പ്രകാശിപ്പി ച്ചു സാക്രട്ടീസ്സിനു പ്രത്യേകമായ ഒരു ശക്തിവൈഭവം നല്കുന്നവിധത്തിലത്രേ അദ്ദേഹത്തിൻെറ വാക്പ്രപഞ്ചം വിശ്വസ്തശിഷ്യൻ നമ്മുടെ മുമ്പിൽ പ്രത്യക്ഷീഭവിപ്പി ക്കുന്നതു്.

സാക്രട്ടീസ്സിൻെറ ജീവചരിത്രസംബന്ധമായ സംവാദ ങ്ങളിൽ പ്രാധാന്യം അൎഹിക്കുന്ന മറെറാരു സംവാദം 'ക്രൈറേറാ' എന്ന നാമധേയത്തിൽ സുപ്രസിദ്ധവും മരണ

ശിക്ഷാവിധികഴിഞ്ഞ സാക്രട്ടീസ്സിൻെറ ജീവിതരക്ഷോപായങ്ങളുടെ അംഗീകരണത്തിൽ ന്യായ്യതയെ നിഷേധിക്കുന്നതുമാണു്.

ശിക്ഷാവിധി കഴിഞ്ഞു സാക്രട്ടീസ്സ് കാരാഗൃഹനിതനായി താമസിക്കുന്നു. അദ്ദേഹത്തിൻെറ അന്ത്യകാലം ക്രമേണ സമീപിച്ചുവരുന്നു. ഇങ്ങിനെയിരിക്കെ, ഒരുദിവസം പ്രഭാതത്തിൽ, അദ്ദേഹത്തിൻെറ അത്യന്തമിത്രവും സമവയസ്സനുമായ ക്രൈറേറാ ആ കാരാഗൃഹകക്ഷ്യയുള്ളിൽ എത്തി ഗൌരവമേറിയ ഒരു കാൎയ്യത്തെപ്പററി സാക്രട്ടീസ്സുമായി ആലോചിക്കുകയാണു്. അതായതു് സാക്രട്ടീസ്സ് ഏതുവിധത്തിലും ആ കാരാഗൃഹം വിട്ടു് ഒളിച്ചോടിപ്പോകുന്നമെന്നും, തൻെറയും സ്നേഹിതന്മാരുടേയും പ്രത്യേക രക്ഷയിൽ ആതൻസുനഗരിവിട്ടു് ഗ്രീസ്സിലെ ഉത്തരപ്രദേശങ്ങളിൽ എവിടെയെങ്കിലും എത്തി അദ്ദേഹത്തിൻെറ ജീവൻ രക്ഷിപ്പാനുള്ള മാൎഗ്ഗംനോക്കണമെന്നും ക്രൈറേറാ നിൎബന്ധപൂൎവ്വമായി അപേക്ഷിക്കുന്നു. അദ്ദേഹത്തിനു ഈവിധം പലായനംചെയ്യുന്നതിലേക്കു സഹായിക്കുന്നതുനിമിത്തം ഏതൊരു ധനനഷ്ടമൊ ഭൂസ്വത്തിൻെറ നഷ്ടമോ തങ്ങൾക്കുണ്ടാകുമെങ്കിലും അവയൊക്കെ സഹിപ്പാൻ ആ സ്നേഹിതന്മാരും ക്രൈറേറായും സജ്ജരായിരിക്കുകയാണെന്നും അദ്ദേഹത്തെ അറിയിക്കുന്നു. സിമ്മിയസ് എന്ന സ്നേഹിതനും ക്രൈറേറായും ഇങ്ങിനെ അദ്ദേഹത്തെ രക്ഷപ്പെടുത്തുന്നതിലേക്കു വേണ്ട ഉപായങ്ങൾ ആലോചിച്ചുവെച്ചിരിക്കുന്നു, അവ നടത്തിപ്പിൽ കൊണ്ടുവരാനായി അദ്ദേഹത്തിൻെറ സമ്മതം മാത്രം ലഭിക്കണം എന്നത്രേ ക്രൈറേറായുടെ അപേക്ഷ.

എന്നാൽ സാക്രട്ടീസ്സിനു് ഈ നിൎദ്ദേശം അശേഷം സ്വീകാൎയ്യമായി തോന്നുന്നില്ല. കാരാഗൃഹംവിട്ടു് അധികാരസ്ഥാനങ്ങൾ അറിയാതെ ഒളിച്ചോടിപ്പോകുന്നതു ഭീരുത്വ

ത്തിന്റെ ലക്ഷണവും രാജ്യനീതിനിയമങ്ങൾക്ക് ഏത്രയും വിരുദ്ധമായിട്ടുള്ളതുമാണു്. ഒരു പൌരൻ എന്ന നിലയിൽ അദ്ദേഹം രാജ്യനിയമപരിധിക്കുള്ളിലാകയാൽ ആ നിയമശക്തി അത്ര എളുപ്പത്തിൽ നിസ്സാരമാക്കി ഗണിപ്പാൻ പാടുള്ളതല്ല. ആതൻസ് നഗരീസംസ്ഥാനമായ അദ്ദേഹത്തിന്റെ മാതൃഭൂമിയിലല്ലാതെ മറ്റെങ്ങുംതന്നെ നിവസിക്കണമെന്നു് അദ്ദേഹത്തിനു് ആഗ്രഹവുമില്ല. മറ്റെതെല്ലാംരാജ്യത്തിൽ എങ്ങിനെയെല്ലാംഉള്ള ജനങ്ങൾ ഉണ്ടായിരുന്നാലും അദ്ദേഹത്തിന്റെ പ്രധാന ചുമതല ആതൻസ് നിവാസികൾക്കു് സദാചാരതത്വങ്ങൾ ഉപദേശിച്ചുകൊടുക്കുക എന്നുള്ളതാണു്. അനേകവർഷങ്ങളായി ഒരു രാജ്യനിയമം അനുസരിച്ചു് ജീവിച്ചുപോന്നതാൻ, ഇനി അല്പകാലത്തേക്കുകൂടെ നീണ്ടുനിന്നേക്കാവുന്ന ജീവിതംകൊതിച്ചു് രാജ്യദ്രോഹോദ്യമമായ ഒരു നീചപ്രവൃത്തിയിൽ ഒരിക്കലും ഉദ്യുക്തനാകയില്ല എന്നും ഇങ്ങിനെ ഒളിച്ചോടിപ്പോകുന്നതുപ്രമാണിച്ചു് സ്നേഹിതന്മാർ തനിക്കുവേണ്ടി യാതൊരുനഷ്ടവും സഹിക്കേണ്ട ആവശ്യമില്ലെന്നും അദ്ദേഹം ക്രൈറ്റോയോടു് തീർത്തുപറയുന്നു. ക്രൈറ്റോ നിരാശനായി മടങ്ങുന്നു.

പ്രസ്തുതസംവാദഖണ്ഡംകൊണ്ടു് പ്ലേറ്റോ പ്രധാനമായി ഉദ്ദേശിക്കുന്നതു് രണ്ടുസംഗതികളാണു്. സാക്രട്ടിസ്സിനു് മനുഷ്യസാധാരണമായ മരണഭയം ഇല്ലെന്നുമാത്രമല്ല, കാരാഗൃഹംവിട്ടു് ഒളിച്ചോടിപ്പോവുക എന്നതു് രാജ്യനീതിക്കു് വിരുദ്ധമായിരിക്കുന്നതാകയാൽ അപ്രകാരംനീതിനിയമലംഘനം എന്ന അപരാധം തനിക്കു് ഏൾപ്പാൻ ഒരു ഭാവവുമില്ല എന്നത്രേ ആ രണ്ടു പ്രധാനസംഗതികൾ. ഈ സംവാദഖണ്ഡത്തിൽ സാക്രട്ടിസ്സ് വേദാന്തചിന്താപരനായ ഒരു തത്വശാസ്ത്രജ്ഞനായിട്ടല്ല, പ്രത്യുത; നിയമാനുസാരിയായ ഒരു യഥാർത്ഥപൌരനായിട്ടാണു് പ്രത്യക്ഷ

പ്പെടുന്നതു്. ക്ഷമാപണം എന്ന സംവാദഖണ്ഡത്തിൽ നാം കണ്ടതു്, രാജ്യനിയമം എന്തുതന്നേയായിരുന്നാലും താൻ ഈശ്വരാഭിമതമായരീതിയിൽ മാത്രമേ ജീവിക്കയുള്ളു വെന്നു സോക്രട്ടീസ്സ് പ്രസ്താവിക്കുന്നതായിട്ടാണെല്ലോ. എന്നാൽ ക്രൈറേറായിൽ രാജ്യനിയമങ്ങൾക്കാണു് പ്രാധാന്യം നൽകിയിരിക്കുന്നതു്. കാരണം, ഒളിച്ചോടിപ്പോവുക എന്ന പ്രവൃത്തി രാജ്യനിയമാനുസൃതവുമല്ല; ഈശ്വരാഭിമതവുമല്ല എന്നു് അദ്ദേഹത്തിനുള്ള ബോദ്ധ്യംമാത്രമാണു്.

സോക്രട്ടീസ്സിന്റെ പരമതത്വപ്രകാശകവും, ജീവിതാന്ത്യദശാപ്രതിഫലകവും ആയ ഒരു പ്രധാനസംവാദഖണ്ഡമത്രേ അടുത്തതായി നമ്മുടെ ശ്രദ്ധാപഥത്തിൽ എത്തുന്ന 'ഫേഡോ'. കവിസാധാരണമായരീതിയിൽ പ്ലേറേറാ, തന്റെ ഗുരുവരന്റെ അന്ത്യദശാവർണ്ണനം ചെയ്തിരിക്കുന്ന ഈ സംവാദത്തിൽക്കൂടെ പ്രത്യക്ഷീഭവിക്കുന്ന സോക്രട്ടീസ്സ് ആസന്നമരണത്വംനിമിത്തം ഏററവും പരിശുദ്ധനും വന്ദ്യനുമായി നമുക്കു് പ്രത്യക്ഷപ്പെടുന്നു. ആത്മാവിന്റെ നിത്യതയെപ്പററി സോക്രട്ടീസ്സ് പ്രകാശിപ്പിക്കുന്ന തത്വസാരസമുച്ചയം പ്ലേറേറായുടെ അഭിപ്രായങ്ങൾക്കു് അത്യുജ്വലകമായ മുകുരമായി പ്രശോഭിക്കുന്നതു് പ്രസ്തുതസംവാദഖണ്ഡത്തിലാണു്.

സോക്രട്ടീസ്സിന്റെ നിര്യാണത്തിനുശേഷം ഏതാനും മാസങ്ങളോ വർഷങ്ങൾതന്നെയോ കഴിഞ്ഞു്, പെലപ്പൊന്നിസസ്സ് എന്ന നഗരത്തിൽ എകിക്രേററസ്സ് എന്നയാൾ തന്റെ സ്നേഹിതനും സോക്രട്ടീസ്സിന്റെ അന്ത്യകാലത്തു് അദ്ദേഹത്തോടുകൂടിയുണ്ടായിരുന്ന ആളുമായ ഫേഡോയോടു് ആ മഹാനായ ആചാര്യവര്യന്റെ അന്ത്യദിവസത്തെയും, മൃതിയേയുംപററി അറിയാവുന്നപോലെ വിസ്തരിച്ചുപറവാൻ ആവശ്യപ്പെടുന്നു. ഫേഡോ, സോക്രട്ടീസ്സിന്റെ ഒരു ശിഷ്യനാവുകയാൽ ആ ആളിനു് ഇക്കാര്യം നല്ലപോലെ

നിശ്ചയമുണ്ടായിരിക്കുമെന്ന ഉദ്ദേശത്തിലത്രേ എകിക്രേററസ്സ് ചോദിക്കുന്നത്. ഫേഡോ ആ അന്ത്യദശാവർണ്ണനത്തിനും ഒരുമ്പെടുന്നു.

സാക്രട്ടിസ്സിൻെറ മൃതിദിവസം നേരത്തേതന്നെ അദ്ദേഹത്തിൻെറ സ്നേഹിതന്മാരായ ക്രൈറേറാ, തുടങ്ങിയുള്ളവരും, ശിഷ്യന്മാരായ സിമ്മയസ് തുടങ്ങിയവരും ഫേഡോയും അദ്ദേഹത്തിൻെറ അന്ത്യസംഭാഷണം ശ്രവിപ്പാനുള്ള കൌതുകത്താൽ അദ്ദേഹത്തിൻെറ വാസകക്ഷ്യയിൽ പ്രവേശിക്കുന്നു. അവിടെ സാക്രട്ടിസ്സിൻെറ പ്രിയപത്നി അത്യന്തം ശോകാതുരയായി കാണപ്പെടുന്നു. ക്രൈറേറായുടെ ആളുകൾ ഒരുവിധത്തിൽ സാന്തിപ്പയെ അവിടെനിന്ന് മാററിക്കൊണ്ടുപോകുന്നു. സാക്രട്ടിസ്സിൻെറ കരബന്ധനം ചെയ്തിരുന്ന അയഃശൃംഖല മാററപ്പെട്ടതിനാൽ അദ്ദേഹം അന്ന് അല്പം ആശ്വസ്തചിത്തനായി "ദുഃഖത്തിനുശേഷം മനുഷ്യന് അടുത്തതായി സുഖവും ഉണ്ടാകും" എന്ന് ഒരു ലോകനീതിയെപ്പററി പ്രസ്താവിക്കുന്നു. ഇതുകേട്ടുനിന്ന സ്നേഹിതന്മാരിൽ ഒരാൾ ഇങ്ങനെ മനുഷ്യാനുഭവത്തിൽ പെടുന്ന സുഖദുഃഖദ്വയത്തെ 'ഈസപ്പ്' എന്ന സാരോപദേശകഥാരചയിതാവാണെങ്കിൽ രണ്ടുശിരസ്സുള്ള ഒരു ജീവിയാക്കി കല്പിക്കുമായിരുന്നുവെന്ന് സരസമായി പറയുന്നു. ഈസപ്പിനെപ്പററിയുള്ള ഈ സൂചന തുടന്ന് തത്വശാസ്ത്രജ്ഞന്മാർ മരണഭയം ഉള്ളവരല്ല എന്നതുവരെയായി കലാശിക്കുന്നു. "എന്നാൽ അവർക്ക് മരണഭയം ഇല്ല എന്നുവെച്ച് ആരെങ്കിലും ആത്മഹത്യ ചെയ്യാറുണ്ടോ" എന്ന് സാക്രട്ടിസ്സിനോട് സീബ്സ് എന്ന സ്നേഹിതൻ ചോദിക്കുന്നു ഇതിലേക്ക് സാക്രട്ടിസ്സ് സമാധാനം പറയുന്നതോടുകൂടി, പ്രകൃതംമാറി ആത്മാവിൻെറ അനശ്വരത, പുനജ്ജന്മം എന്നിവയെപ്പററിയുള്ള ഒരു ദീർഘമായ വാദപ്രതിവാദമായി ഈ സംഭാഷണം കലാശിക്കുന്നു. തത്വസാ

രസംഗ്രഹംകൊണ്ട് സമ്പൂർണ്ണവും ഗംഭീരവുമായ ഈ സംഭാഷണംകഴിഞ്ഞു്, സാക്രട്ടീസ്സിൻെറ മരണപര്യന്തമുള്ള ഓരോനിമിഷവും കവിസാധാരണമായ വർണ്ണനാരീതിയിൽ 'ഫേഡോ' എകിക്രാററസ്സിനെ പറഞ്ഞുകേൾപ്പിക്കുന്നു. ഇതത്രേ 'ഫേഡോ'യിലെ പ്രതിപാദ്യവിഷയം.

ഇപ്രകാരം പ്ലേറേറായുടെ 'ഫേഡോ' എന്ന സംവാദത്തിൽ ചിത്രീകരിക്കപ്പെടുന്ന സാക്രട്ടീസ്സ്, അദ്ദേഹത്തിന് സ്വതസ്സിദ്ധങ്ങളായ സ്വഭാവമാഹാത്മ്യങ്ങളോടുകൂടിയവനായിത്തന്നെ കാണപ്പെടുന്നു. എത്ര ഗഹനമായ വിഷയത്തിലും ശരിവരെ പ്രവേശിക്കുന്ന പരമനിശിതമായ ബുദ്ധി, ലോകസംബന്ധമായുള്ള നിരീക്ഷണപാടവം, സമ്പൂർണ്ണമായ സ്വാതന്ത്ര്യബോധം, ജനനമരണങ്ങളെപ്പററിയുള്ള പരമശാന്തമായ അഭിപ്രായസഞ്ജീകരണാസക്തി എന്നീ മഹദനുഗ്രഹങ്ങൾ സംയോജിച്ച ഒരു വിശിഷ്ടാചാര്യനായിട്ടാണ് സാക്രട്ടീസ്സ് പ്രത്യക്ഷപ്പെടുന്നത്. അദ്ദേഹത്തിൻെറ ചരമദശാവസരത്തിൽ കാണപ്പെട്ട സ്ഥിതിഭേദങ്ങളെ എത്ര കൃത്യമായും, വിശ്വസ്തതയോടും ചിത്രീകരിച്ചിരിക്കുന്നു! ആ ആചാര്യരത്നത്തിൻെറ അന്ത്യാഭിലാഷം, ഏസ്ക്ലിപ്പസ്സിന് നേർന്നിരുന്ന ഒരു നേർച്ച നടത്തണമെന്നു ക്രൈറേറായോടുചെയ്ത അപേക്ഷയാണെല്ലോ. ഇത്ര നിസ്സാരമായ ഒരു അഭിലാഷംമാത്രമേ പരമഗംഭീരനായ ഒരു തത്വജ്ഞാഗ്രേസരന് അദ്ദേഹത്തിൻെറ ചരമനിമിഷത്തിൽ ഉണ്ടായിരുന്നുള്ളുവെന്നതു തീർച്ചയായും വിസ്മയജനകമാണ്. എന്നാൽ ആ അഭിലാഷം നിസ്സാരമായിട്ടുള്ളതല്ല. ശത്രുപക്ഷക്കാർ നിരീശ്വരവാദിയെന്നുള്ള അപരാധം ചുമത്തി മൃതിശിക്ഷവിധിച്ച സാക്രട്ടീസ്സിന്, അദ്ദേഹത്തിൻെറ മരണസമയത്തു് ഒരു നേർച്ച് നടത്തേണ്ട അത്യാവശ്യകതയെ ഓർമ്മവന്നുവെന്നും, ആ നേർച്ച് നടത്തിപ്പാൻ അമാന്തിക്കരുതെന്ന് അദ്ദേഹം തൻെറ ഒരു മിത്രത്തിനോടു അപേക്ഷ

ച്ചുവെന്നുമുള്ള സംഗതി അദ്ദേഹത്തിന്റെ ഈശ്വരവിശ്വാസത്തെ വേണ്ടുവോളം പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. അദ്ദേഹത്തിന്റെ നിനച്ചിരിയാതെയുള്ള മരണം ദൈവദുർവിപാകത്താൽ സംഭവിച്ചതാണെന്നു അദ്ദേഹം വിചാരിക്കുന്നില്ല. ജീവിതം എന്ന ആ മഹാരോഗത്തിൽനിന്നു അദ്ദേഹത്തിനു രക്ഷ നൽകിയതു സംബന്ധിച്ചു് അദ്ദേഹം ഏതോ ഗ്രീക്ക് ദേവതയ്ക്കായി നേർന്ന ഒരു വഴിപാടായിട്ടാണ് ഈ നേർച്ചയെ കരുതേണ്ടതു്. സന്തോഷസന്താപങ്ങളിൽ സമചിത്തവൃത്തിയും ജീവിതമരണങ്ങളിൽ തുല്യാദരനുമായ സാക്രട്ടീസ്സ് എത്ര ഗംഭീരനായ ഒരു തത്വജ്ഞാനിയാണെങ്കിലും അന്നത്തെ ആഥൻസ് നിവാസിയായ ഒരു സാധാരണനൊപ്പം അക്കാലത്തെ ഈശ്വരവിശ്വാസത്തിന്റെ സ്വഭാവം അദ്ദേഹത്തിലും ധാരാളമായി ഉണ്ടായിരുന്നുവെന്നും, ഇതിനാൽ, അദ്ദേഹം നിരീശ്വരവാദിയാണ് എന്നു പറയുന്നതു വെറും അബദ്ധധാരണയാണെന്നുമല്ലേ നമുക്കു തെളിയുന്നതു്?

'ഫേഡോ' എന്ന സംവാദം സുപ്രസിദ്ധങ്ങളായ ഏതു് യവനനാടകകൃതികളോടും തുല്യപ്പെടുത്താവുന്നതാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. ഗ്രീസ്സിലെ നാടകങ്ങൾ പ്രാധാന്യേന ദുഃഖാവസായികളാണല്ലോ. കഥാപാത്രങ്ങൾ, നായകൻ, കഥാബന്ധം, കാലദേശവ്യാപാരൈക്യങ്ങൾ, എന്നിവയുടെ സംയോജനപ്രകാരത്തോടെ നായകന്റെ മൃതിയും കുറിക്കുകയാണല്ലോ ശോകപര്യവസായികളായ യവനനാടകങ്ങളുടെ സാമാന്യലക്ഷണം. ഈ പ്രത്യേകതകൾ എല്ലാം 'ഫേഡോ'യിലും നമുക്കു വ്യക്തമായി കാണാവുന്നതാണ്.

കാരാഗൃഹത്തിലെ വാസകക്ഷ്യയത്രേ രംഗം. നായകനായ സാക്രട്ടീസ്സിന്റെ വാസകക്ഷ്യയിൽ സ്നേഹിതന്മാർ വന്നു ചേരുന്നു. തത്വശാസ്ത്രപരമായ ഒരു ചിന്തനത്തിൽ

കലാശിക്കാവുന്ന സംഭാഷണം തുടൎന്നു കൊണ്ടുപോകുന്നതിന്ന് 'സാന്തിപ്പ്'യുടെ സാന്നിദ്ധ്യം ആവശ്യമില്ലാത്തതിനാൽ ആ കഥാപാത്രം രംഗത്തിൽനിന്നു തിരോഹിതമാകുന്നു. പക്ഷെ, അധികം താമസിയാതെ തന്റെ മൂന്നു സന്താനങ്ങളോടുംകൂടി ആ സ്ത്രീരത്നം വീണ്ടും വന്നുചേരുകയും അവസാനമായ യാത്ര പറഞ്ഞു് വീണ്ടും രംഗം വിട്ടു് പോവുകയും ചെയ്യുന്നു. തങ്ങളുടെ വാദങ്ങൾ ഓരോന്നും സാക്രട്ടിസ്സിന്റെ ഖണ്ഡനമേറ്റു ശിഥിലങ്ങളാവുന്നതിനാൽ സ്നേഹിതന്മാരുടെ മുഖത്തു വൈവൎണ്യവും, അദ്ദേഹത്തിന്റെ നൂതനസിദ്ധാന്തങ്ങൾ കേൾക്കുന്നതിനാൽ സന്തോഷസൂചകമായ ഭാവഭേദവും സ്ഫുരിക്കുന്നു. ഫേഡോയുമായി സാക്രട്ടിസ്സ് നടത്തുന്ന സുഹൃന്മാത്രസാധാരണങ്ങളായ നൎമ്മകേളീവിലാസങ്ങൾ പ്രത്യേകം പ്രതിഫലിക്കുന്നു. അന്ത്യദശാവിപാകത്തിൽ അസ്തംഗതശക്തിയായി സാക്രട്ടിസ്സ് ആപതിക്കുന്നു. എന്നിങ്ങനെയുള്ള ഓരോ ഭാഗങ്ങളും ഓരോ സംഭവങ്ങളും ഒരു കവനകലാകുശലനോ, നാടകകൎത്താവിനോ മാത്രം ജന്മസിദ്ധമായ വാസനാവൈഭവത്തോടും, അഭ്യാസപാടവത്തോടുംകൂടി പ്ലേറ്റോ ഈ സംവാദഖണ്ഡത്തിൽ ചിത്രീകരിച്ചു കാണിക്കുന്നു. കലയുടെ ആഹാൎയ്യത, അതിൽ സിദ്ധിച്ചിട്ടുള്ള അഭ്യാസവൈശിഷ്ട്യത്താൽ നിശ്ശേഷം തേഞ്ഞുമാഞ്ഞു ഒരു പരമസ്വാഭാവികതയെ പ്രത്യക്ഷമാക്കുന്നു. ഇങ്ങിനെയുള്ള ഒരു അസാധാരണമായ വൎണ്ണനാഘട്ടം കാണണമെങ്കിൽ സാക്രട്ടിസ്സിന്റെ അന്ത്യദശ പ്ലേറ്റോ ചിത്രീകരിച്ചിരിക്കുന്നതു നോക്കിയാൽ മാത്രം മതി. അതിലളിതമായ ഭാഷയിൽ എത്ര സരസമായും സൂക്ഷ്മമായിട്ടുമാണു് സാക്രട്ടിസ്സിന്റെ അന്ത്യദശയിലെ ഒരു ഘട്ടങ്ങളും പ്ലേറ്റോ വൎണ്ണിക്കുന്നതു്. അദ്ദേഹത്തിന്റെ ഇപ്രകാരമുള്ള വൎണ്ണനയ്ക്കു വിഷയീഭവിച്ചിട്ടുള്ള ഓരോ സംഭവവും, ഓരോ വാക്കും നമ്മുടെ ഹൃദയത്തിന്റെ സകല ഭാഗവും സ്പൎശിച്ച് തത്വശാസ്ത്രജ്ഞാനത്താലും അനേക കാല

ത്തെ അഭ്യാസത്താലും മാത്രം സിദ്ധമാകാവുന്ന ഒരു പരമശാന്തത നമ്മുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുന്നില്ലേ? ഇപ്രകാരം പ്ലേറ്റോ, തന്റെ ഗുരുവരന്റെ അന്ത്യദശാവൎണ്ണനം ചെയ്യുന്നതുപോലെ ഹൃദയദ്രവീകരണത്തിന്നു ഉതകുന്ന ഒരു ഘട്ടം, പ്രാചീനങ്ങളോ അൎവ്വാചീനങ്ങളോ ആയ യാതൊരു പാശ്ചാത്യനാടകങ്ങളിൽപോലും കാണ്മാൻ പ്രയാസം എന്നത്രേ യൂറോപ്യപണ്ഡിതരത്നങ്ങൾ അഭിപ്രായപ്പെടുന്നതു.

ഇപ്രകാരം മുപ്പത്തിഅഞ്ചു സംവാദങ്ങൾ അടങ്ങിയതായ, പ്ലേറ്റോയുടെ ഗ്രന്ഥത്തിൽ കാണുന്ന ഏതാനും ഖണ്ഡങ്ങൾക്കു അത്രത്തോളം പ്രസിദ്ധിയില്ല. അവ അദ്ദേഹത്താൽ എഴുതപ്പെട്ടവയാണെന്നുകൂടെ ഗണിക്കപ്പെടുന്നില്ല. ഓരോ സംവാദഖണ്ഡത്തിലേയും വിഷയങ്ങൾ മാറിക്കൊണ്ടിരിക്കുമെന്നു നാം കണ്ടുവെല്ലോ. ഈ സകല ഖണ്ഡങ്ങളിലും വെച്ചു് എത്രയും സുഗമവും സരളവുമായി രചിക്കപ്പെട്ടതത്രേ ക്ഷമാപണം. ക്രൈറ്റോ, ഗാൎഗിയസ്, റിപ്പബ്ളിക്ക് എന്നിവയും സൌഗമ്യസാരള്യങ്ങളിൽ ഒട്ടും പിന്നാക്കം അല്ല. എന്നാൽ പാൎമിനയിഡ്സ്, സോഫിസ്റ്റ്, സ്റ്റേറ്റ്സ്മാൻ, ഫീലിബസ്സ് എന്നിവയാകട്ടെ, തത്വശാസ്ത്രതത്വങ്ങളുടെ നിബിഡതമൂലം സാധാരണവായനക്കാരനു ദുൎഗ്രഹങ്ങളായി കണ്ടേക്കാം. സാക്രട്ടിസ്സിന്റെ സംഭാഷണരീതിയുടെ മാഹാത്മ്യവും, വാദപ്രതിപത്തിയുടെ വൈശിഷ്ട്യവും പ്രത്യേകം പ്രതിഫലിപ്പിക്കുന്നതും പ്ലേറ്റോയുടെ അത്യന്തോൽകൃഷ്ടങ്ങളായ സന്മാൎഗ്ഗികസിദ്ധാന്തങ്ങളെ പ്രകാശിപ്പിക്കുന്നതുമായ ഒരു സംവാദഖണ്ഡം ഗാൎഗിയസ്സ് എന്നുള്ളതാണു്. റിപ്പബ്ളിക്ക്, ഫേഡ്രസ്സ്, ബാൻക്വറ്റ് എന്നിവയാകട്ടെ, ശാസ്ത്രപ്രതിപാദനരീതിയുടെ ശുഷ്കത ലവലേശം ബാധിക്കാതെ തത്വസമ്പൂൎണ്ണങ്ങളും പ്ലേറ്റോയുടെ സാരസ്യം വേണ്ടുവോളം തെളിയിക്കുന്നവയാണു്. സാഹിത്യമധുരിമയാൽ പ്ര

ത്ത്യകം ആകർഷണീയങ്ങളായ സംവാദങ്ങളിൽ ഗ്രീക്കകാരുടെ സാമുദായിക സ്ഥിതിഗതികൾ നല്ലപോലെ പ്രതിഫലിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്നു പ്രോട്ടഗരസ്സ് എന്ന സംവാദം തന്നെ ധാരാളം മതിയാകും. അപ്പൊല്ലോഡറസ്സ് എന്ന തൻെറ മിത്രത്തിൻെറ സുതനായ ഹിപ്പോക്രേററസ്സിനാൽ സക്രട്ടിസ്സ് ഒരു ദിവസം ഉണർത്തപ്പെട്ടതും കല്ലിയസ് എന്ന മാന്യൻെറ അതിഥിയായി താമസിച്ചിരുന്ന പ്രോട്ടഗരസ്സ് എന്ന മഹാപണ്ഡിതനായ തത്വശാസ്ത്രജ്ഞനെ കാണ്മാൻ പോയതും അതിസരസമായി വർണ്ണിച്ചിട്ടുണ്ട്. ഇതിനേക്കാൾ, സാമുദായികസ്ഥിതികളെ കുറെക്കൂടെ സ്പഷ്ടമായി കാണിക്കുന്ന ഒരു സംവാദമത്രേ തെയററിററസ്സ് എന്നു പറയപ്പെടുന്നതു്.

ഇങ്ങിനെ പ്ലേറേറായുടെ സംവാദപരമ്പര കേവലം ശുഷ്കങ്ങളായ തത്വശാസ്ത്രപ്രതിപാദനങ്ങൾ കൊണ്ടു നിറക്കാതെ വിഷയവൈചിത്ര്യവും സാഹിത്യരസികതയും വേണ്ടുവോളം വഹിക്കുന്ന ഒരു മഹാകൃതിയാണെന്നു പറഞ്ഞുവല്ലോ. അദ്ദേഹം ഒരു തത്വജ്ഞൻ എന്ന നില എത്രത്തോളം പ്രകാശിപ്പിച്ചിട്ടുണ്ടോ അത്രയോ അതിൽ കൂടുതലായോ ഒരു സാഹിത്യകാരനെന്നും ഈ ഗ്രന്ഥം തെളിയിക്കുന്നതാണു്. തത്വസിദ്ധാന്തങ്ങൾകൊണ്ടു സംഭാഷണം മുരടിക്കുന്നതു് അനുചിതമെന്നു തോന്നുന്ന ഭാഗങ്ങളിൽ പ്ലേറേറാ പ്രമാണീഭൂതങ്ങളായ തത്വങ്ങളെ അവതരിപ്പിക്കാതെ അവയുടെ സിദ്ധാന്തസാരം രസകരങ്ങളായ കല്പിതകഥകളുടെ അവതരണംകൊണ്ടു വായനക്കാൎക്കു സുപരിചിതങ്ങളാക്കിത്തീൎക്കും. വംശപരമ്പരയാ വിശ്വസിക്കപ്പെട്ടുവരുന്ന കെട്ടുകഥകളുടെ സ്ഥാനമത്രേ പ്ലേറേറായുടെ ഈ കല്പിതകഥകൾക്കും നാം നൽകേണ്ടതു്.

രസകരങ്ങളായ പല കല്പിതകഥകളും സംഭാഷണരൂപമായ ഒരു ഗ്രന്ഥത്തിൽ കൂട്ടിച്ചേൎക്കുന്നതു വായനക്കാൎക്കു

രസകരമായിരിക്കുമെന്നതിൽ സംശയമില്ല. ഈ കഥകളു ടെ സ്വഭാവം അറിയുന്നതിന്ന അവയിൽ ചിലതുകളുടെ ഒരു സ്വരൂപജ്ഞാനംസിദ്ധിച്ചാൽ മതിയാകുന്നതാണ്.

പ്ലേറേറായുടെ അതിപ്രസിദ്ധമായ ഒരു ചെറിയ കെട്ടുകഥ, മരിച്ചവരുടെ പുണ്യപാപങ്ങൾ ഈശ്വരൻ ഗണനം ചെയ്ത ആ പുണ്യപാപങ്ങൾ അനുസരിച്ച് അവൎക്ക സ്വർഗ്ഗനരകങ്ങൾ യഥായോഗ്യം നൽകുന്ന ഒരു മഹനീയസംഭവം ഒരാൾ ഒരു അൎദ്ധനിദ്രാസ്വപ്നത്തിൽ കാണുന്നതായി പ്രസ്താവിച്ചിട്ടുള്ളതാണ്. മറെറാരു കഥ ഇതിനെക്കാൾ കുറെക്കൂടെ രസകരമായിട്ടുണ്ട്. അതായത് ഒരു തത്വശാസ്ത്രജ്ഞൻ അപ്രായോഗികമായ അലൌകികതത്വസിദ്ധാന്തങ്ങളിൽ മുഴുകി ഇഹലോകത്തിൽ എങ്ങിനെയാണ് ജീവിക്കേണ്ടത് എന്ന് അറിയാതെ വിഷമിക്കുന്നു. പരലോക സുഖാനുഭൂതികൾ എന്ന സമ്പൂൎണ്ണസൂൎയ്യൻ അയാളുടെ ദൃഷ്ടിക്കു നേരെ നില്ക്കുന്നു. ആ ജ്യോതിസ്സിൽതന്നെ സ്ഥിരമായി നോട്ടം ഉറപ്പിച്ചുകൊണ്ടിരിക്കുന്ന ആ തത്വജ്ഞന്നു കേവലം അന്ധകാരമയമായ ഐഹികലോകത്തിൽ എപ്രകാരമാണു കണ്ണു തുറക്കാൻ സാധിക്കുന്നത്! ഇങ്ങിനെ തത്വശാസ്ത്രത്തിൽ അത്യധികമായ ആസക്തി നിമിത്തം അയാൾ ഇഹലോകത്തിൽ അന്ധനെപ്പോലെ വൎത്തിക്കുന്നുവെന്നു പ്ലേറേറാ സരസമായി പ്രസ്താവിക്കുന്നു.

പഞ്ചേന്ദ്രിയങ്ങൾ എന്ന അശ്വങ്ങൾ പൂട്ടിയ മനുഷ്യജീവിതമാം രഥം മനസ്സെന്ന തേരാളി തെളിച്ചു പലേ അപകടങ്ങളിലേക്കും ചെന്നു ചാടുന്നമറെറാരുകഥ ആലോചനാമൃതമായ സാഹിത്യത്തിന്നും തത്വത്തിന്നും എത്രയും ഉത്തമദൃഷ്ടാന്തമായി മറെറാരിടത്തു പ്ലേറേറാ വിസ്തരിക്കുന്നു. ആയതുപോലെ, നാനാജന്തുസമ്പൂൎണ്ണവും നാനാമനുഷ്യവാസസ്ഥാനവുമായ ഇഹലോകത്ത് മനുഷ്യൻ ഉന്നതമായ

ഒരു നിലയിൽ വർത്തിക്കുന്നതിന് സാമുദായികസങ്കേതപരിപാലനം, കലാവിദ്യ എന്നിവകൾക്ക് എത്രമാത്രം അടിമപ്പെട്ടിട്ടുണ്ടെന്നു മറെറാരുകഥ നമ്മെമനസ്സിലാക്കുന്നു— അററ്ലാൻറിക് മഹാസമുദ്രത്തിൻെറ അങ്ങേക്കരയിൽ സമ്പൂർണ്ണമായഗുണവിഭവത്തോടുകൂടി ഒരു മാതൃകാലോകം ഉണ്ടെന്ന് ഭാവനചെയ്തു ആ ലോകത്തെപ്പററി ചെയ്യുന്നരസകരമായ ഒരു വർണ്ണന ആപാദചൂഡം ആസ്വാദ്യമാണെന്നു വായനക്കാർക്ക് ബോധപ്പെടും.

കേവലം സംവാദപ്രധാനമായ തൻെറ ഗ്രന്ഥത്തിൽ സംഭാഷണത്തിൽ, ഏർപ്പെട്ടിരിക്കുന്നകഥാപാത്രങ്ങളെക്കൊണ്ടു് ഇടക്കിടക്കു് ഇമ്മാതിരി കഥകൾ കൂടെ പറയിക്കുന്നതു് മൂലം പ്ലേറേറാ വായനക്കാരുടെ ആഹ്ലാദം മാത്രമല്ല പ്രതീക്ഷിക്കുന്നതു്. ഈ കല്പിതകഥകൾകൊണ്ടു് വിഷമമേറിയവയും ദുർഗ്രഹങ്ങളുമായ പലലോകതത്വങ്ങളും എളുപ്പത്തിൽ അന്യന്മാർക്ക്മനസ്സിലാക്കി കൊടുക്കണമെന്നു് കൂടെ അദ്ദേഹത്തിനു ഉദ്ദേശ്യമുണ്ടു്. നോക്കുക: ലിപിവിന്യാസം എന്നവിദ്യനടപ്പിൽ വന്നതോടുകൂടി പ്രാചീനമയ രീതിവിട്ടു ഓർമ്മശക്തിസംബന്ധിച്ചേടത്തോളം മനുഷ്യർ അധഃപതിച്ചുപോയി എന്നാശയമാത്ഥം പ്ലേറേറാ ഒരുചെറിയ കല്പിതകഥമൂലം തെളിയിക്കുന്നതു് ഇങ്ങനെയാണു്.

പണ്ടു് ഈജിപ്ററിൽ, ഓക്രാററിസ് എന്നസ്ഥലത്തു് 'ത്യൂയത്തു്' എന്നു് പേരായി ഈജിപ്ററ്കാർ കലാവിദ്യാവതാരകൻ എന്നു് വിശ്വസിക്കപ്പെട്ടുപോരുന്ന ഒരു ദേവതയുണ്ടു്. ഈദേവതയുടെ മാഹാത്മ്യംകൊണ്ടാണു് ലോകത്തു് ആദ്യമായി ഗണനശാസ്ത്രവും അക്ഷരങ്ങളും എന്നു വേണ്ടാ അതിപ്രധാനമായ ലിപിവിന്യാസവിദ്യപോലും പ്രചാരത്തിൽ വന്നതു് എന്നു് ഈജിപ്ററുകാർ വിശ്വസിക്കുന്നു.

അക്കാലത്തു് ഈജിപ്റ്ററിൽ ഉന്നതമായ ഒരുസ്ഥലത്തു് സ്ഥിതിചെയ്തിരുന്ന രാജധാനിയിൽ, തദധിപതിയായി ത്രൂയസ്സ് എന്നൊരു രാജാവുണ്ടായിരുന്നു. കലാവതാരകനായ ത്രൂയത്തുദേവൻ ഒരുദിവസം ഈ രാജാവിനെ കണ്ടു്, തന്നാൽ ഇദംപ്രഥമമായി ലോകത്തേക്കു് കൊണ്ടുവരപ്പെട്ടിട്ടുള്ള വിദ്യകൾ ഈജിപ്റ്ററിൽ എങ്ങും പ്രചരിപ്പിക്കുവാൻ രാജാവു് പ്രത്യേകശ്രമം ചെയ്യേണ്ടതാണെന്നു ആജ്ഞാപനം ചെയ്യുവാനായി ത്രൂമസ്സിൻെറ രാജധാനിയിൽ എത്തി. ബുദ്ധിമാനായ ത്രൂമസ്സ് പുതിയ കലകൾ ഓരോന്നായി കേട്ടു് അവയെപ്പററി സ്വതന്ത്രമായഗുണദോഷനിരൂപണംചെയ്തു തുടങ്ങി ഇങ്ങനെപലകലകളെപ്പററിയും ആ രാജവയ്യൻചെയ്ത വിമശനം വിസ്തരിപ്പാൻ പ്രയാസം. ലിപിവിന്യാസത്തെപ്പററിയുണ്ടായ വിമർശനം മാത്രം പറയാം.

ത്രൂയത്തു്:— അല്ലയോ രാജാവേ, ലിപിവിന്യാസംഎന്ന ഈപുതി കണ്ടുപിടിത്തം ഈജിപ്ററ് ദേശീയക്കു് എത്രയോ ഉപകാരപ്രദമായ ഒന്നാണു്. അവരുടെ ഓമ്മശക്തി വദ്ധിപ്പിച്ചു് അവരെ പൂവ്വാധികം ബുദ്ധിമാന്മാരാക്കാൻ ഈ ലിപിവിന്യാസം പോലെ മററു യാതൊരു വിദ്യയുമില്ല ത്രൂയത്തിൻെറ ഈ പ്രശംസകേട്ടു ബുദ്ധിമാനായ ത്രൂമസ്സു ഉത്തരം പറയുന്നു.—

"ബുദ്ധിശക്തിയുടെ അവതാരമൂത്തിയായ അല്ലയോ ദേവ, ഏതെങ്കിലും ഒരു കലയോ ശാസ്ത്രമോ തൻെറ ധിഷണാവൈഭവംകൊണ്ടു് ഒരാൾ കണ്ടുപിടിക്കുന്നു. മററൊരാൾക്കാകട്ടെ, അതേപ്പററി ഗുണദോഷനിരൂപണം ചെയ്യുവാൻ സാധിച്ചേക്കും അങ്ങു് ഇപ്പോൾ ലിപിവിന്യാസം എന്നൊരു നവീന വിദ്യ കണ്ടുപിടിച്ചിട്ടുള്ളതായി പ്രസ്താവിക്കുന്നു. ഈ നവീനവിദ്യയ്ക്കു യഥാർത്ഥത്തിൽ ഇല്ലാത്തതായ പല മെച്ചവും ഉണ്ടെന്നു് അങ്ങു വിചാരിക്കു

യും ചെയ്യുന്നു. എന്നാൽ ലിപിവിന്യാസം പ്രചാരത്തിൽ വരുന്നപക്ഷം ഉണ്ടാകാവുന്ന ദോഷങ്ങൾ കേട്ടാലും:—

ഈ ലിപിവിന്യാസം പരമാർത്ഥത്തിൽ, ഓർമ്മശക്തിയെ വർദ്ധിപ്പിക്കുകയല്ല; ഹനിക്കയാണു ചെയ്യുന്നതു്. എന്തെങ്കിലും ഗൌരവമേറിയ തത്വങ്ങൾ എഴുതപ്പെട്ടുന്നവയായി ലഭിപ്പാൻ സാധിക്കുമെന്നു വരുന്നപക്ഷം, മനുഷ്യർ ആ എഴുത്തുനോക്കി ഏതവസരത്തിലും സൌകര്യംപോലെ മനസ്സിലാക്കിക്കൊള്ളാമല്ലോ എന്ന ഉദ്ദേശ്യത്തിൽ തല്ക്കാലം അവയെ ഹൃദിസ്ഥമാക്കാതെ വിട്ടേയ്ക്കും. തന്മൂലം അവൎക്കു് ഓർമ്മശക്തി വർദ്ധിപ്പിക്കാനായി സൌകര്യം ലഭിക്കുന്നില്ല. അതുപോലെ ബുദ്ധിവികാസത്തിനും ഈ ലിപിവിന്യാസം വലുതായ പ്രതിബന്ധമായി നില്ക്കുന്നുണ്ടു്.

ഗുരുമുഖത്തുനിന്നല്ലാതെ, ഗ്രന്ഥഗതമായ ഒരു ഭാണ്ഡം കേവലം ഭാരംപോലെ മനുഷ്യർ ചുമന്നുകൊണ്ടു നടക്കുമായിരിക്കാം- തന്മൂലം അവർ ബുദ്ധിമാന്മാരെന്നു നടിക്കുകയും ചെയ്യുമായിരിക്കാം. ഇങ്ങിനെ കേവലം ജ്ഞാനലവദുർവിദഗ്ദ്ധന്മാരായി നടക്കാമെന്നു മാത്രമല്ലാതെ യഥാർത്ഥത്തിൽ ലിപിവിന്യാസവിദ്യ ബുദ്ധിശക്തിയെ വർദ്ധിപ്പിക്കയില്ല. ഇപ്രകാരം, ഈ പുതിയ വിദ്യയായ ലിപിവിന്യാസം നടപ്പാകുന്നപക്ഷം ജനസഞ്ചയത്തിന്റെ ബുദ്ധിശക്തിയും ഓർമ്മശക്തിയും ഒരുപോലെ ഇല്ലാതാകാൻ എളുപ്പമുണ്ടെന്നാണു് എന്റെ പക്ഷം".

പ്ലേറ്റോയുടെ ഗ്രന്ഥത്തിൽ കാണുന്ന എല്ലാ സംഭാഷണങ്ങൾക്കും ഗൌരവമേറിയ ഓരോ പ്രയോജനമുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ-

സാക്രട്ടീസ്സിന്റെ ബന്ധനം, അപരാധാരോപണം, ചരമഗതി എന്നിവയെപ്പറ്റി വർണ്ണിക്കുന്ന സംവാദങ്ങൾ ക

രുണരസമ്പൂൎണ്ണങ്ങളായിരിക്കുന്ന ചില സംവാദങ്ങളിലാകട്ടെ, പ്ലേറേറായുടെ സ്വാതസ്സിദ്ധമായ ഫലിതരസത്തിന്റെ ശക്തിമത്തായ സ്ഫുരണങ്ങളും കാണാം. അതിസൂക്ഷ്മമായ ഈ ഫലിതരസചാതുരി മിക്കവാറും എല്ലാ സംഭാഷണങ്ങളിലും അപൂൎവ്വമായിട്ടെങ്കിലും കാണ്മാനുണ്ടെന്നുവേണം പറയുവാൻ. എന്നാൽ ചില ഭാഗങ്ങളിൽ മനഃപൂൎവ്വം വിനോദപരമായി ഓരോ കഥകൾ ചമയ്ക്കുന്നതിലും പ്ലേറേറാ ഉപേക്ഷക്കാരനല്ല. ഇതിലേക്ക് ഒരു ഉദാഹരണമായി 'ബാൻക്വററ്' എന്ന സംവാദത്തിൽ അരിസ്റ്റോഫനിസ്സ് ആദിമനുഷ്യരെപ്പററി പ്രസ്താവിക്കുന്ന ഭാഗം ശ്രദ്ധേയമാണ്.

അതിപുരാതനകാലത്തു മനുഷ്യർ ഉരുണ്ടശരീരങ്ങളോടുകൂടിയവരായിരുന്നു- അവൎക്കു നാലു കൈയും നാലു കാലും രണ്ടു മുഖവും ഒരു മസ്തകവുമാണത്രേ ഉണ്ടായിരുന്നത്. സാധാരണയായി നാം ഇന്നു നടക്കാറുള്ളതുപോലെയാണ് അവരും സഞ്ചരിച്ചുപോന്നിരുന്നത്. എന്നാൽ ഗതിവേഗം കൂട്ടേണ്ട ആവശ്യം നേരിടുമ്പോൾ അവർ നാലുകൈയും നാലു കാലും ഉപയോഗിച്ചു ഉരുണ്ടു പോകാറുണ്ടായിരുന്നു.

ഇങ്ങിനെ, ചതുൎബാഹുക്കളും, ചതുഷ്പാത്തുകളും, ദ്വിമുഖന്മാരുമായ ആദിമമനുഷ്യർ അത്യന്തം ബലവാന്മാരും ധീരന്മാരും ആയിരുന്നതിനാൽ കേവലം അപ്രധൃഷ്യരായിത്തീൎന്നു. സ്വൎഗ്ഗലോകം ഒന്നു ജയിച്ചു കീഴടക്കിയാൽ എന്തെന്നു് അവൎക്കു ഒരു മോഹം ഉദിച്ചു. അവരുടെ ഉദ്യമത്തിന് ഇടയാക്കിയ അഹങ്കാരം കുറയ്ക്കണമെന്നു് ജൂപ്പിററർ എന്ന ദേവാധിപൻ തീൎച്ചപ്പെടുത്തി. ഇതിലേക്ക് അദ്ദേഹം പ്രവൎത്തിച്ച കടുംകൈ അവരെ രണ്ടായി വലിച്ചു കീറിക്കളെക എന്നതായിരുന്നു. അതിനാലത്രെ ഇപ്പോൾ മനുഷ്യർ രണ്ടുകൈയും രണ്ടുകാലും ഒരു മുഖവുംമാത്രം ഉള്ളവരായി കാണപ്പെടുന്നത്. ഈ നിലയിലും അവർ അഹ

കാരികളായിവല്ല ഈശ്വരദ്രോഹങ്ങൾക്കും ഒരുങ്ങുന്നപക്ഷം, അവരെ ഇനിയും രണ്ടായിപ്പിളന്ന് ചിത്രാന്തർഗ്ഗതന്മാരുടെ നിലയിലാക്കിത്തീർക്കാൻ ഇടയുണ്ട് എന്നുപോലും അരിസ്റ്റോഫനിസ്സ് പ്രസ്താവിക്കുന്നു.

ഇമ്മാതിരി കേവലം വിനോദപരങ്ങളായ ചെറുകഥകൾ, ബുദ്ധിക്ക് ഉന്മേഷകാരികളായ കല്പിതകഥകൾ എന്നിവ ഇടകലർത്തി സംവാദരൂപത്തിൽ പ്ലേറ്റോ നിർമ്മിച്ചിട്ടുള്ള പ്രധാന ഗ്രന്ഥത്തിൽക്കൂടെ പ്രകാശിക്കുന്ന തത്വശാസ്ത്രസിദ്ധാന്തങ്ങളിൽ സർവ്വഥാ പ്രാഥമ്യം അർഹിക്കുന്നതു്, സുജനസമ്മതവും, ഈശ്വരാഭിമതവുമായ ജീവിതരീതി നിഷ്കൃഷ്ടമായ ന്യായബോധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ളതാണ്. സത്യം, ന്യായം എന്നിങ്ങനെ സദ്ഗുണങ്ങളുടെ മൂർദ്ധാഭിഷിക്തശാഖകൾക്കായിവേണം മനുഷ്യജീവിതം നയിക്കപ്പെടേണ്ടതു്. അസത്യം, അന്യായം, അസന്മാർഗ്ഗചാരിത്വം എന്നിവകൊണ്ട് എന്തെല്ലാം ലൌകികമഹിമകൾ സമ്പാദിക്കാമെന്നിരുന്നാലും അവയൊക്കെക്കാൾ മനുഷ്യൻ ശ്രദ്ധാപൂർവ്വം ഭജിക്കേണ്ടതു് സത്യം, ആർജ്ജവം, ചിത്തശാന്തി മുതലായ വിശിഷ്ടഗുണങ്ങളെയാണ്. സൽഗുണവാനായിരിക്കുക എന്നതിന്നു മനുഷ്യൻ ആശിക്കേണ്ടതായ പ്രതിഫലം അപ്രകാരം സൽഗുണവാനായിരിക്കുന്നുവെന്നുള്ളതുതന്നെയാണ്. എന്തെന്നാൽ സൽഗുണങ്ങളാണ് ആത്മീയചൈതന്യം നമ്മിൽ വർദ്ധിപ്പിക്കാൻ ഏകമാർഗ്ഗമായിരിക്കുന്നതു്. അതുപോലെ ശരിയായ ന്യായബോധമെന്നതു് ശിക്ഷാമാർഗ്ഗത്തിൽനിന്നു ഏതു വിധത്തിലെങ്കിലും ഒഴിഞ്ഞു നില്ക്കാൻ പ്രേരിപ്പിക്കുന്ന ഒരു ചിത്തവൃത്തിയല്ല; ബഹുജനാഭിപ്രായം അനുകൂലമായി സമ്പാദിച്ചു ദുർഗ്ഗുണങ്ങളെ മറച്ചു യശസ്വിയാകണമെന്നുള്ള അഭിലാഷവുമല്ല. ശിക്ഷയെ മാത്രം ഭയന്നു് അകൃത്യങ്ങളിൽ ചരിക്കാതിരിക്കുന്നവനും, അധർമ്മചാരിയായുള്ളവനും തമ്മിൽ

വലിയ ഭേദം ഒന്നും ഇല്ല. വാസ്തവത്തിൽ ന്യായരഹിതങ്ങളായ പന്ഥാക്കളിൽ ചരിക്കാതെയിരിക്കുന്നുവെന്നു് യശസ്സുമാത്രം കാംക്ഷിക്കുന്നവൻ ന്യായബോധമുള്ളവനെന്നു പറവാൻ പാടുള്ളതല്ല പൊതുവേ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനല്ല; സൽഗുണങ്ങളെ സ്നേഹിക്കുന്നതിനോ ആരാധിക്കുന്നതിനോ സ്വീകരിക്കുന്നതിനോ തന്നെയാണു് ഒരുവൻ ശ്രമിക്കേണ്ടതു് യശഃപ്രതാപബഹുമതികൾ കൊതിച്ചു് സത്യന്യായപരിപാലനം ചെയ്യുന്നവൻ ആവക പ്രതിഫലങ്ങൾ ഇല്ലാത്തതായ ഒരു കാര്യത്തിൽ ന്യായബോധത്തോടു പ്രവർത്തിച്ചില്ല എന്നു വരാവുന്നതാണു്. സത്യം, സന്മാർഗ്ഗനിഷ്ഠ, ന്യായബോധം എന്നിവകൾ യശസ്സോ ബഹുമതിയോ ഉണ്ടാക്കുന്നവതന്നെയാണു്. എന്നാൽ എല്ലാപ്പോഴും ഇവ ലൌകികങ്ങളായ സൌഖ്യങ്ങളെ പ്രദാനം ചെയ്യുന്നവയായിരിക്കയില്ല സത്യൈകവ്രതനായ ഒരുവൻ അവന്റെ ആ സൽഗുണവത്വംകൊണ്ടു് അത്യന്തം ദുഃഖങ്ങൾ സഹിക്കേണ്ടതായി വന്നേക്കാം. അതിനു വിപരീതമായി അസന്മാർഗ്ഗചാരിയോ അസത്യവാനോ ദുർഗ്ഗുണനോ ആയ ഒരുവൻ അനേകം ലൌകികസുഖാനുഭൂതികൾക്കു പാത്രമായെന്നും വരാം. എന്നാൽ യഥാർത്ഥമായ ആനന്ദത്തെ സംബന്ധിച്ചിടത്തോളം ദുഃഖം അനുഭവിക്കുന്നവനാണു് അവകാശമുള്ളതു് എന്തെന്നാൽ ആനന്ദം ആത്മാവിനെ ആശ്രയിച്ചിരിക്കുന്നു. ആത്മാവോ സത്യാജ്ജവാദികളായ ഉത്തമഗുണങ്ങളാലത്രേ പരിപുഷ്ടമായി വിലസുന്നതു്. ഈ ഗുണങ്ങൾ ഇല്ലാത്തപക്ഷം, ആത്മശക്തി തീരെ ക്ഷയിച്ചുപോകുന്നതിനും ആനന്ദം അനുഭവിക്കാതിരിക്കുന്നതിനും ഇടവന്നേയ്ക്കും.

ലോകത്തു നന്മചെയ്യേണ്ടതു്, നന്മയോടുള്ള സ്നേഹംകൊണ്ടുമാത്രമായിരിക്കണം. അല്ലാതെ അതുമൂലം പരമേ ഉണ്ടാകാവുന്ന യശഃപ്രതാപസൌഖ്യങ്ങളുടെ ലബ്ധി

ക്കായിട്ടായിരിക്കരുത്. അവജ്ഞയേക്കാൾ പ്രേമം ഉൽകൃ
ഷ്ടമാകുന്നതും, അന്യായത്തെക്കാൾ ന്യായം ഉൽകൃഷ്ടമാകു
ന്നതും ആയവ ഉൽകൃഷ്ടങ്ങളാണെന്നുള്ള ദൃഢവും അഭിന്ന
വുമായ ബോധംകൊണ്ടു മാത്രമായിരിക്കണം. ഇങ്ങിനെ
സത്യം, സദാചാരം, സന്മാൎഗ്ഗനിഷ്ഠ, ആൎജ്ജവം, അനസൂയ,
ചിത്തശാന്തി എന്നിത്യാദിഗുണങ്ങളെ മനുഷ്യൻ മററു യാ
തൊരു പ്രതിഫലേച്ഛയും കൂടാതെതന്നെ നിത്യവും അഭ്യ
സിച്ച് വശത്താക്കേണ്ടതാണ് ഇതേ പ്ലേറേറായുടെ
സംവാദ ഗ്രന്ഥത്തിൽ ആരംഭംതൊട്ട് അവസാനം വരേ
യും അചഞ്ചലമായി വിലസുന്ന ഒരു തത്വം സിദ്ധാന്ത
വും. മനുഷ്യജീവിതത്തിൻെറ മാററു നിൎണ്ണയിക്കാൻ പൎയ്യാ
പ്തമായവിധം പ്ലേറേറാ എന്നല്ല; ദേവനലോകം ഒട്ടുക്കുത
ന്നെയും ലോകത്തിനായി തത്വശാസ്ത്രംവഴി പ്രദാനം ചെ
യ്തിട്ടുള്ള അതിമഹത്തായ ഒരു ഉപദേശവും ഇതുതന്നെയാ
ണ്. പ്ലേറേറായുടേയും മഹാചാൎയ്യനായ സാക്രിട്ടിസ്സിൻെറ
യും ജീവിതം കൊണ്ട് ലോകത്തിനായി പ്രദാനം ചെയ്തിട്ടു
ള്ള ഉത്തമസിദ്ധാന്തവും ഈവിധം പ്രതിഫലേച്ഛ, സുഖേ
ച്ഛ എന്നിവ കൂടാതുള്ള സന്മാൎഗ്ഗബോധം മനുഷ്യസമുദായ
ത്തിന് ഉണ്ടായിരിക്കണം എന്നതുതന്നേയാണ്.

ചുരുക്കത്തിൽ, സാക്രട്ടിസ്സുമായുള്ള സാഹചൎയ്യംനിമി
ത്തം പ്ലേറേറാ സമ്പൂൎണ്ണജ്ഞാനവാനായി; പ്ലേററായുടെ ഗ്ര
ന്ഥംവഴി സാക്രട്ടിസ്സ് ലോകത്ത് ആചന്ദ്രതാരം അക്ഷയ
ഭാസ്സോടുകൂടി വിലസുന്ന ഒരു തത്വജ്ഞജ്യോതിസ്സായി
എന്നു മാത്രമെ പറവാനുള്ളൂ.

## അദ്ധ്യായം ൭.

---

### അരിസ്റ്റോട്ടൽ.

സാക്രട്ടിസ്സ്, പ്ലേറേറാ എന്നീ ഉക്തചരിതന്മാരായ മഹാന്മാൎക്കൊപ്പം, യൂറോപ്പുഖണ്ഡത്തിലെ താത്വികജ്ഞാനസമുച്ചയത്തിനു വിശിഷ്ടമായ ഒരു സ്ഥിതിഭേദം സഞ്ജാതമാക്കി അനശ്വരയശസ്കനായിത്തീൎന്നിട്ടുള്ള ഒരു മഹാശാസ്ത്രകാരനത്രേ അടുത്തതായി നമ്മുടെ ശ്രദ്ധാപഥത്തിൽ എത്തുന്ന മഹാനായ അരിസ്റ്റോട്ടൽ. സാക്രട്ടിസ്സിനെപ്പോലെ വിശിഷ്ടമോ വിചിത്രമോ ആയ ജീവിതരീതിയോ പ്ലേറേറായുടേതുപോലെ സാഹിത്യരസോൽകൃഷ്ടമായ രചനാവൈഭവമോ മൂലം ഇദ്ദേഹം ഖ്യാതിമാനായിരിക്കുന്നില്ല എങ്കിലും ഒരു മനുഷ്യന്റെ ചുരുങ്ങിയ ജീവിതകാലത്തിനുള്ളിൽ പരസ്പരവിഭിന്നങ്ങളും പരമഗഭീരങ്ങളുമായ അനവധി ശാസ്ത്രങ്ങൾ നിൎമ്മിച്ചു ലോകത്തെ വിസ്മയിപ്പിക്കാൻ അരിസ്റ്റോട്ടലിനു മാത്രമേ സാധിച്ചിട്ടുള്ളു.

ഇപ്രകാരം പുരാതന യൂറോപ്പിലെ ശാസ്ത്രസമ്പൽക്കാരനായ അരിസ്റ്റോട്ടൽ, ലോകവിശ്രുതനായ അലക്സാണ്ഡർചക്രവൎത്തിയുടെ പ്രധാന രാജധാനിപദവിയാൽ കീൎത്തിപ്പെട്ട മാസിഡോണിയക്കു അടുത്തു 'സ്റ്റാഗിറ' എന്ന നഗരിയിൽ ബീ. സീ. ൩൮൪-ൽ അതായതു്, സാക്രട്ടിസ്സിന്റെ ദേഹവിയോഗത്തിൻശേഷം പതിനാലു വൎഷം കഴിഞ്ഞു, ഭൂജാതനായി. തൽക്കാലത്തു വിദ്യാസങ്കേതഭൂമിയെന്നു വിശ്രുതമായിരുന്ന ആതൻസിൽനിന്നു് എത്രയോ ഉത്തരപരിധിയിൽ സ്ഥിതിചെയ്തിരുന്ന സ്റ്റാഗിറാനഗരത്തിലെയും സമീപപ്രദേശങ്ങളിലേയും നിവാസികളെ അവജ്ഞാസമന്വിതം മററുള്ളവർ ഗണിച്ചുപോന്നതിനാൽ, അ

16 MAR 1932

രിസ്റ്റോട്ടലിന്, സാക്രട്ടീസ്സ്, പ്ലേറ്റോ എന്നിവരേപ്പോലെ ജന്മഭൂമിയുടെ മാഹാത്മ്യം നിമിത്തം യാതൊരു ഉൽക്കൎഷവും പ്രാപിപ്പാൻ സാധിച്ചിരുന്നില്ല. എന്നാൽ, അദ്ദേഹത്തിന്റെ പിതാവായ 'നിക്കോമാക്കസ്സ്' മാസിഡോണിയൻ രാജധാനിയിൽ കുലപരമ്പരയാ ഭിഷഗ്വൃത്തി അവലംബിച്ചുപോന്നിരുന്നവരിൽ ഒരാളായിരുന്നതിനാൽ ബാല്യകാലത്തിൽ അരിസ്റ്റോട്ടലിനെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിനും, തന്മൂലം അലക്സാണ്ഡരുടെ പിതാവായ ഫിലിപ്പ് എന്ന സമവയസ്കരാജാവുമായി പരിചയപ്പെടുന്നതിനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടായിരുന്നു.

അരിസ്റ്റോട്ടലിന് ശാസ്ത്രീയജ്ഞാനം അതിബാല്യം മുതല്ക്കേ സിദ്ധിച്ചിരുന്നുവെന്ന് ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ട്. മററുള്ള കുടുംബങ്ങളിലെ ബാലന്മാർ എഴുത്ത് വായന എന്നിവ അഭ്യസിക്കുന്ന പ്രായത്തിൽ അരിസ്റ്റോട്ടലിന് ശസ്ത്രക്രിയയിൽ വേണ്ടപരിചയം സിദ്ധിപ്പാൻ ഇടയാകുന്ന ഒരു അഭ്യസനം നിക്കോമാക്കസ്സിന്റെ മേൽനോട്ടത്തിൽ സിദ്ധിച്ചുകൊണ്ടിരുന്നു. അക്കാലത്തെ വൈദ്യവിദ്യാവിചക്ഷണന്മാരുടെ ഭവനങ്ങളിൽ ബാലന്മാരെ ഈ വിധം പരിചയിപ്പിക്കാറുണ്ടായിരുന്നുവത്രേ. ചെറുപ്പം മുതല്ക്കേ സിദ്ധിച്ചിരുന്ന ഈ അഭ്യസനംമൂലം അരിസ്റ്റോട്ടലിന് ജീവിതതത്വശാസ്ത്രത്തിനോട് ഒരു പ്രത്യേകമായ അഭിരുചിയുണ്ടാവാൻ ഇടയായിട്ടുമുണ്ട്. തത്വശാസ്ത്രത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഭിനിവേശവും ഏകദേശം ഇക്കാലംമുതല്ക്കായിരുന്നു.

അരിസ്റ്റോട്ടലിന് പതിനേഴു വയസ്സുപ്രായമായതോടുകൂടി അദ്ദേഹം തന്റെ പിതാവിന്റെ മരണശേഷം രക്ഷകൎത്താവായ പ്രോക്സിനസ്സ് എന്നയാളാൽ ഉന്നതവിദ്യാഭ്യാസത്തിനായി ആതൻസ് നഗരിയിലേക്ക് അയക്കപ്പെട്ടു. അവിടെ പ്ലേറ്റോയാൽ സ്ഥാപിക്കപ്പെട്ടിരുന്ന പണ്ഡിത

പരിഷത്തിലെ ഒരു അംഗമായി അരിസ്റ്റോട്ടൽ ഏകദേശം ഇരുപതു സംവത്സരം കഴിച്ചുകൂട്ടി. തൻെറ പിതാവിൽ നിന്ന് ധനസ്വത്ത് അദ്ദേഹത്തിന് അവകാശപ്പെട്ടിരുന്നതു നിമിത്തം ജ്ഞാനസമ്പാദനത്തിൽ മാത്രം ജാഗ്രതയോടെ ജീവിതത്തിലെ ഒരു പ്രധാനഭാഗം വിനിയോഗിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചുപോന്നിരുന്നു. ഈ ജ്ഞാനസമ്പാദനത്തിൽ അനിതരസാധാരണമായ തൃഷ്ണ പ്രദർശിപ്പിച്ചിരുന്ന അരിസ്റ്റോട്ടൽ പ്ലേറോയാൽ 'വിദ്യാലയത്തിൻെറ ഹൃദയം' എന്ന് വിളിക്കപ്പെട്ടുപോന്നിരുന്നുവത്രേ. അദ്ദേഹത്തിൻെറ ധാരണാവതിയായ ബുദ്ധിശക്തിയുടേയും ജ്ഞാനസമ്പാദനവ്യഗ്രമായ ചിത്തത്തിൻേറയും നിരന്തരവ്യാപാരശീലം പ്രമാണിച്ചാണ് പ്ലേറോ ഈവിധം ബഹുമാനകരമായ ഒരുവിശേഷണം അരിസ്റ്റോട്ടലിന് നൽകിയിരുന്നതു. മനുഷ്യസാധാരണമായ നിദ്രയിൽ നിന്നു നിവൎത്തിതനായി നിശാകാലം കൂടെ ജ്ഞാനസമ്പാദനത്തിന് ഉപയോഗിപ്പാൻ അരിസ്റ്റോട്ടൽ കണ്ടുപിടിച്ചിരുന്നവിദ്യ ഒരു പിത്തള പാത്രത്തിൽ ഒരു പന്തു ഒരുകയ്യിൽ വെച്ചു് അല്പമാത്രമായി ഉറങ്ങുകയെന്നതായിരുന്നു. നിദ്രയാൽ കണ്ണുകൾ അടയുമ്പോൾ പന്തു പാത്രത്തിൽ വീണ് ഒരുശബ്ദം പുറപ്പെടുവിക്കുകയും തന്മൂലം അദ്ദേഹത്തിനു ഉണൎന്നു വീണ്ടും ഗ്രന്ഥപാരായണത്തിന് സാധിക്കയും ചെയ്കയായിരുന്നു പതിവു്.

അക്കാലത്തു ഗ്രീസ്സിൽ പ്ലേറോയുടെ തത്വശാസ്ത്രപദ്ധതിയായിരുന്നു ഏററവും പ്രാധാന്യതയോടെ വൎത്തിച്ചിരുന്നതു്. സാക്രട്ടിസ്സിൻെറ തത്വസാരഗംഭീരങ്ങളായ സിദ്ധാന്തങ്ങളും പിഥാഗറസ്സിൻെറ പക്ഷത്തിലുള്ളവർ, ആട്ടോമിസ്ററുകാർ എന്നിവരുടെ അപൂൎവ്വം ചില അഭിപ്രായഗതികളും മാത്രം അടങ്ങിയിരുന്ന ഈ തത്വശാസ്ത്രസമുച്ചയത്തിൽ അരിസ്റ്റോട്ടൽ അതിനിഷ്ണാതനായി, ആവിധം പത്തിരുപതു വൎഷക്കാലം പ്ലേറോയുടെ തത്വശാസ്ത്രപദ്ധതി

യുമായുള്ള ദൃഢപരിചയം തന്റെ അനന്തരകാലത്തുള്ള ഗ്രന്ഥങ്ങളിൽ നല്ലപോലെ സംക്രമിപ്പിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പ്ലേറേറായുടെ ഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെടുന്ന തർക്കശാസ്ത്രം, നീതിശാസ്ത്രം, രാജ്യമീമാംസ, പ്രകൃതിവിജ്ഞാനീയം മുതലായവയിലെ തത്വങ്ങളുടെ സ്വഭാവം കുറേക്കൂടി ഉപരിയായ നിലയിൽ പ്രതിഫലിക്കുന്നതിനുകൂടെ അരിസ്റ്റോട്ടലിനു സാധിച്ചിട്ടുണ്ട് എന്നു പറയുമ്പോൾ അദ്ദേഹത്തിന് സിദ്ധിച്ചിരുന്ന ജ്ഞാനത്തിന്റെയും അദ്ദേഹത്തിന്റെ നിരീക്ഷാശക്തിയുടേയും മാഹാത്മ്യം ഏതു തരത്തിലാണെന്ന് ഊഹിക്കാമല്ലോ. ഇങ്ങിനെ അരിസ്റ്റോട്ടൽ ജ്ഞാനമുഖം സംബന്ധിച്ച് പ്ലേറേറായുടെ അനന്തരഗാമിയാണെങ്കിലും സാക്രട്ടീസ്സിന്റെ നിശിതമതിയുടെ ഒരു പ്രതിഫലനമാണു നവീനപദ്ധതിയനുസരിച്ചുള്ള ഗ്രന്ഥങ്ങളാൽ നമുക്ക് പ്രത്യക്ഷപ്പെടുത്തുന്നതു്. അതേവരെ തത്വശാസ്ത്രസംബന്ധമായി ലഭിച്ചിരുന്ന ജ്ഞാനത്തിന് ഒരു യഥാർത്ഥമായ ശാസ്ത്രാനുസാരിത്വം നൽകിയതു അരിസ്റ്റോട്ടലിന്റെ മുൻപറഞ്ഞ അഭ്യസനവും ബുദ്ധിശക്തിയും മാത്രമാണ്.

ബി. സി. ൩൪൭-ൽ അതായതു് അരിസ്റ്റോട്ടലിന്റെ മുപ്പത്തേഴാമത്തെ വയസ്സിൽ പ്ലേറോ ഇഹലോകവാസം വെടിയുകയാൽ അരിസ്റ്റോട്ടൽ തന്റെ സതീർത്ഥ്യനായ സെനോക്രേറസ്സുമായി ആതൻസ് നഗരി വിടുകയും ഏഷ്യാമൈനറിലെ ഒരു നഗരമായ അററാർണിയസ്സിൽ താമസമാവുകയും ചെയ്തു. ഈ വിദേശവാസത്തിനും വിദ്യാലയത്യാഗത്തിനും കാരണം, പ്ലേറേറാ തന്റെ ഭാഗിനേയനായ സ്പ്യൂസിപ്പസ്സിനെ അദ്ദേഹത്തിനുശേഷം വിദ്യാലയാധിപതിയായി നിയമിച്ചതുകൊണ്ടുതന്നെയായിരിക്കണം. തന്റെ ഗുരുവരനിൽനിന്ന് എത്രയോ വിഭിന്നങ്ങളായ യുക്തികളും അഭിപ്രായങ്ങളും അരിസ്റ്റോട്ടലിന് ഉണ്ടായിരു

നല്ലനിമിത്തം പ്ലേറ്റോക്ക് അനന്തരഗാമിയായി അദ്ദേഹത്തിന്റെ തത്വരീതിയിൽ മാത്രം ജ്ഞാനവിതരണം ചെയ്യുന്നതിന് അരിസ്റ്റോട്ടൽ അപ്രാപ്തനാണെന്നുകണ്ടത്ത് പക്ഷെ സമീചീനമാണെന്നിരുന്നാലും അരിസ്റ്റോട്ടലിനൊപ്പം ഒരുവിധത്തിലും പാണ്ഡിത്യമോ അഗാധബുദ്ധിയോ സിദ്ധിക്കാതിരുന്ന ഒരുവനെ ഈവിധം പ്ലേറ്റോ വിദ്യാലയപ്രതിനിധിയായി നിയമിച്ചതിൽ അരിസ്റ്റോട്ടൽതന്നെ ഒട്ടേറ അസംതൃപ്തനായിട്ടുണ്ടായിരിക്കണം. സെനോക്രാറ്റിസ്സിനും അരിസ്റ്റോട്ടലിന്റെ അതൃപ്തിയിൽ ഭാഗഭാക്കാകാൻ മാത്രമേ സാധിച്ചുള്ളു. അതനുസരിച്ച്, ഈ രണ്ടു പണ്ഡിതന്മാരുമായിആതൻസ് നഗരി വിട്ടു. എന്നാൽ ഇവർ ഏഷ്യാമൈനറിലെ അററാർണിയസ്സ വാസസ്ഥലമായി തിരഞ്ഞെടുപ്പാൻ കാരണമില്ലാതല്ല. തന്റെ പിതാവിന്റെ മരണശേഷം അരിസ്റ്റോട്ടലിന്ന് രക്ഷകത്താവായിരുന്ന പ്രോക്സനസ്സിന്റെ വാസഗൃഹം മുൻപറഞ്ഞ നഗരത്തിലായിരുന്നു. എന്നു മാത്രമല്ല, ഒരു ചെറിയ രാജ്യമായിരുന്ന ഈ നഗരത്തിലെ അധിപതിയായ ഹെർമിയസ്സ്, അരിസ്റ്റോട്ടലിന്റേയും സെനോക്രാട്ടിസ്സിന്റേയും തത്വശാസ്ത്രരീതിയിൽ പ്രതിപത്തിയുള്ള ഒരു സ്നേഹിതനുമായിരുന്നു. ഹെർമിയസ്സ് കേവലം ഒരു അടിമയുടെ നിലയിൽ നിന്ന് രാജ്യാധിപത്യം സിദ്ധിച്ച ഒരാളായിരുന്നുവെങ്കിലും, അദ്ദേഹം ജനാനുകൂലമായ ഭരണത്താലും, പണ്ഡിതമാത്രസാധാരണമായ തത്വശാസ്ത്രാഭിരുചിയാലും അക്കാലത്ത് വിശ്രുതനായ ഒരു രാജാവായിരുന്നു. പ്ലേറ്റോയുടെ വിദ്യാലയത്തിൽ എത്തി യുവപ്രായത്തിൽ വേണ്ടപോലെ അഭ്യസനം നടത്തിയിരുന്ന ഹെർമിയസ്സ് തന്റെ സതീർത്ഥ്യരായ രണ്ടു പണ്ഡിതന്മാരേയും യഥാവിധി സല്ക്കരിച്ച് അവക്ക് രാജധാനിയിൽ ഒരു സൌകര്യമായ വാസസ്ഥാനവും നൽകി. മൂന്നുവർഷക്കാലം നീണ്ടുനിന്ന ഈ വാസത്തിനിടക്ക് ഹെർമിയസ്സ് തന്റെ ഭാഗിനേയിയായ പിഥിയസ്സ് എന്ന

യുവതിയെ അരിസ്റ്റോട്ടിലന്ന് വിവാഹം കഴിച്ചു കൊടുക്കുകയും ഇങ്ങിനെ അരിസ്റ്റോട്ടലിൻെറ ജീവിതത്തിൽ ഈ ഘട്ടം അതിസൌഭാഗ്യവത്തായിത്തീരുകയും ചെയ്തു. എന്നാൽ ഈ സൌഭാഗ്യം അധികകാലത്തേക്ക് നീണ്ടുനിന്നില്ല. പെഴ്സ്യൻ സാമ്രാജ്യസേനയിലെ ഗ്രീക്കുകാരനായ ഒരു ഉദ്യോഗസ്ഥൻ ഹെർമിയസ്സിനെ അന്യായമായി കൊലപ്പെടുത്തിയതോടുകൂടി അരിസ്റ്റോട്ടലിനും സ്നേഹിതനും അററാർനിയസ്സിലെ വാസം അപായകരമായി തീർന്നുതുടങ്ങി.

അറേറാർണിയസ്സിൽനിന്നും അരിസ്റ്റോട്ടലും സെനോക്രേററിസ്സും ഓടിപ്പോകുവാൻ നിർബന്ധിതരാകയാൽ സെനോക്രേററിസ്സ് ആതൻസിലേക്കും അരിസ്റ്റോട്ടൽ അദ്ദേഹത്തിൻെറ പത്നിയോടുകൂടി 'മിററിലീൻ' എന്നസ്ഥലത്തേക്കും പലായനം ചെയ്തു. മിററിലിനിൽ രണ്ടു വർഷക്കാലമുണ്ടായ വാസത്തിനു ശേഷം അരിസ്റ്റോട്ടൽ, മാസിഡോണിയയിലെ രാജകുമാരനായ അലക്സാണ്ഡരുടെ അദ്ധ്യാപകനായിരിപ്പാൻ ഫിലിപ്പിനാൽ ക്ഷണിക്കപ്പെട്ടതനുസരിച്ചു മിററിലിൻ വിടുകയാണുണ്ടായത്. തത്വശാസ്ത്രാദികളായ സമസ്തജ്ഞാനമുഖങ്ങളിലും അദ്വിതീയനായിരുന്ന അരിസ്റ്റോട്ടൽ ഈ വിധം ലോകവിജിഗീഷുവായ അലക്സാണ്ഡർ ചക്രവർത്തിയുടെ ഗുരുസ്ഥാനം ഏല്പാൻ ഇടവന്നത് ആശ്ചര്യകരമായ ദൈവാനുകൂല്യത്താൽ മാത്രമായിരുന്നുവെന്നേ നമുക്ക് വിചാരിപ്പാൻ ഇടയുള്ളൂ. അരിസ്റ്റോട്ടലിൻെറ കുടുംബവും മാസിഡോണിയയിലെ രാജവംശവും തമ്മിലുണ്ടായിരുന്ന ബന്ധം ഈ വിധം അതിൻെറ സമ്പൂർണ്ണതയെ പ്രാപിച്ച് അക്കാലത്തു സുയശസ്സുവിദഗ്ദ്ധതാമായിരുന്ന അരിസ്റ്റോട്ടലിനെ രാജധാനിക്കു ക്ഷണിക്കുവാൻ അലക്സാണ്ഡരുടെ പിതാവായ ഫിലിപ്പിനെ പ്രേരിപ്പിച്ചതായിരിക്കണമെന്നേ നമുക്ക് ഊഹിപ്പാൻ പാടുള്ളൂ. ശിഷ്യനായ അലക്സാണ്ഡരെ അരിസ്റ്റോട്ടൽ ഗുരുനാഥൻ

അഭ്യസിപ്പിച്ച ശാസ്ത്രങ്ങൾ കലാവിദ്യകൾ എന്നിവ ഏതെല്ലാമായിരുന്നുവെന്നു നമുക്കു് നിർണ്ണയിപ്പാൻ യാതൊരു മാർഗ്ഗവും ഇല്ല.

എങ്കിലും അലക്സാണ്ഡർ അക്കാലത്തു, കേവലം പതിമൂന്നുവയസ്സുപ്രായമുള്ള ഒരു ബാലനായിരുന്നതിനാൽ ഗ്രീക്കു ഭാഷാസാഹിത്യം ഗണനശാസ്ത്രം എന്നിവ മാത്രമേ അരിസ്റ്റോട്ടൽ പഠിപ്പിച്ചിരിപ്പാൻ ന്യായമുള്ളു എന്നു് നമുക്കു ഊഹിക്കേണ്ടിയിരിക്കുന്നു. ഇവയിൽ കൂടുതലായ ഏതെങ്കിലും ജ്ഞാനമുഖങ്ങളിൽ അരിസ്റ്റോട്ടൽ അലക്സാണ്ഡരെ പരിചിതനാക്കിയുണ്ടായിരുന്നോ എന്ന കാര്യം നിർണ്ണയിപ്പാൻ സാദ്ധ്യമല്ല. ഉത്തരോത്തരം വർദ്ധമാനമായ അന്യരാജ്യാക്രമണതൃഷ്ണയാൽ അനന്തരകാലത്തു് വിശ്രുതനായ അലക്സാണ്ഡരുടെ ശ്രദ്ധ ആ ബാല്യകാലത്തിൽപ്പോലും രാജ്യഭരണതത്വഗ്രഹണത്തിലല്ലാതെ, ശാന്തസാധാരണമായ തത്വശാസ്ത്രപരിധിയിൽ പതിഞ്ഞിരിപ്പാൻ ഇടയില്ലല്ലോ. അദ്ദേഹം, സകലവിദ്യാഭ്യാസപദ്ധതികളും ജയിച്ചു് ലോകം മുഴുവൻ സ്വകിരീടകാഞ്ചനപ്രഭയാൽ ഭാസുരമാക്കുന്നതിനുള്ള ഒരുക്കങ്ങൾ സ്വയം നടത്തിക്കൊണ്ടിരുന്ന ഒരു കാലത്തു് അരിസ്റ്റോട്ടലിന്റെ തത്വവിദ്യാവിതരണം എത്രമാത്രം വിജയപ്രദമായിട്ടുണ്ടെന്നു് നിർണ്ണയിപ്പാൻ എളുപ്പമില്ല. ചുരുക്കത്തിൽ, അലക്സാണ്ഡരുടെ രാജകീയാദ്ധ്യാപകൻ എന്ന നിലയിൽ അരിസ്റ്റോട്ടൽ നിരന്തരമായി യാതൊന്നുംതന്നെ പരിശ്രമിക്കേണ്ടിയില്ലാതിരുന്നതിനാൽ രാജധാനിയിലെ സുഖസൌകര്യാനുഭൂതികളോടുകൂടി അദ്ദേഹം സ്വകീയവും, രസകരവുമായ ശാസ്ത്രപര്യവേക്ഷണങ്ങളാൽ സമയം അധികവും നയിച്ചിരിപ്പാനേ ഇടയുള്ളു. എന്നാൽ, ഈ രാജധാനിജീവിതത്തെ അദ്ദേഹം മറെറാരുതരത്തിൽ പ്രയോജനവത്താക്കിയതു് സ്ററാഗിറ എന്ന സ്വജന്മഭൂമിയായ നഗരം 'ഒലിന്തിയൻ'യുദ്ധം സംബ

ന്ധിച്ചുണ്ടായ ഉപരോധനസാഹസംമൂലം നഷ്ടവിഭവമായിരുന്നതിനെ, ഫിലിപ്പ് മഹാരാജാവിന്റെ അനുമതിയോടുകൂടി ജീർണ്ണോദ്ധാരണം ചെയ്തു പുതുതായി നിവാസികളെ താമസിപ്പിച്ച് പരിഷ്കരിച്ചതായിരുന്നു. ഇതു സംബന്ധിച്ചു ആ നഗരനിവാസികൾ പ്രതിവർഷം അരിസ്റ്റോട്ടലിന്റെ സ്മരണ നിലനിറുത്തുന്നതിനായി ഒരു ഉത്സവാഘോഷവും നടത്തിവന്നിരുന്നു. ഫിലിപ്പിന്റേയും അദ്ദേഹത്തിന്റെ വീരസന്താനമായ അലക്സാണ്ഡരുടേയും സമ്പൂർണ്ണമായ വിശ്വാസകാരുണ്യങ്ങൾക്കു പാത്രീഭവിച്ച അരിസ്റ്റോട്ടൽ മാസിഡോണിയയിലെ രാജധാനിയിൽ അഞ്ചുവർഷം ഈ വിധം കഴിച്ചുകൂട്ടിയെന്നു തോന്നുന്നു; അഞ്ചാമത്തെ വർഷത്തിൽ, അദ്ദേഹത്തിന്റെ സംരക്ഷകനായ ഫിലിപ്പ് ശത്രുക്കളാൽ ചതിപ്രയോഗംകൊണ്ട് കൊല്ലപ്പെടുകയും അലക്സാണ്ഡർ മാസിഡോണിയയിലെ രാജപദപ്രാപ്തനാവുകയും ചെയ്തു.

ഫിലിപ്പിന്റെ ചരമഗതിക്കുശേഷം ഏകദേശം ഒരു വർഷക്കാലം അരിസ്റ്റോട്ടൽ സ്വനഗരമായ സ്റ്റാഗിറയിൽത്തന്നെ അലക്സാണ്ഡരുടെ രക്ഷാധികാരത്വത്തിൽ കഴിച്ചുകൂട്ടി. അലക്സാണ്ഡർമഹാൻ കേവലം ഇരുപത്തിഒന്നു വയസ്സുള്ള ഒരു ചെറുയുവാവായിരുന്നതേയുള്ളുവെങ്കിലും ഇക്കാലത്ത് അദ്ദേഹത്തിന്റെ രാജധാനിക്കു കിഴക്കുള്ള സമസ്തരാജ്യങ്ങളും കീഴടക്കണമെന്നുള്ള മഹാമോഹത്തിൽ പെട്ട് അതിലേക്കു ഉപായങ്ങൾ ആലോചിച്ചു ദൃഢപ്പെടുത്തുകയും അരിസ്റ്റോട്ടൽ നാനാപ്രകാരത്തിലുള്ള ജ്ഞാനരാശികളും സ്വാധീനപ്പെടുത്തുന്നതിനായുള്ള മഹാശ്രമങ്ങളിൽ ഏർപ്പെട്ടുകയും ചെയ്തിരുന്നു. ൩൩൪ ബി. സി.യിൽ അലക്സാണ്ഡർ പൌരസ്ത്യരാജ്യങ്ങളിലേക്കു നയിക്കപ്പെടേണ്ട സേനാസമൂഹം സജ്ജമാക്കി യാത്രാരംഭമായി ഭേരി താക്കിയതോടുകൂടി അരിസ്റ്റോട്ടൽ സ്റ്റാഗിറവിട്ട് തന്റെ പന്ത്രണ്ടുവർഷക്കാലമാ

യി പിരിഞ്ഞിരുന്ന ആതൻസ് നഗരിയിലേക്കു വീണ്ടും ഒരു യാത്രപുറപ്പെട്ടു. അലക്സാണ്ഡരുടെ പ്രീതിപാത്രമെന്നുള്ള വിശ്രുതിപൊങ്ങിയതിനാൽ അരിസ്റ്റോട്ടൽ ആതൻസിലെ നിവാസികളാൽ സ്നേഹബഹുമതിപൂർവ്വം സ്വീകരിക്കപ്പെട്ടു. അലക്സാണ്ഡരാവട്ടെ അരിസ്റ്റോട്ടലിൻെറ ഒരു പ്രതിമ ആതൻസിൽ പ്രതിഷ്ഠിക്കുന്നതിന്ന് കല്പനപുറപ്പെടുവിക്കയും, ആ പണ്ഡിതരത്നത്തിൻെറ ശാസ്ത്രപൎയ്യവേക്ഷണങ്ങൾ നിർവ്വിഘ്നം നടത്തുന്നതിനായി രണ്ടുലക്ഷം പവനോളം വിലപോരുന്ന ഒരു സംഖ്യ പ്രത്യേകം വിനിയോഗിക്കയും ചെയ്തിട്ടുണ്ടായിരുന്നു. ഇത്രമേൽ ഗണ്യമായ ഒരു ബഹുമതി ലോകചരിത്രത്തിൽ യാതൊരുമഹീപതിയും യാതൊരു പണ്ഡിതന്മാൎക്കും ചെയ്തുകൊടുത്തിട്ടുള്ളതായി അറിയുന്നില്ല. അലക്സാണ്ഡരുടെ ഈ സമ്മോദസമ്മാനങ്ങൾക്ക് പാത്രീഭവിച്ച അരിസ്റ്റോട്ടലാകട്ടെ തൻെറ അൻപതാമത്തെ വയസ്സിൽ എത്തിയതോടുകൂടി അതേവരെ ഉദ്ദേശിച്ചു വെച്ചിരുന്ന നാനാശാസ്ത്രങ്ങൾ നിർമ്മിപ്പാനായി പ്രത്യേകം ഒരുങ്ങുകയും ചെയ്തു.

ആതൻസിൽ എത്തിയ അരിസ്റ്റോട്ടൽ, അവിടത്തെ സുപ്രസിദ്ധവിദ്യാലയത്തിലെ നേതാവായി പ്ലേറ്റോയാൽ നിയമിക്കപ്പെട്ടിരുന്ന സ്പ്യൂസിപ്പസ്സ് നിര്യാതനായും പകരം സെനോക്രേറ്റസ് നേതൃപദത്തിൽ നിയമിതനായുംകണ്ടു്, അധികം താമസിയാതെ പ്രസ്തുത വിദ്യാലയത്തിന്ന് എതിരായി തൻെറ നേതൃത്വത്തിൽ ഒരു പുതിയ വിദ്യാലയം ആരംഭിക്കുകയാണ് ആദ്യമായി ചെയ്തതു്. ഈ വിദ്യാലയസ്ഥാപനംകൊണ്ടു് അദ്ദേഹത്തിൻെറ പ്രധാനോദ്ദേശ്യം, തത്വാന്വേഷണവും അനധിഷ്ഠിതതത്വങ്ങളെ ശാസ്ത്രീയരീതിയിൽ പ്രകടനയോഗ്യങ്ങളാക്കിത്തീൎക്കുക എന്നുള്ളതുമായിരുന്നു. ഈ പ്രകാരം ഒരു വിദ്യാലയം ഇതിലേക്ക് ആവശ്യമുണ്ടോ എന്നുള്ള ചോദ്യം ന്യായമായി ഉണ്ടാകാം. ‘ഇല്ല’ എന്നിരു

നാലും അച്ചടിയന്ത്രംമുഖേന ഗ്രന്ഥങ്ങൾ പ്രസിദ്ധങ്ങളായി തൽക്കർത്താക്കൾക്കു കീർത്തിയെ പ്രദാനംചെയ്യുന്ന ആധുനികകാലത്തിൽ നിന്ന് അന്നത്തെകാലം വളരെ ഭിന്നിച്ചിരുന്നതിനാൽ തന്റെ ഗ്രന്ഥങ്ങളെ പാരായണംചെയ്തു, തദ്വാരാ ജനങ്ങൾ സ്വയശസ്സു വ്യാപരിപ്പിച്ചുകൊള്ളുമെന്നുള്ള ഉദ്ദേശ്യത്താലാണ് ഇപ്രകാരം അരിസ്ററോട്ടൽ വിദ്യാലയം സ്ഥാപിപ്പാൻ ഉദ്യുക്തനായതു്. കൂടാതെ ഒരു തത്വശാസ്ത്രാഭ്യസനപരമായ വിദ്യാലയം മററുള്ളവയിൽനിന്നു ഭിന്നിച്ചതാണല്ലോ. ആയതിനാൽ തത്വശാസ്ത്രസംബന്ധമായി തന്റെ പുതിയ സിദ്ധാന്തങ്ങളെ പ്രചരണക്ഷമമാക്കുന്നതിന് ഇപ്രകാരം ഒരു പുതിയ വിദ്യാലയം ഉണ്ടാകാതെ ക്ഷിപ്രസാദ്ധ്യവുമല്ല. കാര്യകാരണനിയമത്തിനു അനുസൃതമായി ഒരു സിദ്ധാന്തം സ്ഥാപിക്കുന്നതു് ആ സിദ്ധാന്തത്തിന്റെ പ്രായോഗികത മനസ്സിലാക്കാനുംകൂടെയാണെങ്കിൽ ഇമ്മാതിരി വിദ്യാലയങ്ങൾകൊണ്ടു മാത്രമേ അക്കാലത്തു് ഈ ഉദ്ദേശ്യം സാധിക്കയുള്ളൂ.

അരിസ്റ്റോട്ടൽ ആതൻസ് നഗരിയിലെ ഒരു പൌരനല്ലായിരുന്നുവെന്ന കാര്യം പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹം ഒരു വിദേശീയനായിരുന്നതിനാൽ രണ്ടാമത്തെ സന്ദർശനം വിദ്യാലയസ്ഥാപനം എന്നിവസംബന്ധിച്ചു് അവിടെ താമസിച്ച പതിമൂന്നുവർഷക്കാലവും അദ്ദേഹം പൊതുകാര്യങ്ങളിൽ യാതൊരുവിധത്തിലുള്ള ബന്ധവുംകൂടാതെയാണു കഴിഞ്ഞുകൂടിയതു്. അലക്സാണ്ഡർ ചക്രവർത്തി പൌരസ്ത്യരാജ്യാക്രമണപരങ്ങളായ ജൈത്രയാത്രകൾക്കായി നയിച്ച പതിമൂന്നുസംവത്സരവും അരിസ്ററോട്ടൽ അദ്ദേഹത്തിന്റെ ശാസ്ത്രഗ്രന്ഥനിർമ്മിതിക്കായിതന്നെ വിനിയോഗിച്ചുപോന്നിരുന്നു. ഒരു തത്വശാസ്ത്രജ്ഞന്റെ ആനന്ദാനുഭൂതിയെപ്പററി സന്തോഷകരമായി അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതനുസരിച്ചു ചിന്തിക്കുന്നപക്ഷം, അക്കാലം അദ്ദേഹത്തി

ന എത്രമാത്രം ആനന്ദപ്രദമായി കഴിഞ്ഞിരിക്കണമെന്ന് നമുക്ക ധാരാളമായി ഊഹിക്കാം.

എന്നാൽ അരിസ്റ്റോട്ടലിൻെറ ഭാഗ്യതാരം അനവസ്യൂത പ്രദമായിരുന്നില്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അദ്ദേഹം ആതൻസ് നഗരിയിൽ വിദ്യാലയം സ്ഥാപിച്ചു കഴിഞ്ഞ പതിമൂന്നുവൎഷക്കാലത്തോളം നിൎവ്വിഘ്നമായി നടന്നുകൊണ്ടിരുന്ന ശാസ്ത്രീയതത്വഗവേഷണങ്ങൾ ആതൻസ് നഗരിയിലെ ഗൌരവമേറിയ ചില രാജ്യകാൎയ്യവ്യതിയാനങ്ങൾ മൂലം തടസ്സപ്പെട്ടുവെന്നു പറയാതെതരമില്ല. അലക്സാണ്ഡർചക്രവൎത്തിയോടും അദ്ദേഹത്തിൻെറ പ്രതിനിധിയായി മാസിഡോണിയാഭരണം നടത്തിക്കൊണ്ടിരുന്ന ആൻറിപേററർ' എന്നഭരണാധികാരിയോടും അദ്ദേഹം വളരെ മൈത്രിയിലായിരുന്നു കാലംകഴിച്ചുകൊണ്ടിരുന്നതു്. എന്നുമാത്രമല്ല, ആൻറിപേററരുടെ പുത്രനായ് 'കസ്സാൻഡർ' അരിസ്റ്റോട്ടലിൻെറ വിദ്യാലയത്തിൽ ചേൎന്നിരുന്ന ഒരു വിദ്യാൎത്ഥിയുമായിരുന്നു. പൌരസ്ത്യവിജയമദോന്മത്തനായ അലക്സാണ്ഡർ ക്രമേണ സദാചാരേതരങ്ങളായ പന്ഥാക്കളിൽക്കൂടെ ചരിക്കാൻ തുടങ്ങി. സ്വാതന്ത്ര്യാരാധകന്മാരായ ഗ്രീക്കുകാരുടെ ആത്മശക്തികണ്ടു് അതിതുഷ്ടിയോടെ വൎത്തിച്ച അലക്സാണ്ഡർ, പൌരസ്ത്യരാജ്യങ്ങളിലെ രാജപാദങ്ങൾ അടിപണിയുന്ന അടിമത്തം നിലനിൎത്തിക്കൊണ്ടുപോന്ന ജനസഞ്ചയത്തിൻെറ ശക്തിഹീനമായ ആരാധനയേററ് ക്രമേണ സുഖാനുഭൂതികളിൽ ലയിച്ച് സമയം കഴിച്ചുതുടങ്ങി. അദ്ദേഹം ആൻറിപേററരോടു കലഹിക്കയും, അരിസ്റ്റോട്ടലിൻെറ ശുപാൎശപ്രകാരം തൻെറ അകമ്പടിയോടുകൂടി കൊണ്ടുപോയിരുന്ന കല്ലിസ്റ്റെനസ് എന്ന യുവ വാഗ്മിയെ എന്തോ നിസ്സാരകാരണത്തിന്മേൽ ക്രൂരമായവിധം നിഹനിക്കുകയുംചെയ്തു. എന്നുമാത്രമല്ല, ഇമ്മാതിരി ഗ്രീസ്സു സംബന്ധിച്ച കാൎയ്യങ്ങളിൽ ഏൎപ്പെടുമ്പോൾ അദ്ദേഹം അ

ത്യധികം കുപിതനാവുകയും തന്റെ അദ്ധ്യാപകനും ഒരു വിശിഷ്ടതത്വജ്ഞനുമായ അരിസ്റ്റോട്ടലിനെ കാരണംകൂടാതെ അധിക്ഷേപിക്കുകയും പതിവായിത്തുടങ്ങി. അരിസ്റ്റോട്ടലിന്റെ സ്വാതന്ത്ര്യവും കാര്യകാരണസംബന്ധയുക്തത്വവുമായ രാജ്യഭരണതത്വങ്ങൾ അലക്സാണ്ഡർ നിശ്ശേഷം വെറുത്തുതുടങ്ങി. ഇങ്ങനെ അദ്ദേഹം യവനതത്വജ്ഞരത്നമായ അരിസ്റ്റോട്ടലിനോട്ട് ഏതുവിധത്തിലോ വൈരസാധാരണമായ പ്രതികാരേച്ഛയോടുകൂടിയവനായും തീർന്നുവെന്നതു് അത്യാശ്ചര്യകരമല്ലേ!

ഇപ്രകാരം അലക്സാണ്ഡർക്കും അരിസ്ററോട്ടലിനും തമ്മിലുണ്ടായ രസക്ഷയത്തെപ്പററി യവനലോകത്തിന്, വിശിഷ്യ ആതൻസുനിവാസികൾക്കു യാതൊന്നുമേ അറിഞ്ഞുകൂടായിരുന്നു. അരിസ്ററോട്ടൽ, അലക്സാണ്ഡരുടെ ഒരു പ്രത്യേക മിത്രമെന്ന നിലയിൽ ആണ് ആതൻസിൽ രണ്ടാമതു പ്രവേശിച്ചതു എന്നതിനാലും, അക്കാലത്തു് അലക്സാണ്ഡർ ആതൻസുനഗരിയെ ആക്രമിച്ച മാസിഡോണിയ്ക്കു് എതിരായി നിന്ന രാജ്യകാര്യപ്രവർത്തകന്മാരെ കഠിനമായി ശിക്ഷിക്കുന്നതിനു ഒരുങ്ങിയിരിക്കുന്നുവെന്നു പൗരന്മാർ കേട്ടിരുന്നതിനാലും അവർക്കു പൊതുവേ അരിസ്ററോട്ടലിനോട്ട് അതികഠിനമായ അവജ്ഞയും വൈരവും ഉണ്ടായിത്തുടങ്ങി. മാസിഡോണിയ പാരമ്യമായി ആതൻസുഭരണത്തിൻ മേൽകോയ്മസ്ഥാനം ഏററു രാജ്യകാര്യനിയന്ത്രണം ചെയ്തുവന്നതിനാൽ ഈ വൈരാവജ്ഞകൾ അരിസ്ററോട്ടലിന്റെ നേർക്കു ശതഗുണീഭവിപ്പാനും ഇടയായി. മാസിഡോണിയയുടെ പീഡാകരങ്ങളായ നിയമശാസനങ്ങൾ അടങ്ങിയ മേൽഭരണത്തിൽ പരമസ്വതന്ത്രനും സ്വാതന്ത്ര്യാരാധകനും മാതൃകാഭരണതത്വസ്ഥാപകനുമായ അരിസ്ററോട്ടലിനും കൈകാര്യകർത്തൃത്വം ഉണ്ടായിരിക്കുമെന്നു് ആതൻസ് നിവാസികൾ തെററിദ്ധരിച്ചു തുടങ്ങി. ഇ

ങ്ങിനെയൊരു തെററിദ്ധാരണയുടെ ഫലമായി, ആതൻസു പൌരാവലി അരിസ്റ്റോട്ടലിനോടു അതൃപ്തിയാണു പ്രകടിപ്പിച്ചുകൊണ്ടിരുന്നതു് എങ്കിലും, അലക്സാണ്ഡരുടെ പ്രതിപുരുഷൻ മാസിഡോണിയയുടെ ശക്തിക്കു കീഴിൽ ആതൻസ് ഭരണം നടത്തിപ്പോന്നിരുന്നതിനാൽ കുറഞ്ഞൊരു നാളത്തേക്കു പൌരന്മാർ അടങ്ങിപ്പാർക്കേണ്ടിവന്നു.

എന്നാൽ ബി. സീ. ൩൨൪-ൽ അലക്സാണ്ഡർചക്രവൎത്തി യവനരാജ്യത്തിലെ സ്വതന്ത്രനഗരികളെ സ്വശക്തികളാക്കണമെന്നുള്ള ഉദ്ദേശ്യത്തിൽ, ഓരോ നഗരികളിൽനിന്നു ബഹിഷ്കരിച്ചിട്ടുണ്ടായിരുന്ന രാജ്യകാൎയ്യപ്രവൎത്തകന്മാരെ അതാതു നഗരികൾ ഉടൻതിരിയെ വിളിച്ചുകൊള്ളണമെന്നും, അല്ലാത്തപക്ഷം ഉടനടി ഒരു ആക്രമണം ഉണ്ടാകുന്നതാണെന്നും ഒരുവിളംബരം പ്രസിദ്ധപ്പെടുത്താൻ നിശ്ചയിച്ചു. ഗ്രീക്കു് നഗരികളുടെ ജന്മാവകാശമായ സ്വാതന്ത്ര്യത്തെ പാടേ ധ്വംസിക്കുന്ന ഈ വിളംബരം നാടൊട്ടുക്കു പ്രസിദ്ധപ്പെടുത്താൻ ചുമതലപ്പെടുത്തേണ്ടിവന്നതു അരിസ്റ്റോട്ടലിൻെറ ബാല്യത്തിൽ അദ്ദേഹത്തിൻെറ രക്ഷകൎത്താവായിരുന്ന പ്രോക്സിനസ്സിൻെറ പുത്രനും ആ തത്വശാസ്ത്രജ്ഞൻെറ ഒരു ശിഷ്യനുമായ 'നിക്കാനർ' എന്ന യുവാവായിരുന്നു. ഈ അത്ഭുതസംഭവം അരിസ്റ്റോട്ടലിൻെറ പ്രേരണയാലാണെന്നു് ആതൻസുപൌരന്മാർ തെററിദ്ധരിച്ചതിൽ അതിശയിപ്പാനില്ലല്ലോ. ബീ. സി. ൩൨൩-ൽ ഗ്രീസ്സിലെ സ്വതന്ത്രനഗരികളെല്ലാം ഭയകമ്പിതങ്ങളായി അലക്സാണ്ഡരുടെ ആക്രമണകോലാഹലങ്ങൾ സ്വപ്നംകണ്ടു ആശങ്കാഭാരത്തോടുകൂടെ വൎത്തിക്കുന്ന ഒരുസമയത്താണു് ഏററവും ആശ്ചൎയ്യകരവും ആകസ്മികവുമായവിധം അലക്സാണ്ഡർമഹാൻ ചരമഗതിയടഞ്ഞുവെന്ന വൃത്താന്തം ആതൻസിൽ അറിവുകിട്ടിയതു്. ബാബിലോണിയാനഗരത്തിൽവെച്ചു് ഒരു വിഷമ

ജ്വരംനിമിത്തം അലക്സാണ്ഡർ ഇഹലോകവാസം വെടിഞ്ഞുവെന്ന ആ വൃത്താന്തം ഗ്രീസ്സിലെ നഗരീസംസ്ഥാനങ്ങളെ എത്രമാത്രം ശക്തിയുക്തങ്ങളും ഉത്സാഹഭരിതങ്ങളുമാക്കിത്തീൎത്തുവെന്നു പറയേണ്ടതില്ലല്ലോ. പത്തൊൻപതാംശതവൎഷത്തിന്റെ ആദിമഘട്ടത്തിൽ യൂറോപ്യമഹാഖണ്ഡം മുഴുവൻ വിറപ്പിച്ചുകൊണ്ടിരുന്ന നെപ്പോളിയൻചക്രവൎത്തി ലോകവിശ്രുതമായ വാട്ടർലൂസമരത്തിന് അഞ്ചുവൎഷംമുൻപ് ഒരു രോഗബാധിതനായി മൃതനായിപ്പോയിരുന്നെങ്കിൽ ഇംഗ്ലണ്ടുതുടങ്ങിയ ശത്രുരാജ്യങ്ങൾക്ക് ഉണ്ടാകുമായിരുന്ന സന്തോഷാഹ്ലാദപ്രകാരങ്ങൾ ഏതുവിധമായിരിക്കുമോ അതുപോലെയായിരുന്നു, അലക്സാണ്ഡരുടെ അകാലചരമത്തിൽ ആതൻസുതുടങ്ങിയ ഗ്രീസ്സിലെ ദേശവിഭാഗങ്ങൾക്ക് സിദ്ധിച്ച അവസ്ഥാഭേദവും!

അലക്സാണ്ഡരുടെ ചരമത്തോടുകൂടി ആതൻസിൽ അരിസ്റ്റോട്ടലിന്റെ ശക്തി അതിദയനീയമായവിധം കുറഞ്ഞുതുടങ്ങി. മാസിഡോണിയക്ക് എതിരായി പ്രവൎത്തിച്ചുകൊണ്ടിരുന്ന ആതൻസ്വദേശീയരായ രാജ്യകാൎയ്യപ്രവൎത്തകന്മാരുടെ പ്രതാപം വൎദ്ധനയിലും അരിസ്റ്റോട്ടലിനെ സംരക്ഷിച്ചുപോന്നിരുന്ന രാജ്യതന്ത്രജ്ഞന്മാരുടെ മഹിമ ക്രമേണ ക്ഷയത്തിലും കലാശിച്ചു. ഇപ്രകാരം, അരിസ്റ്റോട്ടലിന് എതിരായി അന്നു പ്രവൎത്തിച്ചിരുന്നവരെ മൂന്നായി വിഭജിക്കാമെന്നു തോന്നുന്നു. ഒന്നാമത്, അരിസ്റ്റോട്ടൽ ആതൻസിലെ വിദ്യാൎത്ഥിയായിരുന്ന കാലത്ത് അദ്ദേഹവുമായി അതിമത്സരശീലത്തിൽ വൎത്തിച്ചുപോന്ന ഐസോക്രറ്റസ്സ് എന്ന പണ്ഡിതന്റെ സ്നേഹിതന്മാർ; രണ്ടാമത്, അരിസ്റ്റോട്ടൽ, പ്ലേറ്റോയുടെ തത്വശാസ്ത്രരീതിയിൽ സ്വകപോലകല്പിതമായ ഒരു വിഭിന്നത സഞ്ജാതമാക്കി ഒരു നവീനതത്വശാസ്ത്രം നിൎമ്മിച്ചു പ്രചരിപ്പിച്ചതിനാൽ അതൃപ്തരായ പ്ലേറ്റോയുടെ

വിശ്വസ്തശിഷ്യന്മാരുമായ വിദ്വാന്മാർ; മൂന്നാമത്ത്, മാസിഡോണിയയുടെ മേൽകോയ്മയെ ഇല്ലാതാക്കുന്നതിനായി നിരന്തരശ്രമം ചെയ്തുപോന്നിരുന്ന ദേശാഭിമാനിവീരന്മാർ. ഈ ശത്രുസംഘം കുറഞ്ഞൊരുകാലമായി അമൎത്തിവെച്ചിരുന്ന ഓരോ മനോഗതങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ പ്രത്യേകം ജാഗരൂകമായിത്തീൎന്നു അരിസ്റ്റോട്ടലിനെ ഏതുവിധത്തിലും ആതൻസിൽനിന്ന് തുരത്തുവാൻ പ്രത്യേകശ്രമം ചെയ്തുതുടങ്ങി. അതനുസരിച്ച് ഈശ്വരവിരുദ്ധമായി, അതായത് ആതൻസിലെ ദേവതാരാധനത്തിനു വിരുദ്ധമായി അരിസ്റ്റോട്ടൽ പ്രവൎത്തിക്കുന്നുവെന്നുള്ള ഒരു അപരാധം അദ്ദേഹത്തിന്റെ മേൽചുമത്തി അദ്ദേഹത്തെ, സാക്രട്ടീസ്സിനെ എന്നപോലെ കഥാവശേഷനാക്കുന്നതിനായിരുന്നു അവരുടെശ്രമം. എന്നാൽ ഇപ്രകാരം പൌരന്ദ ഭയത്തിന്റെ അവഹേളനവൈരങ്ങൾക്ക് പാത്രമായതോടുകൂടി അരിസ്റ്റോട്ടൽ ആ നഗരയിൽനിന്ന് വിട്ടുപൊയ്ക്കൊള്ളാം എന്ന് സമ്മതിക്കുകയും, അതനുസരിച്ച് ആതൻസിൽനിന്ന് യൂബിയയിൽ 'ക്യാൽസിസ്' എന്ന സ്ഥലത്ത് എത്തി അദ്ദേഹം താമസമുറപ്പിക്കയുംചെയ്തുവന്നു. ക്യാൽസിസ്സ് എന്നതു അരിസ്റ്റോട്ടലിന്റെ പൂൎവ്വികന്മാരുടെ ജന്മദേശമാണെന്നു മാത്രമല്ല, അദ്ദേഹത്തിന്ന് അവിടെ ഏതാനുംചില വസ്തുവകകളും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. വിശിഷ്യ, മാസിഡോണിയയിലെ ഒരു സേനാനിവഹം ക്യാൽസിസ്സിൽ രക്ഷയ്ക്കായി നിയോഗിതമായിരുന്നതിനാൽ അവിടെ അദ്ദേഹത്തിന്ന് യാതൊന്നുംതന്നെ ഉപദ്രവംകൂടാതെ നിവസിപ്പാൻ ധാരാളം സൌകൎയ്യം ലഭിച്ചിരുന്നു. ഏതായാലും ആതൻസ്സുനിവാസികളുടെ വൈരം കാലത്തിന്റെ ചികിത്സയാൽ ശമിക്കുമ്പോൾ വീണ്ടും അവിടെ എത്തിക്കൊള്ളാമെന്ന് അദ്ദേഹം ആശിച്ചിരുന്നു. എന്നുമാത്രമല്ല, അധികംതാമ

സിയാതെ മാസിഡോണിയയുടെ ശക്തി പ്രബലപ്പെടുകയും, ഇതേവരെ അദ്ദേഹത്തെ സംരക്ഷിച്ചുപോന്ന ഭരണശക്തിതന്നെ ഒന്നുകൂടെ സ്ഥാപിതമാവുകയും ചെയ്യുമെന്നായിരുന്നു, അദ്ദേഹത്തിന്റെ പൂർണ്ണമായ വിശ്വാസം. അതനുസരിച്ച്, അദ്ദേഹത്തിന്റെ വിദ്യാലയവും ഗ്രന്ഥശാലയും, തിയോഫ്രാസ്റ്ററസ്സ് എന്ന ഒരു സ്നേഹിതനെ ഏൾപ്പിച്ച് ഒട്ടും താമസിയാതെ വീണ്ടും അവിടെഎത്തി തന്റെ ഏത്രയും പ്രീതിപത്തിക്കു പാത്രമായ തത്വശാസ്ത്രതത്വാന്വേഷണങ്ങളിൽ മാത്രം സമയം നയിക്കാമെന്ന് അദ്ദേഹം കരുതിയാണ് അദ്ദേഹം യൂബിയയിൽ പോയി താമസിച്ചതു്. ഈ പ്രത്യാശകളൊക്കെ ഒരുവർഷത്തിനകം സഫലമാകുമായിരുന്നുവെന്നും നമുക്ക് പറയാം. പക്ഷെ വിധിവൈപരീത്യം ഇതിനു മഹാപ്രതിബന്ധമായിത്തന്നെയിരുന്നു. ബി. സീ. ൩൨൨-ൽ അദ്ദേഹം അജീർണ്ണരോഗബാധിതനായി പെട്ടെന്ന് ഇഹലോകവാസം വെടിയുകയും, ഈ പ്രത്യാശകൾ കേവലം വിഫലങ്ങളായി കലാശിക്കുകയുമാണ് ചെയ്തതു.

അരിസ്റ്റോട്ടലിന്റെ മരണപത്രം അനന്തരപരമ്പരകൾ ബഹുജാഗ്രതയോടെ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഔദാര്യം ന്യായബോധം എന്നിവയുടെ അവതാരമൂർത്തിയായ ഒരാളിൽനിന്ന് മാത്രം ആശിക്കാവുന്ന വിധത്തിലുള്ള ഈ പത്രികയിൽ അദ്ദേഹം തന്റെ സ്വത്ത് ഏതു പ്രകാരത്തിലാണ് വിനിയോഗിക്കേണ്ടതെന്നും, തന്റെ ഭാര്യാസന്താനങ്ങളെ എങ്ങിനെയാണു പരിരക്ഷിക്കേണ്ടതെന്നും മററും വളരെ വ്യക്തമായി ഈ പത്രികയിൽ പ്രസ്താവിച്ചിട്ടുണ്ട്. അവകാശികൾക്കു വിഭജിച്ചുകൊടുപ്പാനായി വിട്ടിട്ടുള്ള ഭൂസ്വത്തു ഇക്കാലത്തു ഏകദേശം അൻപതിനായിരംപവൻ വിലപിടിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ പ്രഥമപത്നിയുടെ പുത്രിയായ

പിഥിയസ്സ് എന്ന യുവതിയെ മുൻപ് പ്രസ്താവിച്ചിട്ടുള്ള നിക്കാനർ എന്ന യുവശ്രേഷ്ഠന് വിവാഹംചെയ്തു കൊടുക്കണമെന്നും, മരിച്ചുപോയ പ്രഥമപത്നിയുടെ അസ്ഥിശകലങ്ങൾ തന്റെ ശരീരസംസ്കാരകർമ്മത്തിൽ ദേഹത്തോടെ ചേർത്തിരിക്കണമെന്നും പ്രസ്താവിച്ചിട്ടുണ്ട്. പ്രഥമപത്നിയുടെ മരണത്തിനുശേഷം തന്റെ പത്നിയായിരുന്ന ഹെർപ്പിലിസ് എന്ന മാന്യയിൽ അദ്ദേഹത്തിനുണ്ടായ പുരുഷസന്താനമായ നിക്കോമാക്കസ്സ്, നിക്കാനറുടെ രക്ഷയിൽതന്നെയായിരിക്കണം. ഹെർപ്പിലിസ്സിനോട്ട് അത്യന്തം പ്രേമ ബഹുമതികൾ മരണപത്രികയിൽ പ്രകാശിപ്പിച്ചിരിക്കുന്നു കുടുംബത്തിലുള്ള അടിമകളെ പ്രായപൂർത്തി മുതലായ യോഗ്യതകൾ അനുസരിച്ച് സ്വതന്ത്രരാക്കി വിടേണ്ടതാണ്. എന്നുമാത്രമല്ല, തന്റെ കുടുംബാംഗങ്ങളിൽ യോഗ്യതയുള്ളവരുടെയെല്ലാം അർദ്ധപ്രതിമകൾ തീർപ്പിച്ച് വെയ്ക്കേണ്ടതാണ് എന്നുംകൂടെ ഈ മരണപത്രികയിൽതന്നെ പ്രസ്താവിച്ചിരിക്കുന്നു.

അരിസ്റ്റോട്ടലിന്റെ മരണപത്രികയുടെ യാഥാർത്ഥ്യത്തെപ്പറ്റി ഇന്നും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. എന്നിരുന്നാലും പാരമ്പര്യമായി വിശ്വസിച്ചുപോരുന്ന ഐതിഹ്യങ്ങൾക്ക് എന്തെങ്കിലും അല്പം യാഥാർത്ഥ്യം ഉണ്ടാകുമെങ്കിൽ ഈ മരണപത്രികയും അക്കൂട്ടത്തിൽ ചേരുമെന്നുമാത്രം നമുക്കു പറയാം. അഥവാ ഇതു വെറും കെട്ടുകഥയാണെങ്കിൽപോലും അദ്ദേഹത്തിനോട്ട് പ്രത്യേക ബഹുമതി തോന്നിയ ആരുടെയെങ്കിലും സങ്കല്പശക്തിയുടെ ഫലമായിരിക്കാം. അരിസ്റ്റോട്ടലിന്റെ പക്ഷത്തിൽ ചേർന്നവർ ഇപ്രകാരമുള്ള കെട്ടുകഥകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അതിലും അപ്പുറമുള്ള കെട്ടുകഥകൾ അദ്ദേഹത്തിന്റെ ശത്രുക്കളും നിർമ്മിച്ചിട്ടുണ്ട് എന്നുമാത്രം നമുക്ക് സമാധാനപ്പെടാം. ശത്രുക്കളുടെ അപഹാസ്യമായ പ്രസ്താവനകൾ അനുസരിച്ച് നോക്കുന്നപ

ക്ഷം, അദ്ദേഹം ചെറിയതന്നെ കണ്ണുകളോടും, ഘ്രാണംകുറഞ്ഞ് ഉരുണ്ടജംഘകളോടും കൂടിയവനായിരുന്നുവത്രെ. സംഭാഷണത്തിൽ ഒരു കൊഞ്ഞൽ ഉണ്ടായിരുന്നതാണ് അദ്ദേഹത്തിൻെറ മറെറാരു ന്യൂനത. ചെറുപ്പത്തിൽ അദ്ദേഹം കേവലം ധൂർത്തനായി ഇന്ദ്രിയവശഗനായി നടന്നിരുന്നു; വസ്ത്രാഡംബരത്തിൽ അക്ഷമമായ ആസക്തി പ്രദർശിപ്പിച്ചിരുന്നു; ഭക്ഷണസംബന്ധമായിട്ടാണെങ്കിൽ വിഭവസമന്വിതമായ എന്തെങ്കിലും കഴിക്കാറുണ്ടായിരുന്നുള്ളു; സ്വഭാവസംബന്ധമായി അദ്ദേഹം പ്ലേറേറായോട് കൃതഘ്നനായിരുന്നു." എന്നിത്യാദിദോഷങ്ങൾ അദ്ദേഹത്തിൽ ചുമത്തിക്കാണുന്നുണ്ട്. ഈ ഓരോ ദോഷങ്ങളെ സംബന്ധിച്ചും നമുക്ക ശരിയായ അറിവു ലഭിക്കുന്നപക്ഷം അവയോരോന്നും എത്രയോ മഹനീയങ്ങളായ ഗുണങ്ങളായിരുന്നുവെന്നും മനഃപൂർവ്വമായ വിരോധം കൊണ്ടുമാത്രം അവയുടെ ഗുണഭാവങ്ങൾ മറച്ചിരിക്കയാണെന്നും നമുക്ക് ബോധപ്പെടും. ഏതൊരു മഹാൻെറ ജീവചരിത്രപരിശോധനയിലും ശത്രുക്കൾ പറഞ്ഞുപരത്തിയിട്ടുള്ളതായ ദോഷങ്ങളെക്കൂടെ ചരിത്രകാരൻ കാണാതിരിക്കയില്ലല്ലോ. നമുക്ക ഇപ്പോൾ അരിസ്റ്റോട്ടലിൻെറ ജീവിതം സംബന്ധിച്ച് ചില അതിപ്രധാനസംഗതികൾ മാത്രമേ അറിയാറായിട്ടുള്ളു എന്നുതന്നെ സമ്മതിക്കണം. അതെന്തായിരുന്നാലും നോക്കുന്നപക്ഷം, സദാചാരപരമായി എത്രയും ഉന്നതമായ ഒരു സ്ഥാനത്തിനു അർഹതയുള്ളവനും, യാതൊരു ചിത്തമാലിന്യവും പിടിപെടാത്തവനുമായിരുന്ന ഒരു മഹാനായ ആചാര്യവര്യനായിരുന്നു അരിസ്റ്റോട്ടൽ എന്ന് നിശ്ചയമായും സമ്മതിക്കണം. ഈ ആചാര്യരത്നമത്രെ ബുദ്ധിശക്തിവൈഭവത്താൽ, പുരാതനയവനലോകത്ത് ജനിച്ചിട്ടുള്ള സമസ്താചാര്യന്മാരേയും ഒരുപോലെ അതിശയിക്കുന്നവിധം, യൂറോപ്പിലെ സമസ്ത ശാസ്ത്രങ്ങളും നിർമ്മിച്ച് ലോകത്തിനായി പ്രദാനം ചെയ്തിട്ടുള്ളത്.

# അദ്ധ്യായം ൩.

## അരിസ്റ്റോട്ടലിന്റെ ശാസ്ത്രസമുച്ചയം.

പാശ്ചാത്ത്യതത്വശാസ്ത്രത്തിന്റെ പുരോഗമനത്തിൽ അരിസ്റ്റോട്ടൽ, പ്ലേറേറാ എന്നിവരിൽ ആരാണ് അത്യധികമായി ശ്രമിച്ചിട്ടുള്ളതു് എന്ന കാൎയ്യം തീൎത്തുപറവാൻ പാടില്ല. ഈ രണ്ടുപേൎക്കും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തിന്റെകഥ എന്തുതന്നെയായിരുന്നാലും, ഇവർ പരസ്പരവിഭിന്നങ്ങളായ രണ്ടു തത്വസരണികളിൽ കൂടെയാണ് ചരിച്ചിരുന്നതു് എന്നു നിസ്സംശയം പറയാം. പ്ലേറേറാ പ്രമാവിഷയങ്ങളായ കാൎയ്യങ്ങളുടെ അന്തൎഭാഗം മനസ്സിലാക്കുന്നതിനും, അരിസ്റ്റോട്ടൽ, അവയുടെ യാഥാൎത്ഥ്യം ആധാരമാക്കി ശാസ്ത്രതത്വങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ശ്രമംചെയ്തുപോന്നിരുന്നു. ഇന്ദ്രിയവിഷയങ്ങളായ ജ്ഞാനങ്ങളുടെ സ്വരൂപത്തിനല്ല, സ്വഭാവത്തിനാണ് പ്ലേറേറാ പ്രാധാന്യം കല്പിച്ചതു്. അരിസ്റ്റോട്ടലാകട്ടെ, പ്രകൃതിയിൽ അന്തൎഭവിച്ചിട്ടുള്ള സകലവസ്തുക്കളുടേയും സ്വരൂപനിരൂപണത്തിൽ പ്രത്യേകം ജാഗരൂകനായിരുന്നു. അരിസ്റ്റോട്ടലിന്റെ പൎയ്യവേക്ഷണങ്ങളുടെ ആകെക്കൂടിയുള്ള ഫലം സ്വതന്ത്രമായ ശാസ്ത്രീയപദ്ധതിയുടെ നിൎമ്മാണമായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഓരോ ശാഖകളിലായി സമ്പാദിതമായ ജ്ഞാനത്തിന്റെ സ്വഭാവം അദ്ദേഹം മനസ്സിലാക്കി അവയ്ക്കു് ശാസ്ത്രീയമായ ഒരു സ്വരൂപം നൾകി യഥായോഗ്യം വിഭജിച്ചു് ഭാവിതലമുറകൾക്കു് അനുഭൂതിയോഗ്യമാക്കിക്കൊടുത്തു. ഇങ്ങിനെ ആദ്യമായി, ശാസ്ത്രീയവും സമ്പൂൎണ്ണവുമായ ഒരു തത്വശാസ്ത്രപദ്ധതി പാശ്ചാത്ത്യരാജ്യങ്ങളിൽ പ്രതിഷ്ഠിച്ചതു് അരിസ്റ്റോട്ടൽ മാത്രമായിരുന്നു. ഈ പ്രതിഷ്ഠ, സാക്രട്ടീസ്സിനെപ്പോലെ സംഭാഷണപരമ്പരവഴിയോ പ്ലേറേറായെപ്പോലെ സാഹിത്യഗ്രന്ഥങ്ങൾ മുഖേന

യോ ആയിരുന്നില്ല. പ്രത്യുത; പ്രത്യേകനിർദ്ദിഷ്ടമായ രീതികളോടുകൂടിയ ശാസ്ത്രമായിട്ടുതന്നെയായിരുന്നു.

എന്നാൽ തത്വശാസ്ത്രനിർമ്മിതിമാത്രം കൊണ്ടല്ല അരിസ്റ്റോട്ടൽ ഇന്നു് പ്രഖ്യാതനായിരിക്കുന്നതു്. ശാസ്ത്രലക്ഷണങ്ങൾ സമ്പൂർണ്ണമായി യോജിക്കുന്ന ഒരു പ്രതിപാദനരീതിയവലംബിച്ചു് തർക്കശാസ്ത്രം (Logic, പ്രകൃതിശാസ്ത്രം (Physics) അദ്ധ്യാത്മതത്വശാസ്ത്രം (Metaphysics) മനഃശാസ്ത്രം (Psychology) ജഡാജഡശാസ്ത്രം (Natural History) നക്ഷത്രശാസ്ത്രം (Meturology) രാജ്യമീമാംസ (Political Philosophy) നീതിശാസ്ത്രം (Ethics) സാഹിത്യശാസ്ത്രം (Rhetoric) എന്നിങ്ങനെ അത്യന്തവിഭിന്നങ്ങളായ നാനാശാസ്ത്രങ്ങൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. ഒരൊററയാളിനു് ഇത്രയേറെ ശാസ്ത്രങ്ങൾ നിർമ്മിപ്പാൻ സാധിച്ചതു എങ്ങിനെയെന്നതു് ഇന്നും ലോകത്തെ ആശ്ചര്യഭരിതമാക്കിത്തീർക്കുന്ന ഒരു കാര്യംതന്നെയാണു്. ഈ ഓരോശാസ്ത്രംസംബന്ധിച്ചും അരിസ്റ്റോട്ടൽ പൂർവാചാര്യന്മാരുടെ സിദ്ധാന്തങ്ങളെപ്പററി വിശദമായി പ്രസ്താവിക്കുകയും, അവയിൽനിന്നു് വ്യത്യസ്തവും നവീനവുമായ ചില തത്വങ്ങൾ സ്ഥാപിക്കുകയുമാണു് ചെയ്തിട്ടുള്ളതു്.

മുൻപറയപ്പെട്ട നാനാശാസ്ത്രങ്ങൾ അരിസ്റ്റോട്ടൽ, തൻെറ ജീവിതകാലത്തിൽ എപ്പോഴാണു് നിർമ്മിച്ചിട്ടുള്ളതു എന്നു് അറിയുന്നതു് രസാവഹമായിരിക്കുമല്ലോ. അദ്ദേഹത്തിൻെറ ജീവിതകാലത്തിലെ പ്രഥമഘട്ടമായ ആതൻസിലെ ആദ്യനിവാസകാലത്തു്, അദ്ദേഹം പ്ലേറേറായുടെ വിദ്യാലയത്തിൽചേർന്നു അഭ്യസനം നടത്തിക്കൊണ്ടിരുന്നേയുള്ളുവെങ്കിലും, സംവാദപരമ്പരപോലെ ഏതാനും ചില സംഭാഷണങ്ങൾ എഴുതിയിട്ടുണ്ടായിരുന്നു. സാഹിത്യപ്രധാനങ്ങളായ ഈ സംഭാഷണങ്ങൾമൂലം അദ്ദേഹം പ്ലേറേറായുടെ ചില സിദ്ധാന്തങ്ങളെ അക്കാലത്തു ഖണ്ഡിച്ചി

ട്ടുമുണ്ടായിരുന്നു. രാജ്യഭരണം, തത്വശാസ്ത്രം എന്നിവയെപ്പററി അദ്ദേഹത്തിന്റെ സ്വതന്ത്രാഭിപ്രായങ്ങൾ ആദ്യമായി പ്രകാശിതങ്ങളായതു് ഈ സംവാദഗ്രന്ഥംവഴിയായിരുന്നു. എന്നാൽ പ്ലേറേറായുടെ ചരമഗതിയോടുകൂടി ആതെൻസുവിട്ടു് അന്യദേശങ്ങളിൽ താമസിച്ച രണ്ടാമത്തെ ജീവിതഘട്ടത്തിൽ അദ്ദേഹം ശാസ്ത്രീയങ്ങളായ പര്യവേക്ഷണങ്ങളിൽ അത്യന്തം ഉത്സുകനാവുകയും, ഇതനുസരിച്ചു് സാഹിത്യപ്രധാനമായ രചനാരീതി അദ്ദേഹത്തെ നിശ്ശേഷം ഉപേക്ഷിക്കുകയും ചെയ്തു. തത്വശാസ്ത്രസംബന്ധമായി വ്യക്തഗതമായ മാനസികവികാസം അദ്ദേഹത്തിനു ധാരാളം സിദ്ധിച്ചതിനാൽ രചനയിൽ അലങ്കാരപ്രധാനത നിശ്ശേഷം ഉപേക്ഷിച്ചു അർത്ഥം വരിഞ്ഞിരുക്കിക്കാണിക്കുന്നമാതിരിയുള്ള പദപ്രയോഗങ്ങളും, ശാസ്ത്രീയഗ്രന്ഥയോഗ്യമായ രൂപവാക്യങ്ങളുംകൊണ്ടുമാത്രമേ കൈകാര്യംചെയ്യുകയുള്ളു എന്നുള്ള രീതിയിലായി. എന്നാൽ മൂന്നാമത്തെ ഘട്ടമായ ആതെൻസുനിവാസകാലത്താണു ഓരോരോ ശാസ്ത്രങ്ങളായി അദ്ദേഹം നിർമ്മിപ്പാൻതുടങ്ങിയതു്. അതായതു് അൻപതാമത്തെ വയസ്സുതൊട്ടു് അറുപതിമൂന്നാമത്തെ വയസ്സുവരെയുള്ള പതിമൂന്നുവർഷക്കാലം അദ്ദേഹം നിരന്തരം ശാസ്ത്രനിർമ്മാണത്തിൽതന്നെ വ്യാപൃതനായിരുന്നു.

അരിസ്റ്റോട്ടലിന്റെ ശാസ്ത്രങ്ങൾ ഏതു് അനുക്രമം അനുസരിച്ചാണു് നിർമ്മിച്ചിരിക്കുന്നതു് എന്നു് അറിവാൻ നമുക്കു് യാതൊരു മാർഗ്ഗവുമില്ല. കേവലം ഊഹത്തെ അടിസ്ഥാനമാക്കി ആലോചിക്കുന്ന പക്ഷം, തർക്കശാസ്ത്രത്തിനു പ്രാഥമ്യം അർഹിപ്പാൻ ഇടയുണ്ടു്. എന്തെന്നാൽ തർക്കശാസ്ത്രം ഇതരശാസ്ത്രപ്രവേശവും ഊഹാപോഹവിചക്ഷണതയും അഭ്യസ്തന്മാരിൽ വളർത്തുന്നതുമാണല്ലോ. തർക്കശാസ്ത്രത്തിനു ശേഷം ജീവതത്വശാസ്ത്രം, പദാർത്ഥശാസ്ത്രം എന്നിവ നിർമ്മിച്ചിരിപ്പാൻ ഇടയുണ്ടു്. ഇവ കഴിഞ്ഞിട്ടാ

യിരിക്കണം മനുഷ്യസമുദായ സംബന്ധങ്ങളായ നീതിശാസ്ത്രം, രാജ്യമീമാംസ, സാഹിത്യം, തത്വശാസ്ത്രം എന്നിവ നിർമ്മിച്ചിട്ടുള്ളതു്. ഈ വിധം പ്രത്യേക നാമധേയങ്ങൾ നൽകി പ്രത്യേക ശാഖകളായി വേർതിരിച്ചതു് അദ്ദേഹമായിരുന്നു. അദ്ദേഹത്തിൻെറ ഈ വിഭജനത്തിനു മുമ്പു് പ്രകൃതിശാസ്ത്രത്തിനും, ജീവതത്വശാസ്ത്രത്തിനും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടായിരുന്നില്ല. നീതിശാസ്ത്രവും രാജ്യമീമാംസയും മിക്കപ്പോഴും ഒരു ശാഖയിൽ തന്നെ ഉൾപ്പെട്ടിരുന്നു. അതുപോലെ തർക്കശാസ്ത്രം, മനഃശാസ്ത്രം എന്നിവകൾക്കു് തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നില്ല. എന്നാൽ ഈ ശാസ്ത്രസമുച്ചയം എല്ലാം പ്രത്യേകമായി വിഭജിച്ചു് അരിസ്റ്റോട്ടലത്രേ പ്രത്യേകശാഖകൾക്കു് പ്രത്യേകനാമധേയം നൽകിയതു്. ഇപ്രകാരം, അരിസ്റ്റോട്ടലിൻെറ നിർമ്മിതിയിൽപെട്ട ശാസ്ത്രങ്ങളുടെ ഒരു സാമാന്യജ്ഞാനം ഉണ്ടായിരിക്കുന്നതു് അസംഗതമാകയില്ലല്ലോ.

തർക്കശാസ്ത്രമാണു് അരിസ്റ്റോട്ടലിൻെറ ശാസ്ത്രങ്ങളിൽ സർവ്വപ്രകാരേണ പ്രാധാന്യം അർഹിക്കുന്നതു് എന്നു പറഞ്ഞുവല്ലോ. തർക്കശാസ്ത്രം കണ്ടുപിടിച്ചുവെന്നുള്ള ബഹുമതി ഭാരതഭൂമിക്കാണു് ഉള്ളതെങ്കിലും, യവനലോകത്തിനും ഈ ബഹുമതിയിൽ ഗണ്യമായഭാഗത്തിനു അർഹതയുണ്ടു്. എന്നാൽ പുരാതനഭാരതത്തിൽ പ്രസിദ്ധമായ 'തർക്കം' അഥവാ 'ന്യായം' എന്ന ശാസ്ത്രത്തിനും ഗ്രീസ്സിലെ ന്യായശാസ്ത്രത്തിനും തമ്മിൽ ഗണ്യമായ അന്തരം ഉണ്ടായിരുന്നുവെന്നുതന്നെ സമ്മതിക്കണം. അരിസ്റ്റോട്ടലിൻെറ ന്യായശാസ്ത്രം പ്രധാനമായി നമ്മുടെ ശ്രദ്ധയിൽപെടുന്ന ഏതാനും ഉപാധികളെ അടിസ്ഥാനമാക്കി പ്രതിഷ്ഠിതമായിരുന്നു. നാം എന്തെങ്കിലും വസ്തുക്കളെപ്പററി സംഭാഷണം നടത്തുമ്പോൾ ഒന്നുകിൽ പദാർത്ഥങ്ങളോ അഥവാ അവയുടെ ഗുണകർമ്മസാമാന്യവിശേഷാദികളോ അതാണല്ലോ പ്രധാ

നമായി ശ്രദ്ധാപഥത്തിൽ പതിയുന്നതു്. ഇതനുസരിച്ച്, അരിസ്റ്റോട്ടലിന്റെ ന്യായശാസ്ത്രം പ്രധാനമായി, പദാർത്ഥം, ഗുണം, സംഖ്യ, സംബന്ധം, ദേശം, കാലം, വ്യാപാരം, വികാരം, അവസ്ഥ ഭാവം എന്നിങ്ങിനെ പത്തു അധികരണങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ഭാരതീയന്യായശാസ്ത്രത്തിലെ ദ്രവ്യഗുണകർമ്മസാമാന്യ വിശേഷസമവായാഭാവ്ങ്ങളായ ഏഴു്പദാർത്ഥങ്ങൾ അവയുടെ അവാന്തര വിഭാഗങ്ങൾ എന്നിങ്ങിനെ അതിവിസ്തൃതവും ഗഹനവുമായിത്തീരുന്ന താർക്കികസിദ്ധാന്തങ്ങളേക്കാൾ ഗ്രീസ്സിലെ മുൻപറഞ്ഞ ന്യായശാസ്ത്രസിദ്ധാന്തങ്ങൾ ലഘുഗ്രഹണസമർത്ഥങ്ങളാണെന്നത്രേ പണ്ഡിതന്മാരുടെ അഭിപ്രായം. ഇപ്രകാരം ഒരു ലാഘവം ന്യായശാസ്ത്രസിദ്ധാന്തങ്ങൾക്ക് വരുത്തിക്കൂട്ടിയതു അരിസ്റ്റോട്ടൽ ആയിരുന്നു. കാര്യകാരണഭാവത്തിൽ പ്രതിഷ്ഠിതമായിട്ടുള്ളതാണല്ലോ ന്യായശാസ്ത്രം. ഈ ന്യായശാസ്ത്രത്തിന് പാശ്ചാത്യഭാഷകളിൽ കാണുന്ന നാമധേയം 'ലോജിക്ക്' എന്നാണെങ്കിലും അരിസ്റ്റോട്ടൽ ആ നാമധേയം കൊടുത്തിട്ടുള്ളതായി കാണുന്നില്ല. അധികരണം, അർത്ഥസംബോധനം, വ്യവച്ഛേദനം എന്നിത്യാദി നാമധേയത്തിൽ അദ്ദേഹം കുറെ ഏറെ അദ്ധ്യായങ്ങൾ കൂട്ടിച്ചേർത്താണു ന്യായശാസ്ത്രം നിർമ്മിച്ചിരിക്കുന്നതു്. ഇക്കാലത്തു് 'ലോജിക്ക്' എന്ന പദംകൊണ്ടു് നാം മനസ്സിലാക്കേണ്ട സകല തത്വങ്ങളും മുൻപറഞ്ഞ ഉപന്യാസങ്ങൾവഴി അദ്ദേഹം സമർത്ഥിച്ചിട്ടുണ്ടു്. ഈ ഉപന്യാസങ്ങളത്രേ ഇന്നത്തെ പാശ്ചാത്യന്യായശാസ്ത്രത്തിന്റെ അടിസ്ഥാനം.

മെററാഫിസിക്സ് അഥവാ അദ്ധ്യാത്മതത്വശാസ്ത്രം എന്ന ദ്വിതീയവിഭാഗത്തിൽ, ജ്ഞാനം, സത്ത എന്നിവയുടെ യഥാർത്ഥസ്വഭാവം മനസ്സിലാക്കുന്നതിന് ആധാരങ്ങളായ മൌലികതത്വങ്ങളെ അരിസ്റ്റോട്ടൽ വിവരിക്കുന്നു.

ഈ ശാസ്ത്രദ്വാരാ അരിസ്റ്റോട്ടൽ പ്ലേറ്റോയുടെ ചില സിദ്ധാന്തങ്ങളെ സ്വതന്ത്രമായി വിമർശിക്കുകയും, പദാർത്ഥം, ദ്രവ്യം, കാരണം എന്നിവയുടെ പരമസ്വരൂപങ്ങളെപ്പറ്റി വിവരിക്കുകയും ചെയ്യുന്നു. ഈ വിമർശനവിവരണങ്ങൾ അവയുടെ വിഷയസ്വഭാവംകൊണ്ടു് ഏറ്റവും ദുർഗ്രഹങ്ങൾതന്നെയാണു്.

എന്നാൽ മനഃശാസ്ത്രസംബന്ധിച്ചു പ്രതിപാദനരീതി അത്രത്തോളം ദുർഗ്രഹമായിരിക്കുന്നില്ല. എങ്കിലും ശാസ്ത്രത്തിൽ പ്രഥമപ്രവേശകനു് അവ സുഗ്രഹങ്ങൾ എന്നു പറവാൻ നിവൃത്തിയില്ലതന്നെ. മനസ്സിനും ശരീരത്തിനും തമ്മിലുള്ള ബന്ധം പാശ്ചാത്യരീതിയനുസരിച്ചു് ആദ്യമായി കണ്ടുപിടിച്ചതു അരിസ്റ്റോട്ടൽ ആയിരുന്നു. ഈ കണ്ടുപിടിത്തം ഇക്കാലത്തു് എല്ലാവരാലും ഒരുപോലെ ആദരണീയമായിരിക്കുന്നില്ല. എങ്കിലും മനഃശാസ്ത്രസംബന്ധമായി അരിസ്റ്റോട്ടൽ നടത്തിയിട്ടുള്ള ചർച്ചകൾ ഇന്നും പണ്ഡിതന്മാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നേതയുള്ളു. ആത്മാവിനും മനസ്സിനും തമ്മിലുള്ള ബന്ധം ഭാവനയും സ്മൃതിസംസ്കാരം എന്നിവകൾക്കും തമ്മിലുള്ള വ്യത്യാസം എന്നിവ അദ്ദേഹം അക്കാലത്തു് കണ്ടുപിടിച്ചിട്ടുള്ളവ അദ്ദേഹത്തിന്റെ അത്യഗാധമായ ബുദ്ധിശക്തിക്കു് അനശ്വരചിഹ്നമായി പ്രശോഭിക്കുന്നതാണു്. ആത്മാവും ശരീരവും ഒന്നാണോ എന്നുള്ള ചോദ്യം ഒരു മുദ്രയും അതു പതിക്കുന്ന മെഴുകും ഒന്നാണോ എന്ന ചോദ്യംപോലെയാകുന്നെന്നും, ആത്മാവു് ശരീരത്തിൽ കുടികൊള്ളുന്നതു് ഒരു നാവ്യാധിപൻ ഒരു നൌകത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതുപോലെയാണെന്നും അദ്ദേഹം സരസലളിതമായ രീതിയിൽ പ്രസ്താവിക്കുന്നുണ്ടു്.

ഫിസിക്സ്, അഥവാ പ്രകൃതിശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അരിസ്റ്റോട്ടൽ ഗ്രീക്കുതത്വജ്ഞാന

ത്തിന്റെ പ്രാരംഭത്തിൽ കണ്ടുപിടിച്ചിരുന്ന ചില തത്വങ്ങളെത്തന്നെയാണു് ആധാരമാക്കുന്നതു്. ചലനം, സമയം, ആകാശം ഇട) എന്നിവയെപ്പററി അദ്ദേഹം ശാസ്ത്രീയമായി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും, ശബ്ദം, ഉഷ്ണം, തേജസ്സ്, വിദ്യുച്ഛക്തി എന്നിങ്ങനെ നവീനലോകത്തു പ്രസിദ്ധങ്ങളായ ഉപാധികളെപ്പററി അദ്ദേഹം കേവലം മൂകഭാവം അവലംബിക്കുന്നതേയുള്ളു. ആകാശസ്ഥിതങ്ങളായ ഗോളങ്ങൾ ഗ്രഹങ്ങൾ നക്ഷത്രങ്ങൾ എന്നിവയുടെ ഗതിവിഗതികളെയും പ്രകൃതിശാസ്ത്രത്തിൽ അരിസ്റേറാട്ടൽ വിശദീകരിക്കുന്നുണ്ടു്.

അരിസ്റ്റോട്ടലിന്റെ ഏററവും പ്രധാനവും അതിവിസ്തൃതവും ശാസ്ത്രപര്യവേക്ഷണത്തിനു മകുടീഭൂതവുമായ ഒരു വിസ്തൃതശാസ്ത്രമത്രേ ജഡാജഡശാസ്ത്രം (Natural History) ജീവജന്തുക്കളെപ്പററി ഈ ശാസ്ത്രഗ്രന്ഥത്തിൽ അദ്ദേഹം ഒൻപതു് അദ്ധ്യായങ്ങളിലായി വിവരിക്കുന്നു. ഇക്കാലത്തു ജീവിശാസ്ത്രസിദ്ധാന്തങ്ങൾ സ്ഥാപിപ്പാൻ അടിസ്ഥാനമായിരിക്കുന്ന പ്രധാന ജീവിവിഭാഗങ്ങൾ, ആ ജീവികളുടെ ലക്ഷണം, സ്വഭാവം പ്രത്യേകതകൾ എന്നിവയെപ്പററി അദ്ദേഹം സംഗ്രഹരൂപത്തിലുള്ള ഓരോ വിമർശനങ്ങൾ ചെയ്തിരിക്കുന്നതു ആരേയും ആശ്ചര്യപ്പെടുത്തുമെന്നതിൽ സംശയമില്ല. എല്ലാ ജീവികളുടേയും സ്വഭാവസ്വരൂപാദികളിൽ അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടി പതിഞ്ഞിട്ടുണ്ടെന്നുള്ളതു അവയെപ്പററി അദ്ദേഹം നിഷ്ക്കർഷാപൂർവ്വം രേഖപ്പെടുത്തിയിട്ടുള്ള വിവരണങ്ങൾ തന്നെ തെളിയിക്കുന്നതാണു്. ജഡങ്ങളെപ്പററി പ്രസ്തുത വിവരണങ്ങൾ തയ്യാറാക്കിയിട്ടുള്ള അദ്ദേഹം തന്നെ അജഡങ്ങളെപ്പററിയും ശാസ്ത്രീയപ്രതിപാദനങ്ങൾ നടത്തി ലോകത്തേക്കു് ഒരു നവീന മാർഗ്ഗദർശിയുടെ സ്ഥാനം പുലർത്തുന്നുണ്ടു്. ഇപ്രകാരം ജഡാജഡശാസ്ത്രത്തെപ്പററിയുള്ള പ്രതിപാദനരീതി,

ശാസ്ത്രീയരീതി സാധാരണമായ ശുഷ്കത അശേഷം ബാധിക്കാതെ സുഗ്രഹമായിട്ടുണ്ടു്. നമുക്കു സാധാരണയായി തോന്നുംപോലെയുള്ള തത്വങ്ങളെയാണു് അദ്ദേഹം സമർത്ഥനം ചെയ്യുന്നതു് എങ്കിലും, ആ സമർത്ഥനത്തിനു പ്രത്യേകമായ ഒരു ആകർഷണീയത്വം ഉണ്ടു്. പക്ഷി, മൃഗം, ഇഴജന്തുക്കൾ, മത്സ്യങ്ങൾ, ചെടികൾ മോഹങ്ങൾ എന്നിങ്ങിനെ പ്രകൃതിയിൽ കാണുന്ന സകലചരാചരങ്ങളെപ്പററിയും അതിസൂക്ഷ്മമായ ജ്ഞാനം സമ്പാദിച്ചിട്ടുള്ള ഒരു ശാസ്ത്രകാരൻ അരിസ്റ്റോട്ടിലിനോടു തുല്യപ്പെടുത്തുവാൻ ഇല്ല എന്നുതന്നെ പറയണം. ജീവജന്തുക്കളെപ്പററിയുള്ള ശാസ്ത്രീയപഠനത്തിന് ഏററവും നിസ്സാരവും അനഭിലഷണീയവുമാണെന്നു അവജ്ഞ പ്രകടിപ്പിക്കുന്ന കൂട്ടരെ പ്രസ്തുത ശാസ്ത്രത്തിൽ അഭിരുചിയുള്ളവരാക്കിത്തീർക്കുവാൻ അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ ഒരു സ്ഥലത്തു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"ആയതുകൊണ്ടു നാം നിസ്സാരങ്ങളായ ജീവികളെപ്പററി ഒരു ജ്ഞാനം സമ്പാദിക്കുന്നതു തുച്ഛമെന്നു കരുതാൻ പാടുള്ളതല്ല. പ്രകൃതിയിലെ എല്ലാ വിഭാഗവും മനുഷ്യനു് ആശ്ചര്യദായകം തന്നെയാണു് ഹെറാക്ലിററസ്സിനെ സന്ദർശിക്കുവാൻ ചെന്ന ചില സ്നേഹിതന്മാർ അദ്ദേഹത്തെ അടുക്കളപ്പുരയിൽ തീ കാഞ്ഞുകൊണ്ടിരിക്കുന്നതായി കണ്ടു് അവിടെ പ്രവേശിപ്പാൻ വിമുഖരായി നിന്നപ്പോൾ, അവർ മടിക്കേണ്ട എന്നും ഈശ്വരവിലാസം എല്ലായിടത്തും ഒരുപോലെയാണെന്നും അദ്ദേഹം പ്രസ്താവിച്ചതുപോലെ, എല്ലാ ജീവിജാലങ്ങളും നമ്മുടെ സവിശേഷമായ ശ്രദ്ധക്കു പാത്രീഭവിക്കേണ്ടവതന്നേയാണു്. പ്രകൃതിയുടെ ചേതോഹരത കണ്ടാനന്ദിക്കുവാൻ ഈ ജീവിജാലങ്ങൾ എത്രയോ ഉത്തമങ്ങളായ ഉപകരണങ്ങളാണു്"

എന്നാൽ ഭൂലോകത്തിലുള്ള ശാസ്ത്രതത്വാന്വേഷകന്മാരിൽ അദ്ദേഹത്തെ വിശിഷ്ടനാക്കിയിരിക്കുന്നതു ഈ ശാ

സ്ത്രനിൎമ്മാണം മാത്രമല്ല. അതിപുരാതനമായ ഒരു കാല
ത്തു മുൻപറഞ്ഞ വിധം നാനാശാസ്ത്രനിൎമ്മിതികൊണ്ടു അ
രിസ്റ്റോട്ടൽ എത്രമാത്രം ബഹുമാന്യമായ ഒരു പദം പ്രാ
പിച്ചിട്ടുണ്ടായിരുന്നുവെങ്കിലും, ആ വക ശാസ്ത്രങ്ങളിൽ അ
നന്തരകാലത്തു നടത്തിയിട്ടുള്ള അന്വേഷണങ്ങളും ചൎച്ച
കളും പൎയ്യവേക്ഷണങ്ങളും ആ മാന്യപദവിയെ അല്പമൊ
ന്നു ചലിപ്പിക്കാതിരുന്നിട്ടില്ല. പ്രാചീനകാലത്തു പണ്ഡി
തന്മാർ ഏതത്ശാസ്ത്രസംബന്ധമായി നടത്തിയിരുന്ന പ
ൎയ്യവേക്ഷണങ്ങൾ അൎവ്വാചീന സിദ്ധാന്തങ്ങളുമായി താരത
മ്യപ്പെടുത്തുമ്പോൾ എത്രയോ താഴ്ന്ന പടിയിൽ നില്ക്കുന്ന
തേയുള്ളു. ആയതിനാൽ, അരിസ്റ്റോട്ടലിന്റെ അമ്മാ
തിരിയുള്ള തത്വസ്ഥാപനങ്ങളും പരീക്ഷണങ്ങളും ഇക്കാല
ത്ത് അത്ര അംഗീകാൎയ്യങ്ങളായിരിക്കുന്നില്ല. അഥവാ അപൂ
ൎണ്ണങ്ങളായേ കാണപ്പെടുന്നുള്ളു എന്ന കാൎയ്യം സമ്മതിക്കാ
തെ നിവൃത്തിയില്ല. എന്നാൽ മഹാനായ ആ ശാസ്ത്രകാ
രന്റെ കാലത്തിനുശേഷം ഇരുപതോ ഇരുപത്തിമൂന്നോ
ശതവൎഷങ്ങൾ കഴിഞ്ഞ ഈക്കാലത്തു് അഭിനവങ്ങളായ ഓ
രോ തത്വങ്ങൾ വിവിധശാസ്ത്രങ്ങളിലും സ്ഥാപിതങ്ങളാ
യിട്ടുണ്ടു് എന്നതു പരമാൎത്ഥത്തിൽ അരിസ്റ്റോട്ടലിനു യാ
തൊരു ന്യൂനതയും ചേൎക്കുന്നതല്ല. പതിനേഴാം ശതക
ത്തിൽ യൂറോപ്പിൽ ആരംഭിച്ച ശാസ്ത്രപൎയ്യവേക്ഷണങ്ങളുടെ
ഗതി മുറയ്ക്കു പതിനെട്ടു പത്തൊൻപതു് എന്നീ ശതക
ങ്ങൾ കഴിഞ്ഞു ശാസ്ത്രീയജ്ഞാനം ബഹുസമൃദ്ധവും പരി
പുഷ്ടവുമായ ഒരു നിലയിൽ എത്തിയിരിക്കുന്ന ഈ ഇരുപ
താംശതവൎഷവും ക്രിസ്തുവൎഷത്തിനു മൂന്നു ശതവൎഷം മുമ്പു
ള്ള കാലവും തമ്മിൽ ഗണ്യമായ അന്തരം ഉണ്ടായിട്ടുള്ള
തിൽ അതിശയിപ്പാനുമില്ല. എന്നാൽ, ജന്തുജന്യശാസ്ത്രം
പ്രകൃതിശാസ്ത്രം എന്നിവയെ സംബന്ധിച്ചു ഉണ്ടായിട്ടുള്ള
ഈ വ്യത്യസ്താവസ്ഥ മററു ചില ശാസ്ത്രങ്ങളെ സംബന്ധിച്ചി
ടത്തോളം ലേശംപോലും കാണ്മാൻകൂടിയില്ല എന്നത

ണ്ണാപറയാം അനേകമനേകം ചരിത്രസ്ഥിതിവ്യത്യാസ
ങ്ങൾ ഓരോ കാലത്തു സംഭവിച്ചിട്ടുണ്ടെങ്കിലും, മനുഷ്യനും
സമുദായത്തിനും തമ്മിലുള്ള ബന്ധം അന്നും ഇന്നും എന്നും
ഒരുപോലെയായിരിപ്പാനെ ഇടയുള്ളല്ലൊ. ആയതിനാൽ
മനുഷ്യസമുദായം, രാജ്യഭരണം, നീതിശാസ്ത്രം എന്നിവി
ഷയങ്ങളിൽ അരിസ്റ്റോട്ടൽ സ്ഥാപിച്ചിട്ടുള്ളതായ തത്വ
ങ്ങൾ ഇക്കാലത്തും ആദരണീയങ്ങളായിത്തന്നെയിരിക്കുന്നു
ണ്ട്. രാജ്യമീമാംസ, നീതിശാസ്ത്രം എന്നിവയെപ്പററി
അദ്ദേഹം സ്ഥാപിച്ചിട്ടുള്ള സിദ്ധാന്തങ്ങൾ എത്രയും ലഘു
കളും, ഗ്രഹണക്ഷമങ്ങളുമാണെന്നു മാത്രമല്ല, ഇദാനീന്തന
ന്മാരായ പണ്ഡിതശ്രേഷ്ഠന്മാരുടെ മതിപ്രാഭവത്തിനുപോലും
അപ്രാപ്യങ്ങളുമാണ്. ആയതിനാൽ ഈ രണ്ടു പ്രത്യേക
ശാസ്ത്രങ്ങളിലും അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന പ്രാവീണ്യം
അവ്യതിചലിതമായിത്തന്നെ പ്രശോഭിക്കുന്നുണ്ട്.

രാജ്യനീതിശാസ്ത്രത്തെപ്പററി അരിസ്റ്റോട്ടലിന്റെ
[illegible]കയായി സ്ഥാപിച്ചിട്ടുള്ള സിദ്ധാന്തങ്ങൾ തന്നെ നമുക്ക്
[illegible]ത്യമായി പരിശോധിക്കാം. പ്രസ്തുത ശാസ്ത്രനിർമ്മാതാ
വായ അദ്ദേഹത്തിനു പററിപ്പോയിട്ടുള്ള ഒരു പ്രധാന ന്യൂ
നത, അദ്ദേഹം അക്കാലത്തെ ഗ്രീസ്സിലെ ചെറിയ നഗരങ്ങളെ
ട്ട നഗരിസംസ്ഥാനങ്ങളെമാത്രം മാതൃകയായി സ്വീകരിച്ചു
പോന്നതിനാൽ അവയിൽ പ്രചരിച്ചിരുന്ന ഭരണത്തിന്റെ
പരിധിവിട്ടു ചിന്തിക്കുന്നതിനായി അദ്ദേഹത്തിനു സാധി
ച്ചിട്ടില്ല എന്നുള്ളതുതന്നെയാണ്. വ്യവസ്ഥാപിതഭരണ
ത്തോടുകൂടിയ ഇംഗ്ലണ്ടുപോലുള്ള ഒരു രാഷ്ട്രീയരാജ്യമോ
ജനപ്രതിനിധിഭരണം നടന്നുപോരുന്ന ഫ്രാൻസുപോലുള്ള
ഒരു മഹാരാജ്യമോ, അഥവാ ഇക്കാലത്തെ ഗ്രീസ്സുപോലുള്ള
ഒരു രാഷ്ട്രീയശക്തിയോ അദ്ദേഹത്തിന്റെ രാജ്യമീമാം
സയിൽ ഗണനായോഗ്യമായിത്തീർന്നിട്ടില്ല എന്നുതന്നെ
പറയേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള ഏതെങ്കിലും ഒരു
രാജ്യത്തിലെ ഭരണത്തെപ്പററി അദ്ദേഹത്തോട് ആരെങ്കി

ലും പറയുന്നവെന്നുതന്നെ വരട്ടെ. എന്നാൽപോലും, അമ്മാതിരി രാജ്യങ്ങളിൽ രാജ്യനീതി വികസിതമായ ഒരു നിലയിൽ എത്തുകയില്ല എന്നുള്ള ഒരു വിചിത്രാഭിപ്രായം മാത്രമേ അദ്ദേഹത്തിനു ഉണ്ടാകുമായിരുന്നുള്ളു. കാരണം അമ്മാതിരി ഒരു മഹാരാജ്യം അദ്ദേഹത്തിന്റെ പരിചയത്തിൽ പെട്ടിട്ടില്ലാത്തതുകൊണ്ടുമാത്രമായിരിക്കണം. അതിമഹത്തായ രാജ്യങ്ങളെപ്പററി അദ്ദേഹത്തിനു ഭരണസംബന്ധമായി വലുതായ വിശ്വാസം ഇല്ല. ഒരു മഹാരാജ്യം ഒരു ജനാധിഷ്ഠാനദേശത്തെക്കാൾ എത്രയോ ഭിന്നിച്ചതെന്നത്രെ അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു രാജ്യത്തിലെ ജനസംഖ്യയുടെ അതിരു അദ്ദേഹം നിശ്ചയിക്കുന്നതു്, ഓരോ പൌരനും യഥാർത്ഥ സ്വാതന്ത്ര്യം ഉണ്ടായിരിക്കത്തക്കവിധത്തിൽ എണ്ണം കൂടാതെയും കുറയാതെയും ഇരിക്കണമെന്നാണ്. ഒരു രാജ്യത്തിലെ ജനസംഖ്യ ക്രമാധികമായി വർദ്ധിച്ചാലും ശരി, അതിരുകടന്ന ജനസംഖ്യയോടുകൂടിയ ഒരു രാജ്യമായാലും ശരി, അമ്മാതിരിയുള്ള രാജ്യം ഒററ വീക്ഷണത്തിൽ വിഷയീഭവിക്കയില്ല എന്നത്രെ അദ്ദേഹം ആവലാതിപ്പെടുന്നതു്. അദ്ദേഹത്തിന്റെ മാതൃകാരാജ്യം എപ്പോഴും ഗ്രീസ്സിലെ അയ്യായിരം തൊട്ടു മുപ്പതിനായിരം വരെ പൌരന്മാർ അടങ്ങിയതായ ഏതെങ്കിലും നഗരീസംസ്ഥാനം മാത്രമാണ്. ഇപ്രകാരം, രാജ്യത്തിന്റെ വിസ്തൃതി സംബന്ധിച്ചും തന്നിവാസികളായ പൌരന്മാരുടെ അതിരററ സംഖ്യയെപ്പററിയും കേവലം അതൃപ്തി പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം, ഇക്കാലത്തു് എല്ലാ കോയ്മകളും ആദരിച്ചുപോരുന്ന സ്വരാജ്യസഖ്യത്തിന്റെ മൂലതത്വങ്ങൾ തന്റെ രാജ്യനീതിശാസ്ത്രത്തിൽ സുവ്യക്തമായി പ്രകാശിപ്പിച്ചിട്ടുണ്ടു്. എന്തെന്നാൽ ഒരു സംസ്ഥാനം എന്നതു് ഏതുപ്രകാരത്തിലായാലും, ഒരു സദാചാരനിയാമകമായ സ്ഥാപനമാണ്. ഈ സംസ്ഥാനത്തിന്റെ പരമമായ ഉദ്ദേശ്യം ഉത്തമമായ ജീവിതം നയിപ്പാൻ തന്നിവാസിക

ളെ പ്രാപ്തരാക്കണമെന്നുള്ളതായിരിക്കണം. സംസ്ഥാനങ്ങളുടേയും, തന്നിവാസികളായ പൌരന്മാരുടേയും ദൃഢവും അഭിന്നവുമായ ഉദ്ദേശ്യം ഇപ്പറഞ്ഞതുമാത്രമായിരിക്കണം. ഒരു സമുദായത്തിൽ ജീവിക്കുന്ന മനുഷ്യർ തമ്മിൽ ഏതൊരു ന്യായബോധത്തോടുകൂടെയാണോ വർത്തിക്കേണ്ടതു്; അതേ ന്യായബോധംതന്നെ ഒരു സംസ്ഥാനത്തിനു് ഇതരസംസ്ഥാനംസംബന്ധിച്ച കാര്യങ്ങളിലും പരിപാലിക്കപ്പെടേണ്ടതാണു്. സകല ജീവിജാലങ്ങളിലുംവെച്ചു്, മനുഷ്യരാണു് അത്യുത്തമരെങ്കിൽ, നീതിനിയമങ്ങളും ന്യായബോധവും ആദരിക്കാത്തപക്ഷം അവരെപ്പോലെ ഇത്ര നിന്ദ്യരായ മറെറാരുജീവികളും ഇല്ല എന്നു് അദ്ദേഹം ഖണ്ഡിച്ചു പറയുന്നു. വീര്യം, പരാക്രമം, സഹനശീലം എന്നിവ ഒരു രാജ്യത്തിലെ പൌരന്മാരുടെ അത്യന്താപേക്ഷിതങ്ങളായ ഗുണങ്ങളായിരിക്കേണ്ടതാണു്. ഇപ്രകാരമുള്ള അത്യുൽകൃഷ്ടതത്വങ്ങൾ അദ്ദേഹം നമുക്കു് നല്കുന്നതോടുകൂടി, വിദ്യാഭ്യാസം ഒരു രാജ്യത്തിന്റെ അഭ്യുന്നതിക്കു് ഗണ്യമായ സാഹ്യം ഏകുന്നതാണെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. നിത്യവൃത്തികഴിപ്പാനായി വേലചെയ്യുന്നതു് ഒഴിച്ചുള്ള വിശ്രമാവസരം അത്യുത്തമമായ രീതിയിൽ കഴിച്ചുകൂട്ടുന്നതിനുള്ള ഒരു അഭ്യസനമാണു് യഥാർത്ഥവിദ്യാഭ്യാസരീതിമൂലം ഒരു പൌരനു സിദ്ധിക്കേണ്ടതു്. ഇപ്രകാരം വിശ്രമസമയം അത്യുത്തമമായി വിനിയോഗിക്കണം എന്നതിന്റെ അപരപര്യായമത്രേ ഒരു രാജ്യത്തു് കലാവിദ്യകൾ ധാരാളമായി പ്രചരണക്ഷമങ്ങളാകണം എന്നതു്. ഇങ്ങിനെ കലാഭിവൃദ്ധിപരമായ ഒരു വിദ്യാഭ്യാസപദ്ധതിയെ അദ്ദേഹം ഏററവും പ്രശംസനീയമായി ഗണിക്കുന്നു. യഥാർത്ഥമായ ഉൽകൃഷ്ടവിദ്യാഭ്യാസം കലാഭ്യസനപരമായിരിക്കണം എന്ന രഹസ്യംതന്നെയാണു് ഇവിടെ തെളിയുന്നതു്. സംഗീതം, ചിത്രമെഴുത്തു് എന്നിവയിൽ ഒരു രാജ്യത്തിലെ പൌരന്മാൎക്കു് സാമാന്യമായ ഒരു ജ്ഞാനമെങ്കിലും ഉണ്ടാ

യിരിക്കേണ്ടതാണെന്നത്രേ അദ്ദേഹത്തിൻെറ സുദൃഢമായ അഭിപ്രായം. ഈ അഭിപ്രായം അരിസ്റേറാട്ടൽ ഇപ്രകാരം സമർത്ഥിക്കുന്നു.

"കേവലം പ്രായോഗികമോ, അപരിഹാര്യമോ ആയ ഏതെങ്കിലുംവിധത്തിലുള്ള പ്രയോജനത്തോടുകൂടിയ വിദ്യാഭ്യാസമല്ല നമ്മുടെ യുവാക്കൾക്കുവേണ്ടതു്, പ്രത്യുത, അവരെ വിശാലാശയന്മാരും അത്യുത്തമന്മാരുമാക്കിത്തീക്കുന്ന ഒരു വിദ്യാഭ്യാസമാണു്" കായികവ്യായാമത്തെപ്പററിയും അദ്ദേഹം ചില പ്രധാനകാര്യങ്ങൾ ശ്രദ്ധായോഗ്യങ്ങളാക്കുന്നുണ്ടു്. വിഭക്തദൃഢഗാത്രത്വം യുവാക്കൾക്കു് നൽകുന്നതായ കായികവ്യായാമം അദ്ദേഹം സ്വാഭിമതമായ വിദ്യാഭ്യാസപദ്ധതിയിൽ അതിപ്രധാനമായി ഉൾപ്പെടുത്തുന്നുണ്ടു് എന്നിരുന്നാലും, കേവലം കായശക്തിയിൽമാത്രം യുവാക്കൾ അദ്വിതീയന്മാരായിരിക്കുന്നതുകൊണ്ടു് ഒരു രാജ്യത്തിനു് യാതൊരു സൌഭാഗ്യവും സിദ്ധിപ്പാനില്ലെന്നും, ഒരു രാജ്യതന്ത്രജ്ഞന്നു് ഈ ബലിഷ്ഠന്മാരെക്കൊണ്ടു നേടാവുന്ന കാര്യങ്ങളിൽ എത്രയോ ഉപരിയാണു് ഇവർ യഥാർത്ഥമായ മാനസികപരിഷ്കാരവും ബുദ്ധിവികാസവും നൽകുന്ന വിദ്യാഭ്യാസത്തിൽകൂടെ ശ്രദ്ധ തിരിപ്പിക്കുന്ന പക്ഷമെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു.

മുൻപറഞ്ഞപ്രകാരമുള്ള അതിവിശിഷ്ടങ്ങളായ ചില തത്വങ്ങളാണു് അരിസ്റേറാട്ടലിൻെറ രാജ്യനീതിശാസ്ത്രം അഥവാ രാജ്യമീമാംസയിൽ പ്രകടമായി പ്രകാശിക്കുന്നതു് എട്ടദ്ധ്യായങ്ങളോളമുള്ള ഈ ശാസ്ത്രഗ്രന്ഥം രാജ്യതന്ത്രജ്ഞമാത്രലഭ്യമായ ബുദ്ധിശക്തിയും, കമ്മകുശലതയും പ്രത്യേകം പ്രതിഫലിപ്പിക്കുന്നതായിരിക്കുന്നു. ആധുനികകാലത്തിലെ മഹാരാജ്യങ്ങളുടേയോ സാമ്രാജ്യങ്ങളുടെയൊ ഉൽകൃഷ്ടമായ ഭരണരീതികൾക്കും അക്കാലത്തെ നഗരീസംസ്ഥാനങ്ങളിലെ പരിമിതമായ, ഭരണപ്രകാരങ്ങൾക്കും തമ്മിൽ യാതൊരു പൊരുത്തവുമില്ലെങ്കിലും, അരിസ്റേറാട്ട

ലിൻെറ രാജ്യകാൎയ്യപരങ്ങളായ സിദ്ധാന്തങ്ങൾ എന്നും അതിവിശിഷ്ടങ്ങളായിത്തന്നെയിരിക്കുന്നതാണെന്നുമാത്രം പറയാം—കാലദേശാദ്യുപാധികൾ ഇവയുടെ അംഗീകാൎയ്യതയെ ബാധിക്കയില്ലാത്തവിധം അവ അത്ര സമ്പൂൎണ്ണങ്ങളും, ഒരു രാജ്യതന്ത്രചിന്തകൻെറ അനന്യസാമാന്യമായ ധിഷണാശക്തിയെ എന്നെന്നേക്കും പ്രകാശിപ്പിക്കുന്നവയുമാണ്.

രാജ്യമീമാംസയൊഴിച്ച് നോക്കുന്നപക്ഷം അരിസ്റ്റോട്ടലിൻെറ നാനാശാസ്ത്രങ്ങളിൽവെച്ച് ഇക്കാലത്തു നിസ്സന്ദേഹമായ പ്രയോജനം ലോകത്തേക്ക് ലഭിക്കുന്ന വിഭാഗമത്രേ 'നീതിശാസ്ത്രം' (Ethics) അരിസ്റ്റോട്ടലിൻെറ ദൃഷ്ടിയിൽ നീതിശാസ്ത്രത്തിനും രാജ്യമീമാംസക്കും തമ്മിൽ അതിഗണ്യമായ സംബന്ധമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിൻെറ രാജ്യതന്ത്രാഭിപ്രായങ്ങൾ സാമാന്യേന നീതിശാസ്ത്രസിദ്ധാന്തങ്ങളിന്മേലത്രേ പ്രതിഷ്ഠാപിതങ്ങളായിരുന്നതു്. പ്രസ്തുതശാസ്ത്രസംബന്ധങ്ങളായി ലോകത്തു അതേവരെ രചിക്കപ്പെട്ടിരുന്ന സകല ഗ്രന്ഥങ്ങളിലുംവെച്ച് അത്യുത്തമമായിരുന്നു, അരിസ്റ്റോട്ടലിൻെറ സദാചാരതത്വനിയാമകമായ നീതിശാസ്ത്രഗ്രന്ഥം എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. സരളമായ ഭാഷാരീതി, ആകൎഷണീയമായ ഉത്തേജനപ്രകാരം, വിവേകോൽബോധകമായ കാൎയ്യകാരണങ്ങൾ എന്നിവയാൽ ഈ ഗ്രന്ഥത്തോടു കിടപിടിക്കുന്നതായി മറ്റൊരു ഗ്രന്ഥവും ഒരു കാലത്തും ഉണ്ടായിട്ടില്ല എന്നുപോലും ഒരു അഭിപ്രായം ഉണ്ടു്. സദാചാരതത്വശാസ്ത്രത്തിന്നു് ഒരു നവീനാവതാരകവും, അതിപുരാതനവും, അത്യന്തം രസകരവുമായ ഈ ഗ്രന്ഥത്തിൽ ശാസ്ത്രഗ്രന്ഥസാധാരണമായ ശുഷ്കതാലേശവും കാണ്മാനില്ലെന്നത്രേ വിമൎശകന്മാരുടെ അഭിപ്രായം. അരിസ്റ്റോട്ടലിൻെറ സദാചാരസിദ്ധാന്തങ്ങൾ എന്ന ഗ്രന്ഥത്തിൻെറ കൎത്താവായ മാർഷൽ എന്ന അഭിജ്ഞാഗ്രേസരൻ പറയുന്നതു നോക്കുക: —

"അരിസ്റ്റോട്ടലിന്റെ നീതിശാസ്ത്രഗ്രന്ഥം ലോകത്ത് ഒരുകാലത്തും വിസ്മൃതിക്കുള്ളിൽ അകപ്പെട്ടുപോകാത്ത ഒരു ഉത്തമഗ്രന്ഥമത്രേ. സദാചാരത്തിന്റെ വ്യാപകമായ സിദ്ധാന്തങ്ങൾ സമസ്തവും ഒരു യൂറോപ്യഭാഷയിൽ ആദ്യമായി പ്രകാശിതമാകുന്നതു ഈ ഗ്രന്ഥംമുഖേനയാണ്."

C. 84

ശ്രേഷ്ഠങ്ങളായ സദാചാരതത്വങ്ങൾകൊണ്ടു നിറയപ്പെട്ടേണ്ടതായ പ്രസ്തുതശാസ്ത്രഗ്രന്ഥത്തിൽ കാണുന്നതായ സാരള്യം അർവാചീനകാലത്തുപോലും ഏതദ്വിഷയകമായി രചിക്കപ്പെട്ടിട്ടുള്ള യാതൊരു ഗ്രന്ഥങ്ങളിലും കണികാണ്മാൻകൂടെയില്ല. ആത്മപരിത്യാഗശീലത്തിലെ സ്വാർത്ഥപരത, എന്നിത്യാദി അയുക്താഭാസങ്ങൾക്ക് പ്രചുരപ്രചാൎയ്യം സിദ്ധിച്ചിരിക്കുന്ന ആധുനികകാലങ്ങളിൽ സദാചാരതത്വങ്ങൾ സമുജ്ജ്വലകങ്ങളായിക്കാണുന്നുണ്ടോ എന്നുള്ള കാൎയ്യം കേവലം സംശയാസ്പദമാണ്. ആസ്ഥിതിക്ക് അർവ്വാചീനഗ്രന്ഥങ്ങൾക്ക് അരിസ്റ്റോട്ടലിന്റെ ഈ ശാസ്ത്രഗ്രന്ഥത്തെ അപേക്ഷിച്ചുള്ള ന്യൂനത വ്യക്തമാകുന്നതാണല്ലോ. നീതിശാസ്ത്രതത്വങ്ങൾ ഇക്കാലത്തു സുഗ്രഹങ്ങളല്ലാതേയും വന്നിരിക്കുന്നു. ആ സ്ഥിതിക്ക്, ഓരോ ക്ലിഷ്ടഭാഗങ്ങളും എത്രയും വ്യക്തമായും, സരസമായും വിവരിക്കുന്നതിന് അരിസ്റ്റോട്ടലിന് സാധിച്ച പാടവത്തെ സശിരഃകമ്പം അഭിനന്ദിക്കാതെ തരമില്ലതന്നെ അദ്ദേഹത്തിന്റെ ചൎച്ചകൾ അനുസരിച്ചു നോക്കുന്നപക്ഷം, ഓരോ സദാചാരതത്വത്തിന്റേയും യഥാർത്ഥമായ പ്രയോജനം നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കാൻ സാധിക്കുമെന്നുമാത്രമല്ല, മനുഷ്യാനുഭവത്തിന്റെ എത്രയും ലഘുവായ ഒരു സരണിയിൽനിന്ന് നമുക്ക് സംഗതികൾ സുഗമമായി മനസ്സിലാക്കാൻ വൈഷമ്യമില്ലാതെയുമിരിക്കും.

16

---

17 NOV 1942

MUL